വ്രതചൂഡാമണി

അഥവാ

ഹിന്ദുക്കളുടെ വിശേഷദിവസങ്ങൾ

ഗ്രന്ഥകർത്താവ്,

എ. കൃഷ്ണമേനോൻ.

1103

വ്രതചൂഡാമണി.

ഗ്രന്ഥകൎത്താവു:

അടിയാട്ട് കൃഷ്ണമേനോൻ

പണ്ഡിതർ, വിവേകോദയം ഹൈസ്ക്കൂൾ

തൃശ്ശിവപേരൂർ.

പ്രസാധകൻ

കെ. ശങ്കരൻമൂസ്സത്

ജ്ഞാനസാഗരം പുസ്തകശാല,

തൃശ്ശിവപേരൂർ.

1103

വില ക 1 4 0

പകർപ്പവകാശം പ്രസാധകനുള്ളതാകുന്നു.

ആവതാരിക.

'മതത്തോടു സംഘടിപ്പിയ്ക്കാത്ത യാതൊരു പ്രവൃത്തിയും ഹിന്തുക്കൾക്കില്ല', എന്നു പാശ്ചാത്യന്മാരും 'മലയാളികൾക്കു വ്രതങ്ങളൊഴിഞ്ഞുള്ള ദിവസങ്ങൾ വളരെ ദുൎല്ലഭമാണ്', എന്ന് ഇതരഭാരതീയസമുദായങ്ങളും അഭിപ്രായപ്പെടുന്നതിൽ അസാംഗത്യമുണ്ടെന്നു തോന്നുന്നില്ല. ഭാരതഭൂമിയുടെ ധൎമ്മംതന്നെ കൎമ്മമാണ്. കൎമ്മത്തിന്നു സംഭവിക്കുന്ന വൈകല്യമാണു ധൎമ്മലോപം. അതു വരാതെ കഴിഞ്ഞുകൂടേണമെങ്കിൽ ബാഹ്യശുദ്ധിയും ആഭ്യന്തരശുദ്ധിയും അപരിത്യാജ്യമാണ്. അതിന്നുള്ള ഏകമാൎഗ്ഗമാണു വ്രതാനുഷ്ഠാനമെന്നു നിൎവ്വിശങ്കം പറയാം.

പുരാണനായകന്മാർ നായകന്മാരായിത്തീൎന്നതും അതിതരസാധാരണങ്ങളായ അത്ഭുതകൃത്യങ്ങൾ നിൎവ്വഹിച്ചതും വ്രതാനുഷ്ഠാനത്താൽ നേടിയ ദിവ്യശക്തികൾ മൂലമാണെന്നുള്ള പരമാൎത്ഥത്തിന്നു പതിനെട്ടു പുരാണങ്ങളും സാക്ഷികളാണ്. ആധുനികവിദ്യാഭ്യാസസമ്പ്രദായംകൊണ്ടു ഹൈന്ദവാചാരങ്ങൾ ഓരോന്നോരോന്നായി ഒട്ടുമുക്കാലും നഷ്ടമായിട്ടുണ്ടെങ്കിലും വ്രതങ്ങൾക്കു മാത്രം വലിയൊരു കോട്ടം തട്ടിക്കഴിഞ്ഞിട്ടില്ല. പക്ഷേ പലരും വ്രതങ്ങളാചരിക്കുന്നതു ശരിയായ മാതിരിയിലല്ലെന്നേയുള്ളു. അതിനാൽ വ്രതങ്ങളും സാമാന്യമായി, അവയുടെ അനുഷ്ഠാനക്രമങ്ങളും അറിയുന്നതിന്നു താല്പൎയ്യമുള്ള ഭക്തന്മാൎക്ക് ഈ 'വ്രതചൂഡാമണി' അല്പമെങ്കിലും സഹായമായിത്തീരുമെങ്കിൽ ഞാൻ കൃതാൎത്ഥനായി.

പുരാതനകാലം തുടങ്ങി ആചരിച്ചുപോരുന്ന വ്രതങ്ങളെ അധികരിച്ചു ശരിയായ നിയമങ്ങൾ വിവരിക്കുന്നതു ഭക്തശിരോമണികളായ പണ്ഡിതവരേണ്യന്മാൎക്കും ദുസ്സാദ്ധ്യമായിരിക്കേ അല്പബുദ്ധിയായ ഞാൻ ഇതിന്നു കങ്കണം കെട്ടിയതു സാഹസമാണെന്ന് എനിക്കുതന്നെ ബോദ്ധ്യമാണ്. അതുകൊണ്ടു ഓരോന്നും പ്രതിപാദിക്കുന്നതിൽ പുരാണവചനങ്ങളിൽനിന്നും

വ്യതിചലിക്കാതിരിപ്പാൻ ഞാൻ നന്നെ ശ്രദ്ധിച്ചിട്ടുണ്ട്. വൃത്തങ്ങളുടെ ആഗമങ്ങളെക്കുറിച്ചുതന്നെ അഭിപ്രായവ്യത്യാസങ്ങളുണ്ടാകാമെങ്കിലും ഭൂരിപക്ഷം ഭക്തന്മാർ സമ്മതിച്ചിട്ടുള്ള കാരണങ്ങളാണ് ഇവിടെ സ്വീകരിച്ചിട്ടുള്ളതു്.

ഇതിൽ അച്ചടിപ്പിഴ ധാരാളം പററിയിട്ടുണ്ടെന്നു സമ്മതിക്കാതെ നിവൃത്തിയില്ല. 'ദീപാവളി, ദീപാവലി,' 'കാളിപൂജ, കാളീപൂജ', എന്നിങ്ങിനെ അനിയതമായ വിധത്തിൽ പലതും വന്നുപോയിട്ടുള്ളതിന്നു ഞാൻ ബാദ്ധ്യസ്ഥനാകുന്നതല്ല. വിഷയങ്ങൾ അവതരിപ്പിക്കുന്നതിൽ അബദ്ധം പിണഞ്ഞിട്ടുണ്ടെങ്കിൽ സജ്ജനങ്ങൾ സദയം ക്ഷമിച്ചു് എന്നെ അനുഗ്രഹിക്കുവാൻ ഞാൻ സവിനയം അപേക്ഷിക്കുന്നു.

ഈ വൃത്തചൂഡാമണി ഒന്നാം ഭാഗത്തിന്റെ സകല അവകാശങ്ങളും, തൃശ്ശിവപേരൂർ ജ്ഞാനസാഗരം പുസ്തകശാലയുടെ ഉടമസ്ഥൻ കെ. ശങ്കരൻമൂസ്സതു് അവർകൾക്കു ഞാൻ ഒഴിഞ്ഞുകൊടുത്തിരിക്കുന്നു. ഈ ഒന്നാംഭാഗത്തെ സംബന്ധിച്ചു മേലിലെനിക്കു് ഒരവകാശവുമില്ല. ഈ പുസ്തകം ഞാനെഴുതി അദ്ദേഹത്തിന്നു കൊടുത്തിട്ടു ഒററമാസം തികഞ്ഞിട്ടില്ല. ഇതിത്രയും വേഗത്തിൽ അച്ചടിച്ചു പ്രസിദ്ധീകരിക്കുവാൻ അദ്ദേഹം ഉത്സാഹിച്ചതിന്നു ഞാൻ അദ്ദേഹത്തോടു ഹാർദ്ദമായി നന്ദി പറയുകയും അദ്ദേഹത്തിന്റെ ശ്രമം സഫലമായിത്തീരുവാൻ സച്ചിദാനന്ദസ്വരൂപനോടു പ്രാർത്ഥിക്കുകയും ചെയ്തുകൊണ്ടു് ഈ അവതാരിക തൽക്കാലം ഉപസംഹരിക്കുന്നു.

കായേനവാചാമനസേന്ദ്രിയൈർവ്വാ
ബുദ്ധ്യാത്മനാ വാ പ്രകൃതേസ്സ്വഭാവാൽ
കരോമിയദ്യത്സകലം പര സ്മൈ
നാരായണായേതി സമർപ്പയാമി.

തൃശ്ശിവപേരൂർ,
10-4-1103

അടിയാട്ടു കൃഷ്ണമേനോൻ.
ഗ്രന്ഥകർത്താ.

അനുബന്ധം.

ഈ പുസ്തകം എഴുതുവാൻ സഹായമായിത്തീൎന്ന പ്രധാന പുസ്തകങ്ങൾ.

1. ശ്രീമഹാഭാഗവതം
2. ദേവീഭാഗവതം
3. മത്സ്യപുരാണം
4. ശ്രീമഹാഭാരതം
5. സ്കാന്ദപുരാണം
6. ശിവപുരാണം
7. ഹാലാസ്യമാഹാത്മ്യം
8. വാത്മീകിരാമായണം
9. അദ്ധ്യാത്മരാമായണം
10. Hindu Fasts and Feasts
11. The Works of Swami Vivekananda
12. Divine Incarnations, Swami Ramakrishnananda.

കേരള സാഹിത്യ അക്കാദമി

വിഷയാനുക്രമണിക.

1. അഷ്ടമിരോഹിണി	1	11
2. ചിങ്ങമാസത്തിലെ അത്തം	11	16
3. ഓണം (ചിങ്ങമാസത്തിലെ തിരുവോണം)	16	26
4. ദീപാവലി	26	31
5. മകരസംക്രാന്തി	31	40
6. പാനകപൂജ	40	48
7. തിരുവാതിര	48	55
8. വൃശ്ചികമാസത്തിൽ കാൎത്തിക	55	65
9. ഷഷ്ഠിവ്രതം	65	76
10. ഏകാദശി	76	93
11. കാളിപൂജ	93	100
12. ചിത്രാപൂൎണ്ണിമ	100	114
13. അക്ഷയതൃതീയ	114	121
14. കൎക്കിടകസംക്രാന്തി	121	129
15. ശിവരാത്രി	129	138
16. മഹാളയ അമാവാസി	138	144
17. ചൈത്രാമാവാസി	144	151
18. സോമവാരവ്രതം	151	163
19. വിനായക ചതുൎത്ഥി	163	171
20. നവരാത്രി (ഭുവനേശ്വരിപൂജ)	171	181
21. ശ്രീരാമനവമി	181	189

കേരളസാഹിത്യ അക്കാദമി

വ്രതചൂഡാമണി.

൧. അഷ്ടമിരോഹിണി.

സജ്ജനങ്ങളുടെ സംരക്ഷണവും, ദുൎജ്ജനങ്ങളുടെ സംഹാരവും ചെയ്തു, ധൎമ്മസംസ്ഥാപനത്തിനായി സൎവ്വാധികൎത്താവായ ഭഗവാൻ മഹാവിഷ്ണു അവതരിച്ച മംഗളദിനമാകുന്നതു ചിങ്ങമാസത്തിലെ അഷ്ടമിരോഹിണി. അഷ്ടമിയും, രോഹിണിയും കൂടിച്ചേരുന്ന ദിവസമായതിനാലാണ് അഷ്ടമിരോഹിണി എന്നു പറഞ്ഞുവരുന്നതു്. ഭഗവാന്റെ അവതാരങ്ങളും, ലീലകളും കണ്ടാനന്ദിപ്പാൻ ഭാഗ്യമില്ലാത്തവരുടെ ഗുണത്തിനായി മുനിമുഖ്യന്മാർ വിരചിച്ചുവെച്ചിട്ടുള്ള ഭഗവൽകൃതികളാണ് ഇന്ന് അജ്ഞാനാന്ധകാരത്തിൽ കഴിയുന്നവൎക്കു കൈവിളക്കുകളെന്നു നിസ്സംശയം പറയാം.

മഹാവിഷ്ണുവിന്റെ മററുള്ള അവതാരങ്ങളെ അപേക്ഷിച്ചു ശ്രീകൃഷ്ണാവതാരത്തിന്നു പ്രാധാന്യം കൂടുതലായി കൊടുത്തുവരുന്നതിന്റെ കാരണം ശ്രീകൃഷ്ണന്നു വിഷ്ണുവിന്റെ പൂൎണ്ണകലയുള്ളതുകൊണ്ടാണ്. ഇതു ശ്രീകൃഷ്ണന്റെ ലീലകൾകൊണ്ടു സ്പഷ്ടമാകുന്നതുമുണ്ട്. പ്രകൃതമനുസരിച്ചു ശ്രീകൃഷ്ണാവതാരം സംക്ഷേപിച്ചു ഇവിടെ ചേൎക്കുന്നു.

ദേവാസുരയുദ്ധത്തിൽ മരിച്ച അസുരന്മാർ ഭൂമിയിൽ രാജാക്കന്മാരായി ജനിച്ചു,

പശുക്കളബലന്മാരും പതിവ്രതമാരും
ഭക്തരും ഗുരുദ്വിജന്മാരും
ഇതിനെല്ലാവിധ ദ്രോഹകൎമ്മങ്ങളും

അതിശയപാപങ്ങളെല്ലാം അവർ ആരംഭിച്ചു. അപ്പോൾ പരവശയായിച്ചമഞ്ഞ ഭൂമിദേവി,

ഗോരൂപം പരിഗ്രഹിച്ചാളുകമിടർ പൂണ്ടു
സാരസാസന ലോകം പ്രാപിച്ചുകരഞ്ഞൊരാം
വേദനയെല്ലാം വിധാതാവിനോടറിയിച്ചാൾ.

ബ്രഹ്മാവു, ഭൂമിദേവി, ശ്രീനീലകണ്ഠൻ, ദേവകൾ, ഋഷികൾ മുതലായവരോടുകൂടി പാലാഴിയിൽച്ചെന്നു പുരുഷോത്തമനെ സ്തുതിച്ചു. കൃപാവാരിധിയായ ഭഗവാൻ ബ്രഹ്മാദികളുടെ സ്തുതികളാലും നതികളാലും തുഷ്ടനായിട്ടു പരമേഷ്ഠിയുടെ മുമ്പിൽ പ്രത്യക്ഷനായി, താൻ ദേവകീതനയനായി മധുരാപുരിയിലും വിഷ്ണുമായ യശോദാനന്ദനയായി ഗോപവാടത്തിലും അവതരിച്ചു് അവനിയുടെ ഭാരം തീർത്തുകൊള്ളാമെന്നരുളിച്ചെയ്തു മറഞ്ഞു. ഭഗവാന്റെ അരുളപ്പാടു ബ്രഹ്മാവു മററുള്ളവരെ അറിയിച്ചശേഷം മാരാരാതനും സമാധാനത്തോടെ മടങ്ങുകയും ചെയ്തു.

മധുരയിലെ രാജാവായ ഉഗ്രസേനപുത്രൻ കംസൻ, തന്റെ സോദരിയായ ദേവകിയെ വസുദേവന്നു വിവാഹം ചെയ്തുകൊടുത്തു. അദ്ദേഹം വസുദേവന്നു കൊടുത്ത സ്ത്രീധനത്തിന്നു് അവസാനമില്ലായിരുന്നു. സോദരിയിൽ വാത്സല്യാതിരേകനായിരുന്ന കംസൻ, വിവാഹാനന്തരം ദമ്പതിമാരെ സ്വന്തം സ്യന്ദനത്തിൽ കയററി താൻതന്നെ സാരഥ്യം വഹിച്ചു പോകുമ്പോൾ,

ഇവളുടെസുതനഷ്ടമൻ ഭവാനെ
ഝടിതി വധിക്കുമറിഞ്ഞുകൊൾക കംസ!”

എന്നു് അശരീരി വാക്കുകേട്ടു കോപാന്ധനായി ഖഡ്ഗം കയ്യിൽ ധരിച്ചു ദേവകിയുടെ കേശപാശം ചുററിപ്പിടിച്ചു ശിരച്ഛേദനത്തിന്നൊരുമ്പെട്ടു. വസുദേവൻ പരിഭ്രമത്തോടെ കംസന്റെ കരവും ഖഡ്ഗവും കടന്നുപിടിച്ചു. അദ്ദേഹം സാന്ത്വനവാക്കുകൾ പലതും പറഞ്ഞുനോക്കി. എന്നിട്ടും കശ്മലനായ കംസന്റെ കോപത്തിന്നു ശമനം വരാഞ്ഞതിനാൽ

നിന്നുടെസഹോദരി പെററിടും പുത്രന്മാരെ
പിറന്നയുടനിളയാതെ ഞാനുടൻ കൂടെക്കൂടെ

തന്നിട്ടുണ്ടവൻ തന്നുടെ കയ്യിൽത്തന്നെ
പിന്നെയുണ്ടാകിൽച്ചൊല്ലും വണ്ണമായ് കൊടുക്കവേണ്ടു

എന്നു സത്യംചെയ്തപ്പോൾ, മന്ത്രത്താൽ കോപമൊട്ടു കുറഞ്ഞ സർപ്പംപോലെ കംസന്റെ ക്രൗര്യവും തെല്ലൊന്നൊഴിഞ്ഞു. ഒടുവിൽ അവരെ വിട്ടയയ്ക്കുകയും ചെയ്തു.

ദേവകി നാലസിയാതെ ഗർഭംധരിച്ച് ഒരു പുത്രനെ പ്രസവിച്ചു. സത്യസന്ധനായ വസുദേവൻ പുത്രനെ വേവുന്ന ഉള്ളത്തോടുകൂടി കംസനു കാഴ്ചവെച്ചപ്പോൾ കംസൻ "ഇവനെക്കൊണ്ട് എനിക്കൊന്നുപോലും ഭയമില്ല. ദേവകിയുടെ തനയന്മാരിൽ,

അഷ്ടമൻതന്നെപ്പുനരപ്പൊഴേ മടിയാതെ
വിട്ടുതരേണമിങ്ങു തന്നാലും ദേവനേവം
വത്സനെ വഴിപോലെ കൊണ്ടുപോയ്ക്കൊള്ളുകത്താലും".

എന്നു പറഞ്ഞു തിരികെ അയച്ചുവെങ്കിലും, പിന്നീടു നാരദവചനം കേട്ട് ആ ബാലനെ മാത്രമല്ല, ദേവകിയുടെ ആദ്യത്തെ ആറുപുത്രന്മാരെ നിർഘൃണനായ കംസൻ കൊന്നുകളഞ്ഞു. ദേവകിയുടെ ഏഴാമത്തെ ഗർഭവും തികയാറായി. ഗർഭസ്ഥനായ ശിശു ആദിശേഷന്റെ കലയായിരുന്നതിനാൽ മഹാവിഷ്ണു തന്റെ മായയെ വിളിച്ച് ഇങ്ങനെ പറഞ്ഞു.

"പ്രഥിതവിനയശോഭാധീനനാം ശൌരിതന്റെ
പ്രഥമമഹിഷിയാകും രോഹിണീദേവിതന്റെ
ജഠരകുഹരദേശേ ശേഷതേജോവിശേഷം
ഘടയ കപടികൽപ്രക്രിയാ സുപ്രവീണേ"

ഭഗവാന്റെ നിദേശം വിഷ്ണുമായ അനുഷ്ഠിച്ചശേഷം ഗോകുലത്തിൽ നന്ദനന്ദനായായവതരിപ്പാൻ ദേവിയും സന്നദ്ധയായി രോഹിണി ശശാങ്കസങ്കാശനായ ഒരു പുത്രനെയും പ്രസവിച്ചു. അദ്ദേഹമാണു താലാങ്കനായ ബലഭദ്രൻ.

ദേവകിയ്ക്കുള്ളസിതഗർഭമെന്നൊരു വിശേഷ-
മന്നാട്ടു മഹിതലേ
കേവലം വിലസിനിളവേ സദാപികണ്ട
വാണിതു മനോജ്ഞം

ദേവദേവനഖിലലോകനാഥനായ
ശ്രീജനാർദ്ദനൻ
ദേവകീപൂരുഷസ്ഥിതൻ സപദി ദേവ-
കീജഠരമാവിശൽ.

ദേവകി അഷ്ടമഗർഭം ധരിച്ചുവെന്നറിഞ്ഞപ്പോൾ ദുഷ്ടാഗ്രേസരനായ കംസൻ ദേവകീവസുദേവന്മാരെ കാരാഗാരത്തിലാക്കി ബന്ധിച്ചു. എന്നാൽതന്നെയെന്താണ്?

ലോകങ്ങളെല്ലാം തന്നുള്ളിലൊതുക്കുന്നോരു
വിഷ്ണുദേവൻതന്നെ അമ്പിലാക്കി
മേവിനിന്നീടുന്ന ദേവകീദേവിതൻ
മേന്മയെപ്പാർക്കിലിന്നാർക്കു ചൊല്ലാം?

ദേവകിക്ക് അസാധാരണമായ കാന്തിയുണ്ടായതു കണ്ടു കംസന്റെ മനം കലങ്ങി. അതുകാലം,

വിശേഷമതി നടക്കുമ്പോഴും നില്ക്കുമ്പോഴും
ഊൺകഴിക്കുമ്പോഴുമേടത്തുപോയിരുന്നീടുമ്പോഴും
കളിക്കുമ്പോഴും കുളിക്കുമ്പോഴും യഥാമതി
കളിക്കുമ്പോഴുറങ്ങുമ്പോഴുമെന്നുവേണ്ട
സർവ്വകാലവും മനക്കാമ്പിൽ നിന്നിളകാതെ
സർവ്വലോകേശനെക്കുറിച്ചുള്ളൊരു സ്മൃതി.

ദേവകിയുടെ ഗർഭം വളർന്നുവരുംതോറും ദേവാദികളുടെ സങ്കടവും അകന്നുതുടങ്ങി. ദിക്കുകളെല്ലാം അതിശയത്തിൽ പ്രകാശിച്ചു. ഭൂമിദേവിയും ആകാശവും തെളിഞ്ഞു. പൂന്തോട്ടങ്ങളിൽ പുഷ്പങ്ങൾ നിറഞ്ഞു വിരിഞ്ഞു. തരുലതികകൾ തളിർത്തു പൂത്തുകായ്ച്ചു. പക്ഷിമൃഗാദികൾ നിസർഗ്ഗവൈരം വെടിഞ്ഞ് ഒന്നിച്ചു കളിച്ചുനടന്നു. പൂമധുപാനംചെയ്തു ഷട്പദങ്ങൾ ആനന്ദത്തോടെ മൂളിക്കൊണ്ടു പാറിത്തുടങ്ങി. ശീതളസുഗന്ധമന്ദാദിഗുണങ്ങളോടുകൂടിയ വാതപോതങ്ങളാശാന്തരങ്ങളിൽ വ്യാപിച്ചു. മേദിനീനിർജ്ജരന്മാരുടെ കുണ്ഡങ്ങളിൽ വീതിഹോത്രനും തെളിഞ്ഞുജ്വലിച്ചു. സാധുജനങ്ങളുടെ സ്വാന്തം സന്തോഷസമ്പൂർണ്ണമായി. കംസാദിദുഷ്ടന്മാരുടെ മനസ്സു നടുങ്ങി. ദേവ

നാരികൾ നൃത്തതാളമേളങ്ങളോടെ മനോഹരഗാനം ചെയ്തുതുടങ്ങി. ദേവന്മാർ ദുന്ദുഭി മുഴക്കിയ വാദ്യങ്ങൾ ഘോഷിച്ചു പുഷ്പവൃഷ്ടിയും ചൊരിഞ്ഞുതുടങ്ങി. മുനിമാർ വേദസ്തുതിയും സ്തുതിയുമാരംഭിച്ചു. ദേവകീവസുദേവന്മാരുടെ സൎവ്വബന്ധങ്ങളും നീങ്ങി.

കാളമേഘനിടതിങ്ങിനിന്ന മിന്നൽ-
ശോഭയേറുമിടിമിന്നലും
തെളിഞ്ഞൊരുജലധാരകൊണ്ടുകുളിരും-
ശ്യം മിഥിലമാധവം.

ഈ പ്രകാരം ലോകത്രയങ്ങളും പരമാനന്ദാബ്ധിയിലും സൂതികാവലപാലകന്മാർ ഗാഢനിദ്രയിലും മുഴുകവേ,

ചിങ്ങമാസത്തിലസിതാഷ്ടമിതിഥിയിൽ
രാത്രി തങ്കളുമിന്ദുഗ്രഹിണിയും കാണവേ
പന്നഗശായി പരൻ പുരുഷൻ വാസുദേവൻ
ഭക്തവത്സലൻ വിധിയിൽനിന്നവതരിച്ചു
വിണ്ണവർക്കുള്ളതാപം തീൎത്തു —

നായപ്പോൾ, കലാപരിപൂൎണ്ണനായ സുധാംശുവിന്റെ ഉദയത്തിൽ ദേവനെന്നപോലെ, ഭഗവാന്റെ ലക്ഷണപ്രഭയാൽ സൂതികാലയം ഉജ്ജ്വലം ശോഭിച്ചു. ദേവകിയും വസുദേവനും ഭക്തിഭരിതരായി ഭഗവാനെ സ്തുതിചെയ്തു. ഭഗവാനവരുടെ പൂൎവ്വജന്മവൃത്താന്തങ്ങൾ അവരെ ഗ്രഹിപ്പിച്ചു, മേലാൽ ചെയ്യേണ്ടതുപദേശിച്ചു ബാലനായിക്കിടന്നു.

ഭഗവദാജ്ഞാനുസരണം, വസുദേവർ ശിശുവായിക്കിടന്ന ഭഗവാനെ എടുത്തു പുറപ്പെട്ടു. കംസൻ ബന്ധിച്ചിരുന്ന കവാടങ്ങൾ താനേ തുറന്നു. വസുദേവൻ പുറത്തുകടന്നു വേഗം നടന്നുതുടങ്ങി. ധാരമുറിയാതെ പെയ്യുന്ന മഴ അവരെ ബാധിക്കാതിരിപ്പാൻ സൎപ്പരാജാവായ അനന്തൻ ഫണാസഹസ്രങ്ങൾ നീളെ പരത്തിപ്പിടിച്ചു വസുദേവന്റെ പിന്നിൽക്കൂടി. അനന്തന്റെ ഫണാമണികളിൽനിന്നുള്ള പ്രകാശംകൊണ്ടു തെളിഞ്ഞുകാണുന്ന മാൎഗ്ഗത്തിൽക്കൂടെ വസുദേവൻ കൊണ്ടുപിടിച്ചു നടന്നു ചെല്ലുന്നേരം തരംഗംകിടക്കുന്ന കാളിന്ദിനദി കടപ്പാൻ മാൎഗ്ഗം

തെ പരവശനായി. അപ്പോൾ ഒരു കുറുക്കൻ എവിടെനിന്നോ ഓടിവന്ന് അദ്ദേഹത്തിന്റെ മുമ്പിൽ ഓടി നദികടന്നു. അത്ഭുത പരതന്ത്രനായ അദ്ദേഹവും അതുകണ്ടു മുമ്പോട്ടുനടന്നു.

ഓളത്താൽത്തള്ളിപ്പുളിനംപിളർക്കും
കാളിന്ദിതന്നിൽക്കവിയുന്ന വെള്ളം
ചീളെന്നശേഷം വിശുഷ്കതമാകണാനാം
മുട്ടോളം കവിഞ്ഞീല ഹരിപ്രഭാവാൽ.

വസുദേവർ നേരെ ഗോകുലത്തിൽ ചെന്നു നന്ദഗോപന്റെ ഗൃഹത്തിൽ കടന്നതാകിയപ്പോൾ എല്ലാവരും സുഖനിദ്രയിലായിരുന്നു. വിഷ്ണുമായയെ യശോദ പ്രസവിച്ചു കിടക്കുന്ന മുറിക്കകത്ത് അദ്ദേഹം കടന്നു സർവ്വേശ്വരപ്പൈതലായ കുഞ്ഞിനെ യശോദയുടെ അരികേകിടത്തി വിഷ്ണുമായയേയുംകൊണ്ടു തിരികെപോന്നു കാരാഗൃഹത്തിൽ കടന്നു, കുമാരിയെ ദേവകിയുടെ അരികെകിടത്തി. വാതിലുകളും ആദ്യത്തെപ്പോലെ താനേ അടഞ്ഞു. വസുദേവന്റെ കൈകാലുകളിലെ ചങ്ങലകളും അങ്ങനെതന്നെ.

ചിന്മയിമായാമയമായവളും വളർന്നും
വരവേറ്റം മുഴങ്ങിട്ടുണ്ണിമാഘോഷിച്ചുററം
ക്രന്ദനംചെയ്തുള്ളൊരത്തുന്നവരെന്നുതാ—
രന്നാദമതുകേട്ടു കംസഭൃത്യന്മാരെല്ലാം.

സസംഭ്രമമെഴുന്നേറ്റോടിച്ചെന്നു കംസനെ അറിയിച്ചു. നാനാവിധവികാരത്തോടുകൂടിയ കംസൻ ത്വരയോടെ ഓടിയെത്തി വാതിൽതുറന്നു, ദേവകി കിടക്കുന്ന മുറിക്കുള്ളിൽ പ്രവേശിച്ചു. കൃതാന്തസന്നിഭനായ കംസനെക്കണ്ടു ദേവകി ഭയാതുരയായി, ശിശുവിനെ മാറത്തടക്കിക്കരഞ്ഞുതുടങ്ങി. ആ പെൺപൈതലിനെയെങ്കിലും കൊല്ലാതിരിക്കണമെന്ന് എത്ര താണപേക്ഷിച്ചിട്ടും ശിലയൊടു തുല്യമായ കംസചിത്തം കടുകിനുമിളകിയില്ല. ദേവകി കുട്ടിയെ കൊടുക്കാതെ മാറോടുചേർത്തു മുറയിടുന്നതുകണ്ടു നിഷ്ഠുരനായ കംസൻ ലോകം വിറക്കുമാറു പൊട്ടിച്ചിരിച്ചുംകൊണ്ടു കുട്ടിയെ ദേവകിയുടെ പിടിയിൽനിന്നും,

പറിച്ചു ചരണങ്ങളെടുത്തു തലത്തൂക്കി
പുറത്തു പുറപ്പെട്ടു കരുത്തനാമവനൊടും
തെളിച്ചുന്നൊടിക്കൊണ്ടുചെന്ന വനകതാലിൽ
സ്ഫുരിച്ചിടാതെതന്നെ ശില്പ്പാനാശ്ലേഷണമുള്ള
ശിരസ്സിൻമീതെ പൊങ്ങിച്ചുഴറ്റു മുമ്പിൽകണ്ട
പഴത്തവട്ടുക്കല്ലിലപ്പുറത്തെറിച്ചിട്ടവൻ
മുറുകുന്നേരത്തങ്ങു പിടിച്ചു കരങ്ങളെ

വഴുക്കി മായാദേവി, നാലെട്ടു തൃക്കൈകളിലുമുജ്ജ്വലിക്കുന്ന ശൂലം തുടങ്ങിയ ആയുധങ്ങളോടുകൂടി അംബരാകാശങ്ങളെ മന്ദസ്മിത നവചന്ദ്രികയാൽ പ്രകാശിപ്പിച്ചുകൊണ്ടു,

"അടിപ്പതിനൊന്നുകിലുമെന്റെ പാദം
പിടിച്ചു നീയെന്നുള്ള നിർവ്വാദം
ഫലിക്കയില്ലെന്നുള്ളകൊണ്ടു ഞാനും
ജനിച്ചുതാനും തവ ശത്രുധാരൻ"—

എന്നുപറഞ്ഞു മറയുകയും ചെയ്തു.

ഭയാതുരനായ കംസൻ പശ്ചാത്താപത്തോടെ ചെന്നു ദേവകീവസുദേവന്മാരെ തടവിൽനിന്നയച്ച് അവരെ സമാധാനിപ്പിച്ചുവെങ്കിലും തന്റെ ശത്രുധാരനാരാണെന്നറിഞ്ഞു കൊല്ലുവാൻ ശകടാസുരൻ, പൂതനാ മുതലായവരെ നാലുദിക്കിലേയ്ക്കും വിട്ടു. കംസന്റെ അനുചരന്മാർ തിരിഞ്ഞുമറിഞ്ഞു ഗോകുലത്തിലെത്തി. നന്ദനന്ദനനായി വളരുന്ന മുകുന്ദൻ ആ അസുരന്മാരെയൊക്കെ കൊല്ലുകയും ചെയ്തു. ആ വർത്തമാനങ്ങൾ കേട്ട കംസന്റെ ഹൃദയം പൊടിഞ്ഞു. രോഹിണീപുത്രനായ ബലരാമനോടും ഗോപന്മാരോടുംകൂടി ഗോപവാടത്തിൽ വിളയാടുന്ന ബാലകൻ തന്റെ ശത്രുകനാണെന്നറിയുവാനിടയായപ്പോൾ, ശ്രീകൃഷ്ണനെ മധുരാപുരിയിലേയ്ക്കു വരുത്തി കൊല്ലിക്കണമെന്നു വിചാരിച്ചു ഒരു ചാപയാഗം ആരംഭിച്ചു. അതു കാണ്മാൻ തന്റെ മരുമക്കളായ ബലഭദ്രനെയും ശ്രീകൃഷ്ണനെയും കൂട്ടിക്കൊണ്ടുവരുവാൻ അക്രൂരനെ കംസൻ തന്റെ രഥം കൊടുത്തയയ്ക്കുകയും ചെയ്തു.

മായാമാനുഷനായ ഭഗവാൻ അക്രൂരാഗമനത്തിന്റെ

വാസുദേവം ഭജസ്സിലായി. തന്റെ അവതാരോദ്ദേശ്യത്തിൽ ഒ
ന്നാമത്തെ കംസവധം കഴിക്കുവാൻ കാലമായെന്നു കണ്ടു,
അക്രൂരനോടും ബലരാമനോടും സഖാക്കളോടും ചേർന്നു മധുരയിലെ
ത്തി. കംസന്റെ യാഗശാല കണ്ടു വാരണവീരനായ കുവല
യാപീഡത്തെയും ചാണൂരാദിമല്ലന്മാരെയും കാലാലയത്തിലെ
ക്കയച്ചു കംസനു മോക്ഷവും ദാനംചെയ്തു.

ഉഗ്രസേനനെ മധുരാപുരിയിലെ രാജാവാക്കി വാഴിച്ചശേ
ഷം, കംസന്റെ കൂട്ടാളികളായ യവനന്മാരെയും മറ്റും നശി
പ്പിച്ചു ഭൂമിയുടെ ഭാരം നശിപ്പിക്കുവാൻ ഭഗവാൻ അവസരം
പ്രതീക്ഷിച്ചുകൊണ്ടു, പശ്ചിമസമുദ്രമധ്യത്തിൽ ദ്വാരകാപുരി നി
ർമ്മിച്ചുവാഴുന്ന കാലത്തു, രുക്മിണി സത്യഭാമ തുടങ്ങിയ പതിനാ
റായിരം മഹിളാമണികളെ വിവാഹംചെയ്തു. ഭക്തന്മാരായ
പാണ്ഡവന്മാരെ രക്ഷിക്കുവാനും ദുഷ്ടന്മാരായ കൌരവന്മാരെ ന
ശിപ്പിക്കുവാനുമായി ഭാരതയുദ്ധം നടത്തി. ഭൂമിയുടെ ഭാരം കു
[illegible]. അക്കാലത്തു ശിഷ്യന്മാരായിത്തീർന്ന
യാദവന്മാരെ ബ്രാഹ്മണരുടെ ശാപംകൊണ്ടും ഉന്മൂലനംചെയ്തു,
ലോകത്തിൽ ധർമ്മം സ്ഥാപിക്കുവാൻ ഉദ്ധവർക്കുപദേശവും ചെ
യ്തു സ്വധാമത്തിലെഴുന്നള്ളി.

ബാല്യകാലത്തു ഗോപന്മാരുടെ കൂടെ നാലാമനായി വൃന്ദാവനത്തിൽ പ
ശുക്കളെ മേച്ചുകളിച്ചുനടന്നതും, കാളിന്ദിയുടെ തീരത്തിൽവെ
ച്ചു പതിനാറായിരം ഗോപസുന്ദരിമാരെ രാസക്രീഡയിൽ പ
രമാനന്ദാമൃതരസം ആസ്വദിപ്പിച്ചതും, അസുരാംശജന്മാരായ രാജാക്ക
ന്മാരെ ഒട്ടുകൾ രാജസൂയം നടത്തിയാണെന്നും, പാർത്ഥന്റെ തേ
ര് നടത്തിയതും, ഉദ്ധവർക്ക് ആത്മോപദേശം ചെയ്തതുമാ
യി നാനാപ്രകാരത്തിൽ ഭക്തന്മാരെ കൃതാർത്ഥചിത്തന്മാരാക്കി
ത്തീർത്ത ശ്രീകൃഷ്ണഭഗവാന്റെ അവതാരങ്ങളിൽ ദേവാദി
കൾ വ്രതമെടുത്തു ലോകരക്ഷയ്ക്കും ആത്മരക്ഷയ്ക്കുമായി ഭഗവാ
നെ ഭജിച്ചതുപോലെ മർത്ത്യന്മാരായ നമ്മളും ചെയ്യേണ്ടതാ
ണെന്നു പറയേണ്ടതില്ലല്ലോ. അസുരന്മാരുടെ ആക്രമണം സഹിക്കാ
തെ വലഞ്ഞിരുന്ന ദേവന്മാർ വ്രതമെടുത്തിരിക്കുമ്പോൾ, അഷ്ടമി

രോഹിണിനാളിൽ ഭഗവാൻ ഏതുവിധം അവരുടെ മുമ്പിൽ പ്രത്യക്ഷനായോ അതുപോലെതന്നെ ഈ വ്രതം അനുഷ്ഠിക്കുമാറു ഭക്തിയോടെ ആചരിക്കുന്ന എല്ലാവർക്കും ഭഗവദ്രൂപം കാണ്മാൻ കഴിയുന്നതുമെന്നാണ്,

അഷ്ടമിരോഹിണിനാളാണല്ലോ,
ഉണ്ണാവ്രതാനുഷ്ഠാനമല്ലോ,
ഉണ്ണിക്കണ്ണനെ കണ്ടീടേണമല്ലോ,

എന്നും മറ്റും നമ്മുടെ ഇടയിൽ ബാലന്മാർ പണ്ടു പാടാറുള്ളതിന്റെ അന്തരാർത്ഥം എന്തു ഗ്രഹിച്ചിട്ടുള്ളവർ അധികം പേരില്ല. ഭഗവാന്റെ അവതാരദിവസം തീർത്ഥസ്നാനം, ഉപവാസം ദാനം, ഭഗവൽപൂജ മുതലായവ എല്ലാവരും ആചരിക്കേണ്ടതാകുന്നു. അഷ്ടമിരോഹിണിവ്രതം നമുക്കേറ്റവും പ്രധാനമാണല്ലോ. അന്നദിവസം ഉപവസിച്ച് അർദ്ധരാത്രി ചന്ദ്രനുദിക്കുന്നതുവരെ ഭഗവാന്റെ അവതാരം പ്രതീക്ഷിച്ചുകൊണ്ടിരിക്കയാണ ചെയ്യുന്നത്. അന്നു പകലും രാവും ഭാഗവതം പാരായണം ചെയ്യാതെ ഒരു ഹിന്ദുകുടുംബവും കാണുന്നതല്ല. വിഷ്ണുക്ഷേത്രങ്ങളിൽ, കൂത്തു പാഠകം, പുരാണപാരായണം മുതലായവ നടത്താറുള്ളതു നമുക്കറിവുള്ളതാണല്ലോ. അർദ്ധരാത്രിക്കുശേഷം ക്ഷേത്രങ്ങളിൽ പുഴുക്കുനിവേദ്യം വളരെ പ്രധാനമാണ്. കടിഞ്ഞൂൽ ആൺകുട്ടി പിറന്നാൽ പുഴുക്കുംവെയ്ക്കുന്ന സമ്പ്രദായം ഇന്നും നമ്മുടെ ഇടയിൽ നടപ്പുണ്ടല്ലോ. പക്ഷെ ഭഗവാന്റെ അവതാരസമയം പുഴുക്കുവെക്കാനുള്ള ഭാഗ്യം യശോദയ്ക്കാണ്. അർദ്ധരാവിൽ ചന്ദ്രനുദിച്ചു കഴിഞ്ഞാൽ ചിലർ ഭഗവൽപൂജ കഴിച്ചു പാരണ കഴിക്കാറുണ്ട്. ചിലർ അന്നു മുഴുവൻ നിദ്രയുപേക്ഷിച്ച് ഉപവസിച്ചു പിറ്റേന്നു പാരണ കഴിക്കുന്നു. രണ്ടുതരം വ്രതക്കാരും അന്നദിവസം ധാന്യന്നം തീരെ വർജ്ജിച്ചുവരുന്നു. എന്നാൽ ഇക്കാലങ്ങളിൽ ചിലർ രാത്രിപാരണയ്ക്കു പകരം മുഴുന്നാം ഭക്ഷിച്ചുവരുന്നതു വ്രതത്തിനു ഹാനികരമാണെന്നു പറയേണ്ടിയിരിക്കുന്നു. എന്തെന്നാൽ സദ്ഗുണങ്ങളിലും ദയ, സന്തുഷ്ടി, സർവ്വേന്ദ്രിയോപശാന്തി എന്നീ ഗുണങ്ങളും

കൊണ്ടാണ ഭഗവാൻ സന്തോഷിക്കുന്നതു്. ഇവയില്ലാത്തവൻ വ്രതത്തിന്നധികാരിയല്ലെന്നാണ ജ്ഞാനികളുടെ മതം. അവരുടെ കൎമ്മങ്ങൾ നിഷ്ഫലങ്ങളായി ഭവിക്കുകയും ചെയ്യുമത്രെ. അതിനാൽ വ്രതമാചരിക്കുന്നവർ ഈ സംഗതികളിൽ അവശ്യം ശ്രദ്ധവെക്കേണ്ടതാണ്.

കുറെക്കാലംമുമ്പു ഭക്തകളായ ചില സ്ത്രീരത്നങ്ങൾ വ്രതമനുഷ്ഠിച്ചിരുന്നതുകൂടാതെ, ഭഗവാനെ പ്രസവിക്കുവാൻ ദേവകി ദേവി ശയിച്ചിരുന്നതുപോലെ, അവരും ഗർഭഗൃഹത്തിൽ കിടക്കാറുണ്ടായിരുന്നുവത്രെ. അതുകണ്ടു് അവർ ബുദ്ധിഭ്രമമുള്ളവരാണെന്നു ചിലർ പറഞ്ഞതായും കേൾവിയുണ്ടു്. അതു ബുദ്ധിഭ്രമമാണെന്നു പറഞ്ഞവർ, അമ്പാടിയിലെ ഗോപികളെയും, പഴംകളഞ്ഞു തൊലി ഭഗവാനു കൊടുത്ത വിദുരപത്നിയേയും കാണാതിരുന്നതു വളരെ തെറ്റായി.

പഴയകാലങ്ങളിൽ ശ്രീകൃഷ്ണവിഗ്രഹം, പലവിധപുഷ്പമാല്യങ്ങളാലും വിഭൂഷണങ്ങളാലുമലങ്കരിച്ചു തൊട്ടിക്കട്ടിലിൽ കിടത്തി പാട്ടുപാടി ആട്ടുക പതിവായിരുന്നു. ഉത്തരമധുരയിൽ ഇപ്പോഴുമങ്ങനെ ചെയ്യാറുണ്ടു്.

ഭഗവാൻ തന്റെ ദുഷ്ടമാതുലനെ സംഹരിച്ചതുകൊണ്ടു് അതിന്നുശേഷം അഷ്ടമിരോഹിണിനാൾ ജനിക്കാറുള്ള ആൺകുട്ടികളെ അവരുടെ അമ്മാമന്മാർ രഹസ്യമായി വധിച്ചിരുന്നുവത്രെ. അതു് ആ കുട്ടികളുടെ ദുഷ്കൎമ്മഫലമെന്നല്ലാതെ മറ്റൊരുതരവും പറയുവാനില്ല. ആ അന്ധവിശ്വാസം കേരളീയരുടെ ഇടയിൽ വ്യാപിക്കാതിരുന്നതു ഭാഗ്യംതന്നെ. ആത്മഹിതാഹിതം അറിയാത്ത അത്യാഘോഷത്തോടെ കൊണ്ടാടിവന്ന ഭഗവദവതാരദിനം കേരളത്തിലും ഒട്ടും താഴ്ന്നനിലയിലല്ല നടത്തിവരുന്നതെന്നുള്ളതു നമുക്കഭിമാനജനകംതന്നെ.

ഭഗവാൻ ലോകരക്ഷയ്ക്കായി പല കാലങ്ങളിലും പല രൂപത്തിൽ അവതരിച്ചിട്ടുണ്ടല്ലോ. ആ ശുഭദിനങ്ങളിലും നാമിതുപോലെ സൽകൎമ്മങ്ങളനുഷ്ഠിക്കേണ്ടതാണ്. അതുകൊണ്ടു അവയിലധികം പ്രചാരമായതു് ഇവിടെ ചേൎക്കുന്നു.

മത്സ്യാവതാരം — ചൈത്രമാസത്തിൽ കൃഷ്ണപക്ഷത്തിലെ ത്രയോദശി ദിവസമാകുന്നു.

കൂൎമ്മാവതാരം — ജ്യേഷ്ഠമാസത്തിൽ കൃഷ്ണദ്വാദശിനാൾ.

വരാഹാവതാരം — ചൈത്രമാസത്തിൽ കൃഷ്ണപഞ്ചമി.

നരസിംഹാവതാരം — വൈശാഖമാസത്തിൽ ശുക്ലചതുൎദ്ദശിനാൾ സന്ധ്യക്കു്.

വാമനാവതാരം — ഭാദ്രപദമാസത്തിൽ ശുക്ലദ്വാദശിദിവസമാകുന്നു. ഭഗവാന്റെ അവതാരത്താൽ അതിനു ശ്രവണദ്വാദശിയെന്നു പറഞ്ഞുവരുന്നു.

പരശുരാമാവതാരം — മാൎഗ്ഗശീൎഷമാസത്തിൽ ശുക്ലദ്വിതീയ.

ശ്രീരാമാവതാരം — ചൈത്രമാസത്തിൽ ശുക്ലനവമിനാൾ മദ്ധ്യാഹ്നസമയത്താകുന്നു.

ബലരാമാവതാരം — വൈശാഖമാസത്തിൽ ശുക്ലതൃതീയ.

ശ്രീകൃഷ്ണാവതാരം — ശ്രാവണമാസത്തിൽ രോഹിണി ചേൎന്ന കൃഷ്ണാഷ്ടമിനാൾ അൎദ്ധരാത്രിയിൽ ചന്ദ്രോദയത്തിനുശേഷമാകുന്നു.

കൽക്യവതാരം — ഭാദ്രപദമാസത്തിൽ ശുക്ലദ്വിതീയ.

ദത്താത്രേയാവതാരം — വൈശാഖമാസത്തിൽ കൃഷ്ണപക്ഷത്തിലെ ദശമി.

വ്യാസാവതാരം — ആഷാഢമാസത്തിൽ വെളുത്ത വാവു്.

ഗരുഡാവതാരം — ശ്രാവണമാസത്തിൽ ശുക്ലപഞ്ചമി.

---

൨. ചിങ്ങമാസത്തിലെ അത്തം.

അസുരചക്രവൎത്തിയായിരുന്ന മഹാബലി മൂന്നു ലോകങ്ങളുമടക്കി വാഴുന്ന കാലം ദേവാദികളുടെ പ്രാൎത്ഥനപ്രകാരം മഹാവിഷ്ണു വാമനനായി അവതരിച്ചു മഹാബലിയുടെ രാജ്യം മുഴുവനും മൂന്നടിയാലളന്നെടുത്തു് അദ്ദേഹത്തിനെ പാതാളത്തിലേക്കയച്ചു. വാമനാവതാരം 'തിരുവോണത്തിൽ' വിസ്തരിച്ചിട്ടുണ്ടു്. മഹാബലി ഭൂലോകം വിടുന്നേരം തനിക്കു കൊല്ലത്തിലൊരുനാ

ൾ ഭൂമിയിൽവന്നു താമസിപ്പാൻ അനുവാദം കൊടുക്കണമെന്നു ഭഗവാനോടപേക്ഷിച്ചപ്പോൾ, കരുണാർദ്രനായ ഭഗവാൻ,

അങ്ങനെ കല്പനയരുളിച്ചെയ്തു
എന്നാലവനിയിലാണ്ടുതോറും
വന്നീടുകയെന്നരുളിച്ചെയ്തു
പൂവിട്ടോണം വരുമളവിൽ.

മഹാബലിയുടെ എഴുന്നള്ളത്തു പ്രമാണിച്ചാകുന്നു അത്തംനാൾ മുതൽ പൂവിട്ടു തുടങ്ങുന്നതെന്നു് കേരളീയർ. അത്തംനാളായാൽ കേരളീയർക്കു, പ്രത്യേകിച്ചു ബാലികാബാലന്മാർക്കു് അത്യുത്സാഹവും സന്തോഷവുമായി. 'അത്തംപത്തോണം' എന്നു പറഞ്ഞു കേൾക്കാത്ത മലയാളിയോ മലനാട്ടിലുണ്ടായിരുന്നില്ല.

മുറ്റത്തു നടുവിലോ തിണ്ണയ്ക്കരികിലോ, ചാണകംമെഴുകി പൂവിറത്തു കളങ്ങളിടുക പതിവു്. പൂവിറത്തു കളങ്ങളിടുകയല്ലാതെ മറ്റൊരു വിശേഷവും ഇപ്പോൾ കാണുന്നില്ല. അതു സംബന്ധിച്ചു പല പാട്ടുകളും കേൾക്കാറുണ്ടു്. വിവാഹംകഴിയാത്ത പെൺകുട്ടികളാണു പൂവിടേണ്ടതു്. ഇതിനെ ചെയ്യുന്നതു് അധികം തെക്കേമലയാളത്തിലാകുന്നു. കന്യകമാർ പ്രഭാതത്തിലെഴുന്നേറ്റു സ്നാനം ചെയ്തു.

ചേലകൾ ചുറ്റിയുടുത്തു, മാലേയ കുറികളെല്ലാം
മാനമോടണിഞ്ഞു പിന്നെ സിന്ദൂരതിലകം തൊട്ടു

അഞ്ജനമെഴുതിക്കണ്ണെഴുതി, കാർകൂന്തലും കോതിക്കെട്ടി, ഭംഗിയേറിയ ആഭരണങ്ങൾ അണിഞ്ഞു തോഴിമാരോടുകൂടി പൂക്കൊട്ടയുമെടുത്തു പൂവറുക്കുവാൻ പുറപ്പെടും. ഓരോരിടങ്ങളിൽ ചെന്നു പലതരം പൂക്കളറുത്തു ആര്യത്തോടുകൂടി ഗൃഹത്തിലെത്തി തറമെഴുകി ശുദ്ധമാക്കിയശേഷം,

നിറപറപൂവോടുനിലവിളക്കും
പരിചോടു മീതെ വിളക്കുംവെച്ചു
പൂവോടു ഗന്ധം കിണ്ടിയിൽവെള്ളം
നിവേദ്യം നൽകുവാനായ്‌വെച്ചു,

കന്യകമാർ പുറമതിനു വായ്ക്കുരവയിട്ട് ആദിത്യനെ തൊഴുതു കുമ്പിട്ടു പാട്ടുപാടിക്കൊണ്ടുതന്നെ പൂവിടുന്നു.

നിറമാലം ചാർത്തിടുന്നേൻ
മല്ലികപ്പൂ ഞാനിടുന്നേൻ
മംഗല്യവിധി കഴിവാൻ
ചെത്തിപ്പൂ വിടുന്നേൻ
സന്തതിലഭിപ്പതിനായ്
ചെമ്പകപ്പൂ തൂകിടുന്നേൻ
മുന്നമുള്ള പാപം നീങ്ങാൻ
കൊന്നപ്പൂവെറിഞ്ഞിടുന്നേൻ
ഇഷ്ടമോടനുഗ്രഹിപ്പാൻ
അത്തപ്പൂ ചാർത്തിടുന്നേൻ

ഇങ്ങിനെ ഓർത്തു പാടിക്കൊണ്ട് പൂത്തറയുടെ മദ്ധ്യത്തിൽ പൂവിട്ടുകഴിഞ്ഞാൽ തറയുടെ ചുറ്റുഭാഗങ്ങളും ദേവന്മാരെ ഉദ്ദേശിച്ചു തന്നെ പൂവിടുന്നു. കിഴക്കുഭാഗത്തു പൂവിട്ടു ആദിത്യനെയും, തെക്കുഭാഗത്തു പൂവിട്ടു പിതൃപതിയെയും പടിഞ്ഞാറുഭാഗത്തു പൂവിട്ടു ഗംഗാഭഗവതിയെയും, വടക്കു പൂവിട്ടു വൈശ്രവണനെയും, നാലു കോണുകളിലും പൂവിട്ടു ദിക്പാലന്മാരെയും വന്ദിക്കും. ഇതു കഴിഞ്ഞാൽ പൂത്തറയിൽ പത്തുനിലയിൽ പൂവിടണം. ഓരോ നിലയിലും ഓരോ ദേവന്മാരെയും പൂജിക്കുന്നു. ഒന്നാം നിലയിൽ ഗണപതി, രണ്ടാം നിലയിൽ ശിവശക്തി, മൂന്നാം നിലയിൽ ശിവൻ, നാലാം നിലയിൽ ബ്രഹ്മാവ്, അഞ്ചാം നിലയിൽ പഞ്ചപ്രാണങ്ങൾ, ആറാം നിലയിൽ ഷൺമുഖൻ, ഏഴാം നിലയിൽ ഗുരുനാഥൻ, എട്ടാം നിലയിൽ ദിക്പാലന്മാർ, ഒമ്പതാം നിലയിൽ ദേവേന്ദ്രൻ, പത്താം നിലയിൽ ശ്രീവിഷ്ണുഭഗവാൻ. ഇതാണ് ക്രമം.

ഇങ്ങിനെ പൂവിട്ടശേഷം ദേവിമാരെയും ഗംഗാഭഗവതിയെയും ആദിത്യനെയും വന്ദിച്ചു വായ്ക്കുരവയിട്ടു വീണ്ടും കുമ്പിടുകയും. ഇപ്രകാരം ചെയ്യുന്നതായാൽ കന്യകമാർക്കു സമ്പൽസമൃദ്ധിയും ചാരുഗുണശാലികളായ ഭർത്താക്കന്മാരെ ലഭിക്കുന്നതാകുന്നു. ഈ സമ്പ്രദായ

ങ്ങളൊന്നും ഇപ്പോൾ നടപ്പിൽ കാണ്മാനില്ല. വല്ലപ്പോഴും വല്ല പൂക്കളും പറിച്ചിടുകയെന്നല്ലാതെ ഒരു വ്യവസ്ഥയുമില്ലാതെവന്നിരിക്കുന്നു. അത്തംതൊട്ടു മുററത്തു പൂവിടേണമെന്നുമാത്രം മറന്നുപോയിട്ടില്ല. ഈ അവസരത്തിൽ അത്തച്ചമയത്തെപ്പററിയും തെല്ലൊന്നു പ്രസ്താവിക്കാം.

മഹാബലി ചക്രവർത്തിയായിരിക്കുന്ന കാലത്തു അദ്ദേഹത്തിന്റെ രാജ്യത്തിന്റെ പടിഞ്ഞാറെ അതിർത്തിയിലായി ഒരു ക്ഷേത്രം തീർപ്പിച്ചു് അതിൽ മഹാദേവനെ പ്രതിഷ്ഠിച്ചു. തൃക്കാക്കരയെന്നാണ് ആ സ്ഥലത്തിന്റെ പേര്. ഇടപ്പള്ളി തീവണ്ടിയാപ്പീസ്സിന്നു സമീപമാണ് ഈ സ്ഥലം. മഹാബലി പണികഴിപ്പിച്ച ക്ഷേത്രത്തിന്റെ വലുപ്പവും വിസ്താരവും തീർച്ചയാക്കുവാൻ നിർവ്വാഹമില്ലാതെയാണു വന്നിരിക്കുന്നതു്. എങ്കിലും പഴയ ക്ഷേത്രത്തിന്റെ അവശിഷ്ടങ്ങളായ പലതും അതിന്നടുത്തു കാണുന്നുള്ളതുകൊണ്ടു്, അതു വളരെ വിസ്താരമുള്ളതായിരുന്നുവെന്നല്ലാതെ മറെറാന്നും നിർണ്ണയിച്ചുകൂടാ. തൃക്കണാമതിലകത്തിന്റെ ക്ഷയത്തിന്നെന്നപോലെ ഇതിന്റെ ക്ഷയത്തിന്നും ഒരു കാരണം പറഞ്ഞുകേൾക്കുവാനുണ്ടു്.

മഹാബലി ചക്രവർത്തി തൃക്കാക്കരക്ഷേത്രം പണിചെയ്യിച്ച ശേഷം, ഉന്നചിങ്ങമാസത്തിൽ തിരുവോണംപോലെ തൃക്കാക്കരയിൽ വിദ്യാത്സവം തീർച്ചയാക്കി. മഹാബലിയുടെ ഭരണശേഷവും അതു നടന്നു വന്നുവത്രെ. അതുകാരണത്താൽ അവിടെ അനവധിബ്രാഹ്മണർ നിത്യ ഭജനക്കാരായും ഉണ്ടായിരുന്നു. അക്കൂട്ടത്തിൽ വടക്കൻദേശക്കാരനായ ഒരു ദരിദ്രബ്രാഹ്മണനും കൂടി. തൃക്കാക്കര ക്ഷേത്രത്തിൽ നടന്നുവന്നിരുന്ന സദ്യയുടെ വട്ടങ്ങൾ കേട്ടിട്ടാണ് അദ്ദേഹം അവിടെ ചെന്നതു്. വിശേഷിച്ചു ഇല്ലത്തു സ്വത്തും തീരെ ഉണ്ടായിരുന്നില്ല.

അദ്ദേഹത്തിന്നു അവിടെ അടുത്ത ഇല്ലത്തുകാരായ നമ്പൂരമാരെ പരിചയമില്ലാതിരുന്നതിനാൽ അമ്പലത്തിൽതന്നെയാണു താമസിച്ചുവന്നിരുന്നതു്. അമ്പലത്തിന്റെ മണ്ഡപത്തൂണുകൾ സ്വർണ്ണം കൊണ്ടുള്ള നാഗഫണങ്ങളെക്കൊണ്ടു് അലങ്കരിച്ചിരു

ന്നു. ഒരു ദിവസം രാത്രി അതിലൊരെണ്ണം കാണാതായി. ക്ഷേത്രത്തിലെ ഭരണാധികാരികൾ അന്വേഷണം നടത്തിയതിൽ പതിവായി ആ സാധു ബ്രാഹ്മണൻ മാത്രമേ അവിടെ രാത്രിസമയത്തു കിടക്കാറുണ്ടായിരുന്നുള്ളുവെന്നറിഞ്ഞപ്പോൾ, അദ്ദേഹമായിരിക്കണം വാഴക്കുല അപഹരിച്ചതെന്നു വിചാരിച്ച് അദ്ദേഹത്തെപ്പിടിച്ച് അവർ ഭേദ്യംചെയ്തു. അഗതിയായ ആ ബ്രാഹ്മണന് അതിനെക്കുറിച്ചു യാതൊന്നും അറിഞ്ഞുകൂടായിരുന്നു. തുമ്പുണ്ടാകാഞ്ഞതിനാൽ അവരദ്ദേഹത്തെ വിട്ടയച്ചു. കുറെദിവസങ്ങൾ കഴിഞ്ഞപ്പോൾ ഒന്നുകൂടി നഷ്ടമായി. അപ്പോഴും ആ ദരിദ്രബ്രാഹ്മണനെയല്ലാതെ മറ്റാരെയും സംശയിക്കുവാനുണ്ടായില്ല. അദ്ദേഹത്തെ അവർ മുമ്പത്തേക്കാളധികം ഉപദ്രവിച്ചു. ആ പാവത്തിന്റെ എല്ലുനുറുങ്ങി. എന്നിട്ടും തെളിവു കിട്ടാഞ്ഞതുകൊണ്ടു വിട്ടയയ്ക്കുകയും ചെയ്തു. ഇനി അവിടെ താമസിക്കുന്നതു ഒട്ടും ഉചിതമല്ലെന്ന് അദ്ദേഹം വിചാരിച്ചു പോകുവാൻ യാത്രയായപ്പോൾ ക്ഷേത്രത്തിന്റെ നടയിൽ നിന്നുകൊണ്ട്,

“എന്റെ സത്യസ്വരൂപ! ഇവിടെ അതിഭക്തനായി ഭജന നടത്താനായിട്ടാണ് എന്റെ ദാരിദ്ര്യം നിമിത്തം ഞാൻ ഇല്ലംവിട്ട് ഇങ്ങോട്ടു പോന്നതാണല്ലോ. അതുകാരണം നിരപരാധിയായ ഞാൻ ഈ ദുഷ്ടന്മാരുടെ കയ്യിൽനിന്ന് എത്രമാത്രം ചവിട്ടും കുത്തും കൊള്ളേണ്ടിവന്നു? ഇനിമേൽ എന്നെപ്പോലെയുള്ള സാധുക്കൾ ഇവിടെവന്ന് ഇങ്ങിനെയുള്ള കഷ്ടതകളനുഭവിക്കാതിരിക്കുവാൻ ഈ ക്ഷേത്രം താമസംകൂടാതെ നശിച്ചുപോകട്ടെ” എന്നു ശപിച്ചു. “വലിയ മഹർഷികൾ ചൊന്നാൽ ഫലമവർവാക്കിന്റെ പിന്നാലോടിവരും” എന്നതു സത്യമായിത്തീരുകയും ചെയ്തു.

തൃക്കാക്കരെയിൽ കർക്കടകമാസത്തിൽ തിരുവോണം മുതൽ ഉത്സവം പതിവുണ്ടായിരുന്നു. ചിങ്ങമാസത്തിൽ തിരുവോണമാണ് ഉത്സവത്തിന്റെ അവസാനദിവസം. അതുകൊ

ണ്ടാണത്രേ എല്ലാമലയാളികളും ഓണം വളരെ കേമമായി കൊണ്ടാടിവരുന്നത് എന്നും ചിലർ പറയാറുണ്ട്.

തൃക്കാക്കരയിൽ ആകെ ഇരുപത്തെട്ടു ദിവസം ഉത്സവം നടക്കുന്നു. കർക്കടകമാസത്തിൽ തിരുവോണം ദിവസം കൊടികയറിയാൽ പിന്നെ ഓരോ ദിവസത്തേയ്ക്കു കൊടികയറ്റം സംബന്ധിച്ചു പലതുമായിരിക്കും. പത്താം ദിവസം ദേവനെ ആറാട്ടുപുറത്തു പൂരത്തിനെഴുന്നള്ളിക്കുന്നു. ആ എഴുന്നള്ളിപ്പു വീടുകൾതോറും വരുന്നതിന്റെ ലക്ഷണമായിട്ടാണ് അന്നുമുതൽ മുറ്റത്തു പൂവിടുന്നതെന്നും ഒരുപക്ഷമുണ്ട്. ദേവന്റെ അധികാരത്തിൽപ്പെട്ട വീടുകൾതോറും എഴുന്നള്ളിപ്പോടുകൂടി ചെല്ലുമ്പോഴും ജനങ്ങളും വഴിപാടായി ദേവനു നെല്ലും പണവും കൊടുക്കുക പതിവുണ്ട്. ഇപ്പോഴും നടക്കുന്ന പൂരപ്പാനകൾ അതുപോലല്ലേ? ഇതു തൃക്കാക്കരയിലുണ്ടായിരുന്ന ഉത്സവത്തെ അനുകരിച്ചുണ്ടായതായിരിക്കണം. ഒടുവിലത്തെ ഓരോ ദിവസങ്ങളിൽ എല്ലാവരും ചേർന്നു പൂർണ്ണമായി ഉത്സവം നടത്തിവന്നിരുന്നത്. കൊച്ചിരാജാവ് ഈ ക്ഷേത്രത്തിലെ അവകാശിയായിരുന്നതിനാൽ ഉത്സവം പതിനൊന്നാംദിവസം രാജോചിതമായ പ്രതാപത്തോടുകൂടി തൃക്കാക്കര ക്ഷേത്രത്തിൽ എഴുന്നള്ളി ഉത്സവം കഴിയുന്നതുവരെ അവിടെ താമസിക്കാറുണ്ടായിരുന്നു. ഈ ക്ഷേത്രത്തെ സംബന്ധിച്ചു ചില അധികാരങ്ങളും സാമൂതിരിപ്പാടിനും ഉണ്ടായിരുന്നതിനാൽ അദ്ദേഹവും പരിവാരങ്ങളോടുകൂടി അവിടെ എഴുന്നള്ളാറുണ്ടായിരുന്നു. ഇപ്പോഴും കൊച്ചി വലിയതമ്പുരാൻ തിരുമനസ്സുകൊണ്ട് അത്തച്ചമയം ആഘോഷിക്കുന്നത് അതിന്റെ ലക്ഷണമാണ്.

തൃക്കാക്കരക്ഷേത്രമിപ്പോൾ തിരുവിതാംകൂർ സംസ്ഥാനത്തിൽപ്പെട്ടതാണ്. തൃക്കാക്കരയിലുണ്ടായിരുന്ന ഉത്സവം എന്നു മുതൽക്കാണു നടന്നതെന്നും മറ്റുമുള്ള വിവരങ്ങളറിയുവാൻ ഇപ്പോൾ വളരെ പ്രയാസമായിരിക്കുന്നു.

൩. ഓണം.

അമ്മേ! വസുന്ധരേ! നമ്മെ വാട്ടിയോ-
രിമ്മാസം കർക്കടം യാത്രയായി.
പണ്ടു മഹാബലി വാമനമൂർത്തിയ്ക്കായ്
കൊണ്ടു മഹാത്യാഗം ചെയ്തു നിന്നു.
മാനിനി! മേദിനി! നീയുമിപ്പോൾ പൂജിപ്പൂ
ജ്ഞാതാർത്ഥം ചിങ്ങമാസത്തോടും
ചേണാർന്നോരാത്യാഗവൈഭവം കാണിപ്പാൻ
പൊന്നോണം നല്ലൊരാൾ നന്നാടുന്നു.

ആകാശമണ്ഡലത്തിൽ കാളാംബുദപാളികളിലൊളിച്ചിരുന്ന നളിനീകാമുകൻ പ്രസന്നനായി പുറത്തു വന്നു ചരാചരസമൂഹങ്ങളെ കരാവലികളാൽ സന്ദർശനം ചെയ്തുതുടങ്ങി. കുറേനേരം കരഞ്ഞു വലഞ്ഞ കുഞ്ഞുങ്ങളെപ്പോലെ വാരിവാഹങ്ങളും തളർന്നിരിപ്പായി. ആകാശത്തിലെ കോലാഹലങ്ങളും ഏതാണ്ടൊതുങ്ങി. ഭൂമണ്ഡലവും കണ്ണിന്നാനന്ദകരമായിച്ചമഞ്ഞു. തരംതെറ്റി ഏറമ്പിയിരുന്ന അംഭോനിധി ഒട്ടു പാകത്തിലായി. തടം തകർത്തൊഴുകി പാഞ്ഞിരുന്ന വാഹിനികളുടെ തള്ളിച്ചയും ഒന്നു നിലച്ചു. വാപീകൂപങ്ങളിലെ ജലം ഇപ്പോഴും കുറഞ്ഞിട്ടില്ലെന്നു പറയാം. ജനങ്ങൾക്കു, സ്വൈരമായി പുറത്തിറങ്ങി ഓരോ തൊഴിലുകൾ നോക്കിത്തുടങ്ങാറായി. എവിടെ നോക്കിയാലും പുഷ്പങ്ങളും ഫലങ്ങളും അത്യന്തം സുലഭമായിരിക്കുന്നു. അളിവൃന്ദങ്ങൾ ഝങ്കാരവും പുറപ്പെടുവിച്ചുംകൊണ്ടു ഇഷ്ടംപോലെ മധുവുണ്ടു പറന്നു നടക്കുന്നു. ശ്രീദേവിയ്ക്കു നടനംചെയ്വാൻ കനകപ്പൊടി പരത്തിയ രംഗംപോലെ ഉല്ലസിക്കുന്ന നെൽവിളഞ്ഞ കണ്ടങ്ങൾ ആർക്കു കൗതുകം വർദ്ധിപ്പിക്കുന്നില്ല? നേന്ത്രവാഴത്തോട്ടങ്ങളിൽ,

പച്ചക്കിളിക്കുലകൾക്കിടയ്ക്കിടെ
മെച്ചത്തിൽ നന്നായ് പഴുത്ത പഴങ്ങളും

ഉച്ചത്തിലത്തിനെ കണ്ടാൽ പവിഴവും
പച്ചക്കല്ലുമൊന്നിച്ചു കോർത്തുള്ള
ശാഖകൾകൊണ്ടു വിതാനിച്ചു മിന്നുന്ന
മാമ്പാകശാഖകളും കനിഞ്ഞുമാവുള്ള
ലീലാവിലാസേന നില്ക്കുന്ന വാഴകൾ
നാലുഭാഗങ്ങളിൽ തിങ്ങിവിങ്ങീടുമാ
ബാലാനിലൻ വന്നു തട്ടുന്ന നേരത്തു
കോലാഹലം നൃത്തമാടും ചെടികളും,

ഏറ്റവും സന്തോഷദം തന്നെയാണ്. മഞ്ഞ്, മഴ, വെയിലെന്നിവ ആവശ്യാനുസരിച്ചുണ്ടായി, ധാന്യങ്ങളും സസ്യങ്ങളും സമൃദ്ധമായി ഒരു പുതിയ വത്സരത്തെ അവതരിപ്പിക്കുന്ന ചിങ്ങമാസം ആബാലവൃദ്ധം കേരളീയർക്ക് ഒരു മഹോത്സവകാലമാകുന്നു. സ്ത്രീപുരുഷഭേദമെന്നിയെ ഉത്സാഹംകൊണ്ടു തിമിർത്തിരിക്കുന്ന ഒരു കാലം ചിങ്ങമാസമാണ്. മലയാളത്തിലെ എല്ലാ കാലങ്ങളിലുംവെച്ചു സുഭിക്ഷമായതു ചിങ്ങമാസമായതുകൊണ്ടാണു മലയാളികൾ ചിങ്ങംമുതൽ വത്സരം കണക്കാക്കിവരുന്നത്.

തൃക്കാക്കര വാമനന്റെ പറപ്പുറപ്പാടു കഴിഞ്ഞു മടങ്ങിയെഴുന്നള്ളുന്നതു് അത്തം നാളിലാണെന്നും മററും ഇതിനുമുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. കൂടാതെ ഒമ്പതു ദിവസമാണ് ഉത്സവം അതികോലാഹലമായി നടന്നുവന്നിരുന്നത്. ആ ഉത്സവത്തിന്റെ അവസാന ദിവസമായ തിരുവോണം തൃക്കാക്കരക്ഷേത്രത്തിലെന്നപോലെ കേരളത്തിലെ ഓരോ കുടുംബത്തിലും വെച്ചു നടത്തിയിരുന്നതിന്റെ ചിഹ്നമാണ് ഇന്നു നാം കൊണ്ടാടാറുള്ള തിരുവോണമെന്നു ചില പഴമക്കാർ അഭിപ്രായപ്പെടുന്നുണ്ട്. ചിങ്ങമാസത്തിലെ തിരുവോണം എന്താണെന്നു ചോദിച്ചാൽ അതു കണ്ടറിയുക തന്നെ വേണം എന്നു മാത്രമേ പറഞ്ഞുകൂടൂ.

ഇല്ലങ്ങൾതോറുമലങ്കരിച്ചു
മുറ്റത്തടിച്ചു മെഴുകിത്തേച്ചു
നൽത്തറയിട്ടു കളമെഴുതി
ഉന്നമലരാർപുഷ്പങ്ങളും
അമ്പോടണിത്തറതന്നിൽ ചാർത്തി

പത്തുനാൾമുമ്പു തന്നത്തംതൊട്ട-
ങ്ങെത്രയും ഘോഷങ്ങളെങ്ങനെവർണ്ണ്യം.

'കാണം വിററും ഓണം ഉണ്ണണം' എന്നു പറഞ്ഞുവരാറുള്ളത് എത്രയും വാസ്തവമാണ്. കുടിൽ തൊട്ടു കൊട്ടാരംവരെ ഓണത്തിനു വട്ടം കൂട്ടുന്നതിലുള്ള ശുഷ്കാന്തി ബഹു കേമംതന്നെ.

ദൂരദിക്കുകളിലേയ്ക്കു പോയിരിക്കുന്നവർ പോലും വീട്ടിലെത്തുകയും ഓണത്തിനു വട്ടങ്ങൾ കൂട്ടുകയും ചെയ്യുന്നു. മാമാങ്ക കാലങ്ങളിലെന്നപോലെ പരദേശികളായ വ്യാപാരികൾ സഞ്ചി നിറയ്ക്കുവാൻ കൌതുകസാധനങ്ങളുംകൊണ്ടു പുറപ്പെട്ടുതുടങ്ങും. അവരെത്താതെ കേരളത്തിൽ ഒരു മൂലയുമുണ്ടാകയില്ല. ചീപ്പ്, കണ്ണാടി, സോപ്പ് മുതലായവ ഒരു വകക്കാർ; തോർത്തുമുണ്ടു, പാവുമുണ്ട് എന്നിവ മറെറാരു കൂട്ടർ; ശീലത്തരങ്ങൾ വേറെ സംഘക്കാർ, ഇങ്ങിനെ പല കൂട്ടക്കാരും വീടുകൾ തോറും കയറിയിറങ്ങി വില പറയുന്നതും പേശുന്നതും മററും അക്കാലത്ത് ഒരു രസംതന്നെയാണ്.

ഓണത്തിനു മുമ്പു നാലാം നാൾ ഓണം വരുവാനുള്ള മൂലമാണ്. സാമാനങ്ങളെല്ലാം അന്നേയ്ക്കൊരുങ്ങണം. അത്തം കഴിഞ്ഞു മുറിച്ചു പുകവെച്ചു കായകൾ പൊന്നുകൊണ്ടു വാർത്തിട്ടെന്നപോലെ മൂലത്തിന്നുനാളിൽ കലവറയെ അലങ്കരിക്കും. നേന്ത്രപ്പഴത്തെപ്പററി ഒരു രസികൻ ഇങ്ങിനെ പാടിയിട്ടുണ്ട്.

നേന്ത്രക്കാ പുക വെയ്ക്കണം പുനരതു
തമ്മാറു തൂക്കീടണം
ചന്തത്തിൽ ചില പുള്ളിവീണവതിലെ
ഞെട്ടൊപ്പം നറുക്കീടണം
ചെമ്മേ ചേമ്പിലകൊണ്ടടച്ചു നിരതം
വെവിച്ചു കൊണ്ടാരള്ളെ
അതിൽച്ചെൻ വരാതവണ്ണമുടനേ
നിൽത്തിപ്പുരത്തീടണം.

അതിന്നിടയ്ക്കു പെൺകിടാങ്ങൾക്കു മേടിപ്പിടിപ്പിയ്ക്കുവാനുള്ള വസ്ത്രാഭരണാദികൾ പോരാതെ അവർ മുഖം കറുപ്പിച്ചു പിറുപിറുക്കുവാനും വാശിപിടിക്കുവാനും തുടങ്ങും.

മുത്തശ്ശിമാരുടെ വാക്കു കേൾപ്പിൻ
തന്റെ കണവനോടൊന്നു ചൊന്നു
ചേലയെനിക്കൊന്നു വേണമെങ്കിൽ
മന്ത്രകോടിതന്നെ വേണമല്ലോ
കരയാലും നല്ല വിശേഷം വേണം.
ഇങ്ങിനെ കേട്ടപ്പോൾ മറെറാരുത്തി
തന്റെ കണവനോടൊന്നു ചൊന്നാൾ
നാണക്കേടൊന്നുമേ ബോധിക്കേണ്ട
നല്ലതരത്തിലൊരുക്കിക്കൊള്ളുവിൻ.
മാനമേറുന്നൊരു കന്യകയും
തന്റെ മാതാവിനോടു ചൊന്നാൾ
മാണിപ്പൂവയിനിക്കില്ലമ്മേ
നാണക്കേടായിട്ടുവന്നുകൂടി.
അച്ഛൻകാരണമെനിക്കു വേണ്ട
ഏട്ടന്റെ മകൾക്കണിഞ്ഞപോലെ
മാണംകഴിഞ്ഞതെനിക്കുവേണ്ട

ചിലർ താലി, തോട, കാതില, കമ്മൽ മുതലായവയെല്ലാം കൊടുത്തു തിളുതിളങ്ങുംവണ്ണം സൂക്ഷിച്ചു വെക്കുന്നു. പട്ടുറൌക്കകളും ജാക്കറ്റുകളും പുതിയതായി തുന്നിപ്പിക്കുന്നു. മട്ടി, ചന്ദനത്തിരി, അഷ്ടഗന്ധം മുതലായവ ധൂപിക്കുമ്പോൾ വരുന്ന സുഗന്ധത്തെക്കൊണ്ടു മാതൃകിശോരനും അങ്ങുമിങ്ങും ഉള്ളി നടക്കുന്നു.

പൂരാടത്തിന്നു മുമ്പ് 'ഇടിയും പൊടി'യും കഴിഞ്ഞു കലവറയും നിറഞ്ഞു, എല്ലാവരുടെ കണ്ണും തെളിഞ്ഞിരിക്കുമ്പോഴേക്കും, മരാശാരി അവണപ്പലക, മണ്ണാൻ മടിശ്ശീല, കല്ലാശാരി വെററില, കരിവാൻ കറിക്കത്തി, തട്ടാൻ ചെവിതോണ്ടി എന്നിങ്ങിനെ ഓരോ തരക്കാർ ഓരോ സാധനം 'കാണം വെക്കു'ന്നതിന് അവരവർക്കുള്ള അവകാശവും കൊടുത്ത് ഉത്രാടം ദിവസമായാൽ കാണം തന്നെയായി.

ഉത്രാടമുച്ചതിരിഞ്ഞനേരം
പള്ളിമുക്കുവനെത്തുന്നു

പൂത്തറിനല്ലകിളിപ്പടവും
നല്ലകരപ്പട്ടിനാടകളും
വെള്ളവെററിലയുംചെമ്പഴുക്ക
വെള്ളിവിളക്കുംകൊളുത്തിവെച്ചു
ചിപ്പപ്പങ്ങളുംപൂക്കളെല്ലാം
ഇത്തരമോരോമനോജ്ഞമിട്ടെന്നും
നൽത്തറനന്നായണിഞ്ഞുകൊണ്ട്,

എന്നുകൊണ്ടു 'തൃക്കാക്കരയപ്പനെ' ഉണക്കരി പൂക്കളെക്കൊണ്ട് അണിയിച്ച്, ആൺകുട്ടികൾ ആർപ്പുവിളിയും പെൺകുട്ടികൾ വായ്ക്കുരവയുംകൊണ്ടു ദിക്കുകൾ മാറ്റൊലികൊള്ളിക്കുന്നു. ഉത്രാടമസ്തമിച്ചാൽ മഹാബലി തന്റെ രാജ്യം സന്ദർശിക്കാനെഴുന്നള്ളുമ്പോൾ അദ്ദേഹത്തെ എതിരേല്ക്കുവാനാണ് ഈവിധം ആഘോഷിക്കുന്നതെന്നു ചിലർ അഭിപ്രായപ്പെടുന്നുണ്ട്. തൃക്കാക്കര അമ്പലത്തിലെ വലിയ വിളക്കും തിരുവോണം ദിവസമായ പിറന്നാളാണ്.

ഏതു വിദ്യ ശീലിച്ചവർക്കും അവരവരുടെ അഭിരുചിയനുസരിച്ചു വിനോദിക്കുവാനുള്ള ഒരു അവസരമാണ് ഓണം നാലു ദിവസം. പകിടകളി, ചതുരംഗക്കളി മുതലായവകൊണ്ടു ചിലർ ഉദയാസ്തമനങ്ങൾതന്നെ അറികയില്ല. മേലനങ്ങുവാൻവയ്യാത്ത രസികന്മാർ കൂട്ടർകൂടി ശീട്ടുകളിയിൽ മയങ്ങി ദിവസം കഴിക്കുന്നു. 'മുറിച്ചിട്ടാൽ തെറിക്കുന്നവരുടെ' പന്തുകളികളും, ചെറിയ ആൺകുട്ടികളുടെ ചാട്ടുകളിയും തലപ്പന്തും മററും കാണുകതന്നെ വേണം. ചിലർ കുമ്മാട്ടികെട്ടിക്കളിക്കുന്നു. വേറെ ചിലർ പൂതം*കെട്ടിക്കളിക്കുന്നു. തല്ലറിയുന്നവർ ഒന്നിച്ചുകൂടി രണ്ടു ചേരികളായിത്തിരിഞ്ഞുനിന്നു തല്ലുക പതിവുണ്ടായിരുന്നത് ഇപ്പോൾ ഏകദേശം ഇല്ലാതായിരിക്കുന്നുവെന്നുതന്നെ പറയാം. അതിന്റെ ഒരു വകഭേദമായി ഇപ്പോൾ കയ്യാങ്കളി ചിലേടങ്ങളിൽ കാണാനുണ്ട്. സ്ത്രീകളുടെ ആട്ടവും പാട്ടുകളും പന്തടികളും ഒരുപോലെതന്നെ. ഇപ്പറഞ്ഞതൊക്കെയും പഴയകാലങ്ങളിലെ സമ്പ്രദായങ്ങളായിരുന്നു. ഇക്കാലത്തു വെട്ടിവെളുപ്പിച്ച കാട്ടിലെ കറികളൊന്നുമല്ലാതെ ചില ദിക്കുകളിൽ മാത്രമേയു

ളും. പടിഞ്ഞാറൻ കാററു കേരളത്തിലും തട്ടിയതോടുകൂടി മി ക്കതും ശേഖിന്റെ ഗതിയിൽ പറന്നുപോയിക്കഴിഞ്ഞു. പാണ്ടി, പഞ്ചാരി, തായമ്പക മുതലായ മേളങ്ങൾ ചെണ്ടയിൽ കൊട്ടി വരുന്നതുപോലെ പണ്ടു വില്ലിൽ കൊട്ടാറുണ്ടായിരുന്നു. വേദാ ന്തകേസരിയായിരുന്ന ഉദ്ദണ്ഡശാസ്ത്രികൾ ഓണക്കാലത്തിവിടെ വന്ന പരദേശത്തുചെന്ന് ഇങ്ങിനെ പറകയുണ്ടായി.

> [illegible] ലോപാതാധിന്ത്യളതൈശ്ച
> സ്വസ്ഥാനാഃ പ്രതിവിലസന്തി ശ്രീധയന്ത്യർക്കകാമാഃ
> [illegible]
> [illegible] ശ്രവണകുതുകംവർത്തതേകേരളേഷു.

[കുട്ടികളെല്ലാം ആർത്തുവിളിച്ചു വില്ലുകൊട്ടുന്നു. സ്ത്രീകൾ ധ നം തേടിച്ചു ഭർത്താക്കന്മാരൊന്നിച്ചു വിഹരിക്കുന്നു. പുത്രന്മാർ ഭാര്യമാർക്കു ചിത്രവസ്ത്രങ്ങൾ കൊടുപ്പാനായി പണമന്വേഷിച്ചു നടന്നിരിക്കുന്നു. മലയാളത്തിലെ ഓണക്കാലം വളരെ ഗ്രാമ ബോധമുള്ളതാണ്.]

കൈലാസവാസിയുടെ ഭക്തനായിരുന്ന മഹാബലി ച ക്രവർത്തി തന്റെ രാജ്യത്തെയും പ്രജകളെയും സന്ദർശിപ്പാൻ വ രുന്ന ദിവസമാണ് ഓണമെന്നത്രെ ഐതിഹ്യത്തിന്റെ കാരണ വും പ്രസ്താവിക്കാം. ശുക്രാചാര്യരുടെ അനുഗ്രഹംകൊണ്ടു മഹാ ശക്തനായിത്തീർന്ന മഹാബലി അസുരപ്പടയോടുകൂടി സുരലോ കത്തു ചെന്നു സുരന്മാരോടെതിർത്തു. സുരവരൻ സമരത്തിൽ പരാജയം പ്രാപിച്ചു സ്വസ്ഥാനംവിട്ടു ദൂരെപ്പോയൊളിച്ചു. മഹാ ബലി ദേവലോകത്തിൽ കടന്നു ശുക്രാമാത്യാദിസമേതനായിട്ടു വാസവും തുടങ്ങി. അതുകൊണ്ടും അദ്ദേഹത്തിനു മതിയായില്ല. അശ്വമേധങ്ങൾകൊണ്ടു വിശ്വപതിയായ ലക്ഷ്മീപതിയെയും പ്രീതനാക്കേണമെന്നു വിചാരിച്ചു യാഗവുമാരംഭിച്ചു.

നഷ്ടദേവസ്വരൂപവും ദൈത്യാധിപത്യവും നോക്കുന്നേട ത്തെല്ലാം അമംഗലവും കണ്ടു ദേവമാതാവായ അദിതിദേവി ഭ ർത്താവായ കശ്യപപ്രജാപതിയെ വന്ദിച്ച് അതിനുള്ള നിവൃ ത്തിമാർഗ്ഗമുപദേശിക്കേണമെന്നു യാചിച്ചു. അദ്ദേഹം, പന്ത്രണ്ടു

ദിവസംകൊണ്ടു പക്ഷിവല്ലഭനെ പ്രത്യക്ഷനാക്കുവാൻ അദിതീദേവിക്കു "പയോന്നാമം" എന്ന മഹാവ്രതമുപദേശിച്ചു. കാശ്യപനാൽ ഉപദിഷ്ടമായ മാർഗ്ഗം അദിതീദേവി അതിഭക്തിയോടെ ആചരിച്ചു. കൃത്യമായി പന്ത്രണ്ടാം ദിവസം മഹാവിഷ്ണു പ്രത്യക്ഷനായിട്ട്, എന്തു വരമാണു വേണ്ടതെന്നു അദിതീദേവിയോടു ചോദിച്ചു. അങ്ങുന്നു തന്റെ തനയനായവതരിച്ച്, ദേവകളുടെ സങ്കടം തീർക്കണമെന്ന് അദിതീദേവി ആവശ്യപ്പെടുകയും, അവരുടെ അപേക്ഷ നിറവേറ്റുന്നതാണ് എന്നു ഭഗവാൻ പറഞ്ഞു മറയുകയും ചെയ്തു.

താമസമെന്നിയെ താർമകളാം മണവാളൻ അദിതിയുടെ ഗർഭസ്ഥനായി. അതു മനസ്സിലായപ്പോഴും ദേവന്മാരും മഹർഷിമാരും ഭഗവാനെ സ്തുതിച്ചുതുടങ്ങി. ദിക്കുകളൊക്കെ പ്രകാശിച്ചു. പുഷ്കരചക്രത്തിൽ അർക്കാദിഗ്രഹങ്ങൾ സ്വസ്ഥാനങ്ങളിലുറച്ചു. ഭൂമിയും പുളകാങ്കിതയായി. നിസർഗ്ഗസുന്ദരമായ പ്രകൃതിശ്രീയും വിലസിത്തുടങ്ങി. ദേവവാദ്യങ്ങൾ താനേ മുഴങ്ങിത്തുടങ്ങി.

നമസ്തേ നാരായണ! നമസ്തേ നരകാന്തക!
നമസ്തേ ശ്രീധര! ഭുവനൈകനാഥ!
നമസ്തേ ഹൃഷീകേശ! നമസ്തേ ഭക്തപ്രിയ!
നമസ്തേ സമസ്തേശ! നമസ്തേ നമോസ്തു തേ.

ഇങ്ങിനെ വിരിഞ്ചി മുഖ്യന്മാർ വാഴ്ത്തുന്നനേരം,
ചിങ്ങമാസത്തിൽ ശുക്ലപക്ഷദ്വാദശിയിലഹ
ശ്രവണനാളിലഭിജിൽകാലേ, ദിനേ —
ശോഭനാതേ, ദിനമദ്ധ്യേ പുരുഷോത്തമജന്മമേ,

അദിതിയുടെ ഗർഭസ്ഥനായിരുന്ന ജഗന്നാഥൻ ഭൂമിയിലവതരണം ചെയ്തു. വാമനരൂപിയായ ഭഗവാനെക്കണ്ട് അദിതികാശ്യപന്മാർ സ്തുതിച്ചുകൊണ്ടു നില്ക്കവേ, ഭഗവാൻ വിഷ്ണുവിഗ്രഹത്തെ മറച്ചു വടുരൂപിയായി വിളങ്ങി. കാശ്യപ പ്രജാപതി അപ്പോൾ ജാതകർമ്മവും ഉപനയനവും ഒരുമിച്ചുതന്നെ കഴിച്ചു. ബ്രഹ്മചാരിയായിനിന്ന ഭഗവാനു ചിഹ്നങ്ങളോരോന്നും ഓരോ ദേവന്മാർ കാഴ്ചവെച്ചു.

ബ്രഹ്മസൂത്രത്തെബൃഹസ്പതി,മേഖലതാതൻ
ബ്രഹ്മജാതിക്കുകൃഷ്ണാജിനമവനിയും
ദണ്ഡമബ്ജജൻ, മാച്ഛത്രമനകൌപീനമമ്മ
ദണ്ഡമെന്നിയെവനസ്പതികൾ, മരത്തുംമാതാ,
പുണ്ഡരീകജൻ കമണ്ഡലുവും,സരസ്വതി
പുണ്യമാലികാം, ഭിക്ഷാംബികാഭഗവതി.

പിന്നെയും അനവധി കാഴ്ചകൾ വാങ്ങിക്കൊണ്ടു ഭഗവാൻ ഭിക്ഷാടനം ചെയ്തുകൊണ്ട്, നർമ്മദാതീരത്തിൽ മഹാബലി വാജിമേധം ചെയ്യുന്ന ശാലയിലേക്കു കടന്നു ചെന്നു. തേജോനിലയനായ ബ്രഹ്മചാരിയിൽ, ഋത്വിക്കുകളുടെ കണ്ണുകൾ, വലിച്ചെടുത്താൽ കിട്ടാത്തവണ്ണം തറച്ചു. അവരത്ഭുതപരവശരായി ബ്രഹ്മചാരിയെ പ്രശംസിക്കുന്നതു കേട്ട മഹാബലി തന്റെ ഗുരുവിനോടുകൂടിച്ചെന്ന് അർഘ്യപാദ്യാദികളാൽ അദ്ദേഹത്തെ പൂജിച്ചു. കോമളനായ വടുവിനെ അത്ഭുതവും അളവററ ആനന്ദത്താൽ പുകഴ്ത്തി. അദ്ദേഹമെവിടെനിന്നു വരുന്നുവെന്നും, അദ്ദേഹത്തിന്റെ മാതാപിതാക്കന്മാരാരെന്നു ചോദിച്ചതിന്നു:—

“ഞാനൊരനാഥബാലകൻ വരുന്നതു വിശേഷാൽ
ദീനനായ്” മഹാത്മാക്കളുടെയാശ്രമത്തിലുള്ളവർ
താനെന്നപോലിരുന്ന സഹായികളെല്ലാരും തന്നെ
സാനന്ദം പാലിക്കയും സംരക്ഷിക്കുകയും ചെയ്യും
ചൊല്ലവരെല്ലാം എന്നതു പാലനം
ഓരോരോ നിമിത്തങ്ങൾകൊണ്ടോരോന്ന ചൊല്ലിക്കൊള്ളും;

ദാനവാന്വയത്തിൽ ഇതുവരെ ജനിച്ചവരിൽവെച്ചു ഏററവും യോഗ്യനും ധർമ്മിഷ്ഠനുമായ മഹാബലി, ദീനന്മാരുടെ അഭീഷ്ടമെല്ലാം മടിക്കൂടാതെ ദാനംചെയ്യുന്നവനെന്നു കേട്ടിട്ടു ഞാനിപ്പോളിവിടേക്കു പോന്നതുമാണ്." ഇങ്ങിനെ വടുവിന്റെ വാക്കുകൾകേട്ടിട്ടു, ഏതുതന്നെ കൊടുപ്പാനും സന്നദ്ധനാണെന്നു മഹാബലി പറഞ്ഞു. വടുവാകട്ടെ, അന്യന്മാരെക്കൊണ്ടു അല്ലലില്ലാതെ ഒരിടത്തിരുന്നു സ്വച്ഛന്ദമായി തപസ്സുചെയ്യാൻ മൂന്നടി മണ്ണു മാത്രമേ തനിക്കാവശ്യമുള്ളുവെന്നു പറഞ്ഞു. വടു ഒരു കാര്യംപോലും ആവശ്യപ്പെട്ടാൽ കൊടുപ്പാൻ തയ്യാറായിരുന്ന

മഹാബലി ഇതുകേട്ടപ്പോൾ വേണമെങ്കിൽ ഒരു രാജ്യംതന്നെ എടുത്തുകൊള്ളുവാൻ വടുവിനെ നിർബന്ധിച്ചു. മൂന്നടി ഭൂമിയൊഴികെ മറ്റൊന്നും വേണ്ടായെന്നു വടുവും ശഠിച്ചു പറഞ്ഞു, അതു സമ്മതമാണെങ്കിൽ ദാനം ചെയ്യുന്നതിന്റെ അടയാളമായി കയ്യിൽ വെള്ളമൊഴിച്ചുകൊടുക്കണമെന്നും ആവശ്യപ്പെട്ടു കഴിഞ്ഞിട്ടു. അങ്ങിനെയാവട്ടെ എന്നു പറഞ്ഞു മഹാബലി സമ്മതിച്ചു, വടുവിന്റെ കയ്യിൽ വെള്ളമൊഴിച്ചുകൊടുപ്പാൻ കിണ്ടിയെടുത്തപ്പൊൾ, ശുക്രമുനി വടുവിന്റെ,

കായാമ്പൂവിൻ മലർനിറമെഴുന്നതിർ മേനിയും മൃദു-
കുന്തളഭരമതിൽ ചേരുമണിമയ പൊന്മുടിയും
സാരസ്യമേറും നവചാരു ചന്ദ്രികളും
മന്ദസ്മിതമൊളിതൂകുന്ന മുഖാംബുജവും
ശ്രീവത്സമേലും മലർമങ്കതൻ വിലാസവും,

കണ്ടു പരമാത്മാവു തന്നെയാണിതെന്നറിഞ്ഞു മഹാബലിയെക്കൊണ്ടു തടിവിളിച്ചു് ദാനം ചെയ്യരുതെന്നും, അങ്ങിനെ ചെയ്യുന്നപക്ഷം ദുഷ്ഫലങ്ങളുണ്ടാകുമെന്നും വിഷ്ണുഭഗവാൻ മൂന്നടികൊണ്ടു മൂലോകങ്ങളും അളന്നെടുക്കുമെന്നും പറഞ്ഞു. വിഷ്ണുഭഗവാൻ തന്നെ യാചിക്കുന്നതായാൽ അതിലുള്ള സർവ്വ ഭാഗ്യങ്ങളെയും അനുഭവിക്കുവാൻ ഞാനൊരുക്കമാണെന്നു പറഞ്ഞു് ദാനജലമൊഴിച്ചുകൊടുപ്പാൻ മഹാബലി കിണ്ടിയെടുത്തു. അതിന്റെ ദ്വാരത്തിൽ ഒളിച്ചിരുന്നു ശുക്രമുനി വെള്ളം വീഴാതെ മഹാബലിയെ തടുത്തു. എങ്കിലും ജലമൊന്നും അതിന്റെ ദ്വാരത്തിൽനിന്നു പുറത്തായില്ല. അപ്പോൾ ശുക്രമുനി ഒരു കരടായി കിണ്ടിയുടെ ദ്വാരത്തിലടഞ്ഞിരുന്നു.

“അങ്ങേയ്ക്കു മൂന്നടി മണ്ണിതാ ഞാൻ തന്നിരിക്കുന്നു” എന്നു മഹാബലി സത്യവാക്യത്തോടുകൂടെ ചെയ്ത ദാനം ഒരു തുള്ളിപോലും വീഴാതെ കണ്ടു മഹാബലി കാര്യം മനസ്സിലാക്കി, ഒരു ദർഭകൊണ്ടുള്ള കുശ കിണ്ടിയിലിരുന്നിന്ന ശുക്രൻ്റെ കണ്ണിനു കുത്തി ഒരു കണ്ണു പൊട്ടി ഞ്ഞപ്പോൾ വെള്ളവും വീണു.

ദാനവാരിയും ഗ്രഹിച്ചടിമൂന്നളവിനാൽ
ദാനവാരിയും വളർന്നിടിനാനക്ഷണം
ദാനവാരിയെക്കണ്ടു ദാനവാരിപ്രൻ താനും
ദാനവാരിതം ഗ്രഹിച്ചീടിനാൻ കുതുകേന
ദാനവാനായ ഭൂതവാഹിനിതാൻ കേളാസ്വയാൽ
ദാനവാനായേനന്ന തന്നുള്ളിൽ ചൊന്നിതുടൻ.
ദാനവാരികൾ വാഴ്ത്താനമായ ലോകങ്ങൾ
ദാനവാരിയ്ക്കു മൂന്നു പദത്തിലു മൊന്നാൽ
ദാനവാരിയെ കൊണ്ടു ദാനവാരിയും തദാ
താനേ ഭാഗ്യകൃതകൃപിയായ് മാനത്തുടൻ,

ഒന്നാമത്തെ അടികൊണ്ടു ഭൂമിയും പാതാളവും, രണ്ടാമത്തെ അടികൊണ്ടു സ്വർഗ്ഗവും അളന്നെടുത്തു. മൂന്നാമത്തെ അടിക്കു സ്ഥലം കാണാതെ പാദം പൊക്കിനില്ക്കുമ്പോൾ, ധീമാനായ മഹാബലി ഭഗവാനെ നമസ്കരിച്ചു, മൂന്നാമത്തെ അടി തന്റെ ശിരസ്സിൽവെച്ചു സത്യം രക്ഷിക്കേണമെന്നപേക്ഷിച്ചതുകേട്ടു ഭഗവാൻ അപ്രകാരം ചെയ്യുകയും ചെയ്തു. അനന്തരം ഭഗവാൻ തന്റെ ഭക്തനായ മഹാബലിയെ പാതാളത്തിലൊരു സ്ഥലത്തിരുത്തി അവിടെ താമസിപ്പിച്ചു. അദ്ദേഹം വാണിരുന്ന രാജ്യം കൊല്ലത്തിലൊരിക്കൽ വന്നു സന്ദർശിച്ചുകൊള്ളുവാൻ ഭഗവാൻ അന്ന് അനുവാദം കൊടുത്തിട്ടുണ്ട്. അദ്ദേഹത്തിന്റെ വരവുദിവസമാണ് 'തിരുവോണം.'

മാനകം! ചെൽവുതാക! മാബലി മലയാളം
കാണുവാനെഴുന്നള്ളി വന്നിടും സുദിനമേ,
പുണ്യമായ നിത്യശ്രീ മൻവാണരുളുക സുഖം
പാതാളലോകങ്ങളും മനതയായ് സ്വർഗ്ഗത്തെക്കാൾ
കീർത്തിമത്സ്യാശംഭാനാ മനസാവടിതുകൺ
പാർത്തനുഗ്രഹിച്ചുന്നതോ ഇന്നാട്ടിനുമോണം.

---

4. ദീപാവലി.

കേരളത്തിൽ മാത്രമല്ല, ഭാരതഖണ്ഡത്തിന്റെ എല്ലാഭാഗത്തും കൊണ്ടാടാറുള്ള ഒരു വിശേഷദിവസമാണു ദീപാവലി.

മററചില ദിക്കുകളിലുള്ളതുപോലെ കേരളത്തിലതിന്നു പ്രാധാന്യമില്ലെന്നം പറയാവുന്നതാണ. തുലാമാസത്തിൽ കൃഷ്ണചതുൎദ്ദശി നാളാണ ദീപാവലി. ശ്രീകൃഷ്ണൻ നരകാസുരനെ വധിച്ചതു് ആ ദിവസമായതുകൊണ്ടാണ് അതിന്നു നരകചതുൎദ്ദശിയെന്നു പറഞ്ഞുവരുന്നതു. നരകാസുരവധം ഭാഗവതത്തിൽ വിസ്തരിച്ചുപറഞ്ഞിട്ടുണ്ടെങ്കിലും ഇവിടെ ഒന്നു ചുരുക്കിപ്പറയാം.

പ്രാഗ്ജ്യോതിഷമെന്ന രാജ്യത്തിൽ നരകാസുരൻ തന്റെ സ്നേഹിതനായ മുരനോടും ഭൃത്യന്മാരോടുംകൂടി വാണുകൊണ്ടിരിക്കവേ, ഭൂമിയിലുള്ള രാജാക്കന്മാരെ വ്യഥാ ഹിംസിച്ചു, അവരുടെ സുന്ദരികളായ കന്യകമാരെ, അവൻ അന്യായമായി പിടിച്ചുകൊണ്ടുപോയി കാരാഗാരത്തിലാക്കി. ഇങ്ങിനെ പലകാലം കഴിഞ്ഞു.

അന്നൊരുനാളൊരുദിനം ചെന്നിട്ടു സുരലോകം
വെന്നു ദേവേന്ദ്രനോടു ദേവകൾ തമ്മെപ്പിന്നെ
വാനവർ കോൎത്തമാതൃകുണ്ഡലം തട്ടിപ്പറി-
ച്ചിന്ദ്രച്ഛത്രവും കൊണ്ടു പോന്നിതു നരകനും

അതിനാൽ ദേവേന്ദ്രൻ ദ്വാരകാപുരിയിൽചെന്നു ശ്രീകൃഷ്ണനോടു സങ്കടമുണൎത്തിച്ചു. ഭഗവാൻ സത്യഭാമയോടുകൂടി ഗരുഡാരൂഢനായിച്ചെന്നു മുരാസുരനേയും നരകാസുരനേയും കൊന്നു ഭഗദത്തനെ പ്രാഗ്ജ്യോതിഷത്തിലെ രാജാവാക്കിയശേഷം, കാരാഗൃഹത്തിൽ കിടന്നിരുന്ന രാജകന്യകമാരെ വിടുവിച്ചു ദ്വാരകയിലേക്കു തിരിച്ചു. അനന്തരം ദേവലോകത്തിൽചെന്നു അദിതിയുടെ കുണ്ഡലവും ദേവേന്ദ്രന്റെ ഛത്രവും കൊടുത്തു തിരികെ ദ്വാരകയിൽചെന്നു,

മുന്നമേ ഗ്രഹിച്ചൊരു രാജകന്യകമാരെ
നന്ദജൻകൃഷ്ണനോരോ നാരിമാൎക്കോരോരൂപം
ധരിച്ചുവേട്ടിതിനാൻ ഷോഡശസഹസ്രം
ഒന്നായ്മിച്ചാരിന്നമേകമുഹൂൎത്തത്താൽ.

നരകാസുരനെ വധിച്ചു ഭഗവാൻ മടങ്ങിയതു പ്രഭാതത്തിലായിരുന്നു. ഉടനെ സ്നാനാദികൾ കഴിച്ചു ശരീരശുദ്ധിവരുത്തി

ഭഗവാനും പതിനാറായിരം കന്യകമാരും വിമുക്തന്മാരായ രാജാക്കന്മാരും ഒരു മഹോത്സവം കഴിച്ചുകൂട്ടിയെന്നാണല്ലോ. ഇന്നും കൊണ്ടാടിവരുന്ന ദീപാവലി അതിന്റെ അനുകരണമാണ്. ദീപാവലി നാൾ പ്രഭാതത്തിൽ ചുടുവെള്ളത്തിൽ കുളിച്ചു പലവിധം പലഹാരങ്ങൾ ഉണ്ടാക്കുകയും പടക്കം മുതലായവ പൊട്ടിക്കുകയും കത്തിക്കുകയും മറ്റും ഘോഷങ്ങൾ ചെയ്യുന്നുണ്ട്. പ്രഭാതത്തിൽ കുളിക്കേണ്ടതിനാലുകൊണ്ട് ഭഗവാൻ ചുടുവെള്ളത്തിൽ കുളിച്ചതുകൊണ്ടത്രെ മുന്നൊരിക്കൽ ചെയ്തുവരുന്ന അഭ്യംഗസ്നാനത്തിനു ചുടുവെള്ളമുപയോഗിക്കുന്നത്. എന്നാൽ ഭഗവാന്റെ കൃഷ്ണലീലാപ്രകാരമായിരുന്നതുകൊണ്ടു ദീപാവലി ദിവസം പുണ്യതീർത്ഥങ്ങളിൽ സ്നാനംചെയ്തു [illegible]ങ്ങളിലും ചിലർ പോകാറുണ്ട്.

ദീപാവലി ഐശ്വര്യദായകമായ പ്രഭാതം. ബോംബെ മുതലായ സ്ഥലങ്ങളിൽ ബനിയന്മാരെന്ന ജാതിക്കാരാണ് ഇതധികം ആഘോഷിക്കുന്നത്. ശ്രീകൃഷ്ണഭഗവാന്റെ സഖാക്കളായിരുന്ന ഗോപന്മാരുടെ സന്തതിപരമ്പരയാണ് ഇപ്പോൾ കണ്ടുവരുന്ന ബനിയന്മാരെന്നാണ് പറഞ്ഞുവരുന്നത്. ഹിന്ദുക്കൾക്കു ഗോക്കളോടു വളരെ സ്നേഹമുണ്ടല്ലോ. അതിനാലാണെങ്കിലും ബനിയന്മാർ അവയെ ദേവികളെപ്പോലെയാണ് കരുതുന്നത്. മലയാളികൾക്ക് ഓണത്തിലെന്നപോലെ ബനിയന്മാർക്ക് 'ദീപാവലി' എന്നത് അവർ പുതിയ വർഷാരംഭ ദിവസമാണ്. വീടുകളിലെല്ലാടവും വിളക്കുകൾ കൊളുത്തിവെയ്ക്കുകയും ചെയ്യും. ബാലന്മാർ തുടങ്ങി വൃദ്ധന്മാർവരെ സന്തോഷത്തോടുകൂടി കളികളും പാട്ടും നൃത്തവുംകൊണ്ടു കഴിച്ചുകൂട്ടും. പ്രഭാതത്തിൽ ചില്ലറയായി കരിമരുന്നു പ്രയോഗവുമുണ്ടാകാറുണ്ട്. ദ്രവ്യലക്ഷ്മി മറ്റും കോടിവസ്ത്രങ്ങൾ മുതലായവ വാങ്ങുന്നതിലാണല്ലോ, അന്നാണ് അവർ ലോകമില്ലാതെ കൊടുക്കുന്നത്.

ദീപാവലി എന്ന പേരുണ്ടായതിന്റെ അർത്ഥമാലോചിച്ചുനോക്കിയാൽ ദീപങ്ങളെക്കൊണ്ടുള്ള ആവലി എന്നാണെന്നും ചിലർ വാ

ഭിക്കാറുണ്ട്. വെറും 'ദീപങ്ങളുടെ കൂട്ടം' എന്ന അവരുടെ അഭിപ്രായമെടുത്താലും അവരുടെ വാദം നിരർത്ഥകമാണെന്നു നമുക്കു തെളിയിക്കാം. കുറേ വിളക്കുകൾ തെളിയിക്കുവാൻ മാത്രം ഒരു ദിവസം നിശ്ചയിക്കുകയെന്നതിൽ യാതൊരടിസ്ഥാനവും നാം കാണുന്നില്ല. അതിനാൽ നമുക്കുമൊന്നു പരിശോധിക്കാം.

നരകചതുർദ്ദശി കൃഷ്ണപക്ഷത്തിലാണ്. ഭഗവാൻ നരകാസുരനെ സംഹരിച്ചതു് അർദ്ധരാത്രിക്കു ശേഷമാണ്. ആ സമയത്താകട്ടെ, ദേവന്മാർ പുഷ്പവൃഷ്ടിചെയ്തു പെരുമ്പറയടിക്കുകയും ദേവനാരീഗണങ്ങൾ ആടിപ്പാടി നൃത്തംവെയ്ക്കുകയുംചെയ്തു. ഋഷിപുംഗവന്മാർ സ്തോത്രങ്ങളാൽ ഭഗവാനെ സ്തുതിച്ചു. ഇപ്രകാരം സ്തുത്യനായ ഭഗവാൻ ആപാദം ശോണിതമണിഞ്ഞു വിജയലക്ഷ്മിയെ വരിച്ചുകൊണ്ടു പതിനാറായിരം കന്യകകളോടുകൂടി ദ്വാരകാപുരിയിലെഴുന്നള്ളുമ്പോൾ ദ്വാരകാവാസികൾ ആനന്ദത്തോടും അഭിമാനത്തോടും ദീപാവലിയോടുകൂടെ ചെന്നു ദൂരെനിന്നുതന്നെ ഭഗവാനേയും കന്യകകളേയും എതിരേറ്റ് ആർപ്പുവിളിച്ചുംകൊണ്ടു ദ്വാരകയിലേക്കാനയിച്ചു സൽക്കരിച്ചതിന്റെ ഫലമാണു ദീപാവലിയെന്ന നാമകരണം ചെയ്തതു. കൃഷ്ണപക്ഷമായിരുന്നതിനാൽ ആ സമയത്തു കന്യകകൾക്കു ദീപങ്ങളുടെ സഹായം അത്യന്താപേക്ഷിതവുമായിരുന്നു.

ചില ദിക്കുകളിൽ ദീപാവലിനാൾ കാളിയേയും ലക്ഷ്മിയേയുമാണു പൂജിക്കുന്നതു്. കാളി പൂജയ്ക്കു പ്രാധാന്യം ബംഗാൾരാജ്യമാണ്. ലക്ഷ്മിയെന്നാൽ 'സമ്പത്തു്' എന്നു നാം വ്യവഹരിക്കാറുണ്ടല്ലോ. നാം കർക്കടകമാസത്തിൽ ശ്രീഭഗവതിയെ പൂജിക്കുന്നതുപോലെ ഉത്തരേന്ത്യക്കാർ നരകചതുർദ്ദശിനാൾ പൂജിക്കുന്നു. നാം വിദ്യാരംഭകാലമെന്നു പറഞ്ഞു നടത്തിവരുന്ന നവരാത്രിപൂജനാൾ എഴുതുകയോ വായിക്കുകയോ ചെയ്യാതെ സരസ്വതീദേവിയെ ധ്യാനിച്ചു വരുന്നതുപോലെ ദീപാവലിയുടെ രണ്ടുദിവസം മുമ്പുതന്നെ ഉത്തരഭാരതീയർ കച്ചവടം മുതലാ

യ എല്ലാത്തൊഴിലുകളും നിവൎത്തിവെച്ചു, പണമിടപെട്ട സകല കണക്കുപുസ്തകങ്ങളും ആ മൂന്നു ദിവസങ്ങളിലും അവർ പൂജ കഴിച്ചുവരുന്നു. അവരപ്രകാരം ചെയ്യുന്നതു സമ്പൽസമൃദ്ധിക്കാണെന്നു പറയേണ്ടതില്ലല്ലോ.

നരകചതുൎദ്ദശിനാൾ ദീപങ്ങൾ നിരക്കെക്കൊളുത്തി വെക്കാതിരുന്നാൽ നരകം (അതികഠിനമായ ക്ലേശം) അനുഭവിക്കുവാനിടയാകുമെന്നാണ വൃദ്ധന്മാർ പറയുന്നതു്. നരകചതുൎദ്ദശിനാൾ ദീപാവലികൊണ്ടു തിളങ്ങുന്ന ഭവനങ്ങൾതോറും ലക്ഷ്മീഭഗവതി ചെന്നു് അതിലെ നിവാസികളെ അനുഗ്രഹിക്കുകയും ദീപങ്ങളില്ലാത്ത ഗൃഹങ്ങളിലുള്ളവരെ ശപിക്കുകയും ചെയ്യുന്നു. കുറേകാലങ്ങൾക്കു മുമ്പു് ഏതോ കാരണവശാൽ ഒരു പട്ടണത്തിൽ ദീപാവലിദിവസം രാത്രി വിളക്കുകൾ കത്തിച്ചു വെയ്ക്കുവാൻ സാധിക്കാഞ്ഞതിനാൽ പിറ്റത്തെ ദീപാവലി വരുന്നതിനു മുമ്പിൽ ആ പട്ടണത്തിൽ പലവിധരോഗങ്ങളും ബാധിക്കുകയും നഗരവാസികൾ ഒട്ടുമിക്കവരും നശിക്കുകയും ചെയ്തിട്ടുണ്ടു്.

വിളക്കിന്റെ സഹായമുണ്ടെങ്കിൽ മാത്രമേ നമുക്കു രാത്രി വസ്തുക്കളെ തിരിച്ചറിയുവാനും അവയെടുത്തു നമുക്കു പെരുമാറുവാനും സാധിക്കയുള്ളൂ, എന്നു മാത്രമല്ല നമുക്കു പ്രവൃത്തിയെന്തെങ്കിലും ചെയ്യുവാനും വിളക്കുകൂടിയേ കഴിയൂ. അതുകൊണ്ടു വിളക്കിന്റെ സഹായംകൊണ്ടു വസ്തുബോധമാണ നമുക്കു സിദ്ധിക്കുന്നതു്. വേറൊവിധം പറയുന്നതായാൽ വിളക്കു ജ്ഞാനത്തിന്റെ നിലയിലാണ സ്ഥിതിചെയ്യുന്നതു്. ജ്ഞാനമുണ്ടെങ്കിൽ നാം അധൎമ്മം വൎജ്ജിക്കുകയും ധൎമ്മമാചരിക്കുകയും ചെയ്യുന്നു. ലോകത്തിൽ നശിക്കാത്തതായിട്ടുള്ളതുണ്ടെങ്കിൽ അതു ധൎമ്മമാകുന്നു. അതുപോലെ വിളക്കില്ലാതിരിക്കുന്ന അവസ്ഥയിലാണ അന്ധകാരംകൊണ്ടുള്ള ഉപദ്രവമുണ്ടാകുന്നതു, അഥവാ അജ്ഞാനം മനുഷ്യരെ ബാധിച്ചു ജീവിതം നിഷ്പ്രയോജനമാക്കിത്തീൎക്കുന്നതു. അജ്ഞാനത്തിന്റെ ഫലം അധൎമ്മമാണെന്നതിനു വാദമുണ്ടോ? അധൎമ്മംകൊണ്ടു നാശവും ഫലം. ധൎമ്മം ചെ

ച്ചുന്നവൎക്കു് ഉൽക്കൎഷവും അധൎമ്മം ചെയ്യുന്നവൎക്കു് അപകൎഷവും സംഭവിക്കുന്നതു നമ്മുടെ ദൃഷ്ടികൾകൊണ്ടുതന്നെ നാം കാണുന്നതല്ലേ. അതിനാൽ മുൻപറഞ്ഞ പട്ടണത്തിലുള്ളവർ നാശത്തെ പ്രാപിച്ചുവെന്നു പറഞ്ഞാൽ, അവൎക്കു വിധിച്ചിട്ടുള്ള ധൎമ്മം അവർ കൃത്യസമയത്തു് അനുഷ്ഠിക്കാതെ അലസന്മാരായി കാലം കഴിച്ചതുകൊണ്ടു് അതിന്റെ ഫലമായ ദുൎഭാഗ്യം അവർ അനുഭവിക്കതന്നെ ചെയ്യുമെന്നാകുന്നു.

ഉത്തരേന്ത്യയിൽ വീടുകളിൽ അവധിയില്ലാതെ വിളക്കുകൾ വെയ്ക്കുന്നതിന്നു പുറമെ ആ തിഥിയെ ആദരിക്കുംവിധം പതിന്നാലു വിളക്കുകൾ ഒരു കൂട്ടമായി വീട്ടിന്റെ അകത്തും പുറത്തും നടുവെ വെയ്ക്കുകയും ആ ദിവസം പതിന്നാലു ഇലകൾകൊണ്ടു് ഒരു ഇലക്കറിയും വിശേഷാൽ ഉണ്ടാക്കുകയും ചെയ്യുന്നു.

5. മകരസംക്രാന്തി.

ജ്യോതിശ്ശാസ്ത്രപ്രകാരം പറയുന്ന മേടം തുടങ്ങിയ പന്ത്രണ്ടു രാശികളിൽ സൂൎയ്യൻ ഓരോ രാശിയിലും ഓരോ മാസകാലം സ്ഥിതിചെയ്തു് ആ മാസാവസാനത്തിൽ അടുത്ത രാശിയിലേക്കു സംക്രമിക്കുന്നുണ്ടു്. സൂൎയ്യൻ അങ്ങിനെ സംക്രമിക്കുന്നതിന്നാണു നാം സംക്രാന്തിയെന്നു പറയുന്നതു്. അതിനാൽ ഒരു വൎഷത്തിൽ ആകെ പന്ത്രണ്ടു സംക്രാന്തികളുമുണ്ടു്. എല്ലാ സംക്രാന്തികളും ഒരുപോലെ പ്രാധാന്യമുള്ളവയാണെങ്കിലും മകരസംക്രാന്തി, വിഷുസംക്രാന്തി, കൎക്കിടകസംക്രാന്തി എന്നിങ്ങനെ ചില സംക്രാന്തികൾ നമുക്കു കൂറെ വിശേഷമുള്ളവയായിട്ടാണു നാം കരുതിവരുന്നതു്.

സൂൎയ്യന്റെ ഗതി അംബരമദ്ധ്യത്തിൽകൂടെയാണ് എന്നു നാം മൊത്തമായിട്ടു പറയാറുണ്ടെങ്കിലും വാസ്തവം നോക്കിയാൽ അങ്ങിനെയല്ല. സൂൎയ്യൻ ആറുമാസം ഉത്തരഭാഗത്തേക്കു ചരിഞ്ഞും പിന്നെ ആറുമാസം ദക്ഷിണഭാഗത്തേക്കു ചെരിഞ്ഞുമാണു ചരിക്കുന്നതു്. ഉത്തരഭാഗത്തേക്കു തിരിഞ്ഞുള്ള ഗതിക്കു്

ഉത്തരായനമെന്നും ദക്ഷിണമാൎഗ്ഗത്തൂടെ തിരിഞ്ഞുള്ള ഗതിയെ ദക്ഷിണായനമെന്നും പറയുന്നു. അതിൽ ഉത്തരായനത്തിലേക്കു കടക്കുമ്പോഴാണു മകരസംക്രാന്തി. അതിനാൽ മകരസംക്രാന്തിനാൾ നാം കൂട്ടമായി പലകൎമ്മങ്ങളും നടത്തുകയും ചെയ്യുന്നു.

ഉത്തരായനാരംഭകാലമായ മകരസംക്രാന്തി പുണ്യകാലമായതുകൊണ്ടു ഹിന്ദുക്കൾ പൂൎവ്വകാലം തുടങ്ങിത്തന്നെ അന്നാൾ ഗംഗാനദിയിൽ ചെന്നു സ്നാനം ചെയ്യുകയും വ്രതാദികൾ അനുഷ്ഠിക്കുകയും ചെയ്തിരുന്നു. മകരസംക്രാന്തിനാൾ പ്രയാഗയിലും, ഗ്രഹണംനാൾ കാശിയിലും, ശ്രീരാമനവമിനാൾ അയോധ്യയിലും സ്നാനം ചെയ്യുന്നതുപോലെ പുണ്യമായിട്ടു മറ്റൊരു കൎമ്മവുമില്ലെന്നു പുരാണങ്ങളിലും കാണുന്നുണ്ട്. ഗ്രഹണം സംക്രമം മുതലായ പുണ്യകാലങ്ങളിൽ നാം ചെയ്യുന്ന കൎമ്മങ്ങൾ സ്വാൎത്ഥത്തെ അപേക്ഷിച്ചല്ലാത്തതുകൊണ്ടാണ് ആ കൎമ്മങ്ങൾ ശ്രേഷ്ഠങ്ങളാണെന്നു പറയുന്നത്. അതിനാൽ നിഷ്കാമകൎമ്മങ്ങളാണ് അനുഷ്ഠേയങ്ങളെന്നു തീൎച്ചയാണല്ലോ.

മകരം ഒരു ശൂന്യമാസമായതുകൊണ്ടു വിവാഹം തുടങ്ങിയ ശുഭകൎമ്മങ്ങളൊന്നും നമ്മുടെ പൂൎവ്വന്മാർ ആ മാസത്തിൽ ചെയ്തിരുന്നില്ല. സ്ഥലം മാറിത്താമസിക്കുകയോ ദീൎഘയാത്ര ചെയ്യുകയോ പാടില്ലെന്നും നിയമമുണ്ട്. കുംഭമാസവും ശുഭമാസമായി നാം പരിഗണിച്ചിട്ടില്ല. എങ്കിലും ആസ്ത്രാലിയാവാസികൾക്കു, കേരളീയൎക്കു കൎക്കടകമാസം കഴിഞ്ഞുവരുന്ന ചിങ്ങമാസംപോലെയാണു, മകരം കഴിഞ്ഞുവരുന്ന കുംഭമാസം. ആ മാസത്തിലാണ് അവർ വിഷൂത്സവങ്ങളും മററും നടത്തിവരുന്നത്. ധനികന്മാർ ചതുൎവ്വിധപദാൎത്ഥങ്ങളോടുകൂടിയ സദ്യകൾ കഴിക്കുന്നതിനു പുറമേ ദരിദ്രന്മാൎക്കു മൃഷ്ടമായി അന്നമിട്ടുകൊടുക്കുകയും ചെയ്യുന്നു.

മകരസംക്രാന്തിനാൾ പ്രയാഗയിൽ സ്നാനം ചെയ്യുന്ന കോടിജന്മങ്ങൾകൊണ്ടാൎജ്ജിച്ച പാപങ്ങൾപോലും നശിച്ചു വി

ശുദ്ധനായിത്തീരുമെന്നാണ് ഇതിഹാസങ്ങളിൽ കാണുന്നതു്. ആകപ്പാടെ നോക്കിയാൽ മകരമാസം ലേശം സുഖമുള്ള ഒരു കാലമല്ല. സസ്യാദികൾക്കെല്ലാം ക്ഷീണമുണ്ടാകുന്ന കാലമാണു മകരമാസം. അതികഠിനമായി പകൽ ചൂടും അതിനു വിപരീതമായി കഠിനമായ ശൈത്യം രാത്രിയിലുമുണ്ടാകുന്നു. അക്കാലത്താണു വ്യാധികൾക്കു് ആരംഭമുണ്ടാകുന്നതു്. അതിനാൽ ആരോഗ്യ സംരക്ഷണത്തിൽ നാം ശുഭകർമ്മങ്ങളിൽ നിഷ്ഠയുള്ളവരായിരിക്കേണ്ടതാണ്. മറ്റു സ്ഥലങ്ങളിലുള്ളതു പോലെ പുണ്യനദികളും വിധിവാക്യം ശിരസാവഹിച്ചു മകരസംക്രാന്തിനാൾ പ്രയാഗത്തിൽ സ്നാനം ചെയ്യുന്നതു വളരെ ശ്രേഷ്ഠമാണെന്നാണു പ്രയാഗമാഹാത്മ്യം ഉദ്ഘോഷിക്കുന്നതു്. മകരസംക്രാന്തിനാൾ ത്രിവേണീസംഗമത്തിലും ഗംഗയിലിട്ടു പ്രയാഗയിൽ സ്നാനം ചെയ്യുന്നവൻ പതിനായിരം പൂർവ്വജന്മങ്ങളിൽനിന്നു ... പാപത്തിൽനിന്നു മുക്തനായിത്തീരുമെന്നു ... ന്യമല്ലതാനും.

മകരസംക്രാന്തിനാൾ പ്രയാഗത്തിൽ വളരെ ആഘോഷത്തോടെ ഉത്സവം നടത്തിവരുന്നുണ്ട്. ലക്ഷക്കണക്കിനു ആളുകൾ ഈ പരിശുദ്ധകാലത്തും അവിടെ കൂടാറുണ്ട്. എന്നാൽ അവിടെ നടക്കുന്ന ഉത്സവം കണ്ടു കളിച്ചു ചിരിച്ചു രസിക്കുന്നതിനു ... കൊണ്ടിരിക്കുന്നതുകൂടാതെ പ്രയാഗയുടെ പരിശുദ്ധിയെപ്പറ്റി ഒരുത്തനെങ്കിലും ആലോചിക്കുന്നില്ല എന്ന കാര്യം വളരെ സങ്കടകരമായതിലാണ്. എത്രയോ ദൂരദിക്കുകളിൽനിന്നും പുറപ്പെട്ടു് അനാവശ്യമായി പണവും ചിലവിട്ടു നടന്നെത്തുന്ന പ്രയാഗയിൽ മകരസംക്രാന്തിനാൾ ചെന്നു ചേരുന്നതു കേവലം രസിക്കുവാൻ മാത്രമാണോ. എന്നാൽ ചിലർ ബോധിക്കുമാറുണ്ട് ... സൽകർമ്മം ചെയ്യുന്നതിനാണ് അവിടെയെത്തുന്നത്. പ്രയാഗസ്നാനം അവരുടെ പാപങ്ങളെ നിർമ്മൂലംചെയ്യുമെന്ന് അവർ വിശ്വസിക്കുകയും ചെയ്യും. എങ്കിലും അവിടെ ചെന്നുകഴിഞ്ഞാൽ അവിടത്തെ കോലാഹ

പങ്ങൾകൊണ്ടു പ്രയാഗയുടെ ദിവ്യത്വം ജനങ്ങൾ തീരെ അപഹ സിക്കുന്നു. അഥവാ അവിശ്വാസം അവരുടെ അന്തരംഗത്തിൽ മായ കടന്നുകൂടുന്നു. അതിനാൽ ദൈവാധിശാപവും അവരിൽ നാശകരമായി ഭവിക്കുന്നു. ഇതിനെ അധികരിച്ചു പുരാണപ്രസിദ്ധമായ ഒരു കഥ പറയാം.

ഒരു മകരസംക്രാന്തിനാൾ പ്രയാഗയിൽ ഉത്സവം നടന്നുകൊണ്ടിരിക്കുമ്പോൾ ലോകപിതാക്കളായ പാർവ്വതീപരമേശ്വരന്മാർ ആകാശമാർഗ്ഗത്തിൽക്കൂടെ പോകയായിരുന്നു. പ്രയാഗയുടെ ഉപരിഭാഗത്തെത്തിയപ്പോൾ ഭഗവതി ഭഗവാനോടിങ്ങനെ പറഞ്ഞു:

"ഭഗവാനേ! കീഴ്പ്പോട്ടു നോക്കൂ! എത്ര ലക്ഷം ജനങ്ങളാണു പ്രയാഗയിൽ സ്നാനം ചെയ്യാൻ കൂടിയിരിക്കുന്നതു്. ഇവരി ഗംഗയിലിറങ്ങി ഒരു മുങ്ങുമുങ്ങിയവരെല്ലാം മുക്തിക്കർഹന്മാരാകുമല്ലോ. ഈ ഉത്സവം വർഷംപ്രതി നടക്കുന്നതുകൊണ്ടു് ഏതാനും ശതാബ്ദങ്ങൾ കഴിഞ്ഞാൽ ഭൂമിയിൽ ജനങ്ങളില്ലാതായിരിക്കില്ലേ?"

ഭഗവാൻ— "ഇതിലിറങ്ങി മുങ്ങുന്ന ഈ ജനങ്ങളെല്ലാം മുക്തി നേടിയിരുന്നുവെങ്കിൽ അപ്രകാരം സംഭവിക്കുമായിരുന്നു! എന്തു്! അതു് അസംഭവ്യമാണ്".

ദേവി— "എന്തു്? ഗംഗയുടെ പവിത്രതയെക്കുറിച്ചു വേദങ്ങളിൽ പോലും ഉദ്ഘോഷിച്ചിരിക്കുന്നു. വേദങ്ങൾ തന്നെ സത്യാബദ്ധമെന്നാണോ അവിടുന്നരുളിച്ചെയ്യുന്നതു്?"

ഭഗവാൻ— "അങ്ങനെയല്ല ഞാൻ പറഞ്ഞില്ലല്ലോ."

ദേവി— "പിന്നെന്താണവിടുന്നരുളിച്ചെയ്തതിന്റെ അർത്ഥം?"

ഭഗവാൻ— "അതു ഞാൻ ദേവിക്കിപ്പോളനുഭവമാക്കി തരാം. അതിനു നമുക്കു വേഷമൊന്നു മാറണം. ഞാനൊരു കൃശദേഹം എണ്പതുവയസ്സുള്ള ഒരു വൃദ്ധനാവാം. ദേവി, കഷ്ടിച്ചു പതിനാറുവയസ്സു കടന്ന ഒരു തരുണീമണിയായിരിക്കുകവേണം. ഞാൻ ദേവിയുടെ ഭർത്താവുമാണെന്നു. ദേവി എന്റെ കയ്യുംപിടിച്ചു പതുക്കെ ഗംഗാതീരത്തേക്കു ചെല്ലുമ്പോൾ ഞാൻ വിറച്ചുവിറച്ചു താഴെവീണു മരിച്ചുപോകും. അപ്പോൾ ദേവി മാറ

അടിച്ചു നിലവിളിച്ചുകൊണ്ടു് എൻെറ തലയെടുത്തു മടിയിൽ വെച്ചിരുന്നുകൊള്ളു. ആ സമയം ദേവിയുടെ സൌന്ദൎയ്യം കണ്ടു ഭ്രമിച്ചു വളരെപേർ ഓടിയെത്തും. ദേവി എന്തുതന്നെ ആജ്ഞാപിച്ചാലും അവർ ചെയ്യുവാനൊരുക്കവുമായിരിക്കും. അപ്പോൾ അവരോടു്,

"നിങ്ങളാരും ഇങ്ങോട്ടടുക്കരുതു്. നിങ്ങൾ പതിവ്രതന്മാരാണെന്നു് എൻെറ മുമ്പിൽ സത്യംചെയ്താൽ മാത്രമേ ഇങ്ങോട്ടടുക്കുവാനും എൻെറ ഭർത്താവിൻെറ മൃതശരീരം തൊടുവാനും പാടുള്ളു." എന്നു പറയുക. എൻെറ വാക്കിൻെറ അൎത്ഥം അപ്പോൾ ദേവിക്കറിയാറാകും."

ഭഗവാനും ഭഗവതിയും വേഷംമാറി പ്രയാഗത്തിലിറങ്ങി. സൂൎയ്യനപ്പോഴും തീക്ഷ്ണകരനായിട്ടില്ല. ആ പതിനാറത്തം വടിയുംകുത്തി നടക്കുന്ന വൃദ്ധവിപ്രൻെറ പാണിയും ഗ്രഹിച്ചുകൊണ്ടു മന്ദമന്ദം നടന്നു ഗംഗാതീരത്തോടടുത്തപ്പോഴേയ്ക്കും ആ വൃദ്ധൻ മറിഞ്ഞുവീണു കൈകാലുകൾ പിടച്ചു ചരമഗതി പ്രാപിച്ചു. നിസ്സഹായിനിയായിത്തീൎന്ന ആ അബലബാലിക ദുഃഖാൎത്തയായി നിലവിളിച്ചു മാറത്തടിക്കുവാനും തുടങ്ങി. അല്പംകഴിഞ്ഞു് ആ വൃദ്ധൻെറ ശിരസ്സെടുത്തു മടിയിൽ വെച്ചു പലതും ചൊല്ലി വിലപിച്ചു. ആ പതിവ്രതയുടെ അനാഥസ്ഥിതികണ്ടും അവളുടെ സൌന്ദൎയ്യത്താൽ വിമോഹിതന്മാരായും ഇതുതന്നെ അവസരമെന്നു്, ദേവിക്കു് എന്തുസഹായവും വേണമെങ്കിൽ ചെയ്തുകൊടുപ്പാൻ ഒരുക്കമാണെന്നു പറഞ്ഞു. അത്രമാത്രമല്ല ചിലർ ആ വൃദ്ധൻെറ ശവസംസ്കാരത്തിന്നു വേണ്ടുന്ന ശ്രമങ്ങളും ചെയ്തുതുടങ്ങി. അപ്പോൾ ആ സ്ത്രീ അവരോടിപ്രകാരം പറഞ്ഞു.

"അരുതരുതു്. ഇങ്ങോട്ടാരും അടുക്കരുതു്. നിങ്ങൾക്കാൎക്കെങ്കിലും പാപമില്ലെന്നു് എൻെറ മുമ്പിൽ സത്യംചെയ്താൽമാത്രമേ ഇങ്ങോട്ടടുക്കുവാനും എൻെറ ഭർത്താവിൻെറ മൃതശരീരം തൊടുവാനും പാടുള്ളു."

ഇതു കേട്ടപ്പോൾ, മുമ്പോട്ടു തള്ളിക്കയറി വന്നവർ

പിന്നാക്കം മാറിഞ്ഞു. അവർ കിംകർത്തവ്യതാ വിമൂഢന്മാരായിച്ചമഞ്ഞു. വട്ടമിട്ട സകലരും പരസ്പരം നോക്കിനില്ക്കുവാനല്ലാതെ മറ്റൊന്നിനും പ്രാപ്തന്മാരായില്ല. നേരം ഉച്ചയായിത്തുടങ്ങി. ആ സാധ്വീസ്ത്രീ വെയിലേററ മണലിൽത്തന്നെ ഇരുന്നു കരയുന്നു. കോടിയിൽപരം ജനങ്ങളെല്ലാം കണ്ടു വിചാരമഗ്നരാകുന്നു. എന്നാലും ആ പതിവ്രതയുടെ ആഗ്രഹം സാധിപ്പിക്കുവാൻ ഒരുവനും കഴിഞ്ഞില്ല. ആദിത്യനാകാശമദ്ധ്യംവിട്ടു പടിഞ്ഞാറോട്ടു ചാഞ്ഞുതുടങ്ങിയിട്ടും 'ഞാൻ പാപരഹിതനാണ്' എന്നു സത്യംചെയ്യുവാൻ ആ വലിയ പുരുഷാരത്തിൽ ഒരുവൻപോലുമുണ്ടായില്ല. സൂര്യൻ പശ്ചിമാബ്ധിയിലേക്കിറങ്ങുവാൻ ആരംഭിച്ചുതുടങ്ങി. അപ്പോൾ ഒരു യുവാവ് ഓടിവന്ന് ആ സ്ത്രീയോടിങ്ങിനെ പറഞ്ഞു.

"അമ്മേ! അമ്മയ്ക്കു എന്തുസഹായമാണ് ഞാൻ ചെയ്യേണ്ടതെന്നു ദയവുചെയ്തു കല്പിക്കേണം."

സ്ത്രീ— "മകനേ! എന്റെ വിവരം നീയറിഞ്ഞിട്ടില്ലെന്നുണ്ടോ? എനിക്കു വല്ലസഹായവും ചെയ്യുവാൻ നീ ഭാവിക്കുന്നുണ്ടെങ്കിൽ നീ പരിശുദ്ധനാണെന്ന് എന്റെ മുമ്പിൽ ആദ്യമായി സത്യം ചെയ്യണം."

യുവാവ്— "അമ്മേ! എന്നെപ്പോലെ മഹാപാപിയായിട്ടൊരാളെക്കാണുവാൻ പ്രയാസമാണ്. എങ്കിലും എനിക്കു മനസ്സിനു പരിശുദ്ധിയും പരിതാപവും അതുകൊണ്ടു തോന്നാതിരുന്നില്ല. ഇതാ നോക്കു! ഇതു കാശിക്ഷേത്രമാണെന്നറിയില്ലേ? കൈലാസനാഥന്റെ പാദതീർത്ഥവും പാർവ്വതീപ്രാണനായകന്റെ ശിരോഭൂഷണവുമായ ഭഗവതി ഭാഗീരഥിയാണ്. ലോകങ്ങളെല്ലാം പരിശുദ്ധമാക്കുവാനുള്ള ശക്തി ഗംഗാദേവിക്കുണ്ടെന്നുള്ളതിന് എന്തെങ്കിലും സംശയമുണ്ടോ? അതിനാലെനിക്കു പരിശുദ്ധനാകുവാൻ ഒരു പ്രയാസവുമില്ല. ഇതാ കണ്ടോളണം."

എന്നു പറഞ്ഞ് അവൻ ഗംഗയിലേക്കെടുത്തുചാടി. ഉടനെ മുങ്ങി സത്യംചെയ്തുകൊണ്ടു കയറിവന്നു.

"ഞാൻ പ്രായശ്ചിത്തത്താൽ ഇതാ പരിശുദ്ധനായിരി

കുന്നു. എന്നെപ്പോലെ പരിശുദ്ധിയുള്ളവനിന്നു ലോകത്തിലില്ല. അമ്മേ! ഇനി ഞാനെന്തുവേണമെന്നു കല്പിച്ചാലും."

യുവാവു തിരിഞ്ഞുനോക്കിയപ്പോഴും സ്ത്രീയെവിടെ? ശവമായിക്കിടന്നിരുന്ന വൃദ്ധബ്രാഹ്മണനെവിടെ? എല്ലാവരും മറഞ്ഞിരുന്നു. ഭഗവാനും ഭഗവതിയും സാക്ഷാൽരൂപമെടുത്തശേഷം ഭഗവാൻ പറഞ്ഞു.

"ദേവി! ഞാൻ പറഞ്ഞതിന്റെ സാരം ദേവിക്കിപ്പോഴും മനസ്സിലായില്ലേ. അനേകലക്ഷം ജനങ്ങളും സ്നാനം ചെയ്യുവാനിവിടെ കൂടീട്ടുണ്ടെങ്കിലും ഗംഗയുടെ പരിശുദ്ധിയെപ്പററി അവർക്കെങ്കിലും തോന്നിയോ? ഒരുത്തനല്ലേ വിശ്വാസമുണ്ടായുള്ളു? അവനുമാത്രമേ മുക്തിയുള്ളൂ. ലോകത്തിൽ ജനങ്ങളില്ലാതായിപ്പോകുമല്ലോ എന്നു വിചാരിച്ചു ദേവി ഭയപ്പെടേണ്ട. ജനങ്ങളെ കല്പിക്കുവാൻ ശക്തരല്ലാതെ അജ്ഞന്മാരായ ഭക്തിയോടുകൂടി ഗംഗാസ്നാനംചെയ്യുവാൻ വന്നവരിൽകൂട്ടത്തിലില്ല. പൂർവ്വികന്മാർ ചിലചട്ടങ്ങളേർപ്പെടുത്തിയിട്ടുണ്ടെന്നും അതുപോലെ നടക്കണമെന്നും ധരിച്ചിട്ടുള്ളതല്ലാതെ അതിന്റെ പരമാർത്ഥമെന്തെന്നറിയുന്നവരില്ല. ഇവിടെ വന്നു നിത്യം സ്നാനംചെയ്യുന്നതിന്റെ ഉദ്ദേശമെന്താണെന്നവരോടു ചോദിച്ചാൽ "ഞങ്ങളിന്നലെ വന്നു അങ്ങിനെ ചെയ്യേണമെന്നാണ നിശ്ചയം" എന്നു അവർമറുപടി പറകയുള്ളൂ. അവർ ധർമ്മം ഗ്രഹിച്ചിട്ടില്ലെന്നു നമുക്കറിയാം. അതിനാൽ അവരുടെ പ്രവൃത്തികൊണ്ടു ഫലം ഇഹത്തിലോ പരത്തിലോ ലഭിക്കുന്നതുമില്ല"

കുരുവൃദ്ധനായ ഭീഷ്മർ ശരശയ്യയിൽ കിടന്നുകൊണ്ടു പരബ്രഹ്മമായ ശ്രീകൃഷ്ണഭഗവാനെ കണ്ടുകൊണ്ടിരിക്കെ തന്റെ ദേഹത്യാഗം ചെയ്തതും, ഉത്തരായനാരംഭദിവസമായ മകരസംക്രാന്തിനാളാകുന്നു. അതുകാരണത്താലാണ നമ്മുടെ ഇടയിൽ അധികംപേരും ആ ദിവസം ശുഭകർമ്മം ചെയ്യുന്നത്. ഭാരതയുദ്ധം നടന്നതു ദക്ഷിണായനകാലത്താണ്. അക്കാലത്തു മരിക്കുന്നത് അസദ്ഗതിയാണെന്നാണു വേദസിദ്ധാന്തം. അതുകൊണ്ടു സ്വച്ഛന്ദമൃത്യുവായ ഭീഷ്മർ ശരീരം ത്യജിപ്പാൻ ഉത്തരായണം വരെ കിടന്നു. ആ സന്ദർഭവും ഇവിടെ തെല്ലൊന്നെടുത്തുകാണിക്കാം.

കൌരവപാണ്ഡവയുദ്ധത്തിൽ കൌരവസേനാനായകനായിരുന്ന ഭീഷ്മർ യുദ്ധം തുടങ്ങി പത്താംനാൾ അസ്തമയാരംഭം നിമിത്തം ശിഖണ്ഡിയുടെ ശരമേറ്റു പോർക്കളത്തിൽ പതിച്ചു. ഉടനെ അന്നത്തെയുദ്ധം നിറുത്തി കൌരവന്മാരും പാണ്ഡവന്മാരും അദ്ദേഹത്തിന്റെ അരികത്തേയ്ക്കോടിയെത്തി. ഭീഷ്മരുടെ ശരീരത്തിൽ ശരങ്ങളേറിനിന്നതിനാൽ അദ്ദേഹം വീണപ്പോൾ ശരീരം നിലത്തു തൊട്ടില്ല. അദ്ദേഹം പിന്നെയും അതേകിടപ്പിൽതന്നെ പിന്നാളുകൊണ്ടു ശരശയനമെന്നു സുപ്രസിദ്ധമായിത്തീർന്നു. അദ്ദേഹത്തിന്റെ അരികെ നില്ക്കുന്ന വ്യസനാക്രാന്തരായ കൌരവപാണ്ഡവാദികളെ അദ്ദേഹം സമാധാനിപ്പിച്ചുകൊണ്ടു കിടക്കുമ്പോൾ, തലയണയായിട്ടു വല്ലതും എന്തെങ്കിലും കിട്ടിയാൽ നന്നെന്ന് അദ്ദേഹം പറഞ്ഞതുകേട്ട്,

കലവികമൃദുലോപധാനനിരയോടണഞ്ഞു ചിലർ
പട്ടുതലയണകൊണ്ടുവന്നിതു ചിലർ

അപ്പോൾ ഭീഷ്മർ ചിരിച്ചുകൊണ്ട്,

“കഷ്ടം ദുര്യോധനാ! നീ പൊട്ടനാണ് ഇതു വീരന്മാർക്കു ചേർന്നതല്ലല്ലോ. നീ ക്ഷത്രവംശത്തിൽ പിറന്നവനാണെന്നു പറഞ്ഞറിയിക്കുകതന്നെ വേണം. ഉണ്ണീ! അർജ്ജുനാ! നീയെന്താണിങ്ങനെ മിണ്ടാതെ നില്ക്കുന്നത്? എന്റെ തലയ്ക്കു തലയണവെയ്ക്കൂ.”

എന്നു കേട്ടപ്പോൾ, അർജ്ജുനൻ ഗുരുപാദങ്ങളെ വന്ദിച്ചു നിന്നനിലയിൽ തന്റെ ഗാണ്ഡീവചാപം

വലിച്ചമ്പുകളെയെടുത്തു മൂന്നമ്പുകൾ
ശിരസ്സിനു താങ്ങായ്ക്കൊടുത്തിതാൻ മെല്ലവേ.

അതുകണ്ട് അർജ്ജുനനെ ഭീഷ്മർ മാത്രമല്ല അവിടെക്കൂടിയിരുന്ന സകലജനങ്ങളും ഏറ്റവും വിസ്മയം പ്രശംസിക്കുകയും വിജയാശംസിക്കുകയും ചെയ്തു. അതു കഴിഞ്ഞപ്പോൾ ഭീഷ്മരെ ചികിത്സിപ്പിക്കാൻ ദുര്യോധനൻ ഭിഷഗ്വരന്മാരെ വരുത്തി. അതു കണ്ട് അദ്ദേഹം “മതി! നിങ്ങളുടെ ഭാവം പ്രാർത്ഥിക്കേണ്ടതില്ല! വീരോചിതമായ മരണമാണ്,

ശുഭമരണസമയമെന്നും കേളിഞ്ഞാനതും
ലോകയിൽവരുന്നതിനുമാകുന്നു നിർണ്ണയം

എന്നു വിചാരിച്ചാണു ഞാൻ കിടക്കുന്നതു്. വൈദ്യന്മാരുടെ സാഹായ്യമൊന്നും ഞാനപേക്ഷിച്ചിട്ടില്ല," എന്നു പറഞ്ഞു.

സന്ധ്യാസമയത്തോടുകൂടി പാണ്ഡവന്മാരും കൌരവന്മാരും പടക്കളത്തിൽനിന്നു മടങ്ങി. പ്രഭാതമായപ്പോൾ വീണ്ടും അവർ ഭീഷ്മരുടെ സമീപത്തിലെത്തി. അപ്പോഴദ്ദേഹം ദാഹം നിമിത്തം അല്പം ശുദ്ധജലം കുടിക്കേണമെന്നാവശ്യപ്പെട്ടു.

വിമലതരസലിലമൊടു വിവിധതരഭക്ഷ്യവും
വേഗേന കൊണ്ടുചെന്നാർ ഭൂമിപാലന്മാർ

അപ്പോൾ ഭീഷ്മർ,

"വിഫലമിവ ശുഭതരമിതെല്ലാമഹോ!
വിജയ! വിരവൊടു തീർത്ഥം തരികെന്നാൻ"

അർജ്ജുനൻ പിതാമഹനോടു ക്ഷമായാചനം ചെയ്തു ഭീഷ്മരുടെ കഴൽപണിഞ്ഞു, പാർജ്ജന്യാസ്ത്രം പ്രയോഗിച്ചു.

ഗംഗാസലിലമതു കൊണ്ടുകൊടുത്തവൻ
ഗാംഗേയനായതു വാങ്ങി ഭുജിച്ചാൻ

പിന്നെ ഭീഷ്മർ ദുര്യോധനനോടു,

"ദുര്യോധന! നീയിതെല്ലാം സൂക്ഷിച്ചുകണ്ടു സ്വസ്ഥിരാക്കി ക്കൊ. നിനക്കു ബുദ്ധിയിവു കണ്ടിക്കുന്നില്ല. ഞാനൊരിക്കൽകൂടി പറഞ്ഞുതരാം. നിങ്ങൾതമ്മിൽ കലഹിച്ചു നശിക്കാതിരിക്കാൻ ശ്രമിക്കണം. പകുതിരാജ്യം നീ യുധിഷ്ഠിരനു കൊടുക്കുന്നതാണുത്തമം" എന്നു പറഞ്ഞു.

ദുര്യോധനൻ ഉത്തരമൊന്നും പറയാതെ ദേഷ്യത്തോടുകൂടെ പിന്തിരിഞ്ഞു. ഭീഷ്മരുടെ അനുഗ്രഹം വാങ്ങി പാണ്ഡവന്മാരും അകന്നു. അതിൽപിന്നെ യുദ്ധം പതിനെട്ടുദിവസത്തോളംകൂടി നടന്നു. ദുര്യോധനൻ സഹോദരന്മാരോടും ബന്ധുക്കളോടുംകൂടെ നിശ്ശേഷം വൈവസ്വതപുരം പൂകി. യുധിഷ്ഠിരൻ രാജാവായഭിഷിക്തനായി ഭഗവാൻ കൃഷ്ണനുമായി ഭീഷ്മരെ വീണ്ടും ചെന്നുകണ്ടു. ഭഗവാന്റെ ആജ്ഞപ്രകാരം ധർമ്മരാജാധികാരികളെയും കു

ട്ടികൊണ്ടു, ഭക്തോത്തമനായ ഭീഷ്മരുടെ അഭിലാഷം നൽകുവാനായിട്ട കുരുക്ഷേത്രത്തിലെഴുന്നെള്ളി ചെന്നു. അവിടെവെച്ചു ഭീഷ്മരെക്കൊണ്ടു് അനവധി ധൎമ്മങ്ങളും ധൎമ്മപുത്രനു ഭഗവാനുപദേശിപ്പിച്ചു. ഒടുവിൽ ഭീഷ്മർ,

സത്യം പരബ്രഹ്മ സച്ചിദാനന്ദം പര-
മാത്മാനമാത്മനാ കണ്ടുകൊണ്ടാത്മനി
സ്വാത്മാനമാത്മാ യോഗേന ലയിപ്പിച്ചു
പത്മനാഭാത്മനാ സായൂജ്യസമ്പദാ
കാരണത്തിങ്കൽ നിലീനനാം ഭീഷ്മരെ
ധീരനാം ധൎമ്മസുതൻ വണങ്ങീടിനാൻ
നാരായണാഹരേ! നാരായണാഹരേ!
നാരായണേതി ജപിച്ചിതെല്ലാവരും

---

6. പാനകപൂജ.

കൈലാസാചലത്തിൽ കോടിസൂൎയ്യസമപ്രഭയുള്ള രത്നസിംഹാസനത്തിലുപവിഷ്ടനായിരുന്ന ശ്രീപരമേശ്വരനോടു വാമാങ്കസ്ഥിതയായ പാൎവ്വതീദേവി, ഒരിക്കൽ പാനകത്തിന്റെ സൂക്ഷ്മങ്ങളെപ്പറ്റി ചോദിച്ചതു കേട്ടു സന്തുഷ്ടനായ ഭഗവാൻ ദേവിയോടു് ഉപദേശങ്ങളും ചെയ്തുകൊണ്ടിരിക്കുകയായിരുന്നു. അപ്പോൾ ഉണ്ണികളായ ഗണപതിയും സുബ്രഹ്മണ്യനും കണ്ണാരംപൊത്തിക്കളിച്ചുംകൊണ്ടും അവരുടെ അരികത്തിരുന്നു കളിച്ചിരുന്നു. അവരുടെ അസ്പഷ്ടമധുരാലാപങ്ങളും വിനോദകരങ്ങളായ കളികളും കണ്ടപ്പോൾ മാതൃസാധാരണമായ കൌതുകം ദേവിയുടെ ഹൃദയത്തിലങ്കുരിച്ചു. ഭഗവാന്റെ ഗംഭീരങ്ങളായ ഉപദേശങ്ങൾ പ്രശ്രയപൂൎവ്വം കേട്ടുകൊണ്ടിരുന്ന ദേവിയുടെ കണ്ണും കരളും തനയന്മാരിൽതന്നെ പതിഞ്ഞു. ഭഗവാനിടയ്ക്കു ചിലതു പറഞ്ഞതു കേട്ടതില്ലെന്നുതന്നെയല്ല മനസ്സവിടെയല്ലാതിരുന്നതിനാൽ അപ്രകൃതമായി ഏതോ ചിലതു പറകയും ചെയ്തു. അപ്പോഴേ ഭഗവാനു കാൎയ്യം മനസ്സിലായുള്ളു. തൽക്ഷണമദ്ദേഹത്തിന്നു കോപമുണ്ടാ

ലിച്ചു. പാർവ്വതീദേവികളിൽനിന്നാഗം പ്രണയപാരവശ്യത്താൽ താൻ നൽകിട്ടുണ്ടെങ്കിലും ഭഗവത്തത്ത്വശ്രവണത്തിലനാസ്ഥ വന്നതിനാൽ ദേവി ശിക്ഷാർഹയാണെന്നു തീർച്ചയാക്കി. അതിനാൽ ഭഗവാൻ ഇങ്ങനെ പറഞ്ഞു.

"കഷ്ടം! കഷ്ടം! പുത്രസ്നേഹം നിമിത്തം എന്റെ വചനങ്ങളെ നിശ്ശേഷം അവഗണിച്ചില്ലേ? ഞാൻ പറഞ്ഞതു കേവലം വനരോദനമായും ഭവിച്ചില്ലേ? പുത്രസ്നേഹം അധികമായാൽ അതു് ആപൽക്കരമാണെന്നു ഞാൻ പാർവ്വതി! നിന്നെ പഠിപ്പിക്കുന്നുണ്ടു്.

എന്നുടെ വാക്കിലൊട്ടും ശ്രദ്ധയില്ലാതെ കഷ്ടം!
നന്ദനന്മാരെ കാട്ടും തഴുകിട്ടും നോക്കിനോക്കി
ആലസിച്ചിരിക്കയാൽ നിന്ദിതനായിത്തീർന്നു
ഞാനെന്നാലും വിരോധമില്ലെന്നു പാർവ്വതി! പ്രാണനാഥേ
ഇന്നു തൊട്ടതിനാൽ നീ മനുഷ്യസ്ത്രീയായ് ചെന്നു
മന്നിടത്തിങ്കൽ തീർത്ഥങ്ങൾതോറും വസിക്കേണമേ"

ഭഗവാനാൽ ശപ്തയായ ദേവി കണ്ണീർ തൂകിക്കരഞ്ഞു വിവിധം അപേക്ഷിച്ചുതുടങ്ങി.

"ഭക്തവത്സല! ജഗത്പതേ! ഭക്തപാലക മറ്റെന്റെ-
നാഥൻ മറന്നിടായ്ക ഗതിയെൻ ജീവനാഥ!
ഞാൻ ചെയ്ത അപരാധം പൊറുത്തുകൊള്ളേണമേ
എന്നോടു കാരുണ്യമുണ്ടെങ്കിൽ വേണ്ടതുപോലെന്റെ
സംശയമൊട്ടുമേ ഞാൻ ഇനിമേൽ നിർഗ്ഗമിക്ക-
യെങ്ങിനെ വസിക്കേണ്ടു വേർപെട്ടു വിഭോ ഞാൻ!
ശാപമോക്ഷമതെന്നു നിന്നുടെ കൃപയാലേ-
യതെന്നറിയുവാൻ പ്രസാദിക്കുക പ്രിയ!"

ഇങ്ങനെ ദേവിയപേക്ഷിച്ചതു കേട്ടിട്ടു ക്ഷിപ്രപ്രസാദിയായ കൈലാസവാസി ദേവിയോടു കാഞ്ചീപുരത്തു ചെന്നു തപസ്സു ചെയ്യുവാൻ പറഞ്ഞു. തപസ്സുകൊണ്ടു ഭഗവാൻ പ്രീതനായാൽ തിരികെ ദേവിയെ സ്വീകരിക്കയും ചെയ്യാമെന്നു സമാധാനിപ്പിച്ചയയ്ക്കുകയും ചെയ്തു. ദേവി കൈലാസംവിട്ടു ഭൂമിയിലേയ്ക്കിറങ്ങിയപ്പോൾ ഗണപതിയും സുബ്രഹ്മണ്യനും അമ്മയുടെ

കൂടെത്തന്നെ പോയി. അവർ മനുഷ്യോചിതമായ വേഷത്തിലും രീതിയിലും നടന്നു കഷ്ടിച്ചുകൊണ്ട് ഒരു മഹാരണ്യത്തിൽകൂടെ പോയിക്കൊണ്ടിരിക്കുമ്പോൾ മരീചിമാലി പശ്ചിമാചലം കയറിക്കഴിഞ്ഞു. നിബിഡാന്ധകാരമെവിടെയും വ്യാപിച്ചു. മനുഷ്യർ നിവസിക്കുന്ന ഒരു ലക്ഷണവും അവിടെ കണ്ടില്ല. ഇടയ്ക്കിടെ ക്രൂരങ്ങളായ കാട്ടുജന്തുക്കളുടെ ഭയങ്കരശബ്ദമാത്രം അവിടത്തെ നിശ്ശബ്ദതയെ ഭഞ്ജിച്ചു. കന്ദർപ്പാരിയെ ഭയപ്പെട്ടിട്ടോ എന്നു തോന്നുമാറു് അന്നു് ആ കാന്താരത്തിൽ ശശാങ്കനുമില്ല. ചിൽബിലങ്ങളെപ്പോലെ ഉഡുഗണങ്ങൾമാത്രം തിളങ്ങുന്നുണ്ടായിരുന്നു.

ശിവ! ശിവ! ദേവിയുടെയും കുട്ടികളുടെയും അപ്പോഴത്തെ സ്ഥിതി വിചാരിക്കവയ്യ!

ഹാ! ലോകജനനിയും മക്കളും കണ്ണുംപിടി-
ച്ചുലച്ചലവിഴും നേത്രാംബുവിൽ നീരജയായ്
ഘോരാന്ധകാരം തന്നിലകപ്പെട്ടു തപ്പിത്തട-
ഞ്ഞാലോലമായി പാദവും വിധിയെപ്പഴിക്കയും
ക്ഷുൽപിപാസകൾകൊണ്ടും കടിനാലിടർച്ചയും
ഉൾപ്പെട്ടു നടക്കുന്ന പ്രാണനാഥയുമുണ്ണികളും
ദൈവമേ! കഴിയുന്നു നിന്നുടെ പരമാർത്ഥം-
മേവനാരറിയുന്നോൻ പാരിലാം ദീനബന്ധോ!

അമ്മയുടെയും ജ്യേഷ്ഠന്റെയും ക്ലേശം കണ്ടപ്പോൾ സുബ്രഹ്മണ്യനു താപവും ശുണ്ഠിയും മൊടിയുംവന്നു. ഇനി നടക്കേണ്ട എന്നു പറഞ്ഞ് അദ്ദേഹം അവരെ ആ കാട്ടിൽതന്നെയിരുത്തി, ക്ഷണനേരംകൊണ്ട് ഒരു പർണ്ണാശ്രമവും, ദേവിക്കും ഗണപതിക്കും കിടക്കുവാൻ കുശപല്ലവങ്ങൾകൊണ്ടു രണ്ടു കിടക്കകളുമുണ്ടാക്കി. സുബ്രഹ്മണ്യൻ ഇങ്ങനെ പ്രവർത്തിച്ചിരുന്നപ്പോൾ ഗണപതി അമ്മയുടെ അങ്കത്തിൽ അലസനായി ശയിക്കുകയായിരുന്നു. അദ്ദേഹം പ്രകൃത്യാ ശാന്തനാണ്. ജ്യേഷ്ഠനായതുതന്നെ ഭക്തികൊണ്ടാണ്. ഒരു ദിവസം ഗണപതിയും സുബ്രഹ്മണ്യനും തമ്മിൽ 'ഞാനാണു ജ്യേഷ്ഠൻ, അല്ല ഞാനാണു ജ്യേഷ്ഠൻ' എന്നൊരു വാദമുണ്ടായി. രണ്ടുപേരും പിടിച്ചവാശി വിടാ

ങ്ങതിനാൽ അവർ പാർവ്വതീപരമേശ്വരന്മാരുടെ മുമ്പിൽ ചെന്നു ബോധിപ്പിച്ചു. അപ്പോൾ പരമേശ്വരൻ ഇങ്ങനെ അരുളിച്ചെയ്തു.

"നിങ്ങൾ രണ്ടുപേരും ഒരേസമയത്തു് ഇവിടെനിന്നു പുറപ്പെട്ടു മൂന്നു ലോകങ്ങളും ചുററി ആദ്യം ആർ മടങ്ങിവരുന്നുവോ അവനാണു ജ്യേഷ്ഠൻ"

ഇതു കേട്ടയുടനെ സുബ്രഹ്മണ്യൻ തന്റെ വാഹനമായ മയൂരത്തിന്റെ കണ്ഠത്തിൽ കയറി യാത്രയായി. ഗണപതിയുടെ വാഹനം മൂഷികനാണു്. അദ്ദേഹം അതിന്റെ പുറത്തുകയറിപ്പുറപ്പെട്ടാൽ സുബ്രഹ്മണ്യനേക്കാൾ മുമ്പു മടങ്ങിയെത്തുവാൻ സാധിക്കയില്ലെന്നു നിസ്സംശയം പറയാം. സുബ്രഹ്മണ്യൻ തിരിച്ചെത്താറായപ്പോൾ അദ്ദേഹം പതുക്കെ എഴുന്നേററു തന്റെ ജനനീജനകന്മാരെ ഒന്നുവലത്തുവെച്ചു് അവരുടെ നികടത്തിൽത്തന്നെ ഇരുന്നു.

സുബ്രഹ്മണ്യൻ മടങ്ങിവന്നു, "ഞാൻ ഗണപതിയെക്കാൾ മുമ്പു മടങ്ങിയെത്തി. അതിനാൽ ജ്യേഷ്ഠൻ ഞാൻതന്നെയാണ്. ഗണപതി ഇവിടെനിന്നു പുറപ്പെട്ടുപോയിട്ടില്ലെന്നു് എനിക്കറിയാം" എന്നു പറഞ്ഞു.

ഗണപതി "നീ പറഞ്ഞതു ശരിയല്ല. ഞാൻ നിന്നെക്കാൾ മുമ്പു ലോകങ്ങളെ പ്രദക്ഷിണം വെച്ചുവന്നു. അതുകൊണ്ടു ജ്യേഷ്ഠൻ ഞാൻതന്നെയാണ്."

പരമേശ്വരൻ — "ഗണപതി! നീ ലോകത്രയങ്ങൾ വലത്തുവെച്ചു വന്നില്ലല്ലോ. പിന്നെയെങ്ങനെയാണു ജ്യേഷ്ഠനാവുന്നതു്?"

ഗണ — "എന്റെ അച്ഛനമ്മമാരാണു് ഇക്കാണുന്ന മൂന്നു ലോകങ്ങൾ. ഞാൻ അച്ഛനേയും അമ്മയേയും ഒരു പ്രാവശ്യം വലത്തുവെച്ചില്ലേ? അതുകൊണ്ടു ഞാൻ മൂന്നുലോകവും വലത്തുവെയ്ക്കുകതന്നെ ചെയ്തു. എന്നാൽ സുബ്രഹ്മണ്യനു് ഇതു് ഒരു പാഴ്പണിയായതുതന്നെയാണു്. അവൻ ഇത്രനേരം അലഞ്ഞതിന്റെ ഫലമാണിതു്?"

ഗണപതിയുടെ യുക്തി കേട്ടപ്പോൾ പാർവ്വതീപരമേശ്വരന്മാർ സന്തോഷിച്ചു ജ്യേഷ്ഠൻ ഗണപതിതന്നെയെന്നു തീർച്ച ചെയ്യുകയും ചെയ്തു. ഇനി നമുക്കു പ്രകൃതത്തിലേയ്ക്കുതന്നെ പ്രവേശിക്കുക.

സുബ്രഹ്മണ്യൻ അമ്മയേയും ജ്യേഷ്ഠനേയും പർണ്ണശാലയുടെ അകത്തു കൂട്ടിക്കൊണ്ടുപോയി. അവർ രണ്ടുപേരും ഓരോ കിടക്കയിൽകിടപ്പായി. സുബ്രഹ്മണ്യൻ കാവല്ക്കാരനെപ്പോലെ പർണ്ണശാലയുടെ ദ്വാരത്തു് ഒരു ശൂലവും പിടിച്ചു നില്ക്കുകയും ചെയ്തു.

ദേവിക്കു സംഭവിച്ച ആപത്തു ദേവലോകത്തറിഞ്ഞു. ദേവന്മാർ വല്ലാതെ പരിഭ്രമിച്ചവരായി. പാൽക്കടൽ നിവാസിയായ ഭഗവാൻ വൈകുണ്ഠനും ഇതു കേട്ടപ്പോൾ ഗരുഡാരൂഢനായി ദേവലോകത്തെത്തി. ഉടനെ ദേവന്മാരും ഋഷികളും മഹാവിഷ്ണുവും ബ്രഹ്മാവും കൂടിച്ചേർന്നു യാത്രയായി. അവർ നേരിട്ടു കൈലാസത്തേയ്ക്കാണു വെച്ചതു്. കുറെ ചെന്നപ്പോൾ മഹാവിഷ്ണുവിങ്ങനെ പറഞ്ഞു. "പരമേശ്വരൻ പ്രകൃത്യാ കോപിഷ്ഠനാണു്. ദേവിയായിട്ടാണു അദ്ദേഹത്തിനു് ഒരുമ.

ത്രൈലോക്യമാതാവായ ദേവിയില്ലാതെ കഥം
ഫാലലോചനൻ ശാന്തനാകുന്നു നാം ദേവന്മാരേ!

അതുകൊണ്ടു ദേവിയെവിടെയാണെന്നറിഞ്ഞു നമുക്കങ്ങോട്ടു പോകുന്നതാണു തൽക്കാലം ഉചിതം". ഭഗവാന്റെ അഭിപ്രായം എല്ലാവർക്കും ബോദ്ധ്യമായി. ദേവിയെക്കാണുമ്പോൾ കാഴ്ചവെയ്ക്കുവാൻ വിശേഷപ്പെട്ട ദ്രവ്യങ്ങളുമെടുത്തുകൊണ്ടു നിശീഥിനിയിൽ ദ്വിതീയയാമത്തിന്റെ പൂർവ്വാർദ്ധത്തിൽ ദേവിയും പുത്രന്മാരുമിരിക്കുന്ന ആ ശൈലകാനനത്തിൽ കടന്നു. അവർ ദേവി ശയിക്കുന്ന പർണ്ണാശ്രമത്തേയും കണ്ടു് അതിന്നടുക്കെ എത്തിയപ്പോൾ ദ്വാരപാലകനായ സുബ്രഹ്മണ്യനെക്കണ്ടിട്ടു വിഷ്ണുഭഗവാനിപ്രകാരം പറഞ്ഞു.

അല്ലയോ! വത്സ! ഞങ്ങൾ ത്രൈലോക്യമാതാവും ശ്രീപര

ദേശപരപ്രണയിനിയുമായ ദേവിയെ കാണ്മാനാണ വന്നിരിക്കുന്നതു്. അതുകൊണ്ടു ഞങ്ങൾ ദേവിയെക്കണ്ടു വന്ദിക്കുവാൻ സമ്മതം തരണം.

സുബ്രഹ്മണ്യൻ—ഭവാൻ പറഞ്ഞതു് ഒട്ടും പന്തിയായിട്ടില്ല. നിങ്ങളിപ്പോളാരെക്കാണ്മാനാണ വന്നിരിക്കുന്നതു്? ഒരു വനിതാരത്നത്തിന്റെ ഇപ്പോഴത്തെ സ്ഥിതിയെന്താണെന്നു് എന്നാകെ നല്ലവണ്ണം ആലോചിച്ചുനോക്കിയോ?

ഉടൽ തളർന്നാരം ഏകയായൊട്ടു-
മറ്റു ബന്ധുക്കളകന്നിരിക്കവെ
ഒരു വസതിയിൽ തനിയെ രാത്രിയി-
ലുറങ്ങിടുമൊരു പതിവ്രതതന്നെ
ഒട്ടുള്ളു കാണ്മാനവളിക്കയി-
ല്ലുടനെപ്പോയാലുമുഴലെണ്ണ നിങ്ങൾ.

കുടിലയ കഴിയട്ടെ എങ്കിൽ നാളെ രാവിലെ വന്നുകൊള്ളു. എന്നാൽ കാണാം"

സുബ്രഹ്മണ്യനിപ്രകാരം ന്യായം വിധിക്കുന്നതു കേട്ടിട്ടു എന്തുചെയ്യേണ്ടുന്നു നിശ്ചയമില്ലാതെ വിഷ്ണുഭഗവാൻ മൌനിയായിരുന്നു. അപ്പോൾ അഗസ്ത്യമഹർഷി മുമ്പോട്ടു ചാടിനിന്നു,

"ഭവാൻ പറഞ്ഞ വാക്കുകളെല്ലാം ന്യായാനുസാരിച്ചുതന്നെയാണു്. എങ്കിലും അകത്തു ദേവി തനിയെയാണ കിടക്കുന്നതു് എന്നു പറഞ്ഞതിനോടു ഞാൻ യോജിക്കുന്നില്ല. ദേവിയുടെ സമീപത്തിൽ എന്റെ ഗുരുനാഥനായ ശ്രീപരമേശ്വരനുമുണ്ടു്. ഭഗവാൻ ദേവിയെപ്പിരിഞ്ഞു മാത്രം തനിച്ചു ഇരിക്കുന്നതല്ല. എന്റെ ഗുരുജനങ്ങളെക്കാണേണമെന്നു് അനുഗ്രഹിച്ചാണ ഞാൻ വന്നിരിക്കുന്നതു്. ഗുരുനാഥന്മാരുടെ അരികെ ചെല്ലുവാൻ ശിഷ്യന്മാൎക്കു സമയം നോക്കേണ്ടതില്ല. അതുകൊണ്ടു ഒരു ദോഷം ഒരുവനും പറയുന്നതുമല്ല. അതിനാൽ ഭവാൻ തടയാതെ മാറിനില്ക്കണം. ഞങ്ങൾ ഗുരുക്കന്മാരെ കാണട്ടെ എന്നു പറഞ്ഞു"

അഗസ്ത്യന്റെ വാക്കു കേട്ടപ്പോൾ സുബ്രഹ്മണ്യന്നു വീണ്ടും വാശി പറയുവാൻ നിവൃത്തിയില്ലാതായി. എങ്കിലും താൻ അകത്തുചെന്നു് അമ്മയെക്കണ്ടു വിവരമറിയിച്ചിട്ടു വരുന്നതുവരെ അവരോടു് അവിടെത്തന്നെ നില്ക്കണമെന്നു പറഞ്ഞു് അകത്തേയ്ക്കു കടന്നു. അദ്ദേഹം അമ്മയോടു ദേവന്മാരുടെ ആഗമനവും താൻ അവരെ തടഞ്ഞുനിർത്തിയതും മററും അറിയിച്ചു. അപ്പോൾ ദേവിയിങ്ങിനെയാണു പറഞ്ഞതു്.

"ഉണ്ണീ! നീയെന്തിനാണു വിഷാദിക്കുന്നതു്? നമുക്കിസ്ഥിതി വരുത്തിയതു ത്രൈലോക്യപിതാവും നിന്റെ പിതാവുമായ ശ്രീപരമേശ്വരൻതന്നെയല്ലേ? ഞാനിപ്പോഴദ്ദേഹത്തിന്റെ അങ്കമലങ്കരിക്കേണ്ടതിന്നു പകരം ഭൂമിയിലിവിടെക്കിടക്കാറായി. ഈ വിധിയെ തടുക്കുവാൻ ഒരുവരാലും സാധിക്കയില്ല. ദേവന്മാരും ഋഷികളും എന്റെ പുത്രന്മാർതന്നെയാണു്. അവരെന്നെ വന്നുകണ്ടുകൊള്ളട്ടെ.

ആലിന്ദ്യൻ ഹന്ത! ചേറിട്ടു
ചോരക്കുപ്പായിലിപ്പാദവയും
അംബരാഗ്രഹിമേൽപ്പീണ
ശേഷങ്കകലപ്പാദവയും

ഇരിക്കുന്ന എന്റെ സവിധത്തിലേയ്ക്കു് അവരെ കൂട്ടിക്കൊണ്ടുവരുവാൻ നിനക്കു ലജ്ജതോന്നുന്നുണ്ടെങ്കിൽ നീ പോകേണ്ട. നീയെന്റെ മടിയിലിരുന്നുകൊള്ളുക. ഗണപതി! നീ ചെന്നു് അവരെ കൂട്ടിക്കൊണ്ടുവരിക.

ദേവന്മാർ ദേവിയുടെ സന്നിധിയിൽ ചെന്നു നമസ്കരിച്ചു പാരിജാതം, അമൃതകലശം, കൌസ്തുഭം ഇടങ്ങിയ ദിവ്യദ്രവ്യങ്ങൾ കാഴ്ചവെച്ചുതുടങ്ങി. ദേവിക്കു് അതുകൊണ്ടു വലിയൊരു സന്തോഷമുണ്ടായില്ല. ദേവന്മാർ ഉപഹാരങ്ങൾ പലതും കാഴ്ചവെച്ചപ്പോൾ വെറും കയ്യോടുകൂടിച്ചെന്ന അഗസ്ത്യൻ തന്റെ വില്ലിത്തത്തെപ്പററിയാണാലോചിച്ചതു. ഉടനെ അദ്ദേഹം കാട്ടിലേയ്ക്കോടി, ഉപഹാരദ്രവ്യം വല്ലതും കിട്ടുമോ എന്നന്വേഷിച്ചതു

ടങ്ങി. കുറെ ഉണങ്ങിയ ചെറുപയറു നില്ക്കുന്നതുകണ്ടു് അതു മുഴുവൻ പറിച്ചെടുത്തു തോലികളഞ്ഞു വെടിപ്പാക്കി. അപ്പോഴേക്കു വടി കരിമ്പും കൂടികൊണ്ടുവന്നായി. അതും പൊട്ടിച്ചെടുത്തു കശക്കിക്കിട്ടിയ നീരും ചെറുപയറും കൊണ്ടുചെന്നു ദേവിയുടെ മടിയിലിരിക്കുന്ന ബാലസുബ്രഹ്മണ്യനു കാഴ്ചവെച്ചു.

അഗസ്ത്യമഹർഷി അതുകൊണ്ടു ചെന്നു കൊടുക്കുന്ന താമസമേ ഉണ്ടായുള്ളു. സുബ്രഹ്മണ്യനും ഗണപതിയും ദേവന്മാരുടെ മുമ്പിലാണു നില്ക്കുന്നതെന്നും മറവും തീരെ മറന്നു, ദാഹവും വിശപ്പും സഹിക്കുവാൻ വയ്യാത്തതിനാൽ, ആ പയർ വാരിയെടുത്തു തെരുതെരെ ഭക്ഷിച്ചുതുടങ്ങി. കരിമ്പിൻനീരും കുറെ കുടിച്ചു. അപ്പോൾ അവരുടെ ക്ഷുൽപിപാസകൾ തീർന്നു സംതൃപ്തരാകയും ചെയ്തു. കുട്ടികൾ പയർ വാരി ഭക്ഷിക്കുന്നതും കരിമ്പിൻനീർ പാനംചെയ്യുന്നതും ശ്രദ്ധയോടെ നോക്കികൊണ്ടിരുന്ന ദേവി ബാക്കിയുണ്ടായിരുന്നതു ഭക്ഷിച്ച് അഗസ്ത്യനോടിങ്ങിനെ പറഞ്ഞു:—

'ദേവന്മാർ ഞങ്ങൾക്കു കാഴ്ചവെച്ച ദ്രവ്യങ്ങളുടെ മൂല്യം നിർണ്ണയിക്കുവാൻ തീരെ അസാദ്ധ്യമാണെങ്കിലും ഞങ്ങൾക്കിപ്പോൾ തൃപ്തിയുണ്ടായതു ആ ദിവ്യസാധനങ്ങൾകൊണ്ടല്ല. അഗസ്ത്യന്റെ ഉപഹാരംകൊണ്ടുമാത്രമാണ്. ഞങ്ങൾ ഏതു നിലയിലാണു ഇതുവരെ കഴിച്ചുകൂട്ടിയിരുന്നതെന്നു ഞങ്ങൾക്കു തന്നെ പറയുവാൻ വയ്യാ. അതുകൊണ്ടു ഇതുമുതൽ പാനകംകൊണ്ടു ഉണ്ണിയായ സുബ്രഹ്മണ്യനു ഈ സമയത്തു് ആർ തൃപ്തിപ്പെടുത്തുമോ അവരുടെ സർവ്വാഭീഷ്ടങ്ങളും സാധിക്കും.

ദാഹവുംക്ഷുത്തും തീർന്നു തെളിഞ്ഞോരുണ്ണികളെ
കണ്ടപ്പോളുള്ളിൽ സന്തോഷമനിർവ്വാച്യം.
ശ്രീമഹാദേവൻ താനും സുപ്രസന്നനായ്തീർന്നു
മാമുനിക്കേവമോതിനാൻ! വിജയം ഭവിച്ചുതേ

പാനകപൂജയ്ക്കു എന്നും ഉണ്ണിഗണപതിയേയും പൂജിക്കേണ്ടതാണ്. കലിയുടെ കഠിനതയിൽ കിടന്നു കഴങ്ങുന്ന മനുഷ്യർക്കു പാനകപൂജകൊണ്ടു നിഷ്പ്രയാസം മുക്തരാകുവാൻ സാധി

കയ്യും ചെയ്യും. ഇതു കല്പാന്തത്തോളം ജനങ്ങൾ അനുഷ്ഠിക്കുകയും ചെയ്യട്ടെ.'

അന്നു മുതല്ക്കാണ പാനകപൂജ പ്രചാരമായതു്. പാനകപൂജയ്ക്കു നാം പാനകമുണ്ടാക്കുന്നതു ശക്കരകൊണ്ടാണ്. വാസ്തവത്തിൽ കരിമ്പിൻനീരാണാവശ്യം. എന്നാൽ കരിമ്പിൻനീരു കിട്ടുവാൻ പ്രയാസമായതുകൊണ്ടും ശക്കര കരിമ്പിൻനീരുകൊണ്ടുണ്ടാക്കുന്നതുകൊണ്ടുമാണ നാമിങ്ങിനെ ചെയ്യുന്നതു്. പാനകപൂജയ്ക്കു പാനകവും പായസവുമാണ പ്രധാനം. അതുതന്നെയല്ല ഇവിടങ്ങളിൽ സുബ്രഹ്മണ്യപൂജയ്ക്കു സുബ്രഹ്മണ്യനേയും ഗണപതിയേയും മാത്രമേ പൂജിയ്ക്കാറുള്ളു. പാർവ്വതീദേവിയേയും പൂജിക്കേണ്ടതാണെന്നു് ഈ സന്ദർഭംകൊണ്ടു മനസ്സിലായല്ലൊ.

7. തിരുവാതിര.

ദക്ഷപ്രജാപതിയുടെ പുത്രിയായ ദാക്ഷായണിയെ ശ്രീപരമേശ്വരൻ വിവാഹം ചെയ്തു കൈലാസത്തിൽ ഭഗവാൻ ദേവീസമേതനായി വസിക്കുന്ന കാലത്തു പ്രജാപതികൾ ഒരു സത്രമാരംഭിച്ചു. ഈ മഹോത്സവത്തിനു ചെന്നിരുന്ന സമയത്തു ഭഗവാൻ എഴുന്നള്ളിയിരിക്കവേ അവിടേക്കു ദക്ഷപ്രജാപതി കടന്നുചെന്നു. ഭഗവാൻ ദക്ഷനെക്കണ്ടപ്പോൾ പ്രത്യുത്ഥാനാദികളൊന്നും ചെയ്യാഞ്ഞതിനാൽ ദക്ഷൻ കോപിച്ചു ഉഗ്രമായി ശപിച്ചു. അതു നന്ദികേശ്വരന്റെ ക്ഷമയെ ഭഞ്ജിച്ചു. ദക്ഷനും അനുകാരികളും ഈ അപരാധത്തിന്റെ അനുചരന്മാരും തത്വാർത്ഥബോധവിഹീനരായിപ്പോകട്ടെയെന്നു് അദ്ദേഹവും ശാപം നല്കി. അപ്പോൾ ഭൃഗുമഹർഷി ശൈവഭക്തന്മാർ പാഷണ്ഡികളായിത്തീരട്ടെ എന്നും ശപിച്ചു. ദേവന്മാർ മൗനികളായിരുന്നു വർത്തിച്ചു. സത്രം കഴിഞ്ഞശേഷം എല്ലാവരും പിരിയുകയും ചെയ്തു.

അധികം താമസിയാതെ ദക്ഷൻ ബൃഹസ്പതിയജ്ഞമാരംഭിച്ചു. നാനാദിഗന്തങ്ങളിലേതാവരെയുള്ളവരെ ദക്ഷൻ യാഗത്തിന്നായി ക്ഷണിച്ചുവെങ്കിലും പൂർവ്വവൈരം മൂലമന്നി ഹൃദയത്തിൽ തഴച്ചു വളർന്നിരുന്നതിനാൽ ശ്രീപരമേശ്വരനെ ക്ഷണിച്ചതേയില്ല. ഭ

ഗം കാണ്മാനും ശ്രവിപ്പാനും ജനങ്ങൾ കൂട്ടംകൂട്ടമായിപ്പോകുന്ന തിരക്കുകണ്ടു സതീദേവി ഭഗവാൻെറ അരികെചെന്നു തങ്ങളും പോകേണ്ടതല്ലയോ എന്നു ചോദിച്ചു. ദക്ഷൻ ക്ഷണിയ്ക്കാത്ത സ്ഥിതിയ്ക്ക് അങ്ങോട്ടു ചെല്ലുന്നതായാൽ മാനിയ്ക്കയില്ലെന്നുമാത്രമല്ല അപമാനിയ്ക്കയും ചെയ്യുമെന്നു പറഞ്ഞു ഭഗവാൻ ദേവിയെ തടുത്തു.

തിങ്ങിപ്പോകുന്ന പുരന്ധ്രീജനങ്ങളെക്കണ്ടിട്ടു ദേവിയ്ക്കു ഒതുങ്ങിയിരിക്കുവാൻ കഴിഞ്ഞില്ല. ദേവി ഭഗവാനോടു യാത്രപറയാതെ തന്നെ പുറപ്പെട്ടു. ഏകാകിനിയായിപ്പോകുന്ന ദേവിയെക്കണ്ടിട്ടു ഭൂതഗണങ്ങളും പിന്തുടരുകയും ചെയ്തു.

മാതാപിതാക്കന്മാരെയും ബന്ധുക്കളെയും മററും കണ്ടു് അനുമോദനം പറയുവാൻ ചെന്ന ദേവിയുടെ അനുഭവം അത്യന്തം പരിതാപകരമായിരുന്നു. ചിലർ ദേവിയെ കണ്ട ഭാവംതന്നെ വെച്ചില്ല. ചിലർ ദേവിയേയും ഭഗവാനേയും നിന്ദിച്ചുപറഞ്ഞതിന്നു കണക്കില്ല. ഭൃത്യജനങ്ങൾപോലും ദേവിയെ അപമാനിക്കയാണെന്നല്ലേ. [illegible] അതെല്ലാമെങ്ങിനെ സഹിക്കും? തിരികെചെന്നു ഭഗവാൻെറ മുഖത്തെങ്ങിനെ നോക്കും? മററുള്ളവർ ഏതെല്ലാം പറയില്ല? ദേവിയുടെ ഹൃദയകമലം വികാരസംഘട്ടനങ്ങൾക്കു വിഹാരസ്ഥലമായി. കോപവും താപവും കൊണ്ടു ദേവി ജ്വലിതയായിത്തീർന്നു. എന്തിനേറെ, മൂലോകപിതാവിൻെറ പ്രിയപ്രണയിനി തൻെറ കായത്തെ യോഗാഗ്നിയിൽ വിലയിപ്പിച്ചു.

ദേവിക്കു പിണഞ്ഞ അവസ്ഥ നാരദൻ പറഞ്ഞറിഞ്ഞ് ഭഗവാൻ വീരഭദ്രാദികളെ അയച്ചു ദക്ഷനോടു പ്രതിക്രിയ ചെയ്തശേഷം ഹിമാലയാധിത്യകകളിൽ ചെന്നു തപസ്സാരംഭിച്ചു. യോഗവിസൃഷ്ടദേഹയായ സതീദേവി നഗാധിരാജനും ദേവാംശജനുമായ ഹിമാലയൻെറ പ്രണയിനിയായ മേനയുടെ പുത്രിയായി വീണ്ടും ജാതയായി. പാർവ്വതിയെന്ന പേരോടെ, ശുക്ലപക്ഷത്തിലെ ശശികലപോലെ വളർന്നുവന്നതായ്ക്കണ്ടു നാരദൻെറ ഉപദേശപ്രകാരം യോഗീശനായ ഗിരീശനെ ഉപചരിക്കുവാൻ പുത്രിയെ പർവ്വതാധീശൻ നിയോഗിക്കയും ചെയ്തു.

അക്കാലത്തു താരകൻ, ശൂരപത്മാവ്, സിംഹവക്ത്രൻ എന്ന ദൈത്യസഹോദരന്മാർ ബ്രഹ്മാവിനെ തപസ്സുചെയ്തു പ്രത്യക്ഷനാക്കി ശിവന്റെ പുത്രൻ ഒഴികെ തങ്ങളെക്കൊന്നുകൂടായെന്നു വരവും വാങ്ങി. ശ്രീപരമേശ്വരൻ പത്നീവിരഹിതനായിരുന്നതിനാൽ അദ്ദേഹത്തിനു പുത്രനുണ്ടാകയില്ലെന്നു കരുതിയാണ് അതിപ്രകാരം ഒരു വരമപേക്ഷിച്ചത്. വരലാഭത്താൽ ദ്രോഹകാരികളായിത്തീർന്ന ആ ദുഷ്ടന്മാർ ദേവകളെയും ഋഷികളെയും മററു വിശിഷ്ടന്മാരെയും അനേകധാ കഷ്ടപ്പെടുത്തിത്തുടങ്ങി. ഒടുവിൽ പൊറുതികെട്ടപ്പോൾ പുരന്ദരാദികൾ പത്മയോനിയെ ശരണം പ്രാപിച്ചു സങ്കടമുണർത്തിച്ചു.

ഹിമവൽസാനുവിൽ തപസ്സുചെയ്യുന്ന ശ്രീപരമേശ്വരൻ പാർവ്വതിയെ വിവാഹം ചെയ്താൽ അവർക്കുളവാകുന്ന പുത്രൻ ദേവന്മാരുടെ ആർത്തിയെ അകററുമെന്നും അതിനാൽ പാർവ്വതീവിവാഹം നടത്തുവാൻ യത്നിക്കുകയാണ് ആവശ്യമായിട്ടുള്ളതെന്നും പറഞ്ഞു ബ്രഹ്മാവു ദേവന്മാരെ അയച്ചു. ദേവേന്ദ്രൻ അതിനുശേഷം മഹാവിഷ്ണുവിന്റെ ഉപദേശപ്രകാരം കാമദേവനെ വരുത്തി. കാമദേവൻ ദേവേന്ദ്രനെ വന്ദിച്ച്,

"ദേവൻ പ്രസാദിക്ക കിമീപ്സിതം
ഞാൻ കൽപ്പനാഭാവം കരുത്തുമായി
പിനാകിയെയുമിളക്കുവൻ ഞാൻ
മററുള്ള വില്ലാളികളെക്കിമുത?"

എന്നു പറഞ്ഞു ദേവേന്ദ്രന്റെ ഇഷ്ടസിദ്ധ്യർത്ഥംതന്നെ കാമദേവൻ പ്രതിജ്ഞ ചെയ്തതുകൊണ്ടു സന്തുഷ്ടനായ അദ്ദേഹം, ദേവകളനുഭവിച്ചുവരുന്ന സങ്കടങ്ങളും അതിന്റെ നിവാരണത്തിനായി അവർ പുറപ്പെട്ടിരിക്കുന്നതും മററും വിസ്തരിച്ചു കാമദേവനോടറിയിച്ചു.

ശ്രീപരമേശ്വരനു പാർവ്വതിയിൽ അനുരാഗമുണ്ടാക്കുവാൻ യത്നിച്ചാൽ തന്റെ ദേഹനാശം നിശ്ചയമാണെന്നു കാമദേവന് അറിയാമായിരുന്നു. എങ്കിലും,

സന്ദേഹം വേണ്ട പരോപകാരമതിനാകാത്തതൊന്നെങ്കിൽ
ദിനേനാഹംകൊണ്ടുമുടലുമീ പ്രാണനും കൊടുത്തീടുന്നില്ല?

എന്നു വിചാരിച്ച്, അപ്രകാരം ചെയ്യുകതന്നെ എന്നു വാഗ്ദത്തം ചെയ്തു, രതിദേവീനാഥനായ കാമദേവൻ ഈശ്വരോപവനത്തെ പ്രാപിച്ചു. ആ സമയത്തു മാധവവിജൃംഭണത്താൽ തപോനിധികളുടെ ഹൃദയംപോലും വിഷയവികാരത്തിന്നധീനമായി ഭവിച്ചു. അപ്പുറം മഹാദേവന്റെ,

പുള്ളിപ്പുലിത്തോലു വിരിച്ചതിന്മേ-
ലതാഗൃഹത്തിന്റെ തറയ്ക്കുമീതെ,
പിന്നോട്ടു ചാരും ഉടലോടുചേർത്തും
നിവർന്നതാക്കിത്തോൾകുനിച്ചും
വിടർന്ന ചെന്താമരപോലെ മേന്മേ
മടിക്കുമേൽ കൈകൾ മലർത്തിവെച്ചും
ജടാഭരം പാമ്പുകളാൽതൊടുത്തും
ഇരുരുദ്രാക്ഷമാല്യം ചെവിമേൽ പിണച്ചും
തോലിൽ കറുപ്പുള്ള കലർന്നിട്ടു-
യിരുണ്ടു കൃഷ്ണാജിനവാസമാർന്നും

* * * * * *

മനം നവദ്വാരവഴിക്കടച്ചു
സമാധിയാൽ ഹൃത്തിലടച്ചുവന്നായ്
ആത്മാവിലാത്മാവിനെ കണ്ടുകൊണ്ടും
കൊണ്ടാടിമേവുന്ന തപസ്വിവേഷം

കണ്ടപ്പുറം കാമദേവന്റെ കയ്യിൽനിന്നു കരിമ്പുവില്ലും പൂവമ്പും അറിയാതെയൂർന്നുപോയി. ഭഗവാന്റെ ധ്യാനം കഴിഞ്ഞ ശേഷം, ഹൈമവതി പാദശുശ്രൂഷചെയ്യുവാൻ കാത്തുനില്ക്കുന്നുണ്ടെന്നു നന്ദികേശ്വരൻ ഭഗവാനോടുണർത്തിച്ചപ്പുറം ഭ്രൂസംജ്ഞകൊണ്ടു പ്രവേശാനുവാദം നൽകി. അന്യാസാധാരണസൌന്ദര്യസമേതയായിരുന്ന പാർവ്വതി ശ്രീപരമേശ്വരനെ പ്രണമിച്ചു മന്ദാകിനീപുഷ്കരബീജമാല തൃക്കയ്യിൽ സമർപ്പിച്ചു.

ചാരുശ്രീയേറും പവിഴത്തിനേക്കാൾ
യന്നേരമെന്തോ ഉമയിളകിവാൻ
പാടലിച്ചുവെച്ചാധരകാന്തികൊണ്ടും
മുഖം മനം കണ്ണുകളാർന്നവർ

പാർവ്വതി ലജ്ജാവനതമുഖിയായി നിന്നു. ഉടനെ ഭഗവാൻ പ്രബോധിതനായി. തന്റെ ചിത്തവികാരകാരണമെന്തെന്നറിയുവാൻ പരിതോദൃഷ്ടിവിക്ഷേപണം ചെയ്തപ്പോൾ മോഹനാസ്ത്രം തൊടുക്കുന്ന മദനനെക്കണ്ടു കോപാകുലനായി. "കോപിപ്രഭോ! സംഹര! സംഹര!" എന്നു ദേവന്മാർ ആകാശത്തിൽനിന്നു വിളിച്ചുപറയുന്നതിനുമുമ്പിൽ ഭഗവാന്റെ നിടിലതടാഹിതാശനിയിൽ കാമദേവൻ ഭസ്മാവശേഷനായി. പ്രിയന്റെ ദേഹനാശത്താൽ രതിദേവിയെന്തൊക്കെയാണു വിലപിച്ചതെന്നു പറയുവാൻ എനിക്കുശേഷിപോരാ. രതിദേവി അന്ന് അന്നപാനാദികളൊന്നും ആഹരിച്ചില്ലെന്നു പറയേണ്ടതില്ലല്ലോ. കാമനാശംനിമിത്തം ദേവന്മാരുടെ കാര്യമുദ്ദേശിച്ചായിരുന്നതുകൊണ്ടു ദേവന്മാരും ദേവസ്ത്രീകളും അന്ന് ആഹാരാദികളുപേക്ഷിച്ചു രതിദേവിയുടെ ദുഃഖത്തിൽ പങ്കുകൊണ്ടു. കാമദഹനം നടന്നതു ധനുമാസത്തിൽ തിരുവാതിരദിവസമാണ്. അന്നു ദേവാദികളുടെയും രതിദേവിയുടെയും നോമ്പിനെ അനുകരിച്ചാണു ഇന്നും തിരുവാതിര നോറ്റുവരുന്നതു്. സർവ്വരുടെയും സങ്കടം കണ്ടപ്പോൾ ശ്രീപരമേശ്വരൻ കരുണാവിവശനായിട്ടു കാമദേവനെ അനംഗരൂപേണ വീണ്ടും ജീവിപ്പിച്ചു.

തിരുവാതിരനക്ഷത്രത്തിന്റെ അധിഷ്ഠാനദേവത ശിവനാണ്. അന്നാൾ ഉമാമഹേശ്വരദർശനം ചെയ്തുപവസിച്ചാൽ പുരുഷാർത്ഥങ്ങൾ സർവ്വസ്സംഭവിക്കുമെന്നാണു ഭക്തശിരോമണികളുടെ മതം. ആർദ്രാദർശനത്തെക്കുറിച്ചു പല പുരാണങ്ങളിലും കാണുന്നുണ്ട്.

കാമദഹനത്തിനുശേഷം സ്ത്രീദർശനം വർജ്ജിച്ചു ഭഗവാനപ്രത്യക്ഷനായി. ശ്രീപരമേശ്വരൻ വരനായി വരേണമെന്ന പ്രാർത്ഥന ഫലിക്കാഞ്ഞതിനാൽ അനുരാഗിണിയായ പാർവ്വതി അദ്ദേഹത്തെ തപസ്സുകൊണ്ടധീനനാക്കുവാൻ നിശ്ചയിച്ചു, അചലാധീശ്വരനായ അച്ഛന്റെ അനുവാദവും വാങ്ങി. പക്ഷേ അമ്മയായ മേനക ആദ്യം അനുമതി കൊടുത്തില്ല.

ഉമേതി മാത്രാ തപസോ നിഷിദ്ധാ
പശ്ചാദുമാഖ്യാം സുമുഖീ ജഗാമ

ഉ മാ പരമേശ്വരനെക്കുറിച്ചു തപസ്സു ചെയ്യരുത് എന്നു മേന വിലക്കി. അന്നുമുതൽ പാർവ്വതീപുത്രിക്ക് ഉമയെന്നു പേരുണ്ടാകയും ചെയ്തു.

മേന തടഞ്ഞുവെങ്കിലും ഒരുവിധം വാശിപിടിച്ചു പാർവ്വതി മേനയുടെ സമ്മതവും വാങ്ങിയശേഷം തപസ്സാരംഭിച്ചു. പട്ടാംബരമുപേക്ഷിച്ചു തപസ്വിനിക്കുചിതമായ വല്ക്കലം ധരിച്ചു. ആഹാരാദികൾകൂടാതെ ദിവാരാത്രം പാർവ്വതി തപസ്സു ചെയ്യുന്നതുകണ്ടു സിദ്ധന്മാരായ യോഗീശ്വരന്മാർ പോലും അതിശയിച്ചു. ഇങ്ങിനെ വർഷങ്ങൾ കുറെ കടന്നുപോയപ്പോൾ ശ്രീപരമേശ്വരൻ, പാർവ്വതിയുടെ അനുരാഗം പരീക്ഷിച്ചറിവാൻ ഒരു വടുവായിച്ചെന്നു, പാർവ്വതിയുടെ മുമ്പിൽവെച്ചു പരമേശ്വരനെ കണക്കില്ലാതെ അധിക്ഷേപിച്ചു. പാർവ്വതിയോടു് ഇനി തപസ്സരുതെന്നുപദേശിച്ചു. ഭഗവാനെ വടു നിന്ദിക്കുന്നതു കേട്ടു പാർവ്വതി സാമാന്യത്തിലധികം കോപിഷ്ഠയായി വടുവിനോടു താനും ബലമായി വാദിച്ചുകൊണ്ടുതന്നെ നിന്നു. എങ്കിലും വടുപ്പയ്യൻ ഒരിക്കലും വിട്ടുകൊടുത്തില്ല. അപ്പോൾ പാർവ്വതി ഇങ്ങിനെ പറഞ്ഞു "ശിവ! ശിവ! ഞാൻ ഇതു കേൾക്കേണ്ടിവന്നല്ലോ. സജ്ജനദൂഷണം കേൾക്കുന്നതുതന്നെ മഹാപാപമാണ്. അതുകൊണ്ട് ഈ അധിക്ഷേപ്രസംഗിയായ ചെറുക്കൻ നില്ക്കുന്നേടത്തുനിന്നു പോകുന്നതാണു ഭേദം" എന്നു പറഞ്ഞു കാലെടുത്തുവെയ്ക്കുമ്പോഴേയ്ക്കും വടുരൂപി സാക്ഷാൽ ശ്രീപരമേശ്വരനായിത്തീർന്നു, പാർവ്വതിയെ തടഞ്ഞു. പാർവ്വതി [illegible] പോകുവാനോ നില്ക്കുവാനോ ശക്തിയില്ലാതെ കുഴങ്ങിനിന്നപ്പോൾ മന്ദസ്മിതവദനനായിട്ട്,

"ഇന്നുമുതൽക്കവനതാംഗി തപസ്സിനാൽ കൈ-
വന്നോരടിമയിവനെ"ന്നു ശിവൻ കഥിക്കെ
അന്നായുടൻ നിയമജക്ലമമാശു വിട്ടാൾ;
ക്ലേശം ഫലിക്കിലതുതാൻ പുതുതായതുഭവ്യം

ഭഗവാന്റെ മധുരവാണി കേട്ടപ്പോൾ മധുരവാണിയായ പാർവ്വതി പിതാവിന്റെ സമ്മതംവാങ്ങി തന്നെ വിവാഹം ചെയ്യേണമെന്നപേക്ഷിച്ചു. അപ്രകാരം ചെയ്തുകൊള്ളാമെന്നു ഭഗവാൻ പറഞ്ഞു ദേവിയെ അയച്ചശേഷം സപ്തമാമുനികളേയും അരുന്ധതിയേയും സ്മരിച്ചപ്പോൾ അവർ ചെന്നു ഭഗവാനെ വണങ്ങി. ദേവകളുടെ സങ്കടമോചനത്തിനായി താൻ പാർവ്വതിയെ വിവാഹം ചെയ്വാൻ നിശ്ചയിച്ചിരിക്കുന്നതുകൊണ്ടു വിവാഹത്തിനു വേണ്ടുന്ന ഒരുക്കങ്ങൾ പർവ്വതരാജനോടു ചോദിച്ചു തയ്യാറാക്കുവാൻ ഭഗവാൻ അവരോടാവശ്യപ്പെട്ടു. അവർ ഭഗവാന്റെ ആജ്ഞയനുസരിച്ചു ഹിമവാനെ ചെന്നു കണ്ടു വിവരം അറിയിച്ചു പാർവ്വതീപരിണയത്തിനുള്ള ഒരുക്കങ്ങളെല്ലാംതന്നെ കൂട്ടുകയും ചെയ്തു. പിന്നെ ശുഭമുഹൂർത്തത്തിൽ മുപ്പത്തുമുക്കോടി ദേവകളും ദേവർഷികളും ബ്രഹ്മർഷികളും ബ്രഹ്മാവും വിഷ്ണുവും മറ്റും നിറഞ്ഞിരുന്ന ദിവ്യസദസ്സിൽവെച്ചു ലോകരക്ഷാർത്ഥം ഭഗവാൻ അപർണ്ണയുടെ പാണിപല്ലവം ഗ്രഹിച്ചു. ആ സർവ്വലോകോത്സവമായ മംഗലദിനമാണു ധനുമാസത്തിലെ തിരുവാതിരയെന്നും ചിലർ അഭിപ്രായപ്പെടുന്നുണ്ടു. അതിനാൽ ഉമാമഹേശ്വരപ്രീതിയ്ക്കായിക്കൊണ്ടു മംഗല്യസ്ത്രീകൾ ധനുമാസത്തിൽ തിരുവാതിരനാൾ നോൽമ്പു നോൽക്കുകയും കീർത്തനങ്ങളും മറ്റും പാടി ലോകപിതാക്കളെ വാഴ്ത്തുകയും ചെയ്യുന്നു. ചില ദിക്കുകളിൽ സ്ത്രീകൾ മകയിരം ദിവസവും നോൽക്കാറുണ്ടു. മകയിരം നോൽക്കുന്നതുകൊണ്ടു സന്തതികൾക്കാണത്രെ അധികം ഗുണം.

ധനുമാസത്തിൽ തിരുവാതിര
ഭഗവാന്റെ തിരുനാളാണേ
ഭഗവതിയ്ക്കും തിരുനോൽമ്പു

എന്നും മറ്റുമുള്ള പാട്ടുകൾ നമ്മുടെയിടയിൽ ചിരകാലമായി പ്രചരിച്ചിട്ടുള്ളതാണു. ഭഗവാൻ ഏതു രൂപത്തിൽ, ഏതിനുവേണ്ടി അവതരിച്ചുവെന്നു ഇതേവരെ ആർക്കുമറിയുവാൻ കഴിഞ്ഞിട്ടില്ല. ആദ്യന്തത്തിന്റെ ശിരസ്സും പാദവും ഇതുവരെ ബ്ര

ഹ്മാവാകട്ടെ വിഷ്ണുവാകട്ടെ കാണുകയുണ്ടായിട്ടില്ലെന്നാണു പുരാണങ്ങളിൽ കാണുന്നതു്. അതിനാൽ ആദ്യന്തവിഹീനനായ ദേവന്റെ തിരുനാളാണു തിരുവാതിരയെന്നു പറയാമോ?

തിരുവാതിരയുടെ തത്വം ഇങ്ങിനെയാണ്:—അശുഭങ്ങളാം തിങ്ങി ശുഭമുണ്ടാകുവാനാണു തിരുവാതിരനാൾ പുരുഷന്മാരും സ്ത്രീകളും വ്രതമാചരിക്കുന്നതു. സീതാവിവാഹവും, ശ്രീരാമന്റെ വനപ്രയാണവും ധനുമാസത്തിലാണെന്നാണല്ലോ. മനുഷ്യരുടെരീതിയനുസരിച്ച്, വനവാസാദി കഷ്ടങ്ങളനുഭവിച്ചിട്ടുണ്ട്. അതിനാൽ ധനുമാസം അശുഭകാലമായിട്ടാണു ഗണിച്ചുവരുന്നതു. ആ മാസത്തിൽ വിവാഹം ഇടങ്ങിയ ശുഭകൎമ്മങ്ങളും നടത്താറില്ല. ദൂരയാത്രയും പതിവില്ല. എന്നാൽ ഐഹികപാരത്രികസൗഖ്യലാഭത്തിനായി ജനങ്ങൾ ആൎദ്രാവ്രതം ചെയ്തുവരികയും ചെയ്യുന്നു.

---

൮ വൃശ്ചികമാസത്തിൽ കാൎത്തിക.

ഭൂലോകഗോപാലകനായ വൃന്ദാവനിയിൽ അല്ലിമകളും കണ്ണവാളൻ വൃശ്ചികമാസത്തിൽ കാൎത്തിക പൌൎണ്ണമിനാൾ പതിനാറായിരം ഗോപികളോടുകൂടി രാസക്രീഡ നടത്തിയതുകൊണ്ടാണു് നാമിന്നു വൃശ്ചികമാസത്തിൽ കാൎത്തിക ഒരു പ്രധാനദിവസമായി ഗണിച്ചുവരുന്നതു. എന്നാൽ കൃഷ്ണനെയും ഗോപികളെയും കുറിച്ചു് കനം ചെയ്യാതെ കാത്യായനീദേവിക്കു ഉത്സവാദികൾ നടത്തുന്നതിൽ വല്ല വൈചിത്ര്യം തോന്നുമായിരിക്കാം. എന്നാലതിന്റെ നിദാനമെന്തെന്നു നമുക്കന്വേഷിക്കാം.

കന്ദർപ്പതാതനായ ശ്രീകൃഷ്ണൻ ഗോകുലത്തിൽ വളൎന്നുവരുംതോറും ഗോപകുമാരികളുടെ അന്തരംഗത്തിലഭിലാഷം വൎദ്ധിച്ചുതുടങ്ങി. അവൎക്കു് ഒരുക്കത്താലൊളിക്കുവാൻ വയ്യെന്ന മട്ടിലായി. അവരനുഭവിക്കുന്ന കൃഷ്ണലാളനാസൗഖ്യത്താൽതന്നെ ദേവനാരികൾപോലും അവരുടെ നേരെ അസൂയ കരുതുന്നുണ്ടു. പുരുഷന്മാരിലും ഇലാം കവിഞ്ഞ മൊഴിവ്ച്ചമറിയസുഖമാം

ണ് അവരിരുപ്പാളുമാഗ്രഹിക്കുന്നേരം. അതു നിവൃത്തിക്കാം സാധിപ്പുവാൻ വരദായിനിയായ കാത്യായനീദേവിയുടെ ഭജനംതന്നെ ഗതിയുള്ളുവെന്നു തീരുമാനിച്ചു, ആ ഗോപകുമാരികൾ കളിന്ദനന്ദിനിയായ യമുനാനദിയുടെ തടത്തിൽ ചെന്നു മണ്ണുകൊണ്ടു കാത്യായനീദേവിയുടെ ബിംബമുണ്ടാക്കി ഉത്തമസ്ഥാനത്തു പ്രതിഷ്ഠിച്ചു വഴിപോലെ താഴ്ക്കുന്ന ഭക്തിയോടുകൂടി ദേവിയെ സ്തുതിച്ചു:

കാത്യായനി മഹാമായേ ഭഗവതി
ആർത്തിനാശിനേ മഹായോഗിന്യധീശ്വരി
സുന്ദരൻ നന്ദാത്മജനെ ഞങ്ങൾക്കു വല്ലഭ
നാക്കിത്തീർത്തരുളേണമനുഗ്രഹം
തന്നീടേണം ഭവാനി തേ നമസ്കാരം.

അവരുടെ ഭജനം പൂർത്തിയായപ്പോൾ കാത്യായനീദേവി പ്രത്യക്ഷയായി, ആ സുകുമാരിമാർക്കു വരദാനം ചെയ്തു മറഞ്ഞു.

ശരൽകാലവും ആഗമിച്ചു. ആകാശം സൗന്ദര്യസമ്പൂർണ്ണമായ്ത്തരം വിളക്കമായി. താരകാനക്ഷത്രങ്ങളും തെളിഞ്ഞു. മേഘമാലായുസ്സു പോകുന്നതറിയാത്ത മത്സ്യങ്ങളെപ്പോലെ, സരിദാദികളിലെ വെള്ളം കാണുമാറു തെളിഞ്ഞുകിടന്നിരുന്നില്ല. പത്മാകരങ്ങളിൽ താമരപ്പൂക്കൾ വിടർന്നു വിളങ്ങി. സുഗന്ധവാഹിയായ മന്ദാനിലൻ സർവ്വത്രം വിഹരിച്ചുതുടങ്ങി. ഇങ്ങിനെ ശീതോഷ്ണതുല്യമായ ശരൽകാലം സർവ്വജീവികളുടെയും ആനന്ദമുണ്ടാക്കിയപ്പോൾ ശ്രീഗോപാലനന്ദനൻ,

പീലിക്കെട്ടും നല്ല കാർകൂന്തലും കെട്ടി
ചേലയുമുള്ളിലെ മന്ദഹാസവും
നല്ലവനമാലകളുമണിഞ്ഞു.

കല്യാണരൂപനായ കമലാകാന്തൻ കാമിനീജനങ്ങളുടെ മനോരഥത്തിന്നുതകുംവണ്ണം കുഴലൂതുവാൻ ആരംഭിച്ചു വലയുന്നു. ഭക്തവത്സലനും പ്രപന്നാർത്തിഹരനുമായ ഭഗവാൻ യോഗമായാസമാശ്രിതനായിട്ട് അവരുടെയാഗ്രഹം നിറവേറ്റുവാൻ,

“സാരംഗചന്ദ്രമരീചിശിശിരീകൃതാശേ” യമുനാവനത്തിൽനിന്നു മുരളി കൊണ്ടു പാടി. ഗോപികമാരുടെ അത്ഭുതകരമായ ആനന്ദത്തിന് അവർക്കു മാത്രമല്ല, ഭ

ഗവാനൊഴികെ, മററാൎക്കുമറിവില്ല. അവരിൽ ചിലർ, പാലു കാച്ചുന്നു, ചിലർ ഭൎത്താക്കന്മാരെ ശുശ്രൂഷിക്കുന്നു, ചിലർ ശിശുക്കളെ ലാളിക്കുന്നു, ചിലർ ആഭരണങ്ങളണിയുന്നു, ഇങ്ങിനെ പലരും പലവിധ ജോലികളിലേൎപ്പെട്ടിരിക്കുകയായിരുന്നു. വേണുപ്രണാദമാകൎണ്ണനം ചെയ്ത നിമിഷത്തിൽ അവരെല്ലാവരുമുപേക്ഷിച്ചു സൎവ്വവും മറന്നു ചാടിപ്പുറപ്പെട്ടു. ഭൎത്താക്കന്മാർ തടുത്തിട്ടുപോലും അവർ നിന്നില്ല.

പാലും പശിയുമെറിഞ്ഞു ചിലർ ചിലർ
പാലടുപ്പത്തുവെച്ചും പതികളെക്കൂടി
വിട്ടുംകളഞ്ഞന്യകൎമ്മത്തെയും കൈവിട്ടു
പെട്ടികൾപെട്ടകം പൂട്ടാതെയും ചിലർ
ഭൂഷണമെല്ലാമെടുത്തുമെടാതെയും
തോഴിമാരൊഴിവാൎന്ന് സമീപത്തുപോയ്

ശ്രീകൃഷ്ണാവതാരദിനമുപവസിച്ചു, ദേവകീദേവി ദേവനെ പ്രസവിക്കുവാൻ കിടന്നപോലെ കിടന്ന ചില ഭക്തകളെ പരിഹസിച്ചു് അവർ ചിത്തഭ്രമമുള്ളവരാണെന്നു പറഞ്ഞവർ ഈ കന്യകാമണികളുടെ ചാപല്യങ്ങളെ കണ്ടിരുന്നെങ്കിലെന്നു വിചാരിച്ചിരുന്നതു്. എന്നാലവരെന്തു പറയുന്നതിനു മുമ്പായിത്തന്നെ ഇവർ വൃന്ദാവനത്തിലേയ്ക്കോടിയതു.

താലിയഴിയിലും മാലകൾഴിയിലും
കാലിൽവളകളുംകയ്യിൽത്തളകളും
നീലാംബരംകൊണ്ടുകഞ്ചുകംകെട്ടിയും

വേഷത്തോടെയാണു് അവരോടിയതു്. അവർ താമസിച്ചിരുന്ന പ്രദേശത്തുനിന്നും എത്രയോ ദൂരെയാണു വൃന്ദാവനം കിടക്കുന്നതു്. അവരോടിപ്പോകുന്ന മാൎഗ്ഗങ്ങൾ നാഗരികർ നടക്കുന്ന രാജവീഥികളായിരുന്നില്ല. എത്ര കഷ്ടപ്പെട്ടു കഴിച്ചു് എത്രയെല്ലാ സങ്കടസ്ഥലങ്ങളിൽക്കൂടിയാണു് അവർ പായുന്നതെന്നവൎക്കുതന്നെ അറിവുണ്ടായിരുന്നില്ല. ഒരു ദിവ്യശക്തിയാൽ നീതന്മാരായ ചില ചെറുമന്ത്രങ്ങളായിരുന്നു അവർ. അവരുടെ പ്രയാണം ആകാശത്തിൽനിന്നു നോക്കിയിരുന്ന ശ്രീനാരദൻ, അത്ഭുതസ്തിമിതനും ത

ന്നെയാണ്, അദ്ദേഹം തന്റെ ഭക്തിസൂത്രത്തിൽ "യഥാവ്രജ ഗോപികാനാം" എന്ന ഭക്തിയെ ഉദാഹരിച്ചിരിക്കുന്നതു്.

കാട്ടുംമഹാഗിരിതടങ്ങളുമാധയോടും
തോട്ടുംകടന്നമണിമന്തികമന്ദിരേതം
മാട്ടുന്നമല്ലമിഴിമാരുടെ പുണ്യവൃത്തം
പാടുന്നതിന്നവയുമന്നതിനുപോരും

കാന്താപരാധീനതകളായിരുന്ന ചില ഗോപിമാർക്കു ഭഗവാന്റെ അരികെ ചെല്ലുവാൻ സാധിച്ചില്ല. അവർ ദുഃഖപരവശകളായി ശ്രീകൃഷ്ണപരമാത്മാവിനെ ധ്യാനിച്ച് ഏകാഗ്രമാനസത്തോടെ വസിച്ചു. അവർ മററു ഗോപിമാരേക്കാൾ അധികം ഭാഗ്യവതികളായിരുന്നുവെന്നു പറയാതെ നിവൃത്തിയില്ല. എന്തെന്നാൽ തോട്ടം പുഴകളും പല മാർഗ്ഗങ്ങളിലൂടെയുംപോയി അവസാനം അംബുനിധിയിലണയുന്നതുപോലെയല്ലായിരുന്നു അവരുടെ സ്ഥിതി. ഭഗവാന്റെ നികടത്തിലോട്ടോടിപ്പോയവർക്കു ഭഗവാൻ മുക്തിപ്രദാനം ചെയ്യുന്നതു മറ്റൊരവസരത്തിലാണ്. എന്നാൽ ഗൃഹത്തിലിരുന്ന ഭക്തോത്തമകളാകട്ടെ കൈവല്യമപ്പോൾത്തന്നെ കാരുണ്യനിധിയായ ഭഗവാൻ ദാനം ചെയ്തു.

ഗോപികളടുത്തുവന്നതു കണ്ടിട്ടു കപടമാനുഷനായ ഭഗവാൻ കപടമായിട്ടിങ്ങിനെ പറഞ്ഞു.

"നിങ്ങളെല്ലാവരും ഈ സന്ധ്യാസമയത്തു് ഇങ്ങോട്ടോടി വന്നതെന്തിനാണ്? ഇതെത്രയോ ഭയങ്കരമായ വനമാകുന്നു. ഇതു കാട്ടുജന്തുക്കളെക്കൊണ്ടു പരിപൂർണ്ണമാണ്. അതുകൊണ്ടു വേഗം നിങ്ങളുടെ വീടുകളിലേയ്ക്കുതന്നെ പോകണം.

ഗേഹത്തിൽത്തിരിയിൻ വേഗം
കരയുന്നൂ കുട്ടികൾ
അലറുന്നഴിയിൽപ്പൈക്കൾ
വാഴ്കെന്തിനെ ചൊല്ലുവിൻ

നിങ്ങളെക്കാണാഞ്ഞാൽ നിങ്ങളുടെ ബന്ധുജനങ്ങളും വ്യസനിക്കില്ലേ? അവരെല്ലാം നിങ്ങളെ അന്വേഷിച്ചു നടന്നുതിരിയും? എന്നെക്കുറിച്ചുള്ള സ്നേഹംകൊണ്ടാണ നിങ്ങളിത്ര ബദ്ധപ്പെട്ടു വന്നിരിക്കുന്നതെന്ന് എനിക്കറിയാം. അതിനാലെനി

ക്ക് ഏററവും സന്തോഷമാകയും ചെയ്യു. ഇനി നിങ്ങൾ താമസിക്കാതെ ചെന്നു നിങ്ങളുടെ ഭൎത്താക്കന്മാരേയും കുട്ടികളേയും ശുശ്രൂഷിക്കണം. സ്ത്രീകളുടെ പ്രത്യക്ഷദൈവമാണ ഭൎത്താവെന്നു നിങ്ങളൊരിക്കലും വിസ്മരിക്കാതിരിക്കട്ടെ. എന്റെ കൂടെ നിങ്ങൾ നിരന്തരം കളിച്ചുകൊണ്ടിരിക്കുകയാണെങ്കിൽ നിങ്ങൾക്കിപ്പോളെന്നിലുള്ള ഭക്തിമൂലം ദോഷം ഉണ്ടാകും. അതിനാലൊട്ടും വിളംബിക്കാതെ നിങ്ങൾ മടങ്ങുകതന്നെ വേണം".

ഭഗവാനിങ്ങനെ പറഞ്ഞതു കേട്ടിട്ട് ആ ഉല്പലവിലോചനമാർ ബാഷ്പവാരിവൎഷിച്ചുകൊണ്ടു സഗൽഗദമിങ്ങനെ പറഞ്ഞു.

“ഞങ്ങൾ ഞങ്ങൾക്കുള്ളതു സകലതുമുപേക്ഷിച്ചു ഭഗവാന്റെ ചരണസരോജങ്ങളെ സേവിക്കുവാൻ വന്നിരിക്കുന്നവരാം. നിൎദ്ദയമായിങ്ങിനെ പറയുന്ന ഭഗവദ്വാക്യം ഞങ്ങളുടെ കൎണ്ണപുടങ്ങൾക്കു നാരാചങ്ങളാണ്. ഞങ്ങൾക്കു ഭൎത്താക്കന്മാരെവിടെ? ജഗൽപതിയായ ഭഗവാൻതന്നെയാണ ഞങ്ങളുടെ ഭൎത്താവ്. അവിടത്തെ രൂപലാവണ്യം കണ്ടാൽ മോഹിക്കാത്ത കാമിനികളെവിടെയുണ്ട്?

“കാളിന്ദിതൻപുളിനമുണ്ടിഹവെൺനിലാവും
കേളിക്കു മല്ലികളുമുണ്ടിനിയെന്തുവേണ്ടു”

എന്നു ഞങ്ങളോടു വാഗ്ദത്തം ചെയ്തിട്ടും ജലക്രീഡയായി മാറിക്കുന്നതെങ്ങിനെ? ഞങ്ങളോടു മടങ്ങിപ്പോകുവാൻ മാത്രം പറയാതിരിക്കുവാൻ ഞങ്ങളിലവിടത്തെത്തിരുവുള്ളമൊട്ടുമില്ലല്ലൊ?

ഗോപകാമിനികളാലിപ്രകാരം പ്രാൎത്ഥിതനായ ഭഗവാൻ ചന്ദ്രികാധവളിതവും ശരൽഫുല്ലമല്ലികാസുഗന്ധയുതമായ കാളിന്ദീതീരത്തിൽ പതിനാറായിരം ഗോപികമാരോടുകൂടി പതിനാറായിരം കൃഷ്ണനായിട്ടു കളിച്ചു.

ജാരാത്മനാനപരമാത്മതയാസ്മരന്ത്യോ
നാൎയ്യോഗതാഃപരമഹംസഗതിംക്ഷണേന

എന്നു ചില ഭക്തന്മാർ പറയുന്നു. അവർ ജാരബുദ്ധിയോടുകൂടിയാണ, പരമാത്മാവെന്ന നിലയിലല്ല, ഭഗവാനെ പ്രാപിച്ചതെങ്കിലും അവർ ക്ഷണേന പരമഹംസപദവിയെ പ്രാപിച്ചുവത്രെ. അതെങ്ങിനെയാണെന്നു ചിലർ ശങ്കിച്ചേക്കാം. എന്നാൽ

ക്കുള്ള വികാരമില്ലയെന്നു നമുക്കു തെളിയിക്കാം. ഭഗവാനിപ്പോഴും പതിനാറായിരം കൃഷ്ണന്മാരായിട്ടാണു കളിക്കുന്നതു. അതു ധരിക്കാതെ ഓരോ ഗോപിയും, "കൃഷ്ണനധികം പ്രണയമെന്നിലാണു, കൃഷ്ണനധികം പ്രണയമെന്നിലാണു" എന്നു വിചാരിച്ചു ഗർവ്വിഷ്ഠകളായിത്തീർന്നപ്പോൾ, ഭഗവാൻ അവരുടെ മദ്ധ്യത്തിൽനിന്നും ക്ഷണത്തിൽ തിരോഭൂതനായി. അവരുടെ ഗർവ്വം എങ്ങെന്നില്ലാതെ ഓടിമറഞ്ഞു. ഗർവ്വിതയാകാത്ത രാധയെ മാത്രം ഭഗവാൻ കൂടെക്കൊണ്ടുപോയി. ഉടനെ ഗർവ്വംകൊണ്ടതിനാൽ രാധയേയുമുപേക്ഷിച്ചു. രാധ മറ്റുള്ളവരോടു ചേർന്നു എല്ലാവരും കൂടി ഭഗവാനെ അന്വേഷിച്ചുതുടങ്ങി. അവരുടെ മദമസ്തമിച്ചപ്പോൾ അവരുടെ കാമം പ്രേമമായും പരിണമിച്ചു. കൃഷ്ണൻ തങ്ങളുടെ "ജാരനല്ല പരമാത്മാവാണു" എന്നു ഹൃദയത്തിലും തെളിഞ്ഞുകണ്ടു. അവർ തങ്ങളിത്തിങ്ങിയ ഭക്തിയോടുകൂടി ഭഗവാനെ സ്തുതിയും തുടങ്ങി.

"ശ്രീപതിയും ഭവാനെങ്ങൾ കുലത്തിൽവ-
ന്നിവണ്ണമുദ്ഭവിച്ചീടുകമൂലമായ്
ദേവിയാം ലക്ഷ്മി വിളങ്ങുന്നിതിങ്ങലേ
ദേവകൾപോലും സ്തുതിക്കുന്ന ഗോകുലം
ജീവനായക! നിന്നെയന്വേഷണംചെയ്തു
ഗോപികൾ ഞങ്ങൾ ദുഃഖിക്കുന്നു നിന്നുടെ
ദാസികൾ ഞങ്ങൾക്കു കാണേണമാനനം
പ്രാണനായക! പാദപത്മങ്ങൾ കല്ലിലും

* * * * * *

കാനനേ മുള്ളിലുമൊക്കെ നടപ്പതും
ഓർക്കുന്നനേരം മനമുരുകുന്നതു
തീർത്ഥമാമെങ്ങളിൽ കാരുണ്യമേകനീ
താപസംഗമംകൊണ്ടു ഗർവ്വിതമാം ഞങ്ങൾ
ഭവാദിപ്രദോഷങ്ങളകന്നിപ്പോൾ
ഉത്സാഹമായ മരണത്തിൽനിന്നുടൻ
ചിത്സ്വരൂപ! പ്രതിരക്ഷണം ചെയ്യണം
പ്രാണൻനശിച്ചുപോകുന്നതിൻമുന്നമേ
പ്രാണാത്മക! പ്രാണനായക! നമോനമഃ."

എന്നിങ്ങനെ ഗോപികാഗീതം കേട്ടു സന്തുഷ്ടനായ ഭക്തവത്സലൻ മന്ദസ്മിതംചെയ്തുകൊണ്ടു് അവരുടെ മുമ്പിലാവിർഭവിച്ചു. ജഗന്മോഹനമോഹനാത്മാവായ ഭഗവാനെക്കണ്ടപ്പോൾ വശ്യരായ അവരാരും എങ്ങനെ പറയാവൂ? അവരെന്തെല്ലാം പരുഷവാക്യങ്ങളാണു വിവശമനസ്സോടെ ഭഗവാനോടു പറഞ്ഞതു്? ഭഗവാനവരെ സകലരേയുമിങ്ങനെ സമാധാനിപ്പിച്ചു.

"നിങ്ങൾക്കെല്ലാവർക്കും ഗുണം നിമിത്തമാണു ഞാൻ തിരോഭവിച്ചതു്. ഞാൻ നിങ്ങളുടെ കാമിതങ്ങൾ തരുവാൻ സർവ്വദാ സന്നദ്ധനാകുന്നുവെങ്കിലും ഞാൻ ഭക്തികൊണ്ടേ ലഭ്യനാകയുള്ളുവെന്നറിയുക. എന്റെ ഭക്തന്മാരുടെ ദാസനാകുന്നു ഞാൻ. നിങ്ങളുടെ ചിത്തത്തിനു വിശുദ്ധിവരാനാണിപ്പോൾ ഞാനിതാ പ്രത്യക്ഷനാകയും ചെയ്തു. ഇനി നിങ്ങൾക്കൊത്തപോലെ രമിച്ചുകൊള്ളാം."

പിന്നീടു ഭഗവാൻ ഗോപികളോടുകൂടി നടത്തിയ ലീലകൾ അത്യത്ഭുതങ്ങളാണു്. ഭഗവാന്റെ ലീല കാണുവാൻ ദേവന്മാരും സിദ്ധന്മാരുമാകാശത്തിൽ നിരന്നുനിന്നു. ദേവന്മാർ പുഷ്പവൃഷ്ടിചെയ്തു. ദേവസുന്ദരിമാർ നൃത്തംതുടങ്ങി. മുനിമാർ സ്തുതിക്കയുമായി.

ഭഗവാൻ ശരത്കാലം മുഴുവനും ഗോപികളോടുകൂടി ഇപ്രകാരം ലീലചെയ്തുവെന്നാണു പറഞ്ഞിരിക്കുന്നതു്. കാത്യായനീദേവിയുടെ വരപ്രസാദത്താലത്രേ ഗോപികളുടെ അഭിലാഷസിദ്ധിയും സാധിച്ചതുകൊണ്ടാണു് അന്നദിവസമെല്ലാവരും കാത്യായനീദേവിയെപ്പൂജിക്കുന്നതും ഉത്സവാദികളായ ആഘോഷങ്ങൾ നടത്തിവരുന്നതും.

ഭഗവാൻ രാസക്രീഡ നടത്തിയതിൽ അനേകമാളുകളനൗചിത്യം കല്പിക്കുന്നുണ്ടു്. അന്നു ഭഗവാനു് അഞ്ചു വയസ്സുമാത്രമേ പ്രായമായിട്ടുള്ളുവെന്നും രാസക്രീഡയിൽ പതിനാറായിരം ഗോപികളുണ്ടായിരുന്നുവെന്നും, അവർ സമ്മതിക്കുന്നുണ്ടു. ഒരു സാധാരണ ബാലൻ ഇത്രയധികം കാമിനികളെ ഒരേസമയത്തു രഞ്ജിപ്പിക്കയെന്നതു സംഭാവ്യമാണോ? എ

ന്നാൽ അണ്ഡകോടികളുടെ സൃഷ്ടിസ്ഥിതി ലയകാരണനായ ഭഗവാൻ തന്റെ ഭക്തകളുടെ അഭിലാഷം, അവരുടെ മനസ്സിനു യോജിച്ചപോലെ സാധിപ്പിച്ചുവെന്നുള്ളതിലെന്താശ്ചര്യമാണുള്ളത്? അദ്ദേഹത്തിന്ന് അവിഷയമായിട്ടെന്തെങ്കിലുമുണ്ടോ? സർവ്വാത്മകനും സർവ്വാധാരനും നിരാകരനുമായ ഭഗവാൻ ഗോപികളുടെ കൂട്ടത്തിൽപ്പെട്ടു ജാരവൃത്തി തുടങ്ങുന്നതാണോ? അങ്ങനെ വിചാരിക്കുന്നതിന്നുകൂടി പരമാബദ്ധമെന്താണുള്ളത്?

"യേ യഥാ മാം പ്രപദ്യന്തേ
താംസ്തഥൈവ ഭജാമ്യഹം"

എന്നാണല്ലോ അദ്ദേഹത്തിന്റെ നിശ്ചയം. അതിനാൽ തന്റെ നിശ്ചയം നിറവേററിയെന്നു മാത്രമേയുള്ളൂ. ഓരോ ഗോപികളോടുംകൂടി വെവ്വേറെ നികുഞ്ജങ്ങളിലദ്ദേഹം ക്രീഡിച്ചിട്ടുമദ്ദേഹത്തിന്റെ ബ്രഹ്മചര്യനിഷ്ഠയ്ക്കു വിഘ്നംവരാഞ്ഞതു കണ്ടിട്ടു ദേവകളും ഋഷികളും വിസ്മയിച്ചുപോയി. ആ പതിനാറായിരം ഗോപികമാർ വെറും ഗോപികളായിരുന്നില്ല. അവർ, ത്രേതായുഗത്തിൽ ദണ്ഡകാരണ്യത്തിൽ തപസ്സുചെയ്തിരുന്ന മഹർഷികളായിരുന്നു.

രാവണാദികളെക്കൊന്നു ഭൂഭാരം ശമിപ്പിക്കുവാൻ ഭഗവാൻ ശ്രീരാമനായവതരിച്ച കാലത്തു, സോദരനായ ലക്ഷ്മണനോടും പത്നിയായ സീതാദേവിയോടുംകൂടി, പിതൃവാണിയനുസരിച്ചു ദണ്ഡകാരണ്യത്തിൽ ചെന്നുചേർന്നപ്പോൾ, തൽപ്രദേശവാസികളായിരുന്ന മഹർഷിമാർ ഭഗവാന്റെ അംഗകാന്തികൊണ്ടു വിമോഹിതരായിച്ചമഞ്ഞു, ഭഗവാനെയാലിംഗനം ചെയ്വാനൊരുങ്ങി. അദ്ദേഹമന്നവരെത്തടുക്കുകയും, അവരുടെയാഗ്രഹം, താൻ ദ്വാപരയുഗത്തിൽ ശ്രീകൃഷ്ണനായി ജനിക്കുമ്പോൾ സാധിപ്പിച്ചുകൊടുക്കാമെന്നു സമാധാനിപ്പിക്കുകയും ചെയ്തു. ആ മഹർഷിമാരാണിവർ.

ഇതുകൂടാതെ മറെറാരു ഭക്തനിങ്ങനെ പറയുന്നു. ഗോപികളോടുകൂടി കാളിന്ദീതീരത്തിൽ ഭഗവാൻ രാസക്രീഡചെയ്തപ്പോൾ യശോദയുടെ കൃഷ്ണൻ യശോദയുടെ അരികത്തന്നെയാ

യിരുന്നു. അദ്ദേഹത്തിന്നു രാത്രിയിലുറക്കംവരാഞ്ഞിട്ട്, "അമ്മേ! ഒരു കഥ പറയൂ! ഒരു കഥ പറയൂ! എന്നു യശോദയെയലട്ടിക്കൊണ്ടിരുന്നു. അപ്പോൾ യശോദ കുട്ടിയോടു കഥ പറഞ്ഞുതുടങ്ങി. രാമാവതാരം മുതൽ ക്രമത്തിൽ വിസ്തരിച്ചു പറഞ്ഞുകൊടുക്കുമ്പോൾ ശ്രീകൃഷ്ണൻ ശ്രദ്ധയോടെ കേട്ടു മൂളിക്കൊണ്ടിരുന്നു. ദണ്ഡകാരണ്യപ്രവേശം, ഖരവധം, മാരീചമാനിന്റെയാഗമം മുതലായതെല്ലാം കഴിഞ്ഞു, രാവണൻ ഭിക്ഷുരൂപിയായിവന്നു സീതയെയപഹരിച്ചുവെന്നു പറഞ്ഞപ്പോഴേയ്ക്കും, "ലക്ഷ്മണ! വില്ലു! വില്ലു്!" എന്നിങ്ങനെ പറഞ്ഞു കുട്ടി ചാടിയെഴുന്നേററുവത്രെ. യശോദയതുകണ്ടു തെല്ലു ഭയപ്പെടുകയുംചെയ്തു.

കാർത്തികാപൂർണ്ണിമ രാസക്രീഡയെ സംബന്ധിച്ചാണെന്നു വൈഷ്ണവന്മാർ സിദ്ധാന്തിക്കുന്നതുപോലെ, ശ്രീപരമേശ്വരൻ ത്രിപുരസംഹാരം ചെയ്തതു അന്നാളായതുകൊണ്ടാണ് ആ ദിവസത്തിന്നിത്ര വൈശിഷ്ട്യ, എന്നും" ശൈവന്മാരും വാദിക്കുന്നു. അതിനാൽ ത്രിപുരസംഹാരവും സംഗ്രഹിച്ചു പറയാം.

അസുരപ്രമുഖനായിരുന്ന താരകന്നു വിദ്യുന്മാലി, താരകചക്ഷുസ്സ്, കമലാക്ഷനിങ്ങനെ മൂന്നു പുത്രന്മാരുണ്ടായി. അവർ പഞ്ചാഗ്നി നടുവിൽനിന്നു ബ്രഹ്മാവിനെത്തപസ്സുചെയ്തു പ്രത്യക്ഷനാക്കി വരങ്ങൾ വാങ്ങിയശേഷം മയാസുരനെക്കൊണ്ടു സ്വർഗ്ഗത്തിൽ സ്വർണ്ണംകൊണ്ടും ഭൂമിയിൽ വെള്ളികൊണ്ടും രസാതലത്തിലിരിമ്പുകൊണ്ടും മൂന്നു പുരങ്ങൾ തീർപ്പിച്ച് ഓരോരുത്തരോരോന്നിൽ താമസിച്ചു. അവർ ലോകങ്ങൾ മൂന്നും ജയിച്ചു ദേവകളേയും മഹർഷിമാരേയും ബ്രാഹ്മണരേയും മററും പലവിധത്തിലുമുപദ്രവിച്ചുതുടങ്ങി. അതിനാൽ പൊറുതികെട്ട ദേവകളും മററുംകൂടി ബ്രഹ്മാവിന്റെ അരികത്തു ചെന്ന് ആവലാതി പറഞ്ഞു. ബ്രഹ്മാവാദികൾ കൈലാസത്തിൽ ചെന്നു ശ്രീപരമേശ്വരനോടു "സങ്കടംതീർത്തു രക്ഷിക്കേണമേ"എന്നപേക്ഷിച്ചപ്പോൾ, അസുരരെ വധിക്കുവാൻതക്ക സാമഗ്രികളൊന്നും തന്റെ കയ്യിലില്ലെന്നു ഭഗവാൻ പറഞ്ഞു. അതു കേട്ടു ദേവകൾ ഭഗവാനോട്,

"കനകമാമേരുവളച്ചുവില്ലാക്കി
കുലച്ചുഞാണിനു പെരുത്ത വാസുകി,
ശരമാകുന്നതു പരൻ നാരായണൻ,
മറകൾനാലുണ്ട കുതിരകൾക്കിപ്പോൾ,
രവിശശികൾ തേരുരുളുകളാകാ-
മവനിതേർത്തട്ടു ചതുർമുഖൻ സൂതൻ."

എന്നു പറഞ്ഞപ്പോൾ ഭഗവാനതെല്ലാം സജ്ജമാക്കിപ്പുറപ്പെടുകയുംചെയ്തു. മൂഢന്മാരായ ത്രിപുരന്മാരോടിപ്രകാരം ഭഗവാനെതിർത്തിട്ടും അവരെക്കൊല്ലുവാൻ വളരെ പ്രയാസമായി. മയന്റെ മന്ത്രശക്തികൊണ്ട് അയാൾ ഒരു കിണറുണ്ടാക്കി. യുദ്ധത്തിൽ മരിക്കുന്ന അസുരന്മാരുടെ ശവങ്ങൾ ആ കിണററിലിട്ടാൽ അവർ വീണ്ടും സജീവരായി വന്നിരുന്നു. ഇങ്ങനെ നേരിട്ടപ്പോൾ മഹാവിഷ്ണു ഒരു പശുവായിച്ചെന്ന് ആ കിണററിലെ വെള്ളം മുഴുവൻ കുടിച്ചുവററിച്ചു. പിന്നെ അസുരന്മാർ വീണ്ടും ജീവിക്കുവാൻ നിവൃത്തിയില്ലാതെയായി. അതിനാൽ ശ്രീപരമേശ്വരൻ അവരെ നിഗ്രഹിക്കുകയും തന്റെ ഫാലലോചനാഗ്നിയിൽ പുരത്രയങ്ങളും ഭസ്മീകരിക്കുകയും ചെയ്തു. ഈ കൃത്യം നടന്നതുമൂലം കാർത്തികപൌർണ്ണമി ത്രിപുരസംഹാരമുദ്ദേശിച്ചു ഇടങ്ങിയതാണെങ്കിലും ശ്രീകൃഷ്ണഭഗവാന്റെ രാസക്രീഡയ്ക്കുശേഷം, അന്നിനെ അവലംബിക്കുവാൻ തുടങ്ങി.

ത്രിപുരന്മാരെക്കൊല്ലുവാൻ ശ്രീപരമേശ്വരന്നു സാധിക്കാതെ വന്നതിനാൽ ഭഗവാൻ ശരൽക്കാലത്തിലെ നവരാത്രിവ്രതമനുഷ്ഠിക്കയും ദേവി പ്രത്യക്ഷയായി വരംകൊടുക്കയും ചെയ്തുകൊണ്ടാണ 'കാത്യായനീദേവിയെ' വിശേഷിച്ചും ത്രിപുരസംഹാരത്തിനായ അന്നാൾ പൂജിക്കുന്നതെന്നും പക്ഷാന്തരമുണ്ട്.

കാർത്തികപൌർണ്ണമി വൈഷ്ണവന്മാർക്കും ശൈവന്മാർക്കും ഒരുപോലെ പ്രധാനമാണ്. അന്നാൾ സ്ത്രീകൾ [illegible] മററും പതിവുണ്ടെന്നല്ലാതെ നമുക്കതൊന്നു അനുഭവമാ

(നവരാത്രിപൂജ വേറൊരിടത്തു ഈ പുസ്തകത്തിൽതന്നെ കൊടുത്തിട്ടുള്ളതു നോക്കുക)

ണല്ലോ. കാൎത്തികനാളും വീടുകളിൽ ദീപങ്ങളും നിരക്കെ കൊളുത്തി വെയ്ക്കുകയും പലവിധ മധുരപലഹാരങ്ങളും കാത്യായനീദേവിക്കു നിവേദിക്കയും ചെയ്യുന്നു. ഇക്കാലങ്ങളിൽ നമ്മുടെ ഇടയിൽ കാൎത്തികപൌൎണ്ണമി കേമമായി കൊണ്ടാടിവരുന്നതു സ്തുത്യൎഹംതന്നെ.

9. ഷഷ്ഠീവ്രതം.

താരകാദികളുടെ പീഡയാൽ വലഞ്ഞിരുന്ന ദേവന്മാരുടെ രക്ഷണത്തിന്നായി ജഗൽപിതാക്കളുടെ തനയനായി അവതരിച്ച സുബ്രഹ്മണ്യസ്വാമി ബാലനായി കളിച്ചു നടക്കുന്ന കാലത്തു് ഒരു ദിവസം വിഹായസ്സിൽകൂടെ ഹംസാരൂഢനായിപ്പോയിരുന്ന ബ്രഹ്മാവിനെക്കണ്ടിട്ടു് അദ്ദേഹത്തെ തടഞ്ഞുനിൎത്തി. അപ്പോൾ ബ്രഹ്മാവു്—

"കുട്ടികൾക്കു് എപ്പോഴും കളിയേയുള്ളു. ഞാൻ പോകട്ടെ. എനിക്കു തിരക്കുണ്ടു്" എന്നു പറഞ്ഞു.

സുബ്രഹ്മണ്യൻ— "അങ്ങ് ഓമിൽനിന്നാണു വേദങ്ങളുത്ഭവിച്ചതു് എന്നു ഞാൻ കേട്ടിട്ടുണ്ടു്. അതുകൊണ്ടു പ്രണവത്തിന്റെ അൎത്ഥം എന്തെന്നു് എനിക്കു പറഞ്ഞുതരണം. എന്നാൽ ഞാൻ അങ്ങയെ വിട്ടയയ്ക്കാം", എന്നു പറഞ്ഞു.

ബ്രഹ്മാ— "കഷ്ടം! വെറും ബാലനായ നിനക്കുണ്ടോ പ്രണവത്തിന്റെ അൎത്ഥം മനസ്സിലാകുന്നു? സിദ്ധന്മാരായ യോഗിശ്രേഷ്ഠന്മാർ അനേകം യുഗങ്ങളും പണിപ്പെട്ടിട്ടും അതിന്റെ താല്പൎയ്യം ഗ്രഹിക്കുവാൻ സാധിച്ചിട്ടില്ല. കളിക്കാതെ മാറിനില്ല്! ഞാൻ പോകട്ടെ."

സുബ്ര— "എന്നാലും എനിക്കു പറഞ്ഞുതന്നേ കഴിയൂ."

ബ്രഹ്മാ— "നീ ശാഠ്യത്തിൽ ചെന്നു തലയിട്ടിട്ടാവശ്യമില്ല. നിന്റെ ധിക്കാരം കുറെ കടന്നുപോകുന്നു. നിനക്കെന്നെക്കുറിച്ചു തെല്ലും ബഹുമാനമില്ലല്ലോ. ഞാൻ സൃഷ്ടികൎത്താവാണെന്നു് ഓൎമ്മയിരിക്കട്ടെ. ഞാൻ പരബ്രഹ്മമാണെന്നുതന്നെ

പറയാം. എനിക്കുതാതനു യാതൊന്നുംതന്നെയില്ല. ത്രിലോകേശനാണെന്നു നടിക്കുന്നതിൻെറ അച്ഛൻെറ ഉത്ഭവം തന്നെ എന്നിൽനിന്നാണു്. നിഷ്കളവും നിരഞ്ജനവുമായ പ്രണവത്തിൻെറ അർത്ഥം പരബ്രഹ്മമെന്നാകുന്നു. ആ പ്രണവം തന്നെയാണു് ഈ ഞാൻ. എല്ലാ വേദങ്ങളും എന്നിൽനിന്നാണുളവായതു്. ഈ കാണുന്ന സ്ഥാവരജംഗമങ്ങൾ സൃഷ്ടിച്ചവനും ഞാൻതന്നെ. നിന്നേയും ഞാനാണു സൃഷ്ടിച്ചതു്. അതിനാൽ നിൻെറ അഹങ്കാരമൊന്നും എന്നോടെടുക്കണ്ട."

ബ്രഹ്മാവിൻെറ വാക്കുകൾ കേട്ടപ്പോൾ ബാലസുബ്രഹ്മണ്യനു കോപമുജ്ജ്വലിച്ചു. അദ്ദേഹം ബ്രഹ്മാവിനെ കടന്നുപിടിച്ചു ബന്ധിച്ചുകൊണ്ടു പറഞ്ഞു.

"ശരി, അങ്ങയാണെല്ലാററിൻെറയും നാഥനെന്നും മററും ഘോഷിച്ചില്ലേ? അങ്ങയത്രമാത്രം ശക്തിമാനാണെങ്കിൽ അതിപ്പോൾ തെളിയിക്കണം. ഞാൻ കെട്ടിയിരിക്കുന്ന ഈ കെട്ടൊന്നഴിച്ചു; കാണട്ടെ."

സുബ്രഹ്മണ്യൻെറ ബന്ധനം വിടുത്തുവാൻ ബ്രഹ്മാവു പല കൌശലങ്ങളും പ്രയോഗിച്ചിട്ടും ഫലിച്ചില്ല. ഒടുവിൽ അദ്ദേഹം അന്ധകാരമയമായ ഒരു ഗുഹയിലായി എന്നു പറഞ്ഞാൽ പോരെ.

സുബ്രഹ്മണ്യൻ ബ്രഹ്മാവിനെ ബന്ധിച്ചു ഗുഹയ്ക്കുള്ളിലിട്ടതു കണ്ടിട്ടു ദേവകളും പരിഭ്രമിച്ചു. അനന്തരമെന്തുവേണ്ടുവെന്നറിയാതെ അവർ സനകാദികളെ വിളിച്ചു സുബ്രഹ്മണ്യൻെറ അരികത്തേക്കയച്ചു. അവർ ചെന്നു സുബ്രഹ്മണ്യനോടു നല്ല വാക്കുകൾ പറഞ്ഞുനോക്കി. പക്ഷേ അതുകൊണ്ടും പ്രയോജനമുണ്ടായില്ല. അവർ ഭീഷണിപ്പെടുത്തിനോക്കി. എന്നിട്ടും അവരുടെ ശ്രമം വിഫലമായതേയുള്ളൂ. സ്വാമിയിങ്ങിനെയാണവരോടു മറുപടി പറഞ്ഞതു്: "നിങ്ങളുടെ അച്ഛനെ ഞാൻ ബന്ധനത്തിലാക്കിയിരിക്കുന്നതുകൊണ്ടു നിങ്ങൾക്കു സങ്കടത്തിനവകാശമുണ്ടു്. ഞാൻ എളുപ്പത്തിൽ അദ്ദേഹത്തെ അഴിച്ചുവിട്ടു

മെന്നും അദ്ദേഹത്തെ സാഷ്ടാംഗം പ്രണമിക്കമെന്നും നിങ്ങൾ വിചാരിക്കണം. എന്റെ അച്ഛനോടും എന്നോടും അദ്ദേഹം നിന്ദിച്ചതിന്റെ ഫലം തെല്ലനുഭവിച്ചേ ഞാൻ പറഞ്ഞയയ്ക്കൂ. അതിനാലിനി നിങ്ങളൊരക്ഷരം പറയാതെ ക്ഷണം തിരിക്കണം." എന്നു തന്റെ വേത്രയഷ്ടിയിളക്കി.

സനകാദികൾ അവിടെനിന്നും പോന്നുപോയി ദേവകളോടുണ്ടായ സംഭവമറിയിച്ചു. ദേവകൾ ഒന്നുകൂടി ഭയവിഹ്വലന്മാരായി. എന്താണു പ്രവർത്തിക്കേണ്ടതെന്നു് അവർക്കു രൂപമുണ്ടായില്ല. ബ്രഹ്മാവു ബന്ധനസ്ഥനായശേഷം സൃഷ്ടികാര്യത്തിൽ വീഴ്ച വരുന്നതായി കണ്ടു ബാലസുബ്രഹ്മണ്യൻ തന്നെ സൃഷ്ടിക്കാനായൊരുങ്ങി. ബ്രഹ്മാവിന്റെ സൃഷ്ടിക്കു് ഒരു നിയമവുമില്ലെന്നാണദ്ദേഹത്തിനു തോന്നിയതു്. ബ്രഹ്മാവു ചെയ്യുംപോലെ മായാസമുദ്രത്തിൽ മുങ്ങി വലഞ്ഞു കൃതാന്തപുരിയെ പ്രവേശിക്കുന്ന മനുഷ്യരേയോ സിംഹവ്യാഘ്രാദി ദുഷ്ടമൃഗങ്ങളേയോ കൃമികീടാദി ജന്തുക്കളേയോ അദ്ദേഹം സൃഷ്ടിച്ചില്ല. സാത്വികന്മാരും സദാ പരമാത്മചിന്തയോടുകൂടിയവരുമായ മനുഷ്യരെ മാത്രമേ അദ്ദേഹം സൃഷ്ടിച്ചുള്ളൂ. ഇങ്ങിനെയായപ്പോൾ ലോകത്തിൽ രാഗദ്വേഷാദികൾ കുറഞ്ഞുതുടങ്ങി. അധർമ്മം കാട്ടു കയറുവാനുള്ള ഒരുക്കമായി. പിതൃപതിയ്ക്കും കിങ്കരന്മാർക്കും ജോലി ചുരുങ്ങിവന്നു. മനുഷ്യർക്കു മരണവുമില്ലെന്നായി. കാലം കൃതയുഗമായോ എന്നു ദേവകളും മുനികളും വിചാരിച്ചു. അതിനാൽ പ്രപഞ്ചരംഗത്തിൽ മർത്ത്യന്മാരായ നടന്മാരെക്കൊണ്ടു ജീവിതനാടകം സ്വേച്ഛപോലെ അഭിനയിപ്പിക്കുവാൻ മായാദേവിക്കു സാധിക്കാതെ വലയുന്നതു കണ്ടു നാരദൻ കൈലാസത്തിലേയ്ക്കു ചെന്നു. നാരദന്റെ വീണാഗാനം കേട്ടു സന്തുഷ്ടനായ പരമേശ്വരൻ അദ്ദേഹത്തെ ആദരിച്ചിരുത്തി കുശലപ്രശ്നം ചെയ്തശേഷം ലോകവാർത്തയെന്തെന്നു ചോദിച്ചു. ഭഗവാന്റെ കടാക്ഷത്താൽ ലോകത്തിൽ സകല ജീവികൾക്കും ഇപ്പോൾ പരമാനന്ദമാണെന്നും, അതു ബാലസുബ്രഹ്മണ്യന്റെ ശക്തികൊണ്ടാണെന്നുമറിയിച്ചു. അതെങ്ങിനെയാണെ

ന്നു ഭഗവാൻ ചോദിച്ചപ്പോൾ നാരദൻ ബ്രഹ്മാവിൻെറ ബന്ധനം മുതലായതെല്ലാം വിസ്തരിച്ചു ഭഗവാനോടു പറഞ്ഞു. ഭഗവാൻ ജ്ഞാനദൃഷ്ടികൊണ്ടു സർവ്വവും കണ്ടറിഞ്ഞശേഷം ബാലസുബ്രഹ്മണ്യനെ കൂട്ടിക്കൊണ്ടു ചെല്ലുവാൻ നാരദനെത്തന്നെ അയച്ചു.

നാരദമഹർഷി ചെല്ലുന്നതു കണ്ടപ്പോൾ സുബ്രഹ്മണ്യസ്വാമിയ്ക്കു കാര്യം മനസ്സിലായി. അദ്ദേഹം യാതൊന്നുമറിയാത്ത ഭാവത്തിൽ നാരദനെ കൂട്ടിക്കൊണ്ടുപോയി അർഘ്യപാദ്യാദികൾ നൽകി പൂജ കഴിച്ചു. നാരദൻ സ്വാമിയോടു് അച്ഛൻെറ കല്പനയുമറിയിച്ചു. അപ്പോൾ സ്വാമി ഇങ്ങിനെയാണു പറഞ്ഞതു്.

“അച്ഛനു് എന്നെക്കാണണമെന്നുമാത്രമേ ഇച്ഛയുള്ളുവെങ്കിൽ ഞാനിതാ വന്നേക്കാം. അതല്ല, ബ്രഹ്മാവിനെ വിടുവിക്കണമെന്നു വിചാരിക്കുകയാണെങ്കിൽ അച്ഛൻ അക്കാര്യത്തിലേർപ്പെടേണ്ട.”

നാരദനതു കേട്ടു വീണ്ടും ഭഗവാൻെറ അടുക്കലേയ്ക്കു തിരിച്ചു. അദ്ദേഹം തനിയെ ചെല്ലുന്നതു ഭഗവാൻ കണ്ടപ്പോൾ താൻ ചെല്ലാതെ കാര്യം നടക്കുകയില്ലെന്നു വിചാരിച്ചു നാരദനേയും കൂട്ടി പുറപ്പെട്ടു. ഇന്നത്തെ തിരുപ്പതിമലയിലിരുന്നുകൊണ്ടാണത്രെ സ്വാമിയന്നു സൃഷ്ടി മുതലായതു നടത്തിയിരുന്നതു്.

ശ്രീപരമേശ്വരൻ ചെല്ലുന്നതു കണ്ടു സ്വാമി ഓടിച്ചെന്നു നമസ്കരിച്ചു. അപ്പോൾ ഭഗവാൻ,

“ഉണ്ണീ! എന്തു സാഹസമാണു പ്രവർത്തിക്കുന്നതു്? വൃദ്ധന്മാരായ ഗുരുജനങ്ങളെ ഇങ്ങിനെ കഷ്ടപ്പെടുത്തുകയോ? എവിടെയാണു ബ്രഹ്മാവു്? അദ്ദേഹത്തെ വിമുക്തനാക്കി ഉണ്ണി ക്ഷമായാചനം ചെയ്യണം.”

സുബ്ര— “അച്ഛൻെറ കല്പന ലംഘിക്കുവാൻ ഇന്നാരുംതന്നെയില്ല. അതുപോലെ ചെയ്യാൻ ഞാൻ സന്നദ്ധനുമാണു്. എനിക്കു ബ്രഹ്മാവിൻെറ അഹംഭാവം ഒന്നു ശമിപ്പിക്കേണമെന്നുമാത്രമേ വിചാരമുണ്ടായിരുന്നുള്ളു. ഞാൻ പ്രണവത്തി

ൻെറ അൎത്ഥമെന്താണെന്നദ്ദേഹത്തോടു ചോദിച്ചപ്പോൾ, അദ്ദേഹം അച്ഛനെ നിന്ദിച്ചുകൊണ്ടാണ് ഉത്തരം പറഞ്ഞതു്. അദ്ദേഹത്തിൽനിന്നാണത്രെ അച്ഛൻെറ ജനനം. പ്രണവും വേദവും എന്നുവേണ്ട സൎവ്വവും അദ്ദേഹമാണെന്നും പറഞ്ഞു. എന്നാൽ അദ്ദേഹത്തെ ഒന്നു പഠിപ്പിക്കേണമെന്നു വിചാരിച്ചിങ്ങിനെ ചെയ്തതാണ്."

ഭഗവാൻ—"ആകട്ടെ, ഉണ്ണിയദ്ദേഹത്തെ കൂട്ടിക്കൊണ്ടു വരൂ. ഉണ്ണിക്കു പരമാൎത്ഥം മുഴുവൻ മനസ്സിലായിട്ടില്ലെന്നാണു തോന്നുന്നതു്. ബ്രഹ്മാവിൻെറ സൃഷ്ടിക്കും, വിഷ്ണുവിൻെറ രക്ഷകും, രുദ്രൻെറ സംഹാരത്തിന്നും ഞാൻ തന്നെയാണ് ഏൎപ്പെടുത്തിയിരിക്കുന്നതു്. അതിനാൽ ബ്രഹ്മാവിനെ ഉണ്ണി ബന്ധിച്ചാൽ എൻെറ ശാസന അന്യഥാകരിക്കയാണ്. സനകാദികൾ ഉണ്ണിയുടെ അരികത്തു വന്നുപദേശിച്ചപ്പോൾ അവരെ ഉണ്ണി നിന്ദിച്ചയച്ചതും ഭംഗിയായില്ല."

ഭഗവാൻ പറഞ്ഞപ്പോൾ സുബ്രഹ്മണ്യസ്വാമി ബ്രഹ്മാവിനെ വിമുക്തനാക്കിക്കൊണ്ടുവന്നു. ഭഗവാൻ അദ്ദേഹത്തെ ആലിംഗനം ചെയ്തു സമാധാനപ്പെടുത്തി. സുബ്രഹ്മണ്യസ്വാമിയെക്കൊണ്ടു ക്ഷമായാചനവും ചെയ്യിപ്പിച്ചു.

ബ്രഹ്മാവുപോയ ശേഷം സുബ്രഹ്മണ്യസ്വാമിയുടെ ഹൃദയത്തിൽ ഒരസ്വാസ്ഥ്യം തോന്നി. അതിനാൽ അദ്ദേഹം ശ്രീപരമേശ്വരനോടു ഇങ്ങിനെ പറഞ്ഞു.

"ബ്രഹ്മാവിനെ ബന്ധിച്ചതു വലിയ തെറ്റായിപ്പോയെന്ന് എനിക്കു തോന്നുന്നുണ്ടു്. അദ്ദേഹം അച്ഛൻെറ ആജ്ഞാകരനാണെന്നു ഞാനോൎക്കാത്തതു് എൻെറ ബുദ്ധിഹീനത തന്നെയാണ്. അതുകൊണ്ടു ഞാൻ സജ്ജനനിന്ദ്യനായിത്തീരാതിരിക്കുവാൻ അച്ഛൻ എന്നെ തക്കതായി ശിക്ഷിക്കേണമെന്നു ഞാനപേക്ഷിക്കുന്നു."

ഇങ്ങിനെ സുബ്രഹ്മണ്യസ്വാമി പറഞ്ഞപ്പോൾ കരുണാപയോധിയായ ഭഗവാൻ അത്യന്തം തുഷ്ടി പൂണ്ടു. അദ്ദേഹം സ്വാമിയെ മടിയിലിരുത്തി ശിരസ്സിൽ ചുംബിച്ചു സമാധാനി

പ്പിച്ചു. സ്വാമിക്കു തക്കതായ ഒരു ശിക്ഷ വിധിക്കുവാൻ ഭഗവാൻ തന്നെ നല്ല ധൈൎയ്യമുണ്ടായില്ല. ലോകാനുഗ്രഹാൎത്ഥം പരമന്നതായ പ്രായശ്ചിത്തം സ്വാമി തന്നെ നിശ്ചയിച്ച് അതുപോലെ പ്രവൎത്തിക്കുന്നതാണു നല്ലതെന്നു ഭഗവാൻ മുമതലയങ്ങോട്ടുതന്നെ ഏല്പിച്ചു.

ചരാചരകൎത്താവായ ബാലസുബ്രഹ്മണ്യൻ ലോകഹിതത്തിന്നായി സൎവ്വതോ ഭദ്രമായ തന്റെ സുന്ദരശരീരത്തെ യോഗമനസ്സരോരുഹസമ്പുടകത്തിൽ സൂക്ഷിച്ചു വെച്ചിട്ടു, സ്വേച്ഛോപാത്തമായ യോഗ്യസൎപ്പാകാരത്തോടുകൂടി സൎവ്വദിക്കിലും ഓടിക്കളിച്ചു തുടങ്ങി. പാപപരിഹാരത്തിന്നെന്നപോലെ ത്രൈലോക്യനാഥനിങ്ങിനെ നടക്കുന്ന കാലത്തു, ലോകജനനിയായ പാൎവ്വതീദേവി പുത്രന്റെ ദുൎദ്ദശ കേട്ടു ക്ലേശപരീതയായി.

"ഞാനതിഭാഗ്യഹീനയായല്ലോ മമ കൎമ്മം
ഞാനിനി ജീവിച്ചിരിക്കുന്നതു മെന്തിനായി.
പുത്രനൊന്നുണ്ടായെന്റെ കണ്ണുകൾ കുളുൎപ്പിച്ചു-
ഒന്നു ഞാൻ നോൽമ്പു നോറ്റു കഷ്ടപ്പാടെത്ര ചെയ്തു
ആരാലും വന്ദ്യനായിട്ടൊരുവിധമൊരു പുത്ര
നുണ്ടായൊന്നാനന്ദമേവം പിണഞ്ഞല്ലോ.
എന്തിനിച്ചെയ്യേണ്ടു ഞാനെവിടെത്തിരയേണ്ടു
ചിന്തിതം തവ എന്തോ ശ്രീലോകപ്പെരുമാളേ!"

ദേവിയിപ്രകാരം വളരെ നാൾ ദുഃഖത്തോടെ കഴിച്ചുകൂട്ടി. പുത്രനെക്കണ്ടെത്തുവാനും പുത്രന്റെ വൈരൂപ്യം തീൎക്കുവാനുമുള്ള വഴി പിന്നെയും അറിയാതെ കഴിഞ്ഞു. ഇനി ഈശ്വരഭജനം തന്നെ നല്ലതെന്നു തീൎച്ചയാക്കി, സോമവാരം, പ്രദോഷം, തിരുവാതിര, ശിവരാത്രി തുടങ്ങിയ വിശേഷദിവസങ്ങളിൽ ഉപവസിക്കുകയും ഭഗവദ്ധ്യാനം കൊണ്ടു തന്നെ ആ ദിവസം കഴിച്ചു പിറേറന്നു ബ്രാഹ്മണൎക്കു കാലു കഴുകിച്ചൂട്ടു കഴിച്ചശേഷം ഭക്ഷിക്കയും ചെയ്തു വന്നു. പുത്രാന്വേഷണത്തിന്നായി തന്റെ വിശ്വസ്തന്മാരായ ഭൃത്യന്മാരെ നാലു ദിക്കുകളിലേക്കും അയച്ചു. എവിടേയും സ്വാമിയെക്കണ്ടവരുണ്ടായിരുന്നില്ല. ദേവിയുടെ ഭജന

മുതലായവ നാൾതോറും കൂടിക്കൂടി വന്നു. ഇങ്ങിനെ ദേവി കിടന്നു കഴങ്ങുന്നതു കണ്ടിട്ട ഭഗവാൻ ദേവിയെ വിളിച്ചിങ്ങിനെ ഉപദേശിച്ചു.

"ഓരോരോ വ്രതമാചരിച്ചു വെറുതെ
തേടുന്നതെന്തിന്നമേ,
ആരംഭിയ്ക്കുക പാൎവ്വതാധിപസുതേ!
നീ ശുക്ലഷഷ്ഠീവ്രതം
നന്നായ് നിൻ മകനെ ഭജിയ്ക്കുക വനാ-
ന്നാൎത്താരകല്യാണ' മീ
നീ ചെയ്യും വ്രതമേകമെ സകലവും
മന്നിങ്കലും വിണ്ണിലും."

ഭഗവാന്റെ ഉപദേശമനുസരിച്ചു ഭഗവതി ഷഷ്ഠീവ്രതമാരംഭിച്ചു. ധനുമാസത്തിൽ ശുക്ലപഞ്ചമി നാൾ ഒരിക്കൽ മാത്രം ഭക്ഷിച്ച് അന്നു രാത്രി വെറും നിലത്തു കിടന്നു പിറേറന്നാൾ പ്രഭാതത്തിലെഴുന്നേററു സ്നാനാദികൾ കഴിഞ്ഞു. വേദോക്തപ്രകാരം സുബ്രഹ്മണ്യനെ പൂജിച്ചു പാരണ കഴിച്ചു. ഒന്നാമത്തെ വൎഷത്തിൽ വ്രതദിവസം നാഴിയരിയും നാഴി പാലുംകൂടി പാകം ചെയ്തു പായസമാക്കി പാരണ കഴിച്ചത്. രണ്ടാമത്തെ വത്സരത്തിൽ നാഴിയരിയും മൂന്നു പലം ശൎക്കരയും കൊണ്ടുള്ള പായസം പാരണയായി കഴിച്ചു. മൂന്നാമത്തെ കൊല്ലം നാഴിയരി കൊണ്ടുള്ള നിവേദ്യം മാത്രമെ ഭക്ഷിക്കയുണ്ടായുള്ളു. അതു നാലാം കൊല്ലത്തിലേയ്ക്കു നാഴിയരികൊണ്ട് ഒറപ്പമായി. അഞ്ചാം കൊല്ലത്തിൽ നാഴി പയറും മൂന്നു പലം ശൎക്കരയുംകൂടിയ മുൽഗമോദകം ഭക്ഷിച്ചു. ആറാം കൊല്ലത്തിൽ നാഴി പശുവിൻ പാൽ മാത്രം പാനം ചെയ്തു. ഏഴാം കൊല്ലത്തിൽ ആ സ്ഥാനത്തു് ഒരു ഇളനീരായി. എട്ടാം കൊല്ലത്തിൽ ഉഴക്കു പാനകം മാത്രം പാനം ചെയ്തു. ഒമ്പതാം വൎഷത്തിൽ ഏഴു മണി കുരുമുളകു നിവേദിച്ചു ഭക്ഷിച്ചു. ഇങ്ങിനെയായിരുന്നു ദേവിയുടെ പാരണക്രമം. ഈ മാതിരി തൊണ്ണൂറെറട്ടു ഷഷ്ഠി നോററു. തൊണ്ണൂറെറട്ടാമത്തെ ഷഷ്ഠി ദിവസം ആണ്ടികളേയും [illegible]വരെ ബ്രാഹ്മണരേയും ക്ഷണിച്ചു വരുത്തി കേമമായി കാലുകഴികിച്ചൂട്ടിയ ശേഷം ബ്രാഹ്മണൎക്കു ദക്ഷിണയും ചെയ്തു.

വ്രതാവസാനിച്ച ദിവസം സഹ്യാദ്രിയുടെ സാനുവിലുള്ള ഒരു ഘോരവനത്തിൽ ഒരു വല്മീകത്തിൻെറ മീതെ മേല്പ്പാൽ കടന്നായ പുത്രനെ സൎപ്പാകൃതിയിൽ ദേവി കണ്ടു. ഭക്തന്മാരുടെ കല്പതരുവും ദുഷ്ടന്മാരുടെ ദണ്ഡധരനുമായ സുബ്രഹ്മണ്യ ഭഗവാൻ സ്വപുത്രനാണെങ്കിലും, ദേവി സ്തോത്രങ്ങളാൽ സ്തുതിച്ചു. ദേവി പ്രസ്നുതസ്തനിയായിരുന്നു. അമ്മയ്ക്കു തൻെറ മേലുള്ള സ്നേഹാതിശയം കണ്ടപ്പോൾ സുബ്രഹ്മണ്യസ്വാമി തൻെറ പിതാവായ ശ്രീപരമേശ്വരനെ ധ്യാനിച്ചു. ഉടനെ ഭഗവാൻ ത്രയസ്ത്രിംശൽ കോടി ദേവകളോടും ബ്രഹ്മാവിനോടും വിഷ്ണുവിനോടും കൂടി അവിടെ പ്രത്യക്ഷനായി. ഭഗവാൻ കമലാപതി തൻെറ പാണിപങ്കജംകൊണ്ടു് ആ സൎപ്പവരൻെറ ഫാലത്തിൽ സ്പൎശിച്ചു. ആ മാത്രയിൽ സൎപ്പം ബാലസുബ്രഹ്മണ്യനായിത്തീരുകയും ചെയ്തു. വിഷ്ണു സുബ്രഹ്മണ്യനെയെടുത്താലിംഗനം ചെയ്തു ചുംബിച്ചു, പാൎവ്വതീദേവിയുടെ കയ്യിൽ കൊടുക്കയും ചെയ്തു. ശ്രീപരമേശ്വരൻ ദേവന്മാരെയും മഹാവിഷ്ണുവിനേയും മററും യാത്രയാക്കിയ ശേഷം ദേവിയോടും പുത്രനോടുംകൂടി കൈലാസം പ്രാപിക്കുകയും ചെയ്തു. പാൎവ്വതീദേവി അനുഷ്ഠിച്ചതുപോലെ ഈ വ്രതമനുഷ്ഠിക്കുന്നവരുടെ മുമ്പിൽ താൻ പ്രത്യക്ഷനായി അവരുടെ ആഗ്രഹങ്ങളെല്ലാം സാധിപ്പിക്കുമെന്നു സുബ്രഹ്മണ്യസ്വാമി തന്നെ പറകയുണ്ടായി. അന്നു മുതലാണു ഷഷ്ഠിവ്രതം പ്രചാരമായതു്. സ്വാമി പുററിൽനിന്നു വന്ന സ്ഥലത്തിനു വാത്മീകക്ഷേത്രമെന്നു പേരായിത്തീൎന്നു. ആ ക്ഷേത്രത്തിലെ പ്രസാദം പുററുമണ്ണാണെന്നു കേൾക്കുന്നുണ്ടു്. അതു് എല്ലാ വിഷബാധയ്ക്കും സിദ്ധൌഷധമാണെന്നു ഭക്തന്മാർ പറയുന്നുണ്ടു്.

ഇപ്പറഞ്ഞതു കൂടാതെ ഷഷ്ഠിവ്രതാനുഷ്ഠാനത്തിനുള്ള കാരണവും നിയമങ്ങളും വേറെയും കാണുന്നുണ്ടു. ഒരു വ്രതം സംബന്ധിച്ചുതന്നെ പല കാരണങ്ങളും പലതരങ്ങളും കേൾക്കുമ്പോൾ പലൎക്കും സന്ദേഹത്തിനു് ഇടയായേക്കാം. എങ്കിലും പൂൎവ്വകാലങ്ങളിൽ ആചാൎയ്യവൎയ്യന്മാരുടെ ഉപദേശാനുസൃതം ആചരിച്ചു വന്നിരുന്നതു് ഒരിക്കലും അവഗണനീയമായിരിക്കയില്ല

ന്നു നമുക്കു വിശ്വസിക്കാം. ഓരോരോ സന്ദർഭത്തിൽ ഓരോരോ കാരണംകൊണ്ടു് ഈശ്വരപ്രസാദം ഭക്തന്മാർക്കു ലഭിച്ചിരിക്കുന്നതിനാലാണല്ലോ നാമിന്നും അവ അനുഷ്ഠിച്ചുവരുന്നതു്. സൽകർമ്മത്തിനു നാശമില്ലെന്നുള്ളതു നിസ്സന്ദേഹമാണു്. അതിനാൽ ജനസാമാന്യത്തിന്റെ ശ്രദ്ധയ്ക്കു് ഇതിനെ അധികരിച്ചു് ഒരു കാരണവുംകൂടി വിഷയമാക്കേണമെന്നു വിചാരിക്കുന്നു.

താരകന്റെ ഭ്രാതാവായ ശൂരപത്മാവു ദേവകളെ കണക്കിലധികം പീഡിപ്പിച്ചു തുടങ്ങി. അവനന്റെ വരശക്തിയാൽ മഹാവിഷ്ണുവിനും അവനെ ഹനിക്കുവാൻ സാധിക്കാതെ വന്നു. അതുനിമിത്തം ബ്രഹ്മവിഷ്ണുമഹേന്ദ്രാദികൾ കൈലാസത്തിൽ ചെന്നു് അവരുടെ അവശതകൾ ശ്രീപരമേശ്വരനോടുണർത്തിച്ചു, ശൂരപത്മാവിന്റെ വധത്തിന്നായി ബാലസുബ്രഹ്മണ്യനെ അയച്ചു കൊടുക്കേണമെന്നപേക്ഷിച്ചു. ലോകരക്ഷണാർത്ഥം ഭഗവാൻ സുബ്രഹ്മണ്യസ്വാമിയെ അയയ്ക്കുവാനനുമതി നല്കി. എന്നാൽ പാർവ്വതീദേവിയ്ക്കു് അശേഷം മനസ്സുണ്ടായിരുന്നില്ല. ആരോമനോമന ലാളിച്ച കുമാരപ്പുത്രനെ ദുഷ്ടാഗ്രഗണ്യനും മായാവിയുമായ ശൂരപത്മാവിനോടെതിരിടുവാൻ എങ്ങിനെ അയയ്ക്കുമെന്നു വിചാരിച്ചു ഭഗവതി അത്യന്തം ഖിന്നയായി. ഒടുവിൽ ദേവന്മാരുടെ സങ്കടമറിയിച്ചപ്പോൾ ദേവി പുത്രനെ അനുഗ്രഹിക്കുകയും ദിവ്യായുധമായ ശക്തി പുത്രന്നായി നൽകി അയയ്ക്കുകയും ചെയ്തു.

സുബ്രഹ്മണ്യസ്വാമി ദേവന്മാരോടുകൂടിച്ചെന്നു ശൂരപത്മാവിനോടെതിർത്തു യുദ്ധവും തുടങ്ങി. അസുരപ്പട തികച്ചും ഒടുങ്ങിയെന്നു കണ്ടപ്പോൾ ശൂരപത്മാസുരൻ അടവുകൾ പലതും കാണിച്ചു. എന്നിട്ടും ജയമില്ലെന്നുകണ്ടപ്പോൾ മായാപ്രയോഗം തുടങ്ങി. സുബ്രഹ്മണ്യസ്വാമി ദിവ്യാസ്ത്രങ്ങൾകൊണ്ടു മായകളെല്ലാം നീക്കി നീക്കി യുദ്ധം ചെയ്തുകൊണ്ടിരിക്കുമ്പോൾ ശൂരപത്മാവു ദേവകളുടെ നേരെ മാത്രം മായ പ്രയോഗിച്ചു. സുബ്രഹ്മണ്യസ്വാമി അതു ധരിച്ചതുമില്ല. അസുരന്റെ മായ നിമിത്തം ദേവകൾക്കും മറവും സുബ്രഹ്മണ്യനേയും അസുരനേയും

കാണ്മാൻ കഴിഞ്ഞില്ല. അവരെ രണ്ടുപേരെയും ദേവകളും സർവ്വലോകങ്ങളിലും തിരഞ്ഞിട്ടുംകാണാഞ്ഞതിനാൽ അവർ മുറവിളികൂട്ടിക്കൊണ്ടു കൈലാസത്തു് പാഞ്ഞുചെന്നു. ദേവന്മാർ പറഞ്ഞു കേട്ടപ്പോൾ ദേവിയുടെ ദുഃഖം അവർണ്ണനീയമായിരുന്നു.

"എന്നുടെ ജീവനാകും നന്ദനൻതന്നെക്കാണാ-
ഞ്ഞെങ്ങിനെ ജീവിക്കുന്നതൊന്നെയ്യാൻ ശിവശിവ!
ദൈത്യകണ്ടകൻതന്റെ കയ്യിലകപ്പെട്ടോ ഉണ്ണി-
യ്യാരൊരാളുണ്ടായുള്ളൂ ദൈവമേ ചതിച്ചിതോ
ഓമനൻതന്നോടെല്ലാം നെഞ്ഞിലെവിടെല്ലന്നു
ഞാനന്നു പറഞ്ഞതല്ലോ നീയെങ്ങുപോകുന്നോമനേ!
നിന്റെപൂവൽമേനി തഴുകാതെ ഇവിധം
നിന്നെപ്പിരിയവേ എങ്ങിനെ ധരിയ്ക്കും ഞാൻ'

കഴിഞ്ഞ ആറു ദിവസങ്ങളായി ഭക്ഷ്യപാനീയങ്ങളും നിദ്രയുമുപേക്ഷിച്ചു സുബ്രഹ്മണ്യസ്വാമിയെ അന്വേഷിച്ചു നട്ടംതിരിഞ്ഞു വ്യസനാതുരന്മാരായിരുന്ന ദേവകളും ദേവിയുടെ ആവലാതികളും കേട്ടപ്പോൾ അസ്വസ്ഥചിത്തന്മാരായിത്തീർന്നു. അവരുടെ ആർത്തനാദം കേട്ടപ്പോൾ ശ്രീപരമേശ്വരൻ അവരെയിങ്ങിനെ സമാധാനിപ്പിച്ചു.

"നിങ്ങളുടെ വ്യസനം വെറുതെയാണ്. ഉണ്ണിക്കിപ്പോൾ യാതൊരപായവും നേരിട്ടിട്ടില്ല. ശൂരപത്മാസുരന്റെ മായ നിമിത്തമാണു നിങ്ങൾ ഉണ്ണിയെ കാണാഞ്ഞതു്. അവർ രണ്ടുപേരും ഇപ്പോഴും ഭൂമിയിൽനിന്നു യുദ്ധം ചെയ്യുന്നുണ്ടു്. അസുരന്റെ മായ നിങ്ങൾക്കനുഭവിക്കാതിരിക്കുവാൻ ഞാനൊരു സൂത്രം ചെയ്യാം' എന്നു പറഞ്ഞു ഭഗവാൻ ദിവ്യസൂത്രം ദേവകളുടെ കയ്യിൽ കെട്ടിയപ്പോൾ അസുരമായ വിട്ടുകയും അവർ സുബ്രഹ്മണ്യസ്വാമിയും അസുരനും യുദ്ധം ചെയ്തുകൊണ്ടിരിക്കുന്നതു കാണുകയും ചെയ്തു. ഉടനെ അവർ സ്വാമിയുടെ അരികത്തു ഓടിയെത്തി. സ്വാമിയുടെ ബാലക്രീഡാതുല്യമായ യുദ്ധം അവസാനിക്കാതെ പിന്നെയും ദീർഘിക്കുന്നതു ദേവന്മാർ കണ്ടു് അദ്ദേഹത്തെ സ്തുതിക്കുകയും, അസുരന്റെ മായാപ്രയോഗം സ്വാമിയെ അറിയിക്കുകയും ചെയ്തു. അപ്പോൾ ക്രോധാവിഷ്ടനായി

ത്തിന്ന സ്വാമി, മാതൃദത്തമായ ശക്തിയാൽ അസുരനെ അന്തകാലയത്തിലേക്കു യാത്രയാക്കി ലോകബാധ നശിപ്പിച്ചു. അന്നായിരുന്നു തുലാമാസത്തിലെ ശുക്ലഷഷ്ഠി. സ്വാമിയെ ദേവന്മാർ കാണാതെ അന്വേഷണം തുടങ്ങി ഏഴാമത്തെ ദിവസമാണ് അസുരനെ നിഗ്രഹിച്ചതു്. അപ്പോൾ ഉച്ചതിരിഞ്ഞു് ആറടിയും ആറംഗുലവും ചെന്നിരുന്നു. ആ സമയത്തിന്നു "സ്കന്ദസന്ധ്യ" എന്നു പറയുകയും ചെയ്യു. ദേവന്മാരത്യന്തം സന്തുഷ്ടമാനസന്മാരായി സ്വാമിയോടുകൂടി ഭക്ഷണം കഴിച്ചതുകൊണ്ടാണു "സ്കന്ദസന്ധ്യ"യെന്നു പേരു വന്നതു്. ഇതിന്റെ അവശിഷ്ടമാണു ഇന്നും നടക്കുന്ന ശൂരൻപട. ചില ദിക്കുകളിൽ വൃശ്ചികമാസത്തിലെ ശുക്ലഷഷ്ഠി മുതൽ വ്രതമാരംഭിച്ചു പന്ത്രണ്ടാമത്തെ ഷഷ്ഠിയാകുന്ന തുലാമാസത്തിൽ ശുക്ലഷഷ്ഠിനാൾ കാലംകൂടുന്നു. ചിലർ ഈ വ്രതംതന്നെ ആറുകൊല്ലംകൊണ്ടു് അവസാനിപ്പിച്ചുവരുന്നു. ദേവന്മാർ ആറു ദിവസം ഉപവസിച്ചുംകൊണ്ടന്വേഷണം ചെയ്തു്, ഏഴാം നാളാണല്ലോ സ്വാമിയെ കണ്ടെത്തിയതു്. ദേവന്മാരുടെ ഒരു ദിവസം മനുഷ്യരുടെ ഒരു കൊല്ലമാണെന്നാണു പറഞ്ഞുവരുന്നതു്. അതിനാലവരുടെ ആറുദിവസത്തെ വ്രതം മനുഷ്യർ ആറുകൊല്ലംകൊണ്ടു തീർപ്പാനാകുന്നതാണ്. ഈ വ്രതമാചരിക്കുമ്പോൾ സാധാരണമായി പാരണ ചെയ്യുന്ന ക്രമവുംകൂടി പറയുന്നതു് ഉപകാരമായിരിക്കുമല്ലോ. ഒന്നാമത്തെ കൊല്ലത്തിൽ നാഴിയരിയും നാഴി പാലും കൊണ്ടുള്ള പായസവും, രണ്ടാം കൊല്ലത്തിൽ നാഴിയരികൊണ്ടുള്ള വെള്ളനിവേദ്യവും, മൂന്നാംകൊല്ലത്തിൽ ഒരു ഇളനീരും, നാലാം കൊല്ലത്തിൽ നാഴി പാനകവും, അഞ്ചാംകൊല്ലത്തിൽ ശംഖു പാലും, ആറാംകൊല്ലത്തിൽ ആറുമണി കുരുമുളകുമാണു പാരണ കഴിച്ചുവരുന്നതു്.

ദ്രാവിഡഭാഷകളിലുള്ള 'സുബ്രഹ്മണ്യപരാക്രമങ്ങളും' മറ്റും വായിച്ചിട്ടുള്ളവർക്കു ഇതിൽ ചിലേടങ്ങളിൽ ചില വ്യത്യാസങ്ങളുണ്ടെന്നു തോന്നാമെങ്കിലും, ആ വ്യത്യാസങ്ങൾ പലർക്കും പല ഗ്രന്ഥങ്ങളുമുണ്ടാകുവാനിടയുള്ളതുകൊണ്ടു

ണ്ടു് അവ വിട്ടുകളഞ്ഞിട്ടുള്ളതു. ഷഷ്ഠിവ്രതാനുഷ്ഠാനംകൊണ്ടുണ്ടാവുന്ന ഗുണങ്ങൾ നമ്മുടെയിടയിൽ സർവ്വസാധാരണമായിരിക്കുന്നതുകൊണ്ടാണു പ്രത്യേകം ഉദാഹരണം കാണിക്കാത്തതു്.

10. ഏകാദശീവ്രതം.

ഏകാദശീവ്രതം ഭാരതഖണ്ഡത്തിൽ സർവ്വത്ര പ്രചാരമായ ഒരു വ്രതമാണല്ലോ. എങ്കിലും ഏകാദശീവ്രതം അനുഷ്ഠിക്കുന്നതിൽ പലൎക്കും പല അഭിപ്രായമാണു്. ഏകാദശിനാൾ ശാല്യന്നം ഭക്ഷിക്കാതെ അതിന്റെ സ്ഥാനത്തു ഗോതമ്പു മുതലായ ധാന്യങ്ങൾ മൃഷ്ടമായി ഉപയോഗിച്ചുവരുന്നവരാണു് അധികം. ഏകാദശീവ്രതനിയമങ്ങളെ അവർ തീരെ ശ്രദ്ധിക്കുന്നില്ലെന്നു മാത്രമല്ല, നിന്ദിക്കുകപോലും ചെയ്യുന്നുണ്ടെന്നു പറവാൻ അധൈര്യമൊട്ടും തോന്നുന്നില്ല. വ്രതക്രമങ്ങളറിയാത്തതിനാലും ചിലർ തെററിയാചരിക്കുന്നുണ്ടു്. അതിനാൽ അവരുടെ അറിവിന്നായി പുരാണോക്തമായ നിയമങ്ങളെടുത്തു ചുരുക്കിപ്പറയാം.

ഏകാദശ്യാന്നഭുഞ്ജീത
പക്ഷയോരുഭയോരപി

ഏകാദശി രണ്ടുപക്ഷമാണു്. രണ്ടിലും ഭക്ഷണംകൂടാതിരിക്കണം. ഒന്നാമത്തേതു ദശമിസംബന്ധമായതും രണ്ടാമത്തേതു ദ്വാദശി സംബന്ധമായതുമാകുന്നു. ഇവ ക്രമത്തിൽ പിതൃപക്ഷമെന്നും ദേവപക്ഷമെന്നും പറഞ്ഞുവരുന്നു. ഇവ തമ്മിലുള്ള അന്തരമെന്തെന്നാൽ,

മുക്തികാമികൾക്കെല്ലാമന്ത്യമാശമല്ലോ
ഭുക്തികാമികൾക്കാദിമാശവുമതല്ലോ.

പൈതൃകക്രിയകൾക്കു ദശമിചേൎന്ന ഏകാദശി വളരെ പ്രധാനമാണെന്നു മാത്രമല്ല, ദ്വാദശി ചേൎന്നിട്ടുണ്ടെങ്കിൽ അനൎത്ഥകരവുമാകുന്നു. ഏകാദശീവ്രതമനുഷ്ഠിക്കുന്നവർ ഇതാദ്യംതന്നെ അറിഞ്ഞിരിക്കേണ്ടതാണു്. ദേവപക്ഷമായ ദ്വാദശി ചേൎന്ന ഏകാദശിയാണു നാമാചരിച്ചുവരുന്നതു്. എന്നാൽ ദേവന്ത

ന്മാക്കു രണ്ടും വിരോധമില്ലെന്നും വിധിയുണ്ടു്. ആ നിയമം ജനങ്ങൾക്കു പൊതുവേ ബാധകമാകുന്നതല്ല.

അല്പമേ ദശമിസംബന്ധമുണ്ടെന്നുവന്നാൽ
നോല്പതിന്നേകാദശി കൊള്ളരുതെന്നാലും
ആരാലേകാദശി സ്വല്പമുണ്ടെന്നുവന്നാൽ
ദ്വാദശിതന്നെ നോറ്റുകൊള്ളുവിൻ ബുധന്മാരേ;
ചെറുതാൻ ദശമിസംബന്ധമുണ്ടേകാദശ്യാം
പിറ്റെന്നാളേകാദശി ചെറുതില്ലെന്നുവന്നാൽ
പിറ്റെന്നാളുപവാസം ചെയ്തുകൊള്ളണമെന്നിങ്ങനെ
കുറവില്ലതുകൊണ്ടു ഗോവിന്ദൻ പ്രസാദിക്കും.

ദശമിസംബന്ധമായ ഏകാദശി കുറച്ചുമില്ലാതെ വന്നാലും അന്നാണു നോല്ക്കേണ്ടതു്. ചിലരിതിന്നു ദ്വാദശി നോൽമ്പ് എന്നാണു പറയാറുള്ളതു്.

പൂർവ്വസംബന്ധമുള്ള ദിനത്തെത്യജിക്കുവിൻ
പൂർവ്വദേവന്മാർക്കായിക്കൊള്ളുമപ്പോഴും പൂരം.

അതുകൊണ്ടു മുക്തികാംക്ഷികൾ ഉത്തരസംബന്ധമുള്ളതേ കൈക്കൊള്ളാവൂ.

ദശമിനാൾ ഏകഭോജനമേ പാടുള്ളൂ. അന്നുരാത്രി ശയ്യോപധാനങ്ങൾ വെടിഞ്ഞു ഭൂതലത്തിൽ ശയിക്കയുംവേണം. പുലർകാലേ സ്നാനംചെയ്തു ശുഭ്രവസ്ത്രം ധരിച്ചു് അനവരതം മുകുന്ദപാദംതന്നെ ധ്യാനിക്കുക.

ഉണ്ണുകയുമുറക്കമെണ്ണയും താംബൂലവും
പെണ്ണിനോടിണക്കവും കോപവും ത്യജിക്കണം.

വേണമെങ്കിൽ തുളസീതീർത്ഥം സേവിക്കാം. കൂടിയേകഴിയൂവെങ്കിൽ ജീവസന്ധാരണത്തിന്നു മാത്രം ഫലമൂലങ്ങൾ കുറച്ചു ഭക്ഷിക്കുവാനും വിരോധമില്ല. ജലപാനംപോലുമുപേക്ഷിക്കുന്നതാണുത്തമം. ദിവാരാത്രം ഈശ്വരധ്യാനത്തോടെ മൌനിയായിരിക്കയും ചെയ്യണം. ദ്വാദശിനാളുഷസ്സിലെഴുന്നേറ്റു പൂജാദികൾ കഴിച്ചു ബ്രാഹ്മണന്നു കാലുകഴുകിച്ചൂട്ടുകഴിച്ചു ദക്ഷിണയും ചെയ്തു പാരണ കഴിക്കണം. അന്നാൾ പിന്നെ ശയ്യാ

രം പാടില്ലാത്തതാകുന്നു." ഏകാദശീവ്രതത്തിനു വേദാന്തപരമായിട്ടു പണ്ഡിതന്മാർ പലവിവരണങ്ങളും കൊടുത്തിട്ടുണ്ട്. അവയൊന്നും തൽക്കാലമിവിടെ ചേർക്കുന്നില്ല.

രുക്മാംഗദരാജാവിന്റെ കാലത്തു് ഏകാദശിയെന്ന നാമം പോലും മനുഷ്യർക്കു പരിചയമായിരുന്നില്ല. അതിനാലതിന്റെ ആഗമമറിയുന്നതു് എല്ലാവർക്കുമാവശ്യമാണല്ലോ. രുക്മാംഗദരാജാവിന്റെ നയനമോഹനമായിരുന്ന മലർവാടിയിൽ മല്ലികാമല്ലിക തുടങ്ങിയ വല്ലീമതല്ലികളിലുണ്ടായിരുന്ന പുഷ്പങ്ങളിലൊന്നുപോലും രാജാവിനു കിട്ടിയിരുന്നില്ല. പുഷ്പമപഹരിച്ചിരുന്നവരെ എത്ര പണിപ്പെട്ടിട്ടും കണ്ടുപിടിക്കുവാൻ സാധിച്ചതില്ല. തസ്കരന്മാരെ പിടിച്ചു ഹാജരാക്കാത്ത പക്ഷം ഉദ്യാനപാലകന്മാരുടെ ശിരച്ഛേദം ചെയ്യുന്നതാണെന്നു രാജാവു് ഉഗ്രമായ ശാസനയും കൊടുത്തു. ശിരസ്സു പോകുമെന്നറിഞ്ഞപ്പോൾ ഭടന്മാർ നിദ്രവെടിഞ്ഞു തസ്കരന്മാരെ കണ്ടുപിടിപ്പാനൊളിച്ചിരുന്നു. ത്രിയാമയിൽ തൃതീയ യാമമായപ്പോൾ അർക്കസന്നിഭമായ ഒരു വിമാനം ഉദ്യാനമദ്ധ്യത്തിലിറങ്ങി. അതിലുണ്ടായിരുന്ന അപ്സരസ്ത്രീകൾ നിശ്ശങ്കം കുസുമങ്ങളറുത്തുതുടങ്ങി. വനപാലകന്മാർക്കു് അവരുടെ നികടത്തിൽ ചെല്ലുവാൻ ധൈര്യമുണ്ടായില്ല. പുഷ്പാപചയം കഴിഞ്ഞു ചതുർത്ഥയാമത്തിനു തെല്ലുമുമ്പു ആ വനിതാരത്നങ്ങൾ വിമാനാരൂഢകളായി അംബരത്തിലേക്കു ഗമിക്കയും ചെയ്തു.

പിറേറന്നാൾ കാവല്ക്കാർ രാജാവിനോടു രാത്രിസംഭവമുണർത്തിച്ചു. ദേവനാരികളായാലും മോഷണപ്രവൃത്തി തുടർന്നാൽ ശിക്ഷിക്കേണ്ടതു തന്റെ മുറയാണെന്നു കരുതി രാജാവു തന്നെ അന്നു രാത്രി ഉദ്യാനത്തിൽ ചെന്നു. നിശീഥിനീമദ്ധ്യത്തിൽ പതിവുപോലെ ദേവസ്ത്രീകൾ വിമാനത്തിൽ വന്നു ഉദ്യാനത്തിലിറങ്ങി പുഷ്പങ്ങളറുത്തുതുടങ്ങി. പൂക്കളറുത്തു അവർ വിമാനത്തിൽ കയറിയതും രാജാവു വിമാനം പിടിച്ചുനിർത്തിയതും ഒരുനിമിഷത്തിലായിരുന്നു. മാനുഷസ്പർശം നിമിത്തം വിമാനം ഭൂമിയിലുറച്ചുപോയി. രാജാവു ദേവനാരികളുടെ

ചോരണശീലം നിന്ദിച്ചുകൊണ്ടു പരുഷവചനങ്ങൾ പറഞ്ഞുതുടങ്ങി. പക്ഷെ അതുകൊണ്ടു ഫലമുണ്ടായില്ല. വിമാനമിളകാഞ്ഞതിനാൽ പ്രഭാതത്തിൽ മനുഷ്യദർശനത്തിന്നുമുമ്പു ദേവസ്ത്രീകൾക്കു പുഷ്പവാടി വിട്ടുവാൻ നിവൃത്തിയില്ലാതായി. അവൎക്കു പരിഭ്രമവും കോപവുമുദിച്ചു. രാജാവിനെ ശപിക്കണമെന്നുള്ള ഭാവമായപ്പോൾ അദ്ദേഹമവരെ പ്രണമിച്ചു് അഭയം യാചിച്ചു. വിമാനമിളകുവാനുള്ള ഉപായം ചെയ്തുകൊടുത്താൽമതിയെന്നവരും പറഞ്ഞു. വിമാനമെങ്ങിനെയിളകും? രാജാവിന്റെ ഹൃദയത്തിൽ തീയാളി. അന്നു് ഏകാദശിയാണെന്നും ഏകാദശിവ്രതമനുഷ്ഠിച്ചവർ സ്പർശിച്ചാൽ വിമാനത്തിന്നു ചലനമുണ്ടാകുമെന്നും ദേവസ്ത്രീകളറിയിച്ചു. രാജാവിന്നോ അന്നുണ്ടായിരുന്ന മനുഷ്യൎക്കോ ഏകാദശിയെന്നാലെന്താണെന്നുതന്നെ നിശ്ചയമില്ലായിരുന്നു. എന്നാൽ അന്നു് അന്നപാനാദികളും നിദ്രയുമുപേക്ഷിച്ചവർ വല്ലവരുമുണ്ടോ എന്നു് അന്വേഷിക്കുവാൻ ദേവസ്ത്രീകൾ പറഞ്ഞു. അതുപോലെ രാജഭടന്മാർ ചോദിച്ചുനടന്നു. എന്നാലവൎക്കധികം ദൂരെ പോകേണ്ടിവന്നില്ല. രാജ്ഞിയുടെ ദാസിയെ അന്നു കാലത്തു അവർ കഠിനമായി ശിക്ഷിച്ചിരുന്നതിനാൽ അവൾ ആഹാരനിദ്രാദികൾ കൂടാതെ വെറും നിലത്തു കിടന്നു കരയുകയായിരുന്നു. ഭടന്മാരവളെക്കൂട്ടിക്കൊണ്ടുചെന്നു വിമാനം തൊട്ടുവിച്ചപ്പോൾ അതുയൎന്നുപോകയുംചെയ്തു.

ഇപ്രകാരമാണു് ഏകാദശീവ്രതത്തിന്റെ മാഹാത്മ്യമെന്നറിഞ്ഞ രുഗ്മാംഗദരാജാവു തന്റെ ഗുരുപുംഗവനായ വസിഷ്ഠമഹർഷിയോടുപദേശങ്ങൾ വാങ്ങി, ഏകാദശിവ്രതം തന്റെ രാജ്യത്തിലുള്ള സകല ജനങ്ങളുമനുഷ്ഠിക്കേണ്ടതാണെന്നു പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. രാജാവും പത്നിയായ സന്ധ്യാവലിയും ഏകപുത്രനായ ധൎമ്മാംഗദനും അനുഷ്ഠിച്ചുവന്നതുപോലെ പ്രജകളും വിഷ്ണുവാസരവ്രതം തുടങ്ങി. ഇങ്ങിനെ കാലം കുറെ ചെന്നപ്പോൾ ശോണദീപകമായ ലോകങ്ങളും വിഷ്ണുചിഹ്നങ്ങളുള്ള ഭക്തന്മാരെക്കൊണ്ടു പ്രത്യേകം പൂൎണ്ണമായി വന്നു. അ

തിന്നുപകരം അന്തകരാജധാനി ശൂന്യതയേയും പ്രാപിച്ചു. നരകങ്ങളെല്ലാം അഗ്നി കെട്ട ശവപ്പുഴികളായിരിക്കുന്നു. പാപികളില്ലാതായി. ചിത്രഗുപ്തന്നു വിശ്രമവും ലഭിച്ചു. ധർമ്മരാജാവിന്നും ജോലിയില്ല. ഇതുപോലെ ദേവലോകവും വിജനമായിത്തീൎന്നു.

ഒരിക്കൽ ധർമ്മരാജാവു ചിത്രഗുപ്തനേയും നാരദനേയും ദേവേന്ദ്രനേയും മററും കൂട്ടിക്കൊണ്ടു ബ്രഹ്മാവിനെച്ചെന്നു കണ്ടു നമസ്കരിച്ചു,

"ലോകൈകനായക! ദയാവാരിധേ! ചതുർമ്മുഖ!
പാകശാസനാദ്യമരസേവിത! ജയ!
കാത്തുകൊള്ളുകയെന്റെ സ്ഥാനമാനങ്ങളെല്ലാം
നഷ്ടമായ്പോകുന്നു നാഥ! നമ്മുടെയധികാരം."

എന്നും മററും കരഞ്ഞുകൊണ്ടു സ്തുതിച്ചപ്പോൾ ധർമ്മരാജന്റെ സങ്കടമെന്തെന്നു ബ്രഹ്മാവു ചോദിച്ചു. അപ്പോൾ അദ്ദേഹമിങ്ങിനെ പറഞ്ഞു.

"രുക്മാംഗദരാജാവ് ഏകാദശീവ്രതാനുഷ്ഠാനത്താൽ തന്റെ പ്രജകളെ മുഴുവൻ വിഷ്ണുലോകത്തയയ്ക്കുന്നു. അവിടുത്തെ കല്പന നിരാകരിപ്പാൻ എനിക്കു സാധിക്കാതെ വന്നിരിക്കുന്നതിനാൽ മേലിൽ ധർമ്മരാജാവ് എന്ന സ്ഥാനത്തിന്ന് എന്നെ ഒഴിവാക്കിത്തരേണമെന്നുമാത്രമേ എനിക്കു പ്രാർത്ഥനയുള്ളു. ഈ ചിത്രഗുപ്തനിപ്പോൾ വെറുതെ ഉറങ്ങിക്കഴിക്കയാണ്. എന്റെ കിങ്കരന്മാരങ്ങിനെതന്നെ. ഈ രീതിയിൽ പ്രവൃത്തിയെടുക്കാതെ വൃഥാ ഞങ്ങളധികാരികളെന്ന സ്ഥാനപ്പേർ വഹിച്ചിരുന്നിട്ടു ഫലമെന്താണ്?"

യമന്റെ സങ്കടം കേട്ടു ബ്രഹ്മാവിങ്ങിനെ സമാധാനം പറഞ്ഞു. 'അങ്ങയെന്തിനാണാവലാതി പറയുന്നത്? സൽകർമ്മം ചെയ്യുന്നവർക്ക് അതിന്റെ ഫലം ലഭിക്കുന്നതല്ലേ? വിഷ്ണുഭക്തന്മാർ വിഷ്ണുലോകത്തേയ്ക്കു പോകുന്നതുകൊണ്ട് അങ്ങയെന്തിന്നു ദുഃഖിക്കുന്നു? [illegible]ല്ലേ?

ഇങ്ങിനെ ബ്രഹ്മാവു പറഞ്ഞു വിരമിച്ചപ്പോൾ ദേവരാജാ

വു മുതലായവർ ശ്രീഹരിയെ നമസ്കരിച്ചു, കൃതാന്തന്റെ സങ്കടം തീൎത്തുകൊടുക്കണമെന്നു വീണ്ടും വീണ്ടും യാചിച്ചു. ബ്രഹ്മാവപ്പോൾ സർവ്വമോഹിനിയായ ഒരു നാരിയെ സൃഷ്ടിച്ച് അവൾക്കു മോഹിനിയെന്നു നാമകരണവും ചെയ്തിട്ടിങ്ങിനെ പറഞ്ഞു.

'സാകേതാധിപനായ രുഗ്മാംഗദൻ ഏകാദശിവ്രതംകൊണ്ടു സർവ്വലോകങ്ങളും ജയിച്ചിരിക്കുന്നു. അദ്ദേഹം മന്ദരാചലതടങ്ങളിൽ വേട്ടയാടുവാൻ വരുമ്പോൾ നീയവിടെച്ചെന്നു നില്ക്കണം. നിന്റെ സൌന്ദൎയ്യത്താലദ്ദേഹം മോഹിതനായി നിന്നോടു പത്നിയായിരിക്കുവാനപേക്ഷിക്കും. എന്നാൽ നീയദ്ദേഹത്തോടു രണ്ടു വരങ്ങൾ വാങ്ങി, അദ്ദേഹത്തെ അനുഗമിക്കുക. അതിനുശേഷം ഏകാദശിനാൾ ഭക്ഷണം കഴിക്കണമെന്നു നിൎബ്ബന്ധിക്കണം. അതദ്ദേഹം ചെയ്യാതിരുന്നാലദ്ദേഹത്തിന്റെ ഏകപുത്രനായ ധർമ്മാംഗദനെ പ്രഥമപത്നിയായ സന്ധ്യാവലിയുടെ മടിയിലിരുത്തി അദ്ദേഹത്തോടു വധിക്കുവാൻ പറയുക. എന്നാലദ്ദേഹമേകാദശിനാൾ ഭുജിക്കയും അതിനാൽ ധർമ്മരാജാദികളുടെ സങ്കടം തീരുകയും ചെയ്യും' എന്നു പറഞ്ഞ് അവളെ യാത്രയയച്ചു.

രുഗ്മാംഗദൻ പുത്രനായ ധർമ്മാംഗദനെ യുവരാജാവായി അഭിഷേകം ചെയ്തു, അദ്ദേഹം അശ്വാരൂഢനായി ചില സ്നേഹിതന്മാരോടുകൂടി വേട്ടയാടുവാൻ പുറപ്പെട്ടു. അവർ വേട്ടയാടിക്കൊണ്ടു മന്ദരാചലത്തിന്റെ ഉപകണ്ഠത്തിലെത്തിയപ്പോൾ കാമിനീമണിയായ മോഹിനിയെ രാജാവു കണ്ടെത്തിയ മാത്രയിൽ അദ്ദേഹത്തിന്റെ ചിത്തധൈര്യം ശിഥിലമായി. അവളോടു തന്റെ പ്രണയിനിയായിരിക്കണമെന്നൎത്ഥിക്കുകയും, പിതാമഹൻ പറഞ്ഞിട്ടുള്ളതുപോലെ അവൾ രണ്ടു വരങ്ങൾ വാങ്ങിച്ച് അദ്ദേഹത്തെ ഭർത്താവായി സ്വീകരിക്കയും ചെയ്തു. രാജാവു മോഹിനിയോടുകൂടി മനോരഥത്തിനൊത്ത വണ്ണം ക്രീഡിച്ചുകൊണ്ടു കോസലത്തിലെത്തി. സന്ധ്യാവലിയും ധർമ്മാംഗദനും മോഹിനിയോടുകൂടി ആഗതനായ രാജാവിനെ സാദരമെതി

രോടു. അദ്ദേഹം ഇതുവരെ നടന്ന സംഭവങ്ങളറിയിച്ചു. സന്ധ്യാവലി മോഹിനിയെ സപത്നിയായും, ധർമ്മാംഗദൻ ഇളയമ്മയായും കരുതി ആദരിച്ചുവന്നു.

കാലമൊട്ടങ്ങിനെ കഴിഞ്ഞപ്പോൾ രാജാവ് ഒരു ഏകാദശിനാൾ അന്നപാദികളുപേക്ഷിച്ചു, വിഷ്ണുധ്യാനനിരതനായിരിക്കുന്നതു കണ്ടിട്ടു മോഹിനിയദ്ദേഹത്തിന്റെ സമീപത്തു ചെന്നു വ്രതഭംഗം ചെയ്യാൻ പലതും പറഞ്ഞു നോക്കി. ആ ഉപായങ്ങൾ വിഫലീഭവിച്ചപ്പോൾ, അദ്ദേഹം ദാനം ചെയ്ത വരങ്ങളോർമ്മപ്പെടുത്തി. രാജാവപ്പോൾ തന്റെ അവിവേകത്തെക്കുറിച്ചു പശ്ചാത്തപിച്ചുവെങ്കിലും അദ്ദേഹം വിഷ്ണുവാസരവ്രതത്തിനു ഭംഗം ചെയ്യുന്നതല്ലെന്നു ശഠിച്ചു പറഞ്ഞു. ഒന്നാമത്തെ വരം ഭഗ്നമായപ്പോൾ മോഹിനി രണ്ടാമത്തെ വരമവലംബിച്ചു, ധർമ്മാംഗദനെ സന്ധ്യാവലിയുടെ അങ്കത്തിലിരുത്തി അദ്ദേഹം ഖഡ്ഗം കൊണ്ടു പുത്രന്റെ കണ്ഠച്ഛേദം ചെയ്യണമെന്ന് അവൾ ശഠിച്ചു. ഇത്രയും കഠിനമായുള്ള വാക്കുകൾ അവളുടെ വദനാരവിന്ദത്തിൽനിന്നും നിർഗ്ഗളിക്കവേ വിശുദ്ധനായ രാജാവു ചിന്തിച്ചിരുന്നപ്പോൾ അദ്ദേഹത്തിന്റെ അപ്പോഴത്തെ സ്ഥിതിയെത്ര ദയനീയമായിരിക്കണം! മോഹിനിയെ അവളുടെ ദുരാഗ്രഹത്തിൽനിന്നും നിവർത്തിപ്പിക്കുവാനദ്ദേഹം ഏറ്റു പറഞ്ഞിട്ടും പററിയില്ല. മോഹിനിയുടെ ഹൃദയം വജ്രതുല്യം തന്നെയായിരുന്നു.

രാജാവിന്റെ സങ്കടം സന്ധ്യാവലിയറിഞ്ഞു. പുത്രനെ വധിച്ചാലും വ്രതം മുടക്കി കൂടായെന്നു രാജ്ഞിയും നിർബ്ബന്ധിച്ചു. ധർമ്മാംഗദൻ - ധൈര്യത്തോടും സന്തോഷത്തോടും അമ്മയുടെ അങ്കത്തിലിരുന്ന്,

"രക്ഷിപ്പാനായുള്ളതല്ലീ ഞാൻ നിന്റെ സത്യം
രക്ഷിപ്പാൻ പ്രാണത്യാഗം ചെയ്യുകിലെന്നോർത്തൊട്ടേൻ
എന്നെ നീ വധിച്ചാലും പിന്നെ നീ ഭുജിച്ചാലും
അന്യഥാ വരുവതോ ഞാനിഹ ജീവിക്കുമ്പോൾ"

എന്നു രാജാവിനോടു വാശി പറഞ്ഞു. അഹോ മഹാ ഭയങ്കരം!

വ്രതത്തിന്നു ഹാനിവരുത്തുന്നതല്ലെന്ന് അദ്ദേഹമുറച്ചു. പാണിയിൽ കരാളകൃപാണമെടുത്തു. അദ്ദേഹം കരടി മുമ്പോട്ടു വെച്ചപ്പോഴേയ്ക്കും ഖഡ്ഗം കയ്യിൽനിന്നു വഴുതിവീണു. അദ്ദേഹം മൂർഛിച്ചു മഹീതലത്തിലുമായി ദാഹം തീൎന്നു പിന്നെയുമെഴുന്നേററു. ശരീരം തളൎന്നു പിന്നെയുമിരുന്നു. തെല്ലുനേരമിങ്ങിനെ കഴിഞ്ഞതിപ്പുറം അദ്ദേഹം നഷ്ടവിവേകനായി ധൃഷ്ടതയോടെ ആയുധം കയ്യിലെടുത്ത്, അഞ്ജലിബന്ധം ചെയ്തുകൊണ്ടിങ്ങിനെ പ്രാൎത്ഥിച്ചു.

“വിഷ്ണുദേവനൊന്നിലും മററു ദേവകളെ ഞാൻ
വിശ്വസിച്ചിട്ടില്ലല്ലോ വിശ്വത്തിലെല്ലാം ശ്രുതം
ധൎമ്മത്തിലേകാദശി ധൎമ്മമെന്നല്ലാതൊരു
ധൎമ്മവുമറിഞ്ഞതില്ലുള്ളിലെ ഭഗവാനേ!
സത്യത്തെ ലംഘിപ്പാനും ശേഷമില്ലാത്തതുകൊണ്ടെൻ
പുത്രനെവധിക്കുന്നേനിങ്ങു ഞാൻ നാരായണ!
വിശ്വനായക! വിഷ്ണോ! വൈകുണ്ഠ! ജഗൽപതേ!
സച്ചിദാനന്ദമൂൎത്തേ! രക്ഷിച്ചുകൊള്ളേണമേ!”

[illegible] പുത്രന്റെ ഗളം ലക്ഷ്യമാക്കിക്കൊണ്ട് അസിലത വീശിയ നിമിഷത്തിൽ പക്ഷിരാജാരൂഢനായി സൎവ്വചരാചരാത്മകൻ അദ്ദേഹത്തിന്റെ ദക്ഷിണഹസ്തത്തെ പിടിച്ചു. ദേവന്മാർ കല്പകപ്പൂക്കളെ വാരിവാരി വൎഷിച്ചു. ബ്രഹ്മൎഷിമാരും ദേവൎഷിമാരും സ്തുതി തുടങ്ങി. ശ്രീവത്സകൌസ്തുഭവനമാലാദികളാൽ അലംകൃതനായി, ശംഖചക്രാബ്ജഗദാ പാണിയായി ഹരിമണിശ്യാമളകളേബരനായിരിക്കുന്ന ഭഗവാൻ ശ്രീ വൈകുണ്ഠൻ രുക്മാംഗദനെ തന്റെ വക്ഷസ്സിലണച്ചു. ഉടനെ വൈഷ്ണവമായ വിമാനം പ്രത്യക്ഷീഭവിച്ചു. രുക്മാംഗദരാജാവും ബന്ധുക്കളും ജനങ്ങളും ഭഗവാനോടുകൂടി വിമാനത്തിൽ കയറി വൈകുണ്ഠമെത്തുകയും ചെയ്തു. മോഹിനി മാത്രം കൃത്രിമമരംപോലെ നിന്നു. രുക്മാംഗദന്റെ ആചാൎയ്യനായിരുന്ന ജലജാതമുനി ധ്യാനത്തിലായിരുന്നതിനാലിക്കഥയൊന്നുമറിഞ്ഞില്ല. ധ്യാനം കഴിഞ്ഞു നോക്കിയപ്പോൾ രാജധാനിയും നഗരം ശൂന്യമായിക്കണ്ടു

ദിവ്യദൃഷ്ടിയാൽ വിവരമറിഞ്ഞു. അദ്ദേഹമുടനെ കോപാകുലനായി പരുഷവാക്കുകൾ പറഞ്ഞു കൊണ്ടു ദേവന്മാരേയും മോഹിനിയേയും ശാപവഹ്നിയിൽ ചാമ്പലാക്കുവാൻ നിശ്ചയിച്ചു. ദേവന്മാർ ഭയത്തോടെ ഓടിപ്പോയി. മോഹിനി ഭസ്മമായിപ്പോകയും ചെയ്തു. അവളുടെ ജീവൻ ദേവലോകത്തു ചെന്നപ്പോൾ, വിഷ്ണുവാരമുടക്കിയ ദുഷ്ടയാണവളെന്നു പറഞ്ഞു ദേവന്മാരവളെ ആട്ടിപ്പുറത്താക്കി. പഞ്ചഭൂതങ്ങൾകൊണ്ടു പിണ്ഡീകൃതശരീരിണിയായി അവൾ പാതാളത്തിലേയ്ക്കു പുറപ്പെട്ടു. അവിടേയും തക്ഷകാദിചക്ഷുശ്രവണന്മാർ അവളെത്തടഞ്ഞു. അതിനാൽ, ഭൂമിയിലുള്ള തീർത്ഥങ്ങളിൽ സ്നാനം ചെയ്തു, പാപമോചനം വരുത്തട്ടെയെന്നു അവൾ കരുതി നടന്നുതുടങ്ങി. എന്നാൽ ഗംഗ തുടങ്ങിയ പുണ്യനദികളും അവളെ സ്നാനത്തിന്നനുവദിച്ചില്ല. ഇപ്രകാരം ഒരേടത്തും ഗതിയില്ലാതെ അവൾ മുറവിളികൂട്ടിക്കൊണ്ടു ദേവലോകത്തേയ്ക്കുതന്നെ വീണ്ടും ചെന്നു. അവളെ കണ്ടു ദേവന്മാർ ദയാർദ്രമാനസന്മാരായി ബ്രഹ്മാവിന്റെ മുമ്പിൽചെന്നു് അവളുടെ ഉൽഗതിയ്ക്കായി കരുണയുണ്ടാകണമെന്നർത്ഥിച്ചു. ജലജാതന്റെ കോപമടങ്ങിയാലെ അവൾക്കു മുക്തി കിട്ടുകയുള്ളൂ എന്നു പറഞ്ഞു് അദ്ദേഹം ദേവന്മാരെ അയച്ചു. അതിന്നുശേഷം ദേവന്മാർ ജലജാതനെക്കണ്ടു. ക്ഷമായാചനം ചെയ്തു. അദ്ദേഹമപ്പോഴും കോപിഷ്ഠനായി ഭവിച്ചു. എങ്കിലും ദേവന്മാരുടെ സ്തുതിയാൽപിന്നീടു ശാന്തനായിത്തീർന്നപ്പോൾ ദേവന്മാർ സംഗതികൾ മുഴുവൻ വിസ്തരിച്ചു കേൾപ്പിച്ചു. അതിനാലദ്ദേഹം അവളോടു്,

“മുറയ്ക്കിരുദശമിസംബന്ധമുള്ള കാര്യം
നോറ്റുള്ള ഫലമെല്ലാം നിനക്കുള്ളതാകട്ടെ”

എന്നു പറഞ്ഞു. അന്നു മുതൽ മോഹിനി സൂര്യോദയത്തിന്നു മുമ്പു വരുന്ന ദശമിയുടെ പുച്ഛത്തിൽ പാർപ്പുറപ്പിച്ചു. ധർമ്മരാജാവിന്റെയും ദേവന്മാരുടേയും മനോവേദനയും തീർന്നു.

ഏകാദശിവ്രതമനുഷ്ഠിച്ചു പകലുറങ്ങുന്നവരുടെ വ്രതഫലത്തിൽ പകുതി മോഹിനിയ്ക്കാണെന്നു ചിലർ പറഞ്ഞുവരുന്നു

ണ്ടു്. അങ്ങിനെ ഒരു നിശ്ചയം ദേവന്മാരൊ ഭഗവാനൊ അന്നു നിശ്ചയിച്ചിട്ടുണ്ടായിട്ടില്ല. ദ്വാദശിനാൾ പാരണ കഴിഞ്ഞാൽ പിന്നെ അന്നു ഭക്ഷിക്കുവാൻ പോലും പാടില്ലെന്നാണു നിശ്ചയം. പിന്നെയും ഭക്ഷിക്കുകയോ പകൽ ഉറങ്ങുകയോ മററൊ ചെയ്താൽ ഏകാദശിവ്രതാനുഷ്ഠാനത്തിൻെറ ഫലം തന്നെ കിട്ടുകയില്ലെന്നാണു വിധി. അതുകൊണ്ടു അത്താഴവും പകലുറക്കവുമുപേക്ഷിക്കേണ്ടതാകുന്നു.

രുഗ്മാംഗദനെപ്പോലെ ഏകാദശിവ്രതംകൊണ്ടു മഹാവിഷ്ണുവിനെ ദാസനാക്കിയ മററൊരു രാജാവാണു് അംബരീഷൻ. അംബരീഷൻ ശതദ്വീപാധിപതിയായിരുന്നിട്ടും ഭഗവാനിലും ഭഗവൽഭക്തന്മാരിലും ഭക്തിവിശ്വാസങ്ങളോടുകൂടി വ്രതാദികളനുഷ്ഠിച്ചതുകൊണ്ടു ഭഗവാൻ പ്രസാദിച്ചു തൻെറ ഭക്തൻെറ രക്ഷണാർത്ഥം സഹസ്രധാരണത്തെ അയക്കുകയും ചെയ്തിരുന്നു.

ഇങ്ങിനെയിരിക്കെ അംബരീഷരാജാവു പത്നീസഹിതനായി മധുവനത്തിൽചെന്നു, ഭഗവൽപൂജ ചെയ്തു ബ്രാഹ്മണൎക്കു കോടിയിലധികം പശുക്കളെ ദാനം ചെയ്തു, ഒരു സംവത്സരത്തേക്കു് ഏകാദശിവ്രതമാരംഭിച്ചു. ഏകാദശി നാളുപവസിച്ചു, ദ്വാദശി കഴിയുന്നതിനു മുമ്പിൽ പാരണയും കഴിച്ചുവന്നു. ചിലരിതിനു ദ്വാദശിവ്രതമെന്നും പറയുന്നുണ്ടു്. ഏകാദശിവ്രതം തന്നെയാണെന്നതിനു് ഇതിൻെറ ആദ്യം പറഞ്ഞിട്ടുള്ള നിശ്ചയങ്ങൾകൊണ്ടു് അനുമാനിക്കാമല്ലൊ. രാജാവിൻെറ ഈ വ്രതം, അദ്ദേഹത്തിനു ദേവേന്ദ്രനാകുവാനുള്ള മോഹം കൊണ്ടായിരിക്കാമെന്നു ശങ്കിച്ചു ദേവരാജാവു് അദ്ദേഹത്തിൻെറ വ്രതത്തെ ഭഞ്ജനം ചെയ്യാൻ ദുർവ്വാസസ്സു മഹർഷിയെ കനിയിച്ചയച്ചു.

ഏകാദശി കഴിഞ്ഞു ദ്വാദശിനാൾ രാജാവു ഭഗവൽപൂജ കഴിച്ചു പാരണക്കൊരുങ്ങുന്നതിനു മുമ്പു ദുർവ്വാസസ്സു മഹർഷി അദ്ദേഹത്തിൻെറ ആശ്രമത്തിലേക്കു കയറിച്ചെന്നു. ഉടനെ രാജാവു് അദ്ദേഹത്തെ ഭക്ഷണത്തിനു ക്ഷണിച്ചു. അദ്ദേഹത്തിൻെറ വ്രതം മുടക്കേണമെന്നുനിനച്ചുകൊണ്ടു ചെന്ന മഹർഷി കാളിന്ദിയിൽ പോയി സ്നാനംചെയ്തു ജപിച്ചുകൊണ്ടിരുന്നു. അദ്ദേഹം സ്നാ

ത്തിന്നു പോകുമ്പോഴ് ഒരു നാഴികയേ ദ്വാദശിയുണ്ടായിരുന്നുള്ളൂ. ദ്വാദശി കഴിയുന്നതിന്നു മുമ്പു മഹർഷിയെ കാണാഞ്ഞതിനാൽ രാജാവു വ്രതഭംഗം വരാതിരിപ്പാൻ വേദവേദാന്തതത്വാർത്ഥജ്ഞന്മാരായ ഭൂസുരന്മാരുടെ ഉപദേശപ്രകാരം തുളസീതീർത്ഥം മാത്രം സേവിച്ചു, മഹർഷിയുടെ വരവും പ്രതീക്ഷിച്ചു ഭഗവദ്ധ്യാനം ചെയ്തുവസിച്ചു.

രാജാവു പാരണകഴിച്ചുള്ളൂ, മഹർഷി ദിവ്യദൃഷ്ടിയാലറിഞ്ഞു ക്രോധാതിശയനായി അദ്ദേഹത്തെ നശിപ്പിക്കുവാൻ തന്റെ ഒരു ജടപിടിച്ചുപറിച്ചു കൃത്യയെ നിർമ്മിച്ചു. ലോകം ഭസ്മീകരിക്കുന്നതിനു തേജസ്സോടുകൂടിയ ഭയങ്കരിയായ കൃത്യ, ഖഡ്ഗം ധരിച്ചുംകൊണ്ടണയുന്നതു കണ്ടിട്ടും രാജാവു് ഈശ്വരനെ ധ്യാനിച്ചുകൊണ്ടുതന്നെ സ്ഥിതിചെയ്തു. അപ്പോൾ അദ്ദേഹത്തിന്റെ ഫാലത്തിൽനിന്നും സുദർശനം പുറപ്പെട്ടു കൃത്യയെ ഭസ്മമാക്കിയശേഷം മുനിയെ അനുധാവനം ചെയ്തു ജ്വലിച്ചുവരുന്ന സുദർശനത്തെക്കണ്ടു മഹർഷി പലായനപരായണനായി. അദ്ദേഹമെവിടെച്ചെന്നാലും സുദർശനം പിന്നാലെയുണ്ടു്. അശേഷലോകങ്ങളിലും അദ്ദേഹം പാഞ്ഞിട്ടും ഗതികാണാഞ്ഞതിനാൽ ദേവേന്ദ്രന്റെ മുമ്പിൽ ചെന്നു. ദേവേന്ദ്രനെക്കൊണ്ടു സുദർശനത്തെ തടുക്കുവാൻ സാധിക്കാത്തതിനാൽ പരമേഷ്ഠിയോടു തന്റെ ആപത്തൊഴിക്കുവാൻ മഹർഷി യാചിച്ചു: അവിടെയും ഗുണമുണ്ടാകാഞ്ഞതിനാൽ കൈലാസത്തിൽ ചെന്നു ശ്രീപരമേശ്വരനോടു പറഞ്ഞു. പാലാഴിയിൽ പോയി വൈകുണ്ഠനെ വണങ്ങിക്കൊള്ളുക എന്നു മഹാദേവനും പറഞ്ഞു. മഹർഷി ശ്രീനാരായണനെയും സ്തുതിച്ചു് പ്രത്യക്ഷനാക്കി. എന്നാൽ ഭഗവാൻ, "ഞാൻ ഭക്തദാസനാണു്. അംബരീഷനാണു സുദർശനമയച്ചിരിക്കുന്നതു്. ഇതു തടുക്കുവാനിപ്പോൾ എന്നാലും സാദ്ധ്യമല്ല. അംബരീഷനെത്തന്നെ ശരണം പ്രാപിക്കണം" എന്നുത്തരം പറഞ്ഞു യോഗനിദ്രയെ അവലംബിക്കയും ചെയ്തു.

മഹർഷി പോയിട്ടു വർഷമൊന്നുകഴിഞ്ഞിരിക്കുന്നു. അംബരീഷൻ ഇതുവരെ നിരാഹാരനായിത്തന്നെ മഹർഷിയുടെ ആഗമന

വും കാത്തിരിക്കുയാണ്. വൈകുണ്ഠത്തിൽനിന്നും മധുവനത്തിലേക്കാടിച്ചെല്ലുന്ന മഹർഷി രാജാവിനെ നമസ്കരിക്കുന്നതിനു മുമ്പിൽ രാജാവു അദ്ദേഹത്തെ നമസ്കരിച്ചു. അപ്പോൾ മഹർഷി ഇങ്ങിനെ യാചിച്ചു.

"ഭൂപാലവംശശിഖാമണെ! മൽപരി-
താപമൊഴിച്ചെന്നെ രക്ഷിച്ചുകൊൾകെടൊ
ഞാനറിയാതെ ഭവാനോടുചെയ്തുള്ള
മാനസേനീതാൻക്ഷമിച്ചീടുകെന്നുമേ"

ഭക്തശിരോമണിയായ രാജാവു ദുർവ്വാസസ്സിൻെറ ദയനീയാവസ്ഥകണ്ടു പരിഭ്രമത്തോടും ഭക്തിയോടുംകൂടി സ്തുതിച്ചു തുടങ്ങി.

നാരായണൻ പരിപാലയദൈവമേ!
കാരണപൂരുഷ! കാമദാനപ്രഭോ!
ഭൂമ! രമാരമണ! ശ്രീഭൂമിപതേ!
ശ്രീമഹാവിഷ്ണോ! നമസ്തേ നമോസ്തുതേ.
നിന്മഹാസർവ്വായുധങ്ങളാകുന്നതും
ഇന്ദ്രാദിലോകപാലന്മാർനിരന്തരം
എന്നായതിൽവെച്ചു ചക്രമാകുന്നതു,
തിന്നതെന്നിങ്ങറിഞ്ഞീലെന്നിരിക്കിലും
എന്നെക്കുറിച്ചുതിരുവുള്ളമുണ്ടാകിൽ
എന്നിലമ്മാറാതടങ്ങിനില്ലേണമെ
മന്നാകുന്നാകെ നമസ്തേ നമോസ്തുതേ.

രാജാവു സ്തുതിയും നമസ്കൃതിയും തുടങ്ങിയപ്പോൾ സുദർശനം ശാന്തമായി മഹർഷിയെ വന്ദിക്കുകയും പൂർവ്വസ്ഥിതിയിൽ രാജാവിൽ തന്നെ വിലീനമായിരിക്കയും ചെയ്തു.

ദുർവ്വാസസ്സു, രാജാവിൻെറ സൽക്കാരങ്ങൾ പരിഗ്രഹിച്ച് അദ്ദേഹത്തെ പ്രശംസിക്കയും അനുഗ്രഹിക്കയും ചെയ്തു് ദേവലോകത്തെക്കു തിരിച്ചു. ഇവിടെ സുദർശനത്തെക്കുറിച്ചു രണ്ടു വാക്കു കൂടി പറയേണ്ടതായി വന്നിരിക്കുന്നു.

കോടി ദിവാകരതേജസ്സുള്ള സുദർശനചക്രം ശ്രീനാരായണ

ന്റെ ആയുധമാണ്. ദുഷ്ടന്മാരെ സംഹരിക്കുന്നതിനും ശിഷ്ടന്മാരെ രക്ഷിക്കുന്നതിനുമുള്ള സുദർശനത്തിന്റെ ശക്തി പല സന്ദർഭങ്ങളിലും പുരാണങ്ങൾ വഴിയായി നമുക്കനുഭവമായിട്ടുണ്ട്. ഇപ്പുറം കൃത്യയെ ദഹിപ്പിച്ച് ദുർവ്വാസസ്സിനെയും ഭക്ഷിക്കുവാനൊരുങ്ങി. കാശിപുരിയിൽ ശ്രീവിശ്വനാഥക്ഷേത്രമൊഴികെ മുഴുവനും ഭസ്മമാക്കുകയുണ്ടായി. ഇതിനുമുമ്പിൽ എത്രയോ അധികം ദൈത്യന്മാരുടെ കണ്ഠം ഛേദിക്കുകകൊണ്ടു സുദർശനം തന്നെ ഭൂതങ്ങൾക്കു തൃപ്പിച്ചതായും കേൾക്കുന്നു. ശ്രീകൃഷ്ണാർജ്ജുനന്മാർ ബ്രാഹ്മണന്റെ പുത്രന്മാരെക്കൊണ്ടുപോരുന്നതിന്നായി വൈകുണ്ഠത്തിലേക്കു പോകുംവഴിയിൽ ഇരുട്ടുകടലിൽവെച്ചു കണ്ണു കാണാതെ ഖേദിച്ചിരുന്ന അർജ്ജുനന്റെയും അശ്വങ്ങളുടേയും ദുഃഖം തീർപ്പാൻ,

> ചക്രപ്രകാശേന മഹാന്ധകാരം
> നീക്കീടിനാനക്കമലേക്ഷണൻ.

ഇതും നാമറിഞ്ഞിരിക്കുന്നു. കുരുക്ഷേത്രത്തിൽ കൌരവപാണ്ഡവയുദ്ധമദ്ധ്യേ ജയദ്രഥനെ അർജ്ജുനനെക്കൊണ്ടു കൊല്ലിക്കുവാൻ,

> ഉഗ്രാംശുമാലിദിവാകരബിംബവും
> ചക്രമെടുത്തു പിടിച്ചു മറച്ചിതു
> ശക്രാത്മജനുടെ സത്യത്തെ രക്ഷിപ്പാൻ
> വിക്രമശാലിയാം വിശ്വൈകനായകൻ.
> അസ്തമിച്ചീടിനാനാദിത്യദേവനെ
> ന്നോർത്തുള്ളിലിങ്ങു നിനച്ചിതെല്ലാവരും.

ഇതിനേയും നാം കാണുന്നില്ലേ? സുദർശനത്തിന്റെ തേജസ്സും വിക്രമവും കുറഞ്ഞിട്ടുള്ളപക്ഷം ഇതു് അസാധാരണമായിത്തീരുന്നതാവണ്ട്. അതിനാൽ അതിന്റെ കാരണം താഴെ പറയാം.

അംബരീഷന്റെ വ്രതഭംഗത്തിനു ശ്രമിച്ച ദുർവ്വാസസ്സുമഹർഷിയെ സുദർശനം കീഴും മേലും ഓടിച്ചു ചക്രശ്വാസം വലിപ്പിച്ച് അംബരീഷനിൽത്തന്നെ ചായിച്ചുവല്ലോ. അതിനുശേഷം മഹർഷി, "ഈ സുദർശനചക്രം എന്നെ എത്രയാണു വലച്ചതു്! അതിനു കാരണം ഇതിന്റെ തേജസ്സല്ലേ? ഇതിനു തേജസ്സില്ലാ

തായി ഭവിക്കട്ടെ." എന്നു ശപിക്കയും ചെയ്തു. മഹർഷിയുടെ ശാപവചനം ദേവാദികൾ കേട്ട് അമ്പരന്നു. എല്ലാവരെയും രക്ഷിക്കുവാനുള്ള സുദർശനം തേജസ്സില്ലാത്തതായാൽ തങ്ങൾക്കു രക്ഷയില്ലാതായിപ്പോകുമെന്നു വിചാരിച്ച ദേവകൾ ദുർവ്വാസസ്സിനോട്, അദ്ദേഹത്തിന്റെ ശാപം പിൻവലിക്കേണമെന്നു പറഞ്ഞു. മുൻകോപിയായ അദ്ദേഹത്തിന്ന് അല്പം പശ്ചാത്താപമുണ്ടായി. അതിനാൽ ശാപവചനം ഇങ്ങിനെയാക്കി.

"എന്റെ ശാപം ഫലിക്കാതെ നിവൃത്തിയില്ല. ചക്രത്തിന്റെ തേജസ്സു ശമിക്കട്ടെ എന്നു മാത്രമേ ഞാൻ പറഞ്ഞിട്ടുള്ളു. അതു് ഒരു ദിവസമാക്കിത്തീർക്കാം. ആ ദിവസംതന്നെ, എന്നാണു ഭഗവാനിച്ഛിക്കുന്നതു്, അതായിക്കൊള്ളട്ടെ." ആ ഒരു ദിവസം ഭഗവാൻ തന്റെ ഭക്തന്റെ സത്യം രക്ഷിക്കുവാനായി നീക്കിവെച്ചിരിക്കയായിരുന്നു. അതുകൊണ്ടാണു ചക്രത്തിന്നു് അന്നു തേജസ്സില്ലാതെവന്നതു്.

കറുത്തപക്ഷത്തിലും വെളുത്തപക്ഷത്തിലും വരുന്ന ഏകാദശികൾക്കു യാതൊരു വ്യത്യാസവുമില്ല. ഏകാദശിവ്രതം കാഠിന്യമില്ലാത്തതുകൊണ്ടു് അതു സർവ്വദാ ആചരണീയമാകുന്നു. അറുപതിനായിരം സംവത്സരം തപസ്സുചെയ്യാലുണ്ടാകുന്ന ഫലം ഒരു ഏകാദശിനോറ്റാൽ കിട്ടുന്നതാണെന്നു പുരാണങ്ങളിൽ കാണുന്നു. നമ്മുടെ പൂർവ്വികന്മാർ ലോകം നന്നാകണമെന്നു മാത്രമുദ്ദേശിച്ചാണു് ഇപ്രകാരമെഴുതിവെച്ചിട്ടുള്ളതു്. അതുകൊണ്ടു് അതുപോലെ നടക്കുവാനും നാം ശീലിക്കണം. മൃഷ്ടഭോജനം കഴിച്ചുകൊണ്ടിരിക്കുന്നതിന്നിടയിൽ ഒരു ദിവസം ഉപവസിക്കേണമെന്നു പറയുമ്പോൾ, "ഇതു തിരുവ്രതമാണു്" എന്നു പലരും പറഞ്ഞു, ഏകാദശിവ്രതം ശരിയാംവണ്ണം ആചരിക്കാതെ വരുന്നുണ്ടു. അതു അക്രമമാണു. അനേകകോടി ജന്മങ്ങൾ കൃമികീടാദികളും പക്ഷിവൃക്ഷാദികളുമായി ജനിച്ചിട്ടു ഒടുവിൽ കിട്ടിയ ഈ മനുഷ്യജന്മത്തിന്റെ മാഹാത്മ്യം മനസ്സിലാക്കാതെയാണു നാം കഴിയുന്നതു. ഒട്ടുകാലം ഗർഭത്തിൽ കിടന്നുപോകുന്നു. ബാല്യക്രീഡകൾകൊണ്ടു കുറെ ഒരു ഭാഗം

ലവാകുന്നു. യൌവനാവസ്ഥയിൽ മദമാത്സര്യംകൊണ്ടു നിറഞ്ഞു തന്നെത്താനറിയാതെയും കാലം പോകുന്നു. വാർദ്ധക്യം വന്നാൽ ഒന്നിലും ശേഷിയില്ലാതെ വീഴുന്നു. ഏതു നിമിഷത്തിലാണു മൃതിയെന്നു നമുക്കാർക്കും തീരുമാനിച്ചുകൂടാ. ലോകത്തിൽ തിട്ടമായി നടക്കുന്നത് ഒന്നുമാത്രമേയുള്ളു. അതു, "ജനിച്ചവർ മരിക്കുന്നു" എന്നതുതന്നെ. നമ്മുടെ ജീവകാലം അപഗ്രഥിച്ചുനോക്കുന്നതായാൽ നമുക്കുവേണ്ടി യാതൊന്നും നാം ചെയ്യുന്നില്ല. ഈരീതിയിൽ കഴിയുന്നതായാൽ അവസാനം നമ്മുടെ കഥ വളരെ കഷ്ടത്തിലായിത്തീരും. അതു കൂടാതെ കഴിക്കുവാനാണു വിജ്ഞാനികൾ ഇത്തരത്തിൽ ഓരോരോ വ്രതങ്ങൾ നിശ്ചയിച്ചിരിക്കുന്നതു. നമ്മുടെ ജീവിതപ്പാരാട്ടത്തിന്നിടയിൽ അല്പസമയം നമുക്കു ഈശ്വരഭജനത്തിന്നും നീക്കിവെക്കുക.

ഏകാദശീവ്രതങ്ങൾ തുല്യപ്രധാനങ്ങളാണെങ്കിലും ചില ഏകാദശികൾക്കു നമ്മുടെ ഇടയിൽ പ്രാധാന്യം കല്പിച്ചുവരുന്നുണ്ടല്ലോ. അവ, വൈകുണ്ഠൈകാദശി, ശയനൈകാദശി, ഉത്ഥാനൈകാദശി ഇങ്ങിനെ പലതാണു. * വിഷ്ണുഭഗവാൻ വർഷത്തിൽ നാലുമാസം നിദ്ര ചെയ്യുമെന്നു ചില പുരാണങ്ങളിൽ കാണുമാറുണ്ടു. മിഥുനമാസത്തിൽ ശുക്ലപക്ഷത്തിലെ ഏകാദശിനാളാണു നിദ്രയാരംഭിക്കുന്നതു. അതുകൊണ്ടു ആ ദിവസത്തിന്നു ശയനൈകാദശിയെന്നു പറയുന്നു. ഉണർന്നെഴുന്നേല്ക്കുന്നതു കന്നിമാസത്തിൽ ശുക്ലപക്ഷത്തിലെ ഏകാദശിനാളായതിനാൽ അന്നു ഉത്ഥാനൈകാദശിയുമാകുന്നു. വിഷ്ണുഭഗവാൻ ഉറങ്ങുന്നതോടുകൂടി മററു ദേവന്മാരും ഉറങ്ങുന്നതുകൊണ്ടു ആ നാലു മാസങ്ങളും അശുഭമാസങ്ങളായിട്ടാണു ഗണിച്ചുവരുന്നതു. അക്കാലത്തു വിവാഹം തുടങ്ങിയ മംഗല്യകർമ്മങ്ങളും നടത്താറില്ല.

ഏകാദശിനാൾ വ്രതമനുഷ്ഠിച്ചാൽ ദ്വാദശിനാൾ ഒരു വിപ്രനെങ്കിലും ഭോജനവും ദക്ഷിണയും നൽകേണ്ടതാണ്. അ

---

* ഗുരുവായൂർ ഏകാദശി, തൃപ്രയാർ ഏകാദശി മുതലായ ഏകാദശികളെപ്പററി, "ഭാരതമഹാക്ഷേത്രങ്ങൾ" എന്ന പുസ്തകം നോക്കുക.

ല്ലെങ്കിൽ വ്രതത്തിന്റെ ഫലം മുഴുവൻ സിദ്ധിക്കുകയില്ല. ഈ *കാൎയ്യത്തിൽ നമ്മുടെ ഇടയിൽ തീരെ ശ്രദ്ധയും കാണുന്നില്ല. ഒരാളെ ക്ഷണിച്ചുവരുത്തി ഭോജനാദികൾ കൊടുത്തില്ലെങ്കിൽ അയാൾ ചെയ്ത കൎമ്മത്തിനു ഫലമില്ലാതിരിക്കുമോ എന്നാണു ചിലരുടെ സമാധാനം. പക്ഷെ, ത്യാഗമാണ് അതുകൊണ്ടു സാധിക്കുന്നതു. ഒന്നാമത് ഈശ്വരപൂജാദികൾക്കു നിശ്ചയിക്കുന്നതുപോലെ നമ്മുടെ ആവശ്യത്തിനുള്ള ഒരുഭാഗംകൊണ്ടു മറെറാരു സൽപാത്രത്തെയും സന്തോഷിപ്പിക്കുക എന്നാണു അതിന്റെ താല്പൎയ്യം. ചില ദ്വാദശികൾക്കുതന്നെ വിശേഷം ഉണ്ട്. അതിലൊന്നാണു വൈശാഖത്തിൽ ശുക്ലപക്ഷത്തിലെ ദ്വാദശി.

കാശ്മീരദേശത്തു പണ്ടു ദേവവ്രതനെന്നൊരു ബ്രാഹ്മണനു മാലിനി എന്നൊരു പുത്രിയുണ്ടായിരുന്നു. പുത്രിയെ അദ്ദേഹം സത്യശീലനെന്ന യുവബ്രാഹ്മണനു വിവാഹം ചെയ്തുകൊടുത്തു. സ്ത്രീലമ്പടനായ സത്യശീലൻ പരനാരീരതനാകയാൽ മാലിനി ഏററവും ഖിന്നയായി. അവളുടെ പരിതാപംകണ്ടു ചില സ്ത്രീകൾ, മരുന്നുകൊണ്ടു അദ്ദേഹത്തെ വശത്താക്കുവാൻ ഉപദേശിച്ചു. മാലിനി ഒരു യോഗിനിയെ ചെന്നുകണ്ടു, കുറെ ധനം കൊടുത്തപ്പോൾ, അവൾ രണ്ടുവിധം ചൂൎണ്ണങ്ങളും കഴുത്തിൽ കെട്ടിക്കുവാൻ ഒരു രക്ഷയും കൊടുത്തു.

മാലിനി ഭൎത്താവറിയാതെ ഒരു ദിവസം രാത്രി രക്ഷ അദ്ദേഹത്തിന്റെ കഴുത്തിൽ കെട്ടിച്ചു. പിറേറന്നു ഒരു പൊടി പാലിൽ കലക്കി കൊടുക്കുകയും ചെയ്തു. കുറെ ദിവസങ്ങൾ കഴിഞ്ഞപ്പോൾ സത്യശീലൻ രോഗബാധിതനായി, ശരീരമടച്ചു പുണ്ണു വന്നു, കയ്യും കാലുമിളക്കുവാൻ വയ്യാതെ കിടന്നു നിലവിളിച്ചുതുടങ്ങി. മാലിനിയുടെ ഔഷധപ്രയോഗംകൊണ്ടാണു തനിക്കു ഇങ്ങിനെ വന്നതെന്നു സത്യശീലൻ എങ്ങിനെയോ അറിഞ്ഞു. രോഗം മാറുവാനുള്ള മരുന്നു കൊടുക്കുന്നതായാൽ പിന്നീടു അവളെ എല്ലാവിധത്തിലും അനുസരിച്ചുകൊള്ളാമെന്നു സത്യശീലൻ സത്യംചെയ്തു. അപ്പോൾ മാലിനി വേറെ ഒരു ചൂ

ന്നും കൊടുക്കുകയും നാലഞ്ചു ദിവസങ്ങൾകൊണ്ടു സത്യശീലന്റെ രോഗം ശമിക്കുകയും ചെയ്തു. ഭർത്താവു പാട്ടിലായെന്നു കണ്ടപ്പോൾ മാലിനി പരസംസർഗ്ഗം തുടങ്ങി. അതു കണ്ടിട്ടു സത്യശീലന്റെ ഉള്ളുപൊള്ളി. അവൾ ഭർത്താവിനെ ദാസനെന്നവണ്ണം കരുതിവന്നു.

മാലിനിയുടെ താരുണ്യദശകഴിഞ്ഞു വാർദ്ധക്യം ബാധിച്ചതോടുകൂടി രോഗം അവളെയും ബാധിച്ചു. അവളുടെ ദുഷ്പ്രവൃത്തികളെന്നപോലെ ദേഹത്തിൽ മുഴുവനും കുഷ്ഠം നിറഞ്ഞു. അവളുടെ അവയവങ്ങൾ ഗളിതങ്ങളായി. എന്തിനധികം? അവൾ വളരെ അരിഷ്ടിച്ചു മരിക്കുകതന്നെ ചെയ്തു. നരകത്തിൽ മാലിനിയനുഭവിച്ച കഷ്ടങ്ങൾക്കു കണക്കില്ലായിരുന്നു. പിന്നീടവൾ അഞ്ചുജന്മം പുഴുത്ത പട്ടിയായി കഴിച്ചുകൂട്ടി. ആറാമത്തെ ജന്മവും പുഴുത്ത പട്ടിയായി പിറന്നു. ഒരു ദിവസം ആ പട്ടി പരമബന്ധു എന്ന ബ്രാഹ്മണന്റെ തുളസിത്തറയുടെ ചുവട്ടിൽ കിടന്നുറങ്ങുകയായിരുന്നു. പരമബന്ധുവിന്റെ മകൻ പ്രാതഃസ്നാനംകഴിഞ്ഞു തുളസിത്തറയിൽനിന്നു പാദക്ഷാളനംചെയ്തപ്പോൾ ആ വെള്ളം പട്ടിയുടെ മേൽ വീണു. ഉടനെ പട്ടിക്കു പൂർവ്വജന്മങ്ങളിലെ സ്മരണയുണ്ടായി. അന്നു വൈശാഖത്തിൽ ശുക്ലദ്വാദശിയായിരുന്നു. പട്ടി ആ ബ്രാഹ്മണബാലനോടു തന്റെ വൃത്താന്തമെല്ലാം പറയുകയും ആ ദുരവസ്ഥയിൽനിന്നു രക്ഷിപ്പിക്കേണമെന്നപേക്ഷിക്കുകയും ചെയ്തു; അവളുടെ പ്രവൃത്തികൾ കേട്ടപ്പോൾ ആ ബാലകനു കോപമാണു തോന്നിയതു്. ഈ വിധത്തിലുള്ള ദുഷ്ടകൾക്കുപകാരം ചെയ്താൽ ഈശ്വരൻ ശിക്ഷിക്കുമെന്നാണു പറഞ്ഞതു്. പട്ടി വീണ്ടുമപേക്ഷിച്ചിട്ടും ബാലകൻ ചെവിക്കൊണ്ടില്ല. അവരുടെ സംഭാഷണം കേട്ടു് അവിടേക്കു പരമബന്ധുവുമെത്തി. പട്ടിയുടെ വർത്തമാനങ്ങൾ കേട്ടപ്പോൾ അദ്ദേഹത്തിന്റെ കരളുരുകി. ആ പട്ടിയുടെ ആവശ്യപ്രകാരം ഒരു ദ്വാദശീവ്രതത്തിന്റെ ഫലംകൊടുക്കുകയും ചെയ്തു. ആ ക്ഷണത്തിൽ പട്ടിയുടെ രൂപംവിട്ടു തേജോരൂപിണിയായ ഒരു സ്ത്രീയായി പരിണമിച്ചു് അവൾ ദേവലോകം പ്രാപി

ക്കുകയും ചെയ്യും. ശ്രാവണദ്വാദശിനാൾ, തൎപ്പണം, കുട, ജലംനിറച്ച കുടം, ചെരിപ്പ് മുതലായവ ദാനംചെയ്യേണ്ടതാണ്. ശ്രാവണദ്വാദശിയും ഏററവും മുഖ്യമാണ്. ശ്രീനാരായണൻ മഹാബലിയുടെ കയ്യിൽനിന്നും ലോകത്രയത്തെ വീണ്ടെടുക്കുവാൻ വാമനനായി അവതാരംചെയ്തതു ശ്രാവണദ്വാദശിനാളിലാണല്ലൊ.

---

11. കാളിപൂജ.

കാളിപൂജ അനേകംജനങ്ങളുടെ ഉപാസനയായ ഒരു പൂജയും ബംഗാളിലെ ജനങ്ങൾക്കൊക്കെ ഭാഗത്തിൽ ഐതിഹ്യവും തരം തിരിയായ ഉത്സവമാണ്. ശാക്തേയന്മാരായ ആചാര്യന്മാരിരുന്ന ദക്ഷിണാമൂർത്തി വിഗ്രഹത്തിൽ ശ്രീപരമശിവന്റെ തിരുനേത്രത്തിൽനിന്നുത്ഭവിച്ച ഭദ്രകാളിയെ ആദിഭൂതയായിട്ടാണ ജനങ്ങൾ കരുതിപ്പോരുന്നത്. ദേവിയുടെ വൎണ്ണം കറുത്തനിറവും ഭക്ഷണം രക്തവുമാണത്രെ. അതുകൊണ്ടാണ ജന്തുബലി ഭദ്രകാളിക്കു പ്രധാനമായിരുന്ന വെച്ചിട്ടുള്ളത്. ദേവിയുടെ കൂട്ടുകാർ കൂളികളും, പിശാചുക്കളും, ഭൂതഗണങ്ങളുമാണ്. ദേവിയും കൂട്ടുകാരും രാത്രികാലങ്ങളിൽ പുറത്തിറങ്ങി സഞ്ചരിക്കുമെന്നു കാളിദാസനെക്കുറിച്ചു പറയുന്ന ഐതിഹ്യംകൊണ്ടു മനസ്സിലാക്കാം.

കേരളത്തിൽ പഴയകാലങ്ങളിൽ ഒരു ഭദ്രകാളിക്ഷേത്രമെങ്കിലും ഇല്ലാത്ത ദേശമുണ്ടായിരുന്നില്ല. മററു ക്ഷേത്രങ്ങളിലെന്നപോലെ ഭദ്രകാളിക്ഷേത്രങ്ങളിലും പൂജാധികാരം ബ്രാഹ്മണൎക്കാണ്. ഗൃഹങ്ങളിൽവെച്ചും കാളിപൂജ നടത്താറുണ്ട്. ചെമ്പരത്തി, ചെക്കി, അശോകം, കൂവളം മുതലായ ചെടികളിലുള്ള പുഷ്പങ്ങളാണ പൂജയ്ക്കു പ്രധാനമായി ഉപയോഗിക്കുന്നത്.

തപസ്സുചെയ്തു ദേവന്മാരെ പ്രത്യക്ഷമാക്കിത്തീൎക്കുന്നതുപോലെ ഭദ്രകാളിയെ പ്രത്യക്ഷയാക്കുവാൻ പണിപ്പെടേണ്ടതില്ല. കാളിപൂജയുടെ അവസാനത്തിൽ ഒരുപക്ഷേ പൂജകൻതന്നെ

യോ, അല്ലെങ്കിൽ വെളിച്ചപ്പാടോ, കാളിയുടെ ആവേശത്താൽ വെളിപാടുകൊള്ളുകയും കാളി പ്രത്യക്ഷയായാലെന്നപോലെ ജനങ്ങളുടെ സങ്കടങ്ങൾ കേൾക്കുകയും ചെയ്യുന്നു. വെളിച്ചപ്പാടാകുന്നതും ക്ഷണസാദ്ധ്യമല്ല. വെളിച്ചപ്പാട് ആകേണമെന്ന് ഇച്ഛിക്കുന്നവൻ, ഒരുമണ്ഡലകാലം നോൽമ്പുനോററിരുന്ന് അതു കഴിയുമ്പോൾ, താനെ വെളിപാടുണ്ടായി, താൻ ദേവിയുടെ കോമരമായിരിക്കുവാൻ ദേവിയാൽ അനുഗൃഹീതനായിരിക്കുന്നുവെന്നു തെളിയിക്കുവാൻ പല ലക്ഷ്യങ്ങൾ കാണിക്കുകയും വേണം. ചില ക്ഷേത്രങ്ങളിൽ കനൽക്കുഴിയിൽ ചാടിക്കയറുക, ചില ക്ഷേത്രങ്ങളിൽ ഉള്ളൻകയ്യിൽ വസൂരികാണിച്ചു, കൈമടക്കി മലർത്തിയാൽ കാണാതെയാക്കുക, എന്നിപ്രകാരം ഓരോ ലക്ഷ്യങ്ങൾ കാണിക്കാറുണ്ട്. ഭഗവതി ശരീരത്തിൽ ആവേശിക്കുന്നതിന്റെ ചിഹ്നമാണു വെളിപാടുണ്ടാവുക അല്ലെങ്കിൽ കലികൊള്ളുക, എന്നു പറയുന്നതു്. ചില ക്ഷേത്രങ്ങളിൽ ആറുമാസകാലവും വേറെ ചിലതിൽ അതിലധികം കാലവും നോൽമ്പുനോററിരിക്കേണ്ടിവരും. വെളിപാടുണ്ടായി ക്ഷേത്രാധികാരികളുടെ മുമ്പാകെ ലക്ഷ്യങ്ങൾ കാണിച്ചാൽ ആ ആളെ വെളിച്ചപ്പാടായി നിയമിച്ചതിന്റെ മുദ്രയായി, പള്ളിവാൾ, അരമണി, കൂറ, കാൽച്ചിലമ്പു മുതലായതു കൊടുക്കുകയും ചെയ്യുന്നു. വെളിപാടുണ്ടായിരിക്കുമ്പോൾ പറയുന്നതു കോമരമല്ല, ഭഗവതിയാണ്. അതിനാൽ അപ്പോൾ പറയുന്നതിനു 'കല്പന'യെന്നു പറയുന്നു.

പഴയകാലങ്ങളിൽ കളവുചെയ്കയോ, അന്യനെച്ചതിക്കുകയോ, പണം കടം വാങ്ങുകയോ ചെയ്തിട്ട് അപ്രകാരം ചെയ്തിട്ടില്ലെന്നു വാദിക്കുന്നവരെക്കൊണ്ടു ഭദ്രകാളിക്ഷേത്രത്തിന്റെ നടയിൽവെച്ചു 'സത്യം' ചെയ്യിക്കാറുണ്ടായിരുന്നു. കള്ളസ്സത്യം ചെയ്യുവാൻ, ഏഴോ, പതിനൊന്നോ, പതിനാലോ, ഇരുപത്തൊന്നോ അല്ലെങ്കിൽ നാല്പത്തൊന്നോ ദിവസങ്ങൾക്കകം ദുർമ്മരണത്തിലകപ്പെടുകയുമുണ്ടായിട്ടുണ്ട്. 'സത്യം' സത്യമോ

ന്നൊയാണെങ്കിൽ ചെയ്യിപ്പിച്ചവന്നു ആപത്തു നിശ്ചയം തന്നെ.

തോന്നിയപ്പോലെ ക്ഷേത്രങ്ങളിൽവെച്ചു സത്യംചെയ്തുകൂടാ. സത്യംചെയ്യാമെന്നു തീർച്ചയാക്കിയാൽ ക്ഷേത്രാധികാരികളെ അറിയിക്കണം. ഒരിക്കൽ സത്യം ചെയ്യണമെങ്കിൽ ക്ഷേത്രത്തിലേക്കു നിയതമായ ഒരു സംഖ്യകൊടുക്കേണ്ടതാണ്. പണമടച്ചുകഴിഞ്ഞാൽ, 'ഒരു 'കൊടിയാഴ്ച'ദിവസം (വെള്ളിയാഴ്ചയോ, ചൊവ്വാഴ്ചയോ) സത്യം ചെയ്വാൻ നിശ്ചയിക്കും. സത്യം കേൾക്കുവാൻ വളരെ ജനങ്ങളും വന്നുചേരും. നിശ്ചിതസമയമാകുമ്പോൾ ശാന്തിക്കാരൻ ഒരു ചെമ്പരത്തിപ്പൂമാല നടയിൽ തൂക്കിയിടും. സത്യംചെയ്വാനുള്ള ആൾ, കുളത്തിൽ മുങ്ങിവന്നു ആ മാലയെടുത്തു കഴുത്തിലിട്ട്, അമ്പലം മൂന്നുവലത്തുവെച്ച ശേഷം നടയിൽനിന്നുകൊണ്ടു സത്യം ചെയ്യണം. ഈവിധം സത്യം നമ്മുടെ ഇടയിൽ അപൂർവ്വമല്ലായിരുന്നു. മുദ്രപത്രം സാക്ഷ്യമായി കിട്ടുവാൻ തരമില്ലാതിരുന്ന കാലങ്ങളിലും, ഇപ്പോഴത്തെപ്പോലെ കോടതികൾ സ്ഥാപിക്കുന്നതിനു മുമ്പുമായിരുന്നു സത്യത്തിന്റെ പ്രചാരം. സത്യം തെളിയിക്കുന്നതിൽ കൊടുങ്ങല്ലൂർ വടക്കനൊടയുടെയും മറ്റുചില ക്ഷേത്രങ്ങളിലെയും ശക്തിയെപ്പറ്റിയുള്ള പഴങ്കഥകൾ ഇപ്പോഴും നമ്മുടെ ഇടയിൽ പറഞ്ഞുവരുന്നുണ്ടല്ലോ.

വെള്ളിയാഴ്ചയും ചൊവ്വാഴ്ചയും ഭദ്രകാളിക്കു വളരെ പ്രധാനമാകയാൽ ആ ദിവസങ്ങളിൽ കാളിക്ഷേത്രത്തിൽ പോകാത്ത ഒരാളും, വഴിപാടുചെയ്യാത്ത ഒരു വീടും പണ്ടു കേരളത്തിൽ ഉണ്ടായിരുന്നില്ല. കാളിക്ഷേത്രത്തിൽ ആണ്ടിലൊരിക്കലുള്ള 'വേല' പഴയ നിശ്ചയങ്ങളനുസരിച്ച് ഇപ്പോഴും നടന്നുവരുന്നുണ്ട്. വേലകഴിഞ്ഞാൽ മകരമാസം ഒന്നാം തിയ്യതിയോടുകൂടി 'പറ' പുറപ്പെടും. ക്ഷേത്രത്തിന്റെ കീഴിലുള്ള ഓരോ വീട്ടിൽനിന്നും ഓരോ പറ നെല്ലു കൊല്ലംതോറും വഴിപാടു ചെയ്യണമെന്നു ചട്ടംവെച്ചിട്ടുണ്ട്. നെല്ലു ചെന്നുവാങ്ങുകയാണു പതിവ്. അതിനു പറയെടുക്കുകയെന്നും പറയുന്നു. പറയെടുപ്പാൻ ക്ഷേ

ധികാരികളും കൂറ വേലക്കാരും, കുറയണിഞ്ഞു്, അരമണികെട്ടി, ചിലമ്പിട്ട വാളുംധരിച്ച വെളിച്ചപ്പാടുമുണ്ടാകും. വീടുകളിൽ ശുദ്ധസ്ഥാനത്തു് അരികൊഴിച്ചുകൊണ്ടണിഞ്ഞു് അതിൽ ഭദ്രദീപംകൊളുത്തി മുമ്പിൽ ഒരു നിറപറ വഴിവാടായിവെച്ചാൽ മേളക്കാർ പാണ്ടികൊട്ടുകയും അതിന്റെ അവസാനത്തിൽ വെളിച്ചപ്പാട് വെളിപാടുകൊണ്ടു വീട്ടുടമസ്ഥന്മാരോടു കല്പിക്കുകയും അവർക്കു സങ്കടങ്ങളുണ്ടെങ്കിൽ അതിനു നിവാരണമാർഗ്ഗങ്ങളാക്കിക്കൊടുക്കുകയും ചെയ്യും. കലിയിറങ്ങിയാൽ വഴിപാട്ടുനെല്ലുംകൊണ്ടുപോകും. ഇപ്രകാരം ഒരു ദേശത്തിൽനിന്നു മാത്രമല്ല പലദേശങ്ങളിൽനിന്നും വഴിപാടായി ധാരാളം 'നിറപറ' ഒരു ക്ഷേത്രത്തിലേയ്ക്കുതന്നെ കിട്ടാറുണ്ടു്. ദേശത്തു കക്ഷിമത്സരമുണ്ടായാൽ ഭഗവതി വെളിപാടുകൊള്ളുകയും, ദേശത്തു പ്രധാനികളായവരെ വിളിച്ചുവരുത്തുകയുംചെയ്തു്, അവരുടെ കക്ഷിപ്പിണക്കത്തിനു തീർപ്പു പറഞ്ഞൊതുക്കുകയും പതിവാണു്.

പനി, വസൂരി മുതലായ രോഗങ്ങൾ ബാധിക്കാതിരിക്കുന്നതിനു വെളിച്ചപ്പാടന്മാരുണ്ടു്. ഒരു വീട്ടിൽ വസൂരിയുണ്ടായാൽ ആ ദേശത്തുള്ള ഭഗവതിക്ഷേത്രത്തിലറിവു കൊടുക്കും. എന്നാൽ 'ഭഗവതിയുടെ' വെളിപാടുണ്ടായി, ആ വീട്ടിൽ ചെന്നു് അരിയെറിയുകയും രോഗിയെ പള്ളിവാൾകൊണ്ടു് ഉഴിയുകയും കുറികൊണ്ടു വീശുകയുംചെയ്യും. അങ്ങനെ ചെയ്താൽ നൂറിൽ തൊണ്ണൂറെണ്ണവും രോഗം മാറി സുഖപ്പെടാറുണ്ടു്. ഭഗവതി ദൃഷ്ടമായി സഞ്ചരിക്കുന്നതു്, അവരുടെ ആചാരാവസ്ഥകൊണ്ടും അധർമ്മംകൊണ്ടുമാണെന്നുതന്നെ പറയാം.

ഒരു ദേശത്തിൽ വസൂരി കലശലായി പിടിപ്പെട്ടാൽ 'ദേശഭഗവതി' കഴിയ്ക്കും. അതു കഴിക്കുവാൻ വളരെ പ്രയാസമുണ്ടു. ആ ദേശത്തിലുള്ളവരെല്ലാം ഒന്നിച്ചുകൂടി കഴിക്കവേണ്ടുന്ന സാധനങ്ങളുണ്ടാക്കി, ഒരു ചൊവ്വാ വെള്ളിദിവസം കഴിക്കാൻ നിശ്ചയിക്കും. കഴിക്കുന്ന സന്ധ്യക്കു ഭഗവതി ക്ഷേത്രത്തിൽനിന്നു വെളിപാടുകൊണ്ടു വലിയ പുരുഷാരത്തോടുകൂടി ദേശത്തൊക്കെ ഒന്നു പ്രദക്ഷിണം ചെയ്യുവാൻ ഇറങ്ങും. പ്രദക്ഷിണം

ആരംഭിക്കുന്ന സ്ഥലത്തു കൊണ്ടിടുന്നതോ അല്ലെങ്കിൽ എട്ടോ പത്തോ പൂവൻകോഴികളെയോ അറുത്തു ഭൂതങ്ങൾക്കും പിശാചങ്ങൾക്കും കുരുതി അൎപ്പിക്കും. വഴി നാലുംകൂടുന്ന സ്ഥലങ്ങളിലെല്ലാം ഈ വിധം കുരുതി അൎപ്പിച്ചു ഒരു പ്രദക്ഷിണം കഴിഞ്ഞെത്തുമ്പോഴേയ്ക്കും നേരം പ്രഭാതത്തോടടുക്കാറുണ്ടു. 'ദേശകുരുതി' കഴിഞ്ഞാൽ രോഗശമനം വന്നിരുന്ന വിവരം ഇന്നത്തെ വൃദ്ധന്മാരോടു ചോദിച്ചാൽ നിശ്ചയമായറിയാം.

വസൂരി കേവലം ഒരു സാംക്രമികരോഗമായിട്ടാണല്ലോ ആധുനിക പരിഷ്കാരികൾ കല്പിച്ചുപോരുന്നതു. എന്നാൽ പൂൎവ്വികന്മാരായിരുന്ന ഭാരതീയരുടെ മതം അതല്ലായിരുന്നു. നീചമൂൎത്തികളാണു വസൂരി പരത്തുന്നതു് എന്നായിരുന്നു അവരുടെ വിശ്വാസം. ആ നീചമൂൎത്തികളെ ഒതുക്കുന്നതിനാണ കുരുതിമുതലായ 'അടിയന്തരങ്ങൾ' ഭദ്രകാളിക്കു കഴിക്കുന്നതു. ഈ രോഗം പരത്തുവാനും നശിപ്പിക്കുവാനും ഭദ്രകാളിക്കു കഴിയുമെന്നതിനു പല സംഭവങ്ങളുമുണ്ടായിട്ടുണ്ടു്. മുമ്പൊരിക്കൽ കൊടുങ്ങല്ലൂർ ഭരണിക്കുപോയിരുന്ന ചില ആളുകളെ മാപ്പിളമാർ ഉപദ്രവിച്ചുവെന്നും ഭരണിക്കാർ കൊടുങ്ങല്ലൂരമ്മയോടു സങ്കടമുണർത്തിച്ചതിനാൽ ആ മാപ്പിളമാൎക്കും അവരുടെ വീട്ടിലുള്ള എല്ലാവൎക്കും വസൂരി ഉണ്ടായി മരിച്ചുപോയിയെന്നും മറ്റും നമ്മുടെ ഇടയിൽ അറിയാത്തവർ വളരെ ചുരുക്കമാണു്. ഇതു അന്ധവിശ്വാസമാണെന്നു തള്ളിക്കളയുന്നവരോടു എനിക്കു പറയുവാനുള്ള മറുപടി മറ്റൊരവസരത്തിലേയ്ക്കു നീട്ടിവെച്ചിരിക്കുന്നു. വീടുകളിൽ ദുൎമ്മരണമുണ്ടായാൽ പ്രേതങ്ങളെക്കൊണ്ടുള്ള ഉപദ്രവമുണ്ടാകയും സ്വാഭാവികമാണു. ആ പ്രേതങ്ങളെ ഒതുക്കുവാൻ മന്ത്രവാദികളെക്കൊണ്ടും ശാന്തിയില്ലാതെ വന്നാൽ ഭദ്രകാളിക്കു ഒരു കുരുതി നിശ്ചയിക്കും. പ്രേതങ്ങളുടെ ഉപദ്രവമുള്ള വീട്ടിൽവെച്ചുതന്നെയാണു കുരുതിയടിയന്തരം നടത്താറുള്ളതു. അപ്പോഴും പൂജിക്കുവാനുള്ള അധികാരം കുരുക്കൾ, കുറുപ്പു, പണിക്കർ എന്നീ സ്ഥാനികളിലൊരാൾക്കാണു്. പൂജകഴിഞ്ഞു വെളിച്ചപ്പാടുമായി ആടിനേയോ കോഴിയേയോ ബലി കഴിച്ചു പ്രേതങ്ങളെ ആ സ്ഥലത്തു

നിന്നും ആവാഹിച്ചുകൊണ്ടുപോകും. ഇങ്ങിനെ ചെയ്യുന്നതിന്നു 'വെട്ടിവാങ്ങുക' എന്നും 'പ്രേതവേർപ്പാടുകഴിക്കുക' എന്നുമാണു, പറഞ്ഞു വരുന്നതു

ഓരോ വീട്ടിലുംവെച്ചു നടത്തിവന്നിരുന്ന 'പാന'യെപ്പററി ഇന്നത്തെ ബാലവിദ്യാർത്ഥികൾക്കു ഒട്ടെങ്കിലും അറിവില്ലാതെയാക്കിയ അവസ്ഥ ഏററവും ലജ്ജാവഹവും ശോചനീയവുമാണു. ഭദ്രകാളിപ്പാന, താലികെട്ടു കല്യാണത്തെ അനുയാത്ര ചെയ്യുന്നതാണു ഇതിൻെറ മൂലം. താലികെട്ടിയ പന്തലിൽവെച്ചു ഒരു പാനയെങ്കിലും കഴിക്കേണമെന്നൊരു നിർബ്ബന്ധം തന്നെയുണ്ടായിരുന്നു. പാന കഴിക്കാത്ത വീട്ടുകാരെ സമുദായത്തിൽ ചേർക്കുകയോ മററുള്ളവർ അവരോടു യോജിച്ചു കഴിക്കയോ ചെയ്യുകയില്ല. അവരെക്കൊണ്ടു തന്നെ പിഴ ചെയ്യിപ്പിച്ചശേഷമേ അവരെ സമുദായത്തിൽ ചേർത്തിരുന്നുള്ളൂ. താലികെട്ടുകല്യാണം നാലുദിവസം ആഘോഷിച്ചിരുന്നു. പാന കഴിക്കുന്നതു ആദ്യത്തെ മൂന്നുദിവസങ്ങളിലൊന്നിലുമാവാം. പാനയെക്കുറിച്ചു ഇതര സന്ദർഭത്തിൽ അധികം വിസ്തരിക്കുന്നില്ല. എങ്കിലും കുറച്ചൊക്കെ പറയാം. പാനദിവസം പകലും രാത്രിയും വെളിച്ചപ്പാടു വെളിപാടുകൊള്ളും. രാത്രി വെളിപാടുണ്ടായി നൃത്തം ചെയ്യുന്നവരാം. വെളിച്ചപ്പാടൊന്നിച്ചു 'പൂക്കലക്കാരിക്കാരു'മുണ്ടായിരിക്കും. ഇതിൻെറ ചടങ്ങുകൾ ഇനിയൊരിടത്തു വിവരിക്കാം.

ഇതുകൂടാതെ ഭദ്രകാളിക്കു പാട്ടുകഴിക്കുക എന്നൊരു വഴിപാടുംകൂടി നടന്നുവരുന്നുണ്ടു. ഇതു ക്ഷേത്രങ്ങളിലും വീടുകളിലും നടത്താവുന്നതാണു. പാട്ടു പാടുവാൻ ബ്രാഹ്മണിയമ്മമാരാണു. ഇതിനെപ്പററിയും മറെറാരവസരത്തിൽ വിസ്തരിച്ചുകൊള്ളാം.

കേരളത്തിൽ നടത്തിവരാറുള്ള കാളിപൂജയെക്കുറിച്ചു ഏററവും സംഗ്രഹമായിട്ടേ ഇവിടെ പറഞ്ഞിട്ടുള്ളൂ. ഇന്നത്തെ ബാലന്മാർ പഴയ നടപടികളിൽ ചിലതെങ്കിലും മറക്കാതിരിക്കട്ടെയെന്നുമാത്രമേ തൽക്കാലമുദ്ദേശിച്ചിട്ടുള്ളൂ. മററു രാജ്യങ്ങളിലും കാളിപൂജയുടെ സമ്പ്രദായങ്ങളൊക്കെ ഇങ്ങനെയല്ലായിരിക്കാമെന്നോർക്കണം.

പരദേശികഠം ഭദ്രകാളിയെ 'മാരിയമ്മ'യെന്നാണ വിളിച്ചുവരുന്നത്. 'മാരിയമ്മൻകോവിൽ' കേരളത്തിൽ വളരെ ദുർല്ലഭമാണ. വസൂരി ബാധിച്ചാൽ കേരളീയരെപ്പോലെ പരദേശികഠം പേടിച്ചോടുകയില്ല. 'അമ്മവിളയാട്ടം' എന്ന പറഞ്ഞു കളിച്ചു ചിരിക്കുകയാണ് അവർ ചെയ്യുന്നത്. മാരിയമ്മക്ക് വേപ്പില വളരെ പ്രധാനമാണ. വെളിച്ചപ്പാട് വെളിപാടു കൊള്ളുമ്പോഠം വാളും ചിലമ്പും അരമണിയും ധരിക്കുന്നതിന പകരം, അവർ കയ്യിലൊരുപാത്രം നിറയെ തീയോ, തലയിൽ ഒരു വലിയ കുടം നിറയെ വേപ്പിലയോ, കയ്യിൽ ഒരു കൊരടാവോ, ധരിച്ചിട്ടാണ് വെളിച്ചപ്പെടുന്നത്.

നാം ഭദ്രകാളിയെന്നും കിഴക്കർ മാരിയമ്മയെന്നും പറയുന്ന ദേവിയെ ഉത്തര ഇന്ത്യക്കാർ, 'ഭവാനി' "മാതാ" എന്നൊക്കെയാണ വിളിക്കുന്നത്. ഭദ്രകാളിയെ നാമെങ്ങിനെയോ, അതുപോലെ അവർ ഭവാനിയേയും വിശ്വസിച്ചു പൂജിച്ചുവരുന്നു. പൂജക്കുള്ള സമ്പ്രദായങ്ങളിൽ ചില വ്യത്യാസങ്ങഠം കാണാനുണ്ട്.

ഇന്ത്യയിൽ പലേടങ്ങളിലും ഭദ്രകാളിയെ ശീതളാദേവിയായിട്ടാണ ഗണിച്ചുവരുന്നത്. ശീതളാഷ്ടകം, ഭക്തിയോടെ ഒരു പ്രാവശ്യം ചൊല്ലിയാൽ കഠിനമായ പനിക്കും ശമനമുണ്ടാകുമെന്ന ഭക്തന്മാർ പറയുന്നു. ചൈത്രമാസത്തിലെ കൃഷ്ണപക്ഷസപ്തമി ശീതളാദേവിയെ പൂജിക്കുവാനുള്ള പ്രധാന ദിവസമാകയാൽ അതിന്ന 'ശീതളാസപ്തമി'യെന്ന പറഞ്ഞുവരുന്നു. ശീതളാദേവിയെ സ്ത്രീകളാണ് പൂജിക്കുന്നത്. ചിലർ, ശ്രാവണമാസത്തിലെ ശുക്ലസപ്തമിയാണ ശീതളാസപ്തമിയെന്ന പറയുന്നുണ്ട്. വേറെ ചിലർ, ചൈത്രയിലെ കൃഷ്ണസപ്തമിമുതൽ ശ്രാവണമാസത്തിലെ ശുക്ലസപ്തമിവരെ എല്ലാ സപ്തമിതോറും ശീതളാദേവിയെ പൂജിക്കുകയും വ്രതങ്ങളാചരിക്കുകയും ചെയ്യുന്നു.

കേരളത്തിന്റെ ഭൂമിശാസ്ത്രത്തിലും, മററുള്ള രാജ്യങ്ങളിലെന്നവിധം, വസന്തം, ഗ്രീഷ്മം, വർഷം, ശരൽ, ഹേമന്തം, ശിശിരം എന്നിങ്ങിനെ ആറു ഋതുക്കഠം കാണുന്നില്ലെങ്കിലും അനുഭവ

ത്തിൽ, വൎഷം, വേനൽ, എന്നു രണ്ടു കാലങ്ങൾ മാത്രമേ പ്രധാനമായിട്ടുള്ളു. വസൂരിയുടെ "കൊള്ളു" വേനൽകാലത്താണ്. തേന്മാവു പൂക്കുന്നതു കണ്ടു വണ്ടിനങ്ങൾ മധു തേടുവാൻ മുരണ്ടുകൊണ്ടു പാറുകയും കോകിലങ്ങൾ ആനന്ദിതങ്ങളായി കൂകുകയും ചെയ്തുതുടങ്ങുമ്പോൾ പനി വസൂരി മുതലായ രോഗങ്ങൾ കടന്നുകൂടുകയായി. ഭദ്രകാളിക്കു് ഈ രോഗങ്ങളെ നീക്കുവാൻ ശക്തിയുള്ളതിനാൽ വേനൽകാലം, പ്രധാനമായി, മകരം, കുംഭം, മീനം, മേടം, എന്നീ നാലുമാസം, കാളിപൂജയ്ക്കുള്ള കാലമായി നിശ്ചയിച്ചിരിക്കുന്നു.

12. ചിത്രാപൂൎണ്ണിമ.

ദേവേന്ദ്രൻ അമരാവതിയിൽ ഒരുദിവസം അപ്സരസ്ത്രീകളുടെ പാട്ടുമാട്ടവും കണ്ടു രസിക്കുമ്പോൾ ദേവഗുരുവായ ബൃഹസ്പതി അവിടെ ചെന്നു. വിനോദാസക്തചിത്തനായ ദേവരാജൻ ബൃഹസ്പതിയെ കണ്ടുവെങ്കിലും അദ്ദേഹത്തെ ബഹുമാനിക്കുവാൻ മറന്നുപോയി. ദേവേന്ദ്രന്റെ ഉപചാരാതിക്രമത്താലുള്ള പരിഭവം നിമിത്തം ബൃഹസ്പതി അവിടെത്തന്നെ അന്തൎദ്ധാനം ചെയ്കയും ചെയ്തു. നൃത്താദികൾ കഴിഞ്ഞു ദേവേന്ദ്രൻ അവിടെക്കൂടിയിരുന്നവരെ പറഞ്ഞയച്ചശേഷമാണു ഗുരുവിനെ മാനിക്കാതിരുന്ന കഥയോൎമ്മ വന്നതു്. അദ്ദേഹം ഗുരുദ്രോഹഭയത്താലുടനെ ഗുരുവിന്റെ മന്ദിരത്തിൽച്ചെന്നന്വേഷിച്ചു. അവിടെ ഗുരുവിനെ കാണാത്തതിനാൽ വിഷണ്ണനായി തന്റെ ഗൃഹത്തിൽ വന്നു താമസിക്കുകയും ചെയ്തു.

ഗുരുദ്രോഹപാതകത്താൽ ദേവേന്ദ്രന്റെ തേജസ്സും പ്രഭാവവും, ഐശ്വൎയ്യവും അസ്തമിതപ്രായമായി. ആ തരംനോക്കി അസുരന്മാരെത്തി ദേവേന്ദ്രനെ യുദ്ധത്തിൽ പരാജിതനാക്കി. ദേവേന്ദ്രൻ ഭയവിഹ്വലനായിട്ടു സത്യലോകത്തുചെന്നു, സരോജാസനനോടു സങ്കടമുണൎത്തിച്ചു. സ്രഷ്ടാവിന്റെ പുത്രനും ദേ

നവഭാഗിനേയനുമായ വിശ്വരൂപനെ ഗുരുവായി വരിച്ചാൽ ദേവകളുടെ അനൎത്ഥങ്ങൾ നീങ്ങി ജയം വരുമെന്നു ബ്രഹ്മാവു ദേവേന്ദ്രനോടു പദേശിക്കുകയും ചെയ്തു.

ദേവേന്ദ്രൻ ആ ഉപദേശപ്രകാരം ത്രിശിരസ്സായ വിശ്വരൂപനെ ഗുരുവായി സ്വീകരിച്ചു. വിശ്വരൂപൻ പറയുന്ന സൽക്കൎമ്മങ്ങൾ പ്രതിദിനം ദേവേന്ദ്രൻ ഭക്തിയോടനുഷ്ഠിക്കുന്നതു കണ്ടു തുഷ്ടിപൂണ്ട വിശ്വരൂപൻ ജയപ്രദമായ ശിവകവചമന്ത്രം ദേവേന്ദ്രനുപദേശിച്ചു. ആ കവചത്തിന്റെ പ്രഭാവത്താൽ ദേവേന്ദ്രൻ ശത്രുക്കളെ ജയിച്ചു പ്രതാപവാനായി വീണ്ടും ദേവലോകത്തു സ്വൈരമായി വാസം തുടങ്ങി.

ദൈത്യഭാഗിനേയനായ വിശ്വരൂപൻ ദേവന്മാരറിയാതെ യജ്ഞഭാഗം ഹിത്യവും ദൈത്യന്മാൎക്കു കൊടുത്തുവന്നു. ദേവേന്ദ്രനതു ജ്ഞാനദൃഷ്ടികൊണ്ടറിഞ്ഞപ്പോൾ ക്രുദ്ധനായി വിശ്വരൂപന്റെ ശിരച്ഛേദം ചെയ്തു. അപ്പോൾ വിശ്വരൂപന്റെ മൂന്നു ശിരസ്സുകളിൽ, സോമപാനംചെയ്ത ശിരസ്സ്, കപിഞ്ജലപക്ഷിയായും, അന്നം ഭക്ഷിച്ചതു തിത്തിരിപ്പക്ഷിയായും, സുരാപാനം ചെയ്തതു, കലവിംഗപ്പക്ഷിയായും പറന്നുപോയി. ഉടനെ ബ്രഹ്മഹത്യ ദേവേന്ദ്രന്റെ നേരെ പാഞ്ഞെത്തി. ഒരു വത്സരം ദേവേന്ദ്രൻ ചുററിത്തിരിഞ്ഞിട്ടും ബ്രഹ്മഹത്യ വിട്ടുപോകാഞ്ഞതിനാൽ, ദേവന്മാരോടും മഹൎഷിമാരോടുംകൂടിയാലോചിച്ച്, അവരുടെ ഉപദേശാനുസരണം ബ്രഹ്മഹത്യാദോഷത്തെ നാലായി പകുത്ത് ഓരോ ഭാഗത്തെയും ഭൂമിക്കും, ജലത്തിനും, സ്ത്രീകൾക്കും വൃക്ഷങ്ങൾക്കുമായികൊടുക്കുകയും ചെയ്തു. അപ്പോൾ അദ്ദേഹം സ്വസ്ഥനായും ഭവിച്ചു.

പുത്രനായ വിശ്വരൂപന്റെ മരണത്താൽ ത്വഷ്ടാവു ക്രുദ്ധനായി, ഇന്ദ്രനുപരമശത്രുവായൊരുവൻ ജനിക്കണമെന്നുദ്ദേശിച്ച് അഗ്നിയിൽ ഹോമിച്ചു. അപ്പോൾ വിധിഹോമത്തിൽ നിന്നു ദൈത്യനായ വൃത്രൻ പുറപ്പെട്ടു വൃത്രൻ തപോബലംകൊണ്ടു സൎവ്വലോകങ്ങളും പിടിച്ചടക്കി, ദേവേന്ദ്രനേയും ആക്രമി

ച്ചു. ജംഭാരാതി കുംഭിപ്രമുഖനായ ഐരാവതത്തിന്റെ സ്കന്ധത്തിൽ കയറി ദംഭോളിപാണിയായിട്ട് വൃത്രനോടെതിർത്തു. അവർ തമ്മിൽ അതിഭയങ്കരമായ സംഗരം നടന്നുകൊണ്ടിരിക്കവെ, ദേവേന്ദ്രൻ വജ്രായുധത്താൽ വൃത്രന്റെ വക്ഷസ്സിലാഞ്ഞടിച്ചു. മഹാബലവാനായ വൃത്രൻ കാലദണ്ഡസമാനമായ തന്റെ മുസലമെടുത്ത് ഐരാവതത്തെ പ്രഹരിച്ചു ദേവേന്ദ്രന്റെ ദക്ഷിണഭുജത്തിന്മേലും താഡിച്ചു. അന്തരമാത്രയിൽ ദേവേന്ദ്രന്റെ വജ്രം ദൂരത്തെറിച്ചു.

ദേവേന്ദ്രൻ അത്യന്തം ഭീതനായി വിരിഞ്ചഭഗവാന്റെ മുമ്പിലോടിച്ചെന്നു തനിക്കു പററിയപരാജയത്തെക്കുറിച്ചുണർത്തിച്ചു. തന്നാലൊന്നും സാധിക്കാത്തതിനാൽ ബ്രഹ്മാവു ദേവേന്ദ്രനോടും ദേവകളോടുംകൂടി വൈകുണ്ഠത്തിൽച്ചെന്നു മഹാവിഷ്ണുവിനോടു വിവരം പറഞ്ഞു. അപ്പോൾ ഭഗവാനിങ്ങിനെ ഉപായവും പറഞ്ഞുകൊടുത്തു.

“പണ്ടു ദേവാസുരന്മാർ പാലാഴി കടയുവാൻ തുടങ്ങിയപ്പോൾ അവരുടെ ശസ്ത്രങ്ങൾ ദധീചിമഹർഷിയെയായിരുന്നു ഏല്പിച്ചിരുന്നത്. ദധീചി ആ ശസ്ത്രങ്ങൾ മുഴുവൻ അദ്ദേഹത്തിന്റെ ഉദരത്തിലാക്കിയപ്പോൾ അവ അദ്ദേഹത്തിന്റെ പൃഷ്ഠാസ്ഥിയിൽ ലയിച്ചുപോകയും ചെയ്തു. ദധീചിയുടെ പൃഷ്ഠാസ്ഥികൊണ്ട് ഒരു വജ്രമുണ്ടാക്കിയാൽ അതുകൊണ്ടു വൃത്രനെ സംഹരിക്കാം.”

ബ്രഹ്മാവും ദേവന്മാരും അതുകേട്ടു ദധീചിയെക്കാണ്മാൻ യാത്രയായി. ഭസ്മരുദ്രാക്ഷമാലാലംകൃതനായി തപസ്സുചെയ്യുന്ന ദധീചിമഹർഷിയെ അവർ പ്രീതനാക്കി അദ്ദേഹത്തിന്റെ പൃഷ്ഠാസ്ഥി യാചിച്ചു. നിത്യമായതു ‘ആത്മാവുമാത്രം’ എന്നു ധരിച്ചിട്ടുള്ള ദാനശൌണ്ഡനായ ആ മുനിശ്രേഷ്ഠൻ,

എന്നുടെ ദേഹസ്ഥമാമസ്ഥിഖണ്ഡമതിന്നിങ്ങൾ
ഖേദമെയ്യിനൊട്ടുമാലുമെന്നുരചെയ്തശേഷം
ബ്രഹ്മരന്ധ്രത്തെ ഭേദിച്ചുടലുപേക്ഷിച്ചു
ശിവസായൂജ്യം പ്രാപിച്ചാദ്യവിമാനത്തിൽ
ശിവലോകത്തുചെന്നു വാണിതു മഹാധന്യൻ

ദേവന്മാർ അദ്ദേഹത്തിന്റെ ദേഹമദ്ധ്യസ്ഥിതമായ വിണാദണ്ഡമെന്ന അസ്ഥിയെടുത്തു വിശ്വകർമ്മാവിനെ ഏല്പിച്ചു. വിശ്വകർമ്മാവ് ആ അസ്ഥികൊണ്ടു തീക്ഷ്ണതമമായ ഒരു വജ്രമുണ്ടാക്കി. ദേവേന്ദ്രൻ ആ വജ്രമെടുത്തു വൃത്രാസുരനോടടുത്തു. ജാജ്വല്യമാനമായ ദംഭോളി കണ്ടു ഭയകമ്പിതനായ വൃത്രാസുരൻ കുതിച്ചുപാഞ്ഞു കടലിൽചാടി ഗുപ്തമായി നിവസിച്ചു.

വൃത്രനെ വധിക്കുവാൻ തരമാകാഞ്ഞതിനാൽ ദേവേന്ദ്രൻ പിന്നെയും പത്മസംഭവനോടു വിവരമുണർത്തിച്ചു. അദ്ദേഹം ഇന്ദ്രനോട് അഗസ്ത്യമഹർഷിയെ ആശ്രയിക്കുവാനും പറഞ്ഞു. ദേവാദികളുടെ ദൈന്യം കണ്ടപ്പോൾ അഗസ്ത്യമുനി മഹാദേവനെ കാലാഗ്നികോടിതുല്യനായി ധ്യാനിച്ചു സമുദ്രജലം മുഴുവനും നിമിഷംകൊണ്ടു വലത്തെ ഉള്ളംകയ്യിലാക്കിക്കുടിച്ചു. നിർജ്ജലമായ സമുദ്രത്തിലുള്ള ഒരു പർവ്വതത്തിന്റെ അഗ്രത്തിൽ നിശ്ചലനായി ബ്രഹ്മധ്യാനം ചെയ്തിരിക്കുന്ന വൃത്രനെ കണ്ടപ്പോൾ നിർജ്ജരേന്ദ്രൻ വജ്രായുധംകൊണ്ട് അവന്റെ ശീർഷം ഛേദിച്ചു. ആ മാത്രയിൽ ഘോരരൂപിണിയായ ബ്രഹ്മഹത്യ (വൃത്രഹത്യയെന്നും പറയാം) കരത്തിൽ മുസലവുമേന്തി ദേവരാജന്റെ നേരെ പാഞ്ഞടുത്തു. അദ്ദേഹം അശരണനായി ശീഘ്രമോടി അന്യലോകങ്ങളുംചെന്നു താമരത്തണ്ടിലുള്ള നൂലിൽ മറഞ്ഞിരുന്നു. ഇങ്ങിനെ ബഹുവത്സരങ്ങൾ കഴിഞ്ഞു് അക്കാലത്താണു ഗർവ്വിഷ്ഠനായിരുന്ന നഹുഷമഹീപതി മഹേന്ദ്രനായി ദേവലോകത്തു വാണതും.

ദേവേന്ദ്രൻ മൃണാളസൂത്രത്തിലിരുന്നുകൊണ്ടുതന്നെ നിഷ്ഠകളോടെ ബൃഹസ്പതിഭജനം തുടങ്ങി. ദേവേന്ദ്രന്റെ പശ്ചാത്താപം കണ്ടപ്പോൾ കരുണാർദ്രനായ ദേവഗുരു പ്രത്യക്ഷനായി. അദ്ദേഹത്തിന്റെ കഴൽപിടിച്ചുകേഴുന്ന ദേവേന്ദ്രനെ സമാധാനിപ്പിച്ചുകൊണ്ടിങ്ങിനെ പറഞ്ഞു.

"വൃത്രാസുരനെ നിഗ്രഹിച്ചതുകൊണ്ടാണ് ഈ ബ്രഹ്മഹ

ത്ത്യമേവാതെ ബോധിച്ചിരിക്കുന്നതു്. ഇതിന്നു തക്കതായ പ്രായശ്ചിത്തവും ഞാൻ ജ്ഞാനദൃഷ്ടികൊണ്ടറിഞ്ഞിരിക്കുന്നു.

സർവ്വപാതകങ്ങളെയുമൊന്നു നശിപ്പാനായ്
സർവ്വജ്ഞമഹർഷിമാർ ചൊല്ലുന്നതല്ലാതെ ...
ഭക്തന്മാരെ പാപശാന്തിയെ വരുത്തുവാൻ
ഭക്തവത്സലനായ ഭഗവാൻ പരമേശൻ
ഉത്തമക്ഷേത്രങ്ങളിൽ സാന്നിദ്ധ്യം ചെയ്യീടുന്നു
നിത്യനായവൻ കൃപാവാരിധി മഹാദേവൻ
ആകയാലവൻ പുണ്യതീർത്ഥങ്ങളെല്ലാററിലും
പാപഹരമാം സ്നാനം ചെയ്തു ഭക്തിയോടും
സന്താപംശിവലിംഗമാകവേ പൂജിച്ചാലും
മുക്തനായ്ത്തീർന്നിടും ഘോരമാം പാപംതീരും.

അതുകേട്ട ദേവേന്ദ്രൻ സാന്ദ്രകൗതുകത്തോടെ ഉച്ചൈശ്ശ്രവസ്സിൻെറ പുറത്തു് ആരോഹണം ചെയ്തു ദേശികനോടും ദേവകളോടുംകൂടി വേട്ടയാടുവാനെന്ന നാട്യത്തിൽ ദണ്ഡപാണിയായി ഭൂമിയിലെത്തി. ശ്രീകാശിമുതലായ ക്ഷേത്രങ്ങളുടെ ദർശനവും തീർത്ഥങ്ങളിൽ സ്നാനവും ചെയ്തിട്ടും വൃത്രഹത്യ വിട്ടുപോയില്ല. അദ്ദേഹം മിത്രങ്ങളോടുകൂടി ദിക്കുതോറും സഞ്ചരിച്ചു് ഒടുവിൽ ഇന്നു മധുരാക്ഷേത്രം സ്ഥിതിചെയ്യുന്ന സ്ഥലത്തെത്തി. ആ പ്രദേശം അന്നു് ഒരു മഹാരണ്യമായിരുന്നു. അതിസുന്ദരസാന്നിദ്ധ്യമുള്ള വിപിനത്തിലെത്തിയ ഉടനെ ദേവേന്ദ്രന്നു മനോപശാന്തിദായമായ ഒരു ആനന്ദം തോന്നി. അദ്ദേഹം തിരിഞ്ഞുനോക്കിയസമയം 'വൃത്രഹത്യ' തന്നോടടുക്കാതെ ദൂരെ നില്ക്കുന്നതായും കണ്ടു. ആ സ്ഥലത്തിന്നു 'വൃത്രഹത്യാസ്ഥ'മെന്നാണിന്നും പറഞ്ഞുവരുന്നതു്.

ദേവന്മാർ അത്ഭുതപരവശരായി. ആ കാട്ടിലെ കാഴ്ചകളിങ്ങിനെയായിരുന്നു. വ്യാഘ്രികൾ പശുക്കിടാവിനെ മുലകുടിപ്പിക്കുന്നു. പുലികൾ മാൻകിടാങ്ങളെ പുൽപ്രദേശങ്ങളിലേക്കു നയിക്കുന്നു. നിദ്രയിൽക്കിടക്കുന്ന മദകരികളുടെ മദജലം പാനംചെയ്യാനണയുന്ന വണ്ടുകളെ നിദ്രാഭംഗം വരാതി

രിപ്പാൻ കേസരികൾ കേസരങ്ങൾകൊണ്ടു വീശിയകറ്റുന്നു. കുഞ്ഞുങ്ങളെക്കാണാതെ കരയുന്ന സൎപ്പങ്ങളെ ഗരുഡൻ സമാശ്വസിപ്പിക്കുകയും, കീരി അവരെ അന്വേഷിച്ചു കൊണ്ടുപോയി കൊടുക്കുകയും ചെയ്യുന്നു.

കദംബസമ്പൂൎണ്ണമായ ആ വനത്തിൽ പരിപാവനമായ ഒരു വസ്തുവുണ്ടായിരിക്കേണമെന്നു ദേവകൾ നിശ്ചയമാക്കി, എല്ലായിടങ്ങളും തിരയുമ്പോൾ, നിൎമ്മലജലപരിപൂൎണ്ണമായ ഒരു തടാകവും അതിന്റെ വാമകോണിൽ പുഷ്പിച്ചുനില്ക്കുന്ന കദംബവൃക്ഷങ്ങളും കണ്ടു. അവയുടെ അഗ്രങ്ങളിലിരുന്നു കളകളാരവത്തോടെ കിളികുലങ്ങൾ

ശങ്കര ശിവശംഭോ ശരണാഗതപ്രിയ
പങ്കജബാണാന്തക പാൎവ്വതിപ്രാണനാഥ
പരമേശ്വര ചന്ദ്രശേഖര മഹാദേവ
പുരനാശന ശ്രീമൻ സുന്ദരേശ്വര ഹര

ഇങ്ങനെ ശിവനാമാവലി പാടുന്നതു തിങ്ങുന്ന മോദാൽ ദേവകൾ കേട്ടുംകൊണ്ടു മുമ്പോട്ടു ചെല്ലുമ്പോൾ നീപവനമദ്ധ്യത്തിൽ,

'ഉത്തമംസ്വയംഭൂവായുള്ളതും ശുഭകര
മേത്രയും മനോജ്ഞമായുള്ളതാം ശിവലിംഗം'

കണ്ടു വിസ്മയംതേടി. അടുത്തു കാണുന്ന തടാകം തീൎത്ഥമാണെന്നും മനസ്സിലാക്കി. ദേവേന്ദ്രൻ പരുങ്ങിനില്ലാതെ ഗുരുശാസനമനുസരിച്ചു തീൎത്ഥത്തിൽ സ്നാനംചെയ്തു, ഗാത്രത്തിൽ ഭസ്മരുദ്രാക്ഷങ്ങളും ധരിച്ചു നിത്യകൎമ്മങ്ങളും വഴിപോലെ അനുഷ്ഠിച്ച ശേഷം സ്വയംഭൂതമായ ശിവലിംഗത്തെ ഭക്തിയോടെ നമസ്കരിച്ചപ്പോൾ, മാറിനിന്നിരുന്ന ബ്രഹ്മഹത്യ, അഗ്നിയിൽ പഞ്ഞി പോലെ ഭസ്മാവശേഷമായി ഭവിച്ചു. വൃന്ദാരകേന്ദ്രന്റെ പാപവും നശിച്ചു സന്തുഷ്ടനായി. അത്യാശ്ചൎയ്യകരമായ ഒരു വിമാനം ലിംഗത്തിനു നിൎമ്മിക്കേണമെന്നു ശചീപതി കല്പിച്ചു ശിവപൂജയ്ക്കു വേണ്ടുന്ന ദ്രവ്യങ്ങളും കൊണ്ടുവരുവാൻ ദേവന്മാരെയും വിമാനം നിൎമ്മിക്കുവാൻ വിശ്വകൎമ്മാവിനെയുമയച്ചു.

ലിംഗത്തിന്നു ചുററും പടൎന്നുകിടന്നിരുന്ന വല്ലികളും പുല്ലുകളും ദേവവ്രതൻതന്നെ വലിച്ചുകളഞ്ഞു് ആ പ്രദേശം തെളിയിക്കുന്നതിന്നിടയിൽ വിശ്വകൎമ്മാവു നിൎമ്മിച്ച വിമാനം ശിവലിംഗത്തെ ഭജിക്കുവാൻവരുന്ന ഹേമകൂടംപോലെ ആകാശത്തിൽനിന്നും അവിടെയിറങ്ങി. ബൃഹസ്പതി നിശ്ചയിച്ച ശുഭമുഹൂൎത്തത്തിൽ ദേവവ്രതൻ ഭക്തിയോടുകൂടി വിമാനത്തെ അവിടെ പ്രതിഷ്ഠിക്കയും ചെയ്തു. അതിന്റെ ചുററും വിശാലമനോഹരങ്ങളായ അഞ്ചു പ്രാകാരങ്ങളും മണ്ഡപങ്ങളും പണിചെയ്തു. പരമേശ്വരിക്കു് ഒരു ക്ഷേത്രം വേറെയും നിൎമ്മിച്ചു. അതുപോലെ മററു ദേവന്മാൎക്കും വെവ്വേറെ ക്ഷേത്രങ്ങൾ പണിചെയ്യിച്ചു.

ദേവവ്രതൻ ദേവകളെ പൂജാസാധനങ്ങൾക്കായയച്ചുവെന്നു പറകയുണ്ടായല്ലോ. അതിന്നടുത്തു്, ഒരു പൂപോലും കാണ്മാനില്ലെന്നു ദേവകൾ മടങ്ങിച്ചെന്നു പറഞ്ഞപ്പോൾ, ഉടനെ ദേവലോകത്തുചെന്നു പുഷ്പങ്ങളും പൂജയ്ക്കുള്ള പൊൻപാത്രങ്ങളും കൊണ്ടുവരണമെന്നു പറഞ്ഞയച്ചു. ദേവവ്രതൻ പിന്നെയും പൂ തേടിക്കൊണ്ടു തീൎത്ഥത്തിന്റെ കരയിൽനടക്കയായിരുന്നു അദ്ദേഹത്തിന്റെ അപാരമായഭക്തിയും പൂജയ്ക്കുള്ള ശ്രദ്ധയും കണ്ടപ്പോൾ ശ്രീപരമേശ്വരൻ,

അത്യന്തംഭക്തൻമമപൂജാതല്പരനിവൻ
എന്നു ചിന്തിച്ചുദേവാധിനാഥൻതാനും
തന്നിലപ്പോൾ സ്വൎണ്ണപത്മങ്ങൾസൃഷ്ടിച്ചിട്ടു.
സ്വൎണ്ണപത്മങ്ങൾകൊണ്ടുപൂൎണ്ണമാംതടാകത്തെ
വിണ്ണവർനാഥൻകണ്ടേനേരത്തുസന്തുഷ്ടനായ്
ഹേമപത്മാകരമെന്നാമമന്നേതീൎത്ഥത്തിന്നു
നാമവുമിട്ടുപുഷ്പമാകവേപറിച്ചിതൻ,

ശിവലിംഗത്തിന്നടുത്തെത്തിയപ്പോഴേയ്ക്കും ദേവന്മാർ പൂജാദ്രവ്യങ്ങളോടു കൂടെയെത്തി. അതിന്നുശേഷം ശിവലിംഗത്തിന്നടുത്തുരത്നപീഠംവെച്ചു ദേവിയേയും മററോരോസ്ഥലങ്ങളിൽ ദേവതാപരിഗണങ്ങളേയും ശ്രുതിപ്രോക്തങ്ങളായമന്ത്രം ജപിച്ചു ദേവവ്രതൻ പ്രതിഷ്ഠിച്ചു. ഗന്ധൎവ്വന്മാരെല്ലാരും ഭക്തിയോടെ

സ്തുതിച്ചുതുടങ്ങി. സപാൎഷദ്യന്മാർ വാദ്യഘോഷങ്ങളോടുകൂടെ നൃത്തംചെയ്തു. ദേവേന്ദ്രൻ പഞ്ചബാണാരിയുടെ ലിംഗംപഞ്ചാമൃതംകൊണ്ടഭിഷേകംചെയ്തു ഹാരങ്ങളും ചാൎത്തി പൊൻതാമരകൾകൊണ്ടൎച്ചിച്ചു ധൂപദീപങ്ങളും നിവേദ്യങ്ങളുമൎപ്പിച്ചു നമസ്കരിച്ചപ്പോൾ ശിവലിംഗമേററവും സുന്ദരമായിക്കണ്ടതിനാൽ "സുന്ദരേശ്വരൻ" എന്നഭിധാനം ചെയ്കയും ചെയ്തു ദേവേന്ദ്രൻ ഇടതെരുതെരെ നമസ്കരിക്കവേ, ആ ലിംഗത്തിന്റെ മദ്ധ്യത്തിൽ,

തരുണാരുണകോടിസന്നിഭകാന്തിയോടും
കരുണാനിധിശിവൻസ്വരൂപനായി
പാശാങ്കുശങ്ങളുംവരാഭയങ്ങളും
കരസാരസങ്ങളിൽധരിച്ചുമഹാദേവൻ
ചാരുവാംകിരീടത്തിൽഗംഗയുംചന്ദ്രകല
ഹാരകുണ്ഡലകേയൂരാദികളുമംഗങ്ങളിൽ
വസ്ത്രങ്ങൾപുഷ്പങ്ങളുംഗന്ധങ്ങളിവകളാൽ
എത്രയുമലംകൃതഗാത്രനായ്ത്രിലോചനൻ
സ്വച്ഛമായിട്ടന്നുദയമാംപൂൎണ്ണേന്ദുവിൽ
നിന്നുളവായമന്ദഹാസചന്ദ്രികയോടും
തരുണീമണിയായപാൎവ്വതിയോടുംകൂടി
തരുണാകൃതിവിളങ്ങീടുന്നുമഹാദേവൻ

ദേവേന്ദ്രനാകട്ടെ രോമാഞ്ചകഞ്ചുകിതനായി ആനന്ദാശ്രുവാൎത്തുകൊണ്ടു ഉമാമഹേശ്വരന്മാരെ സ്തുതിച്ചുതുടങ്ങി. ദേവേന്ദ്രന്റെ ഭക്തിയാൽ ഭഗവാനേററവും തെളിഞ്ഞു. ദേവേന്ദ്രനിൎമ്മിതമായ ആ ക്ഷേത്രം ബഡവാഗ്നിയിലും നശിക്കുന്നതല്ലെന്നു ഭഗവാനരുളിച്ചെയ്തശേഷം ദേവേന്ദ്രനു വേണ്ടുന്ന വരങ്ങളും കൊടുത്തു. ദേവേന്ദ്രനു പിന്നീട് അവിടംവിട്ടുപോകുവാൻ മനസ്സില്ലാതെയായി. എന്നും ഭഗവാനെപ്പൂജിച്ചുകൊണ്ട് അവിടെയിരിക്കുവാൻ ഭഗവാനോടനുവാദം ചോദിച്ചു—അപ്പോൾ ഭഗവാനരുളിച്ചെയ്തതിപ്രകാരമാണ്.

'ഭവാൻ നിൎജ്ജര ലോകത്തിനു രക്ഷിക്കേണ്ടവനാകയാൽ

അതിനന്തരമില്ല. എങ്കിലും നിവൃത്തിയുണ്ടാകും. മേടമാസം, വസന്തർത്തു, പൌർണ്ണമി, ചിത്ര, ഇതെല്ലാം കൂടിച്ചേർന്ന ദിവസമാണ് ഇന്നു. ഞാനിന്നു് അങ്ങയുടെ പൂജയെ പ്രസാദിക്കയും ചെയ്തിരിക്കുന്നു. ഇങ്ങിനെ വരുന്ന പുണ്യവാസരത്തിൽ ഭവാൻ ദേവന്മാരോടുകൂടി ഇവിടെ വന്നു ഹേമപത്മിനിയിൽ സ്നാനംചെയ്തു ഈ ലിംഗത്തെ പൂജിയ്ക്കുക. എന്നാൽ സർവ്വകന്മഷങ്ങളകന്നു വിശുദ്ധനായിത്തീരുമെന്നു മാത്രമല്ല നിഷ്കീർത്തിപ്രഭാവങ്ങളെവിടെയും സിദ്ധിക്കുന്നതുമാകുന്നു. ഭവാന്റെ വൃത്രഹത്യ നീങ്ങിയ ഈ ദിവസമേററവും സുപ്രസിദ്ധമായി ഭവിക്കയും ചെയ്യട്ടെ."

ഭഗവാൻ ലിംഗത്തിൽ മറഞ്ഞരുളിയശേഷം ദേവേന്ദ്രൻ മിത്രങ്ങളോടുകൂടി ദേവലോകം പ്രവേശിച്ചു. അതിന്റെ അനുകരണമാണ് ഇപ്പോഴും നടന്നുവരുന്ന ചിത്രാപൂർണ്ണിമ. ദേവന്റെ വൃത്രഹത്യ നശിച്ചുപോയ ആ ദിവസത്തെ നാമിന്നും ആചരിച്ചുവരുന്നു. ചിത്രാപൂർണ്ണിമനാൾ ശിവക്ഷേത്രങ്ങളിലും വിഷ്ണുക്ഷേത്രങ്ങളിലും വഴിപാടുചെയ്തുവരുന്നുണ്ട്. ചിത്രാപൂർണ്ണിമ കേരളീയരേക്കാൾ കേമമായിക്കൊണ്ടാടുന്നതു മററുള്ളവരാണ്. മധുരയിൽ അന്നു വളരെ ആഘോഷമുണ്ടാകുന്നുണ്ടെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ.

ചിത്രാപൂർണ്ണിമയ്ക്കു കാരണം പിന്നെയും കാണുന്നുണ്ട്. ഇക്ഷ്വാകുകുലത്തെ ഭൂഷണീഭൂതനായ കീർത്തിമാൻ കീർത്തിമാനായി ധർമ്മപരിപാലനം ചെയ്തുകൊണ്ടിരിക്കെ ഒരുദിവസം സേനാസമേതനായി കാനനത്തിൽ ചെന്നു വേട്ടയാടുകയായിരുന്നു. നട്ടുച്ചയ്ക്കു രാജാവു ദാഹംകൊണ്ടു പൊരിഞ്ഞുനടക്കുമ്പോൾ ആ കാട്ടിൽ വസിഷ്ഠശിഷ്യന്മാർ പന്തൽകെട്ടി വഴിപോക്കർക്കു വെള്ളം കൊടുക്കുകയും ക്ഷീണിച്ചവരെ ശുശ്രൂഷിക്കുകയും കുട, ചെരിപ്പു മുതലായവ ദാനംചെയ്കയും ചെയ്യുന്നതു കണ്ടു രാജാവവിടെച്ചെന്നു ദാഹംതീർന്നശേഷം അവർ ചെയ്യുന്നതിന്റെ ഉദ്ദേശമെന്താണെന്നു ചോദിച്ചു. അതു വൈശാഖകാലമായതുകൊണ്ടു ഗുരു

വായ വസിഷ്ഠന്റെ കല്പനയാലവരപ്രകാരം ചെയ്യുകയാണെന്നുത്തരവും പറഞ്ഞു.

രാജാവു് ഔത്സുക്യത്തോടെ വസിഷ്ഠാശ്രമം പ്രാപിച്ചു് അദ്ദേഹത്തിന്റെ ശിഷ്യന്മാർ ചെയ്യുന്ന കർമ്മത്തിന്റെ രഹസ്യമദ്ദേഹത്തോടുമുപദേശിക്കേണമെന്നും യാചിച്ചു. കീർത്തിമാന്റെ ചോദ്യം കേട്ടപ്പോൾ വസിഷ്ഠൻ ഉത്സാഹത്തോടെ പറഞ്ഞു.

“ഈശ്വരഭക്തിയിലും ധർമ്മാചരണത്തിലും താല്പര്യമുള്ള ഭവാനോടിതു പറവാനെനിക്കു വളരെ കൌതുകം തോന്നുന്നുണ്ടു്. എന്റെ ശിഷ്യന്മാർ വൈശാഖധർമ്മമാണനുഷ്ഠിക്കുന്നതു്. സർവ്വധർമ്മങ്ങളും പരിത്യജിച്ചു വിഷയാസക്തനായിരിക്കുന്നവനും വൈശാഖമാഹാത്മ്യം കേട്ടാൽ, താനേ വിശുദ്ധിചേരുന്നതാണ്. വൈശാഖത്തിൽ, തൈലാഭിലേപനം, ഓട്ടുപാത്രത്തിൽ ഭക്ഷണം, പകലുറക്കം, പര്യങ്കത്തിൽ നിദ്ര, കോരിക്കുളി, നിന്ദ്യവസ്തു ഭോജനം, രണ്ടുനേരം ഭക്ഷണം, രാത്രിഭക്ഷണം ഇതെല്ലാം ഉപേക്ഷിക്കണം. പിലാശിലയിലാണു വൈശാഖത്തിൽ ഭക്ഷണം കഴിക്കേണ്ടതു്. വൈശാഖത്തിൽ വഴിനടന്നു ക്ഷീണിച്ച വിപ്രന്മാരുടെ പാദം കഴുകിച്ചു ആ ജലം ശിരസ്സിൽ തളിച്ചാൽ സർവ്വപാപങ്ങളുമൊടുങ്ങും.

'സ്നാനംചെയ്യാതിരിക്കിലുണ്ണാതെ ഭോജ്യംകഴിക്കുകിൽ
അവൻകശ്മലയായ് പിന്നെക്കാവൽകശ്മലനായിടും.'

സ്വാധീനദൃഢാംഗനായവൻ വൈശാഖത്തിൽ കോരിക്കുളിച്ചാൽ അവൻ ചണ്ഡാലനായിപ്പിറക്കുന്നതാണ്.

കാലത്തെഴുന്നേറ്റിന്ദു-
പൂകുമാറിൽക്കുളിക്കുകിൽ
ഏഴുജന്മങ്ങളിൽച്ചെയ്ത
പാപംവിട്ടൊഴിയും ദൃഢം.
നൽക്കാലത്തുദയത്തോടു
ഗംഗയിൽസ്നാനമാടുകിൽ
കോടിജന്മങ്ങളിൽച്ചെയ്ത
പാപംവിട്ടൊഴിയും ദൃഢം.

വൈശാഖമായാൽ കാലത്തു് കുളത്തിൽ കുളിച്ചാലും മതി. എന്നാൽ ആറുകോടി ജന്മങ്ങളിലുള്ള പാപം നശിച്ചുപോകും. പുറത്തുള്ള ജലം പൈക്കുളമ്പോളമായാലും അതിൽ ഗംഗതുടങ്ങിയ പുണ്യനദികൾ നില്ക്കുമെന്നാണ നിശ്ചയം. വൈശാഖത്തിൽ തണ്ണീർപ്പന്തൽ കെട്ടി വഴിപ്പോക്കർക്കു വെള്ളംകൊടുക്കണം. വെള്ളത്തേക്കാൾ പ്രധാനം് പാലും അതിലും പ്രധാനം മോരുമാകുന്നു. വൈശാഖത്തിൽ ചെയ്യുന്ന കർമ്മങ്ങളുടെ ഫലം പേരാൽ വിത്തുപോലെയാകുന്നു.

പെൺകുട്ടി സല്ലക്ഷണപൂർണ്ണയെങ്കിലും
വരാപ്തി സല്ലക്ഷണഹീനപോലെ
അംശങ്ങളൊക്കും ക്രിയയോരകർമ്മജൻ
വൈശാഖഹീനന്നു വൃഥാവിലാണുപോൽ

വൈശാഖമാസത്തിൽ പ്രാതസ്സ്നാനവും വിഷ്ണുസേവയുംചെയ്യാത്തവൻ നരകത്തിലനേകകാലം കഷ്ടങ്ങളനുഭവിക്കേണ്ടിവരും. സർവ്വനദികളും വൈശാഖമാസത്തിൽ സൂര്യോദയം കഴിഞ്ഞ് അർദ്ധയാമത്തോളം പുറത്തുള്ള ജലാശയങ്ങളിലിരിക്കുമെന്നാണ മധുരാഥിയുടെ നിശ്ചയം. ആ സമയം കഴിഞ്ഞു സ്നാനംചെയ്യുന്നവരെ ഭഗവാൻ ശപിക്കുന്നതുമാകുന്നു. ഇനി സ്നാനം ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ടതും പറയാം.

മേടമാസത്തിലർക്കൻനില്ക്കവേ മധുരിപോ!
ചെയ്യുന്നേൻ പ്രാതസ്സ്നാനം വിഘ്നങ്ങൾ തീർക്കണമേ
വൈശാഖസ്നാനം ചെയ്തു നൽകുന്നേനർഘ്യം തവ
വിഭോ! കല്യാണഗുണപാലയ കൃപാലയ!
മാധവപ്രിയന്മാരാം താപസോത്തമന്മാരും
വേധാവും കപാലിയും വൃന്ദാരകേന്ദ്രന്മാരും
ശ്രീഗംഗാനദിതൊട്ടും മംഗലനദികളും
തീർത്ഥസഞ്ചയങ്ങളുമെന്നുടെയർഘ്യംവാങ്ങി
നന്നായിപ്രസാദിച്ചു മാമനുഗ്രഹിക്കവാൻ
പിന്നെയുംപിന്നെയുംഞാൻ ഭവാനടിപണിയുന്നേൻ.

ഇങ്ങിനെ പ്രാർത്ഥിച്ചുകൊണ്ടു പ്രാതസ്സ്നാനം ചെയ്യുന്നവർക്ക് അളവററ നന്മ ഭവിക്കുന്നതാണ്.

വസിഷ്ഠന്റെ ഉപദേശംകേട്ട് അദ്ദേഹത്തെ വണങ്ങി കീൎത്തിമാൻ രാജ്യത്തേയ്ക്കു മടങ്ങി. രാജധാനിയിലെത്തിയശേഷമദ്ദേഹം വൈശാഖധൎമ്മമനുഷ്ഠിക്കുവാൻ തുടങ്ങുകയും തന്റെ പ്രജകളും അതുപോലെതന്നെ നടക്കേണമെന്നും, അപ്രകാരം ചെയ്യാത്തവരെ കഠിനമായി ശിക്ഷിക്കുന്നതാണെന്നും വിളംബരം പരസ്യപ്പെടുത്തുകയും ചെയ്തു. വൈശാഖധൎമ്മവൃക്ഷം കീൎത്തിമാന്റെ രാജ്യത്തു പടൎന്നുപിടിച്ചു. അവിടെ മരിക്കുന്ന ജനങ്ങൾ വൈഷ്ണവപദം പ്രാപിക്കുകയും ചെയ്തുവന്നു.

ഭൂമിയിൽ വൈശാഖധൎമ്മം വ്യാപിച്ചപ്പോൾ ധൎമ്മരാജാവിന്നു പ്രവൃത്തി കുറഞ്ഞുതുടങ്ങി. ചിത്രഗുപ്തന്ന് എഴുത്തുവേലയ്ക്കും ഇളവു കിട്ടി. അദ്ദേഹം പണ്ടെഴുതിവെച്ചിരുന്ന പാപകൎമ്മക്കണക്കുകളെ തിരുത്തിവെയ്ക്കയായി. പാപപ്രാണികളില്ലാത്തതിനാൽ നരകങ്ങളൊഴിഞ്ഞു ദേവലോകവും അതുപോലെ ശൂന്യമായി. ഇങ്ങിനെയായപ്പോൾ നാരദമഹൎഷി ധൎമ്മരാജാവിനെച്ചെന്നുകണ്ടു് ഇങ്ങിനെ ചോദിച്ചു.

“ഏതെങ്ങുപിതൃപതേ നരകങ്ങളിൽനിന്നു
ക്രന്ദനംകേട്ടീടാത്തു പണ്ടത്തെപ്പോലിപ്പോൾ
ചിത്രഗുപ്തനുംബുക്കിൽ പിഴകൾതീൎത്തുകൊണ്ടു
വക്ത്രവുംവാടിവാഴ്‌വാനെന്താണുമൂലം ചൊൽവിൻ

നാരദന്റെ ചോദ്യം കേട്ടപ്പോൾ ധൎമ്മരാജാവു പറഞ്ഞു “കീൎത്തിമാനെന്നൊരു രാജാവു വൈശാഖധൎമ്മങ്ങളനുഷ്ഠിക്കുന്നതുകൊണ്ടു തന്റെ ജനങ്ങളെയെല്ലാം വിഷ്ണുലോകത്തേയ്ക്കയയ്ക്കുന്നു. അവനെപ്പേടിച്ചു സകലമനുഷ്യരും ആ ധൎമ്മം ചെയ്തുവരുന്നുണ്ട്. എന്റെ ധൎമ്മത്തിന്നും നിലയ്ക്കും ലോപം വരുത്തിയതു് അവന്റെ വൈശാഖധൎമ്മമാണ്. അതുകൊണ്ടു ഞാനിന്നു ചെന്നു യുദ്ധംചെയ്തു അവനെ യുദ്ധത്തിൽ വധിച്ച് അവന്റെ ആൾക്കാരെ നരകത്തിലാക്കുന്നതാണ്. അതു സാധിക്കാത്ത പക്ഷം വിവരം ബ്രഹ്മാവിനെ അറിയിച്ചേക്കാം.”

ധൎമ്മരാജാവിങ്ങിനെ പറഞ്ഞു നാരദനെ യാത്രയാക്കിയ ശേഷം തന്റെ കിങ്കരന്മാർ ഒമ്പതുകോടികളോടുകൂടി അയോ

ഭദ്യാനഗരത്തെ വളഞ്ഞു. കൃതാന്തനേയും കിങ്കരന്മാരേയും കണ്ടപ്പോൾ രാജസൈന്യം പേടിച്ചുമണ്ടി. എന്നാൽ കീർത്തി അക്ഷീണമൈശ്വര്യത്തോടെ ധൃതശസ്ത്രനായെത്തുന്നു. അപ്പോൾ അദ്ദേഹത്തിന്റെ പടജ്ജനങ്ങളും സഹായത്തിനെത്തി. യമഭടന്മാർ തോററു ദൂരവേ പാഞ്ഞുപോയി. യമനെപ്പോഴുണ്ടായ കോപത്തിന്നതിരില്ലായിരുന്നു. അദ്ദേഹം രാജാവിനെ ശരങ്ങൾ കൊണ്ടുമൂടി. യുദ്ധവിശാരദനായ രാജാവ് ആ ശരങ്ങളെയും യമന്റെ പാശത്തെയും ഖണ്ഡമാക്കി. യമൻ വാളും പരിചയുമെടുത്തു. രാജാവ് അതും ഭിന്നമാക്കി. കാലസർപ്പോഗ്രമായ ശരം യമന്റെ നെററിക്കുനേരെ വിട്ടു. ധർമ്മരാജാവു നിവൃത്തിയില്ലാത്തതിനാൽ തന്റെ ദണ്ഡമെടുത്തു ബ്രഹ്മാസ്ത്രമഭിമന്ത്രിച്ചു രാജാവിന്റെ നേരെ അയച്ചു. ഉടനെ ഹാഹാരവംകൊണ്ടു ലോകം വിണ്ണും മുഴങ്ങി. ഭക്തവത്സലനായ ഭഗവാൻ ശ്രീനാരായണൻ ഭക്തപരിപാലനത്തിന്നായി തന്റെ സുദർശനത്തെയയച്ചു. സുദർശനം ബ്രഹ്മാസ്ത്രത്തെയും യമദണ്ഡത്തെയും തടുത്തു തകർത്തുകളഞ്ഞു. കൃതാന്തന്റെ നിരാധാരസ്ഥിതി കണ്ടപ്പോൾ ശുദ്ധാന്തഃകരണനായ രാജാവു സുദർശനത്തെ സ്തുതിച്ചു. അതിനാൽ സുദർശനം അദ്ദേഹത്തിൽ അപ്രത്യക്ഷമാകയും ചെയ്തു.

മൃത്യുദേവനോടേററു മടങ്ങിയതിനാൽ അതിദുസ്സഹമായ ലജ്ജകൊണ്ടും സങ്കടംകൊണ്ടും യമനു ദേവന്മാരുടെ മുഖത്തുനോക്കുവാൻ ശക്തിയുണ്ടായില്ല. അദ്ദേഹം കണക്കെഴുത്തുകാരനായ ചിത്രഗുപ്തനോടും പരിചാരകന്മാരോടുംകൂടി ബ്രഹ്മലോകത്തു ചെന്നു. അദ്ദേഹം ബ്രഹ്മാവിന്റെ മുമ്പിൽ പതിച്ചു.

ദേവേശ ഞാൻ ധിക്കൃതനായ്ചമച്ചിതെന്റെ
ബ്രഹ്മൻ പാലനാംഗവിനാൽ ഹാ ഇല്ലാതെ കാൺമൂ ഞാനേ

ഇങ്ങിനെ സങ്കടം പറഞ്ഞു നിലത്തുകിടക്കുന്ന പിതൃപതിയെ ബ്രഹ്മാവിന്റെ ഇംഗിതമറിഞ്ഞു വായു പിടിച്ചെഴുന്നേല്പിച്ചു ചോദിച്ചു.

"ആർനിന്നെയവമാനിച്ചു താർതടഞ്ഞീടുന്നിതിടം
ദേവ! നിൻലോകപടമാം കണക്കൊക്കെ മാച്ചുളം
അതുപ്പോൾ യമൻ കണ്ണീർ പൊഴിച്ചുപറഞ്ഞുതുടങ്ങി.

"സൃഷ്ടികൎത്താവായ അവിടുത്തെ നിശ്ചയങ്ങൾകൊണ്ടു ഇനി യാതൊരു പ്രയോജനവുമില്ല. എന്റെ പടഖണ്ഡനാദമാകുമ്പോൾ എനിക്കു മരണത്തെക്കാൾ ദുഃഖമായിരിക്കുന്നു. സ്വാമിയുടെ കല്പന ചെയ്യാതെ ജീവിക്കുന്നവൻ കുറ്റപ്പെട്ടവനായിപ്പിറക്കുമെന്നാണല്ലൊ നിശ്ചയം. സ്വാമിയുടെ കാൎയ്യത്തിനു വിഘ്നം വരുത്തി തന്റെ കാൎയ്യമൊക്കെയും ചെയ്യുന്ന മഹാപാപി മുന്നൂറുയുഗം പാറമേൽ എലിയായിക്കിടക്കേണ്ടി വരില്ലേ? അവിടുത്തെ ധൎമ്മശാസ്ത്രത്തിലെപ്രകാരം അനവധി ശിക്ഷകളിനിയുമുണ്ടല്ലൊ. അങ്ങയുടെ ആജ്ഞ ചെയ്‌വാനെനിക്കിപ്പോൾ സാധിക്കാതെ വന്നിരിക്കുന്നു. കീൎത്തിമാനെന്ന രാജാവു വൈശാഖധൎമ്മം ചെയ്യുകകാരണം എന്റെ ലോകവും ദേവലോകവും മനുഷ്യലോകങ്ങൾക്കു തുല്യമായി. സാംഖ്യയോഗങ്ങൾ, പ്രാണായാമം, സ്വാധ്യായഹോമങ്ങൾ മുതലായ സൎവ്വധൎമ്മങ്ങളും അവർ തള്ളിക്കളഞ്ഞിട്ടും അവൎക്കു പാപമില്ലെന്നാണു കാണുന്നതു്. ഇപ്പോഴുള്ളവർ വൈശാഖധൎമ്മം ചെയ്യുന്നതുകൊണ്ടു അവരുടെ വംശം മുഴുവൻ പുണ്യവാന്മാരായി ഭവിച്ചു, വൈകുണ്ഠം പ്രാപിക്കുകയും എന്റെ കണക്കുപുസ്തകം തിരുത്തേണ്ടി വരികയും ചെയ്തു. ഈ രീതിയിൽ നരകത്തിലുള്ളവൎക്കു മുക്തിയായി. എന്റെ കണക്കും കൊള്ളാതെയായി. ഇതിനാൽ അപമാനമിവിടെയുമുണ്ടെന്നോൎക്കണം. ഇതാ എന്റെ ദണ്ഡും പടവും ഞാൻ വെച്ചിരിക്കുന്നു. ഇനിയ വിട്ടുന്നാലോചിച്ചു ചെയ്തുകൊള്ളണം."

യമന്റെ ആവലാതികളിങ്ങിനെ കേട്ടപ്പോൾ കീൎത്തിമാനാരാലും വധ്യനല്ലാത്തതിനാൽ വൈകുണ്ഠത്തിൽ ചെന്നു മഹാവിഷ്ണുവിനോടു വിവരങ്ങൾ പറകയേ നിവൃത്തിയുള്ളുവെന്നു പറഞ്ഞു ബ്രഹ്മാവു യമനോടുംകൂടി ശ്രീനാരായണനോടു വസ്തുതയുണൎത്തിച്ചു. തനിക്കുള്ള സൎവ്വവുമുപേക്ഷിച്ചാലും ഭക്തന്മാരെ ഉപേക്ഷി

കയില്ലെന്നാണ വിഷ്ണുഭഗവാൻ പറഞ്ഞതു്. എങ്കിലും ബ്രഹ്മാവു വീണ്ടും വീണ്ടുമപേക്ഷിച്ചപ്പോൾ ഭഗവാനിപ്രകാരം പറഞ്ഞു.

കീർത്തിമാനായ എന്റെ ഭക്തന്നു ഇനിയും വളരെക്കാലത്തെ ജീവിതമുണ്ടു. അവനുള്ള കാലങ്ങളിൽ വൈശാഖധർമ്മത്തിന്നു ലോപം വരുന്നതല്ല. എങ്കിലും ഞാൻ ധർമ്മരാജാവിന്നും അതിലൊരു ഭാഗം കല്പിച്ചേയ്ക്കാം. അതുപോലെ ചെയ്യാത്തവരുടെ വൈശാഖധർമ്മത്തിന്റെ ഫലമെല്ലാം ധർമ്മരാജാവിന്നു ലഭിക്കുന്നതാണ്. വൈശാഖസ്നാനം ചെയ്യുമ്പോൾ മനുഷ്യർ ധർമ്മരാജാവിന്നും അർഘ്യം നൽകേണ്ടതാണ്. അതിന്നുപുറമേ പൌർണ്ണമാസിയിൽ, ജലം, അർഘ്യം, തൈർച്ചോർ മുതലായവകൊണ്ടു വിശേഷമായും ധർമ്മരാജന്നു പൂജചെയ്യണം.

മഹാവിഷ്ണു ധർമ്മരാജാവിനോടും മറ്റുമിപ്രകാരം പറഞ്ഞു അവരെ മടക്കിയയച്ചശേഷം പാർഷദനായ സുനന്ദനെ വിളിച്ചു, കീർത്തിമാനേയും ഈ വിവരങ്ങളറിയിച്ചു. ഇങ്ങിനെയാണ ചിത്രാപൌർണ്ണമിയിൽ വിഷ്ണുപൂജയും നിശ്ചയമായതു്. വൈശാഖത്തിൽ സ്നാനംകൊണ്ടുമാത്രം പുണ്യം കിട്ടുന്നതല്ലെന്നു ഇപ്പോൾ വ്യക്തമായല്ലോ. വൈശാഖത്തിൽ ഭോജ്യങ്ങളല്ലാത്ത വസ്തുക്കളിൽ പ്രധാനങ്ങളായവയെന്നു പറയാം. ചുരയ്ക്ക, എള്ളു, ഉഴു്, പിണ്ണാക്കു്, അവരയ്ക്ക, ചെറുചീര, വഴുതിനിങ്ങ, ചീര, മുരിങ്ങ, പയറു, മുതിര, നാരങ്ങ, കൂവളക്കായ, ഞണ്ട മുതലായവ ഉപേക്ഷിക്കേണ്ടവയാകുന്നു. വൈശാഖകാലത്തു പുണ്യനദികളിലും തീർത്ഥങ്ങളിലും സ്നാനം ചെയ്യുകയും പിതൃക്കൾക്കു തർപ്പണംചെയ്യുകയും സൽപാത്രങ്ങളെ പൂജിക്കുകയുംചെയ്യേണ്ടതാണെന്നു പ്രത്യേകം പറഞ്ഞിരിക്കുന്നു. അതിൽ വൈമുഖ്യം കാണിച്ചാലുണ്ടാകുന്ന ഭവിഷ്യത്തു തെളിയിക്കുവാൻ അടുത്ത വിഷയമാകുന്ന 'അക്ഷയതൃതീയ'യിൽ മതിയായ കാരണങ്ങൾ കാണിച്ചിട്ടുണ്ട്.

13. അക്ഷയതൃതീയ.

വൈശാഖമാസത്തിലെ ഓരോ ദിവസവും പുണ്യദിനമായിട്ടാണു ഗണിച്ചുവരുന്നത്. എങ്കിലും ശുക്ലപക്ഷദ്വാദശി, തൃതീയ, പൌർണ്ണമി ഈ ദിവസങ്ങഠംക്കു കൂടുതലായ പ്രാധാന്യം സംഗതിവശാൽ കൊടുക്കേണ്ടതായിവന്നിട്ടുണ്ട്. അതിനാൽ വൈശാഖകാലത്ത് ഈ മൂന്നു ദിവസങ്ങളിലെങ്കിലും വ്രതമനുഷ്ഠിച്ചാൽ മററു ദിവസങ്ങളിലും വ്രതമാചരിച്ചതുപോലെയാണെന്നു പുരാണങ്ങളിൽതന്നെ പറയുന്നു. അക്ഷയതൃതീയയുടെ ആഗമമിങ്ങനെയാണ്.

പാഞ്ചാലരാജ്യത്തു 'പുരിയശസ്സ്' എന്ന ഒരു ഭൂപാലൻ വാണിരുന്നു. അദ്ദേഹം തീപ്പെട്ടതിൽ പിന്നെ അദ്ദേഹത്തിൻെറ ആത്മജനായിരുന്ന 'ധാർമ്മികൻ' സ്ഥാനാരോഹണം ചെയ്തു.

ശൈശവേശാസ്ത്രാധ്യയനം ചെയ്തോൻ
ധനുർവിദ്യ പഠിച്ചവൻ
ഒരിച്ചുള്ളമിയൊട്ടുമേ
തൻധർമ്മത്താൽ മഹീപതി.

നാളുകഠം ചെല്ലുന്തോറും രാജാവിൻെറ സമ്പത്തു ക്ഷയോന്മുഖമായി. രാജ്യത്തിൽ കഠിനമായ ക്ഷാമം ബാധിച്ചു. പകർച്ചവ്യാധി പിടിപെട്ടു, ഗജാശ്വങ്ങളും അവധിയില്ലാതെ ചത്തു തുടങ്ങി. സൈന്യങ്ങളും അദ്ദേഹത്തെയുപേക്ഷിച്ചു. ധാർമ്മികനിപ്രകാരം നിശ്ശ്രീകനായി ഭവിച്ചപ്പോഠം അദ്ദേഹത്തിൻെറ ശത്രുക്കഠംവന്നു യുദ്ധംചെയ്തു നാടും നഗരവും കൈക്കലാക്കി. പരാജയം പററിയ ധാർമ്മികൻ പത്നിയായ 'ശിഖിനി'യോടുംകൂടി കാട്ടുപൂകി ഗുഹക്കകത്തൊളിച്ചു പാർത്തിരുന്നു. കാട്ടാളനെപ്പോലെ അദ്ദേഹമമ്പത്തഞ്ചു വത്സരം കഴിച്ചുകൂട്ടി. അദ്ദേഹത്തിനു നാഠംതോറുമടക്കുവാൻ കഴിയാത്ത മനോവേദനയുണ്ടായിവന്നു. ഇജ്ജന്മത്തിലദ്ദേഹം യാതൊരു പാപകർമ്മവും ചെയ്തിട്ടില്ല.

പൂർവകർമ്മസമാക്ഷിപ്തൻ
ബ്രാഹ്മണ്യൻ ധ്യാനതല്പരൻ

ജീവകാരുണ്യമുടയോൻ
ദൈവഭക്തൻ ജിതേന്ദ്രിയൻ.

ഇങ്ങനെ ശുചിയായിരുന്നിട്ടും ബന്ധുക്കളും പുത്രന്മാരുമില്ലാതെ, രാജ്യവും ധനവും നശിച്ചു, ഗഹനത്തിൽ മൃഗങ്ങളെപ്പോലെ ജീവിക്കേണ്ടിവന്നതിന്റെ ഹേതുവെന്തെന്നറിവാൻ, അദ്ദേഹം തന്റെ ഗുരുക്കന്മാരായ 'യാജോപയാജകന്മാ'രെ സ്മരിച്ചു.

സർവ്വജ്ഞന്മാരായ ആ മുനീന്ദ്രന്മാർ ജിതേന്ദ്രിയനായ ശിഷ്യന്റെ ആവശ്യമറിഞ്ഞു് അദ്ദേഹത്തിന്റെ മുമ്പിൽ പ്രത്യക്ഷീഭവിച്ചു. രാജാവു ഗുരുക്കന്മാരെ പൂജിച്ചിരുത്തിയശേഷം തന്റെ ശോച്യാവസ്ഥയ്ക്കുള്ള കാരണം ദയാപുരസ്സരം പറഞ്ഞുകൊടുക്കേണമെന്നു ദിവ്യജ്ഞന്മാരായ ഗുരുക്കന്മാരോടർത്ഥിച്ചു. രാജാവിന്റെ ചോദ്യം കേട്ടിട്ടു് അവരിങ്ങനെ പറഞ്ഞുതുടങ്ങി.

"അങ്ങേയ്ക്കിപ്പോൾ സംഭവിച്ച ഈ ദുരവസ്ഥയ്ക്കു കാരണം, അങ്ങീജന്മത്തിൽചെയ്ത കർമ്മങ്ങൾകൊണ്ടല്ല. അങ്ങുന്നു കഴിഞ്ഞ പത്തുജന്മങ്ങളിൽ വ്യാധനായിരുന്നു. വ്യാധനായി നടന്നിരുന്ന കാലത്തു വിഷ്ണുനാമം ജപിക്കയോ വിഷ്ണുഭക്തന്മാരെ ആദരിക്കുകയോ ചെയ്തിരുന്നില്ല. കാണുന്ന ജനങ്ങളെയൊക്കെ പീഡിപ്പിക്കയും പതിവായിരുന്നു. ഇപ്രകാരം ഒമ്പതു ജന്മങ്ങൾ കഴിഞ്ഞു പത്താമത്തെ ജന്മത്തിലും ഭവാൻ വേടനായി സഹ്യാദ്രിയിൽ ജനിച്ചു. ഭാര്യയെപ്പുലർത്തുവാൻവേണ്ടി അക്കാലത്തു ചെയ്ത ദുഷ്കർമ്മങ്ങൾക്കു കയ്യുംകണക്കുമില്ല. ഗൌഡരാജ്യനിവാസികൾ "ആളെത്തിന്നുന്ന രാക്ഷസൻ" എന്നാണു വ്യാധനായിരുന്ന ഭവാനെ വിളിച്ചിരുന്നതു്. പാന്ഥന്മാരെ ദണ്ഡിക്കയും അവരുടെ പക്കലുള്ള ധനം പിടിച്ചുപറിക്കയുമായിരുന്നു പ്രധാനമായ തൊഴിൽ. ഇളംപൈതങ്ങളേയും മൃഗപക്ഷികളേയും കൊന്നതുമൂലമാണു്, ഈജന്മത്തിൽ പുത്രവിഹീനനായിത്തീർന്നതു്. വിശ്വാസഘാതകം ചെയ്തതിനാൽ ഭ്രാതാക്കളും, മാർഗ്ഗപീഡാകരത്വംകൊണ്ടു കൂറുകാരുമിപ്പോളില്ലാതെവന്നു. സജ്ജനങ്ങളെ അന്നു നിന്ദിച്ചതുകൊണ്ടാണു്, ഇന്നു ശത്രുക്കളുണ്ടായതു്. പ്രതിദിനം ക്രൂരകർമ്മം ചെയ്തതിനാൽ

ഇജ്ജന്മത്തിൽ രാജ്യവും നഷ്ടമായി. എന്നാൽ രാജാവായി പിറക്കുവാനും അങ്ങേയ്ക്കു ഭാഗ്യമുണ്ടായി. അതിന്റെ കാരണവും പറയാം.

പത്താമത്തെ ജന്മത്തിൽ ഗൌഡദേശത്തിൽ പാക്കുമ്പോളൊരു ദിവസം മൃഗങ്ങളെ വേട്ടയാടിക്കൊണ്ട് ഒരു മുള്ളുള്ള വനത്തിലെത്തി. ആ സമയം സൂര്യന്റെ ചൂടുതട്ടി കഷ്ടപ്പെട്ടു രണ്ടു വൈശ്യന്മാരും 'കൃഷ്ണൻ' എന്ന മഹർഷിയും ആ വഴിയേ ചെന്നു. വൈശ്യന്മാരെക്കണ്ടപ്പോൾ പണത്തിലുള്ള ദുരാശകൊണ്ടു നീ ശരങ്ങളെയ്ത് ഒരുവനെ വീഴ്ത്തി, അവന്റെ കയ്യിലുണ്ടായിരുന്ന ധനമപഹരിച്ചു. മറേറ വൈശ്യനും മുനിയും നിന്റെ ക്രൂരകൃത്യംകണ്ടു പ്രാണരക്ഷണാർത്ഥം പാഞ്ഞുതുടങ്ങി. നീയവരെയും അനുധാവനം ചെയ്തു. വൈശ്യൻ തന്റെ കയ്യിലുണ്ടായിരുന്ന പണക്കിഴി ഒരു പൊന്തയിലിട്ടു വേഗമോടി. മഹർഷി നന്നേപരവശനായി, ബോധമററു ഭൂമിയിൽ പതിച്ചു. വൈശ്യനെക്കാണാതെയാവുകയും ചെയ്തു. പണം കിട്ടേണമെന്ന ആഗ്രഹത്താൽ നീ മുനിയുടെ അടുക്കൽ ചെന്നു വിവരം ചോദിക്കുവാൻ ഭാവിച്ചപ്പോളിദ്ദേഹം പ്രജ്ഞയില്ലാതെ കൊടുംവെയിലത്തു ശയിക്കുന്നതുകണ്ടു, ചുക്കു കടിച്ച് അദ്ദേഹത്തിന്റെ ചെവിയിലൂതുകയും മുഖത്തു വെള്ളംതളിച്ച് ഇലകൾകൊണ്ടു വീശുകയും ചെയ്തപ്പോൾ അദ്ദേഹം കണ്ണുതുറന്നു. അദ്ദേഹത്തെ ഉപദ്രവിക്കയില്ലെന്നു നീ സമാധാനമാക്കിക്കൊണ്ടു, വൈശ്യൻ പണസ്സഞ്ചിയെറിഞ്ഞ സ്ഥലം പറഞ്ഞുതന്നു. നീ പണസ്സഞ്ചിയും കൈവശമാക്കി. അതിനുശേഷം മഹർഷിക്കു വെയിലേല്ക്കാതിരിക്കുവാൻ കുറേ ഇലകൾകൂടി പൊട്ടിച്ചുകൊടുത്തു, നിന്റെ പാട്ടിനാക്കിത്തിരിക്കയും ചെയ്തു.

സ്വാർത്ഥത്തെയുദ്ദേശിച്ചു ബാലമാണ്ഡവ്യമുനിയെ-
യിത്തരത്തിൽ ശുശ്രൂഷിച്ചതെന്നാലും ഭൂപോത്തമ
അന്നു വൈശാഖകാലമായിരുന്നതുമൂലം-
മിന്നു ഭൂപാലനായിപ്പിറന്നു ധരിച്ചാലും
ആവിധം വൈശാഖാചാരം, വൈശാഖമാണിക്കാലം.
സേവിച്ചുകൊണ്ടെന്നു, ജയിക്ക ശത്രുക്കളെ

കൈകടഭോതാമിക്കളും തെളിഞ്ഞവൻ മഹീപതേ
കേടകന്നാണ്ടാരോഗ്യമോ ശ്രീയിലും ജീവിതകാലം"

യാജോപയാജകന്മാർ ധാർമ്മികരാജാവിനോടിപ്രകാരം പറഞ്ഞു മറഞ്ഞശേഷം രാജാവു വൈശാഖധർമ്മമനുഷ്ഠിക്കുവാനാരംഭിച്ചു. നഷ്ടമായ രാജാവിന്റെ ബലം പിന്നെയും വർദ്ധിച്ചു. സമ്പത്തും തനിയേ വന്നുതുടങ്ങി. അതിനാൽ രാജാവു വീണ്ടും സൈന്യങ്ങളെ വിളിച്ചുകൂട്ടി തന്റെ രാജ്യത്തേക്കു ചെന്നു. ശത്രുരാജാക്കന്മാരെ മുഴുവൻ തോല്പിച്ചു, തന്റെ രാജശ്രീയെ വീണ്ടെടുക്കയും ചെയ്തു. ഇതെല്ലാം താൻചെയ്ത വൈശാഖധർമ്മത്തിന്റെ ഫലമാണെന്നറിഞ്ഞപ്പോൾ ധാർമ്മികൻ പൂർവ്വാധികം നിഷ്ഠയോടുകൂടി വിഷ്ണു ഭജനം തുടങ്ങി. അദ്ദേഹം രാജാധിരാജനായിത്തീർന്നു. ഭഗവൽപ്രസാദത്താൽ, ധൃഷ്ടകീർത്തി, ധൃഷ്ടകേതു, ധൃഷ്ടദ്യുമ്നൻ, വിജയൻ, ചിത്രകേതു എന്നിങ്ങനെ അതിവീര്യശൗര്യാദിപരായ അഞ്ചു പുത്രന്മാരേയും അദ്ദേഹത്തിനു ലഭിച്ചു. ധാർമ്മികനെപ്പോലെ അദ്ദേഹത്തിന്റെ പ്രജകളും വൈശാഖധർമ്മമാചരിച്ചുവന്നതിനാൽ വിഷ്ണുഭഗവാൻ അക്ഷയതൃതീയനാളദ്ദേഹത്തിന്റെ മുമ്പിൽ പ്രത്യക്ഷനായി. ശംഖചക്രഗദാപത്മാഢ്യനായ പരമാത്മാവിനെ രാജാവു പൂജിച്ചു ഭക്തിയോടെ സ്തുതിച്ചു.

ദേവ! ദേവ! ഭവന്മായം ദേവദേവംവിസ്മയംഇലോകം
അതിലാവർപെടാതുള്ളൊന്നവനാണേകനാംഭവാൻ
പുത്രദാരാദിയാൽകഷ്ട! എത്രജന്മംവലഞ്ഞുഞാൻ
അതുനിൻപാദപത്മത്തിൽ ഭക്തിയാശ്വാൽഭവിച്ചുമേ
കാമക്രോധം ഭയംലോഭമെന്നാദ്യർത്തിജനമൊന്നുമേ
മനസ്സിൽകടക്കാതെയാകവാൻ നൽകണേവരം
എന്റെയംഗങ്ങളെല്ലാമൊന്നാം നിന്റെ ശുശ്രൂഷ ചെയ്യുവാൻ
എന്നിൽനിന്നുകണ്ണുവെച്ചീന്നാലന്യമതിന്നൊരുദൈവമേ!

ധാർമ്മികന്റെ സ്തുതികേട്ടു ഭഗവാൻ പുഞ്ചിരി പൊഴിച്ചുകൊണ്ടരുളിച്ചെയ്തു.

"നിഷ്കാമഭക്തിയോടെ എന്നെ ഭജിച്ചതിനാൽ ത്രിദിവേശന്മാർക്കും ദുർല്ലഭമായ വരം ഞാനിതാ തരുന്നു. ലക്ഷ്മീ ദിവ്യാ

ബ്ബം സർവ്വസമൃദ്ധികളോടുംകൂടി ഭൂമിയിൽ വാണശേഷം എന്റെ പദം പ്രാപിക്കുക. അങ്ങിനെ ഞാൻ പ്രത്യക്ഷനായ ഈ ദിവസം 'അക്ഷയതൃതീയ'യെന്നു പ്രസിദ്ധമായിത്തീരുകയും ചെയ്യട്ടെ.

അക്ഷയതൃതീയനാൾ പിതൃക്കളെക്കുറിച്ചു ശ്രാദ്ധമൂട്ടുന്നവർക്കും ഒടുങ്ങിടാത്ത നന്മ ചേരട്ടെ. അന്നാളല്പധർമ്മം ചെയ്താലും അക്ഷയമായ ഫലം സിദ്ധിക്കും. വൈശാഖധർമ്മമനുഷ്ഠിക്കാത്തവർ ജന്മമൃത്യുജരാവ്യാധികളോടുകൂടി നട്ടംതിരികയും ചെയ്യും."

ഭഗവാൻ മറഞ്ഞരുളിയശേഷം ആനന്ദപാഥോനിധിയിൽ കുളിച്ചുകൊണ്ടു ധാർമ്മികനും കൃത്യാന്തരങ്ങളിലേർപ്പെട്ടു. ഭഗവാനനുഗ്രഹിച്ച പ്രകാരം ഒടുവിലദ്ദേഹം മുക്തിയും പ്രാപിച്ചു.

വൈശാഖധർമ്മത്തിന്റേയും പ്രത്യേകം അക്ഷയതൃതീയയുടേയും മാഹാത്മ്യമെല്ലാം പറഞ്ഞു. അക്ഷയതൃതീയ ദേവകൾക്കും ഋഷികൾക്കും പിതൃക്കൾക്കും കർമ്മംചെയ്യാൻ ശുഭാവഹമായ ദിവസമാകുന്നു. പണ്ടു ദേവാസുരന്മാർ തമ്മിൽ വലിയതായൊരു യുദ്ധം നടന്നു. അസുരരാജാവായിരുന്ന ബലി പാതാളത്തിൽ ചെന്നു നിവാസംതുടങ്ങി. മററുള്ള അസുരന്മാരെ തോല്പിച്ചശേഷം ദേവേന്ദ്രൻ ബലിയെത്തേടി പാതാളത്തിലുമെത്തി. അവിടെ അവർ തമ്മിൽ യുദ്ധംചെയ്തു ബലിയെ മടക്കിയശേഷം വലാന്തകൻ മടങ്ങിപ്പോകുംവഴിയിൽ 'ഉപത്ഥ്യാ'ശ്രമത്തിൽ ബലിപത്നിയെക്കണ്ടു. ബലിയുടെ വിരഹത്താൽ ദുഃഖത്തോടെ താപസിവേഷം ധരിച്ചിരിക്കുന്ന ആ സതീമാലികയുടെ സൌഭാഗ്യത്തിൽ ദേവേന്ദ്രൻ കുടുങ്ങി. ദേവേന്ദ്രൻ ആ പതിവ്രതയുടെ വിസമ്മതം വിലവെക്കാതെ അവളുടെ അംഗസ്പർശാദിസുഖങ്ങളനുഭവിക്കുകയും, അവളിൽ ജയന്തനെന്ന തനയനെ ഉത്പാദിപ്പിക്കുകയും ചെയ്തു. ദേവേന്ദ്രന്റെ നികൃഷ്ടമായ തൊഴിൽ, ഉപത്ഥ്യാശ്രമത്തിലെ ബ്രഹ്മചാരിയിൽ യദൃച്ഛയാ കണ്ടെത്തി. അവർ കൈകൊട്ടിയാർത്തു ദേവേന്ദ്രനെ പരിഹസിച്ചപ്പോളദ്ദേഹം നാണിച്ചവിടെനിന്നോടി, മേരുപർവ്വതത്തിലൊളിച്ചിരുന്നു, തന്റെ ദുഷ്കർമ്മപരിഹാരാർത്ഥം തപസ്സുതുടങ്ങി.

ഇന്ദ്രൻ ബലി പത്നിയെ ദർശിച്ചതും അദ്ദേഹമൊളിച്ചോടിപ്പോയതും, ദൈത്യന്മാർക്കുള്ള കോപാവേശത്തോടെ സ്വർലോകം വളഞ്ഞു ദേവന്മാരെ മുഴുവൻ ആട്ടിപ്പായിച്ചു. അവർ സ്വർനാടടക്കി വാഴുകയുംചെയ്തു. അഗ്നിപ്രമുഖന്മാരായ ദേവകൾ ദേവേന്ദ്രനെക്കാണാത്തതിനാൽ ബൃഹസ്പതിയുടെ അരികെച്ചെന്നു, ദേവേന്ദ്രനെപ്പററി അദ്ദേഹത്തിനു വല്ലതുമറിവുണ്ടോ എന്നു ചോദിച്ചു. അപ്പോൾ, ഇന്ദ്രൻ ധൃഷ്ടനായി ബലി പത്നിയെപ്പുൽകിയതും ലജ്ജിച്ചു മേരു ഗഹ്വരത്തിലിരിക്കുന്നതും ബൃഹസ്പതിയറിയിച്ചു. ദേവന്മാർ മേരു ഗുഹയ്ക്കടുത്തുചെന്നു ദേവേന്ദ്രനെ അതിന്നകത്തുകണ്ടു് അദ്ദേഹത്തെ സ്തുതിച്ചു.

"ഇന്ദ്രസർവ്വാമരാധീശനാകമങ്ങളു കൈവിടാം
ഞങ്ങൾ ദൈത്യജിതന്മാരായ്-നീ പിരിഞ്ഞോരമർത്ത്യരായ്
സ്ഥാനഭ്രഷ്ടരുമായ് മാഴ്കി-ത്താനാളികളിൽ നടക്കയാം
അതിനാൽവന്നു ദേവേന്ദ്ര! മാററാരെക്കൊൾകതിയെ!

വാനവരിങ്ങനെ സ്തുതിച്ചപ്പോൾ ദേവേന്ദ്രൻ ഗുഹാമുഖത്തിൽനിന്നും പുറപ്പെട്ടുവന്നെങ്കിലും ലജ്ജനിമിത്തം മുഖം കുനിച്ചു ദേവന്മാരുടെ മുമ്പിൽ മിണ്ടാതെനിന്നു. അപ്പോൾ ബൃഹസ്പതി അദ്ദേഹത്തെയിപ്രകാരം സമാധാനപ്പെടുത്തി.

"ദേവേന്ദ്ര! ഭവാന്റെ പ്രവൃത്തിയാലോചിച്ചു ഭവാനു ലജ്ജതോന്നുന്നതു യുക്തംതന്നെ. എന്നാൽ ഓരോരുത്തനും വന്നുചേരുന്ന സുഖദുഃഖങ്ങളവനവന്റെ പ്രാക്തനകർമ്മങ്ങളുടെ ഫലങ്ങളാണ്. അതിനാൽ ജ്ഞാനികൾ ദുഃഖസുഖാദികളിൽ തുല്യമനസ്കരായി ഭവിച്ചു, നിഷ്കാമകർമ്മികളായിത്തീരുന്നു. അങ്ങയുടെ ഈ അപമാനവും കർമ്മകാരണമാണ്. പരസ്ത്രീസംഗദോഷത്താൽ സൽകീർത്തി, വീര്യം, ബലം, ഐശ്വര്യം മുതലായതെല്ലാം നഷ്ടമായല്ലോ എന്നു കരുതി ശോചിക്കേണ്ട. അതിനു പ്രതിവിധിയുണ്ടു്. ഇപ്പോൾ വൈശാഖകാലമാകുന്നു. ഈ മാസത്തിന്റെ ഓരോ ദിവസവും പുണ്യമാണ്. ഈ വിഷ്ണുപ്രിയമാസത്തിൽ അധികം പുണ്യദിവസമായ അക്ഷയതൃതീയ

ണ്. അക്ഷയതൃതീയനാൾ അന്നവസ്ത്രാദികൾ ദാനം ചെയ്യുന്നവരും ശ്രാദ്ധമൂട്ടുന്നവരും സർവ്വസൗഖ്യങ്ങളും ലഭിക്കുകയും അയാൾ വിശുദ്ധന്മാരായിത്തീരുകയും ചെയ്യും."

ബൃഹസ്പതി അരുളിയതുപോലെ ദേവേന്ദ്രൻ ദേവകളൊത്തു് അക്ഷയതൃതീയനാൾ ശുഭകർമ്മങ്ങൾ വേണ്ടുംവണ്ണം നടത്തി, അദ്ദേഹത്തിന്റെ പരസ്ത്രീസംസർഗ്ഗദോഷം നശിച്ചു, രാഹുവിട്ട ശശാങ്കൻപോലെ പ്രകാശിച്ചു. അനന്തരം ദേവന്മാരോടുകൂടി ദൈത്യരോടെതിർത്തു് അവരെ സ്വനാട്ടിൽനിന്നു് ഓടിച്ചു. ദേവദുന്ദുഭികൾ മുഴങ്ങി. മുൻപടി ദേവന്മാർ യജ്ഞഭാഗവും പിതൃക്കൾ പിണ്ഡഭാഗവും ഋഷികൾ സ്വാധ്യായഭാഗവും നേടി.

അന്നാൾ മുതൽക്കീലോകത്തി-
ലക്ഷയതൃതീയയും
പാരിലെങ്ങും പുകൾപ്പെട്ടു
ദേവർക്കും പിതൃക്കൾക്കും.

വൈദികധർമ്മം മുമ്പോലെ അനുഷ്ഠിക്കുന്ന ജനങ്ങൾ വളരെ ദുർല്ലഭമായിട്ടാണു കണ്ടുവരുന്നതു്. എല്ലാദിവസവും ധർമ്മം ചെയ്യുവാൻ സാധിക്കാത്ത ജനങ്ങൾ അക്ഷയതൃതീയ, ചിത്രാപൂർണ്ണിമ മുതലായ പ്രധാനദിവസങ്ങളിലെങ്കിലും, മനുഷ്യജന്മം ചാരിതാർത്ഥ്യമാക്കുവാൻ സ്വധർമ്മം നിറവേറ്റേണ്ടുന്നതാകുന്നു. ഈ കാലങ്ങളിൽ പുണ്യക്ഷേത്രങ്ങളിൽ ദർശനവും തീർത്ഥസ്നാനവും ചെയ്യുവാൻ ഭക്തന്മാർ ഏറ്റവും തല്പരന്മാരായി ഭവിക്കുന്നു.

1൯. കർക്കിടകസംക്രാന്തി.

ദക്ഷിണായനം കഴിഞ്ഞു സൂര്യൻ ഉത്തരായനത്തിലേക്കു സംക്രമിക്കുമ്പോൾ മകരസംക്രാന്തിയെന്നു പറയുന്നതുപോലെ, ഉത്തരായനം കഴിഞ്ഞു ദക്ഷിണായനത്തിലേക്കു സൂര്യൻ സംക്രമിക്കുമ്പോഴാണു കർക്കിടകസംക്രാന്തിയെന്നു പറയുന്നതു്. സംക്രാന്തിനാൾ തീർത്ഥസ്നാനം മുതലായ പുണ്യകർമ്മങ്ങൾ ചെയ്യുക

പതിവാണല്ലോ. എല്ലാ മാസങ്ങളുടേയും ആദിയിൽ സംക്രാന്തി വരുമെങ്കിലും, മകരസംക്രാന്തി, വിഷുസംക്രാന്തി, കർക്കിടകസംക്രാന്തി, തുലാസംക്രാന്തി ഇങ്ങിനെ നാലാണു നാം പ്രധാനമായി കൊണ്ടാടുന്നതു്. കർക്കിടകസംക്രമദിവസം കേരളീയരാചരിയ്ക്കുന്നതുപോലെ ഇന്ത്യയുടെ മററു ഭാഗങ്ങളിലില്ലെന്നുതന്നെ പറയാം.

മലയാളത്തിൽ പ്രധാനമായി വേനൽക്കാലം വർഷകാലം ഇങ്ങിനെ രണ്ടു കാലങ്ങളെയുള്ളു. അതിലും വിശേഷിച്ചു മിഥുനം കർക്കിടകമെന്നീമാസങ്ങളിൽ പെയ്യുന്ന മഴയ്ക്കു അററമില്ല. ആ രണ്ടു മാസങ്ങളിലും പുറത്തിറങ്ങി ജോലിചെയ്യുവാൻ ജനങ്ങൾക്കു സൌകര്യം കിട്ടിയിരുന്നില്ല. അതിനാൽ വീടുകളിൽ തന്നെ ഇരിക്കേണ്ടതായി വന്നിരുന്നു.

പാശ്ചാത്യപരിഷ്കാരക്കൊടുങ്കാററു കേരളം കീഴ്മേൽ മറിഞ്ഞെങ്കിലും കീഴിലുള്ള നടപടികളെ ഒന്നായി ദൂരെ പരിത്യജിക്കുവാൻ ധൈര്യം ചിലർക്കെങ്കിലുമില്ലാത്തതു് ആശ്വാസദായകംതന്നെ. പൂർവ്വികാചാരങ്ങളെ അന്ധവിശ്വാസകോടിയിലാക്കിത്തള്ളുന്നതു് അന്ധത്വത്തിന്റെ ലക്ഷണമാണെന്നു ഖണ്ഡിച്ചു പറയാം. മനുഷ്യരുടെ ജീവിതം പാവനമായി കഴിയണമെന്നുദ്ദേശിച്ചാണു് എല്ലാ പ്രവൃത്തിയിലും ദൈവികമായ ഒരു ഭാഗം കല്പിച്ചിരിക്കുന്നതു്. കേവലം ശാസ്ത്രീയരീതിയിൽ പ്രതിപാദിക്കുന്നതായാൽ അല്പബുദ്ധികളായ ബാലികാബാലന്മാർക്കു സുഗ്രാഹ്യമാകയില്ലെന്നു കരുതിയാണങ്ങിനെ ചെയ്തുവന്നതു്. അതിൽ വിലകുറഞ്ഞു കാണുന്നവർക്കു് ആലോചനാബുദ്ധി കുറവാണെന്നു പറയണം.

കർക്കിടകസംക്രാന്തിക്കു മുമ്പു പലതും ചെയ്യുവാനുണ്ടു്. മിഥുനം കർക്കിടകം എന്നീ മാസങ്ങളിലേക്കു വേണ്ടുന്ന വീട്ടുസാമാനങ്ങൾ എടവമാസത്തിൽതന്നെ ശേഖരിച്ചുവെയ്ക്കാറുണ്ടു്. മിഥുനമാസം പത്തിരുപതാംതിയ്യതിയായാൽ വീട്ടിലുള്ള സ്ത്രീകൾക്കു പിടിപ്പതു പണിയായി. വീടു വെടിപ്പുവരുത്തി വെള്ളയടി

ക്കുക, കർക്കിടകമാസത്തിലുള്ള വിശേഷസാമാനങ്ങളും മരുന്നുകൾ, എന്നിതിരക്കുകൾകൊണ്ടു അവർക്കു് പകൽസമയം പോരാതെയാണു കാണാറുള്ളതു്. കർക്കിടകമാസത്തിൽ ലക്ഷ്മീപൂജയ്ക്കുള്ള ദശപുഷ്പങ്ങളും മിഥുനമാസത്തിൽ നടേണ്ടതാണല്ലോ.

മിഥുനമാസത്തിന്നധിദേവത ജ്യേഷ്ഠയായതുകൊണ്ടു് അതിന്നു ജൈഷ്ഠമാസമെന്നു പറഞ്ഞുവരുന്നു. ഇതുകൊണ്ടു് അക്കാലം സർവ്വത്ര അശുചിയായും അമംഗലമായും കാണുമെന്നു് അനുമാനിക്കാവുന്നതുമാണല്ലോ. അതിന്റെ ലക്ഷണമായി പാണന്മാർ ജ്യേഷ്ഠയുടെ വേഷംകെട്ടി വീടുകളിൽ ചെന്നു് ആടിപ്പാടി, അവർക്കുള്ള അവകാശം വാങ്ങിപ്പോകുക പതിവുണ്ടു്. അതിന്നു 'കോതിയാട്ടം' എന്നും ചിലർ പറയുന്നു.

കർക്കിടകസംക്രമമാകയാൽ മലയാളികുടുംബങ്ങളിൽ ലക്ഷ്മീപൂജനടത്തിത്തുടങ്ങും. ക്ഷേത്രങ്ങളിൽ സാധാരണമായി നടത്താറുള്ള പൂജപോലെയോ, വീടുകളിൽതന്നെ നടത്തിവരാറുള്ള ശക്തിപൂജമുതലായതുപോലെയോ അല്ല ലക്ഷ്മീപൂജ. ലക്ഷ്മീപൂജക്കു നിശ്ചയിച്ചിട്ടുള്ള സ്ഥലം 'പടിഞ്ഞാററി'യാണ്. 'പടിഞ്ഞാററി'യുള്ള പുരകളിലൊലങ്ങളിൽ പണിയാറില്ല. അതുമൂലം സൌകര്യമുള്ള ഒരു മുറിക്കകത്തുവെച്ചു പൂജചെയ്യുന്നു. വിഷ്ണുവിനു കണിവെക്കുമ്പോഴും ചെയ്യാറുള്ളതുപോലെ വെള്ളക്കിണ്ടിയിൽ ഞൊറിഞ്ഞ മുണ്ടും വാൽക്കണ്ണാടിയും വെച്ചു മുമ്പിൽ വിളക്കു്, അതിന്നരികെ ആവണപ്പലകയിന്മേൽ ഗ്രന്ഥം, (സാധാരണമായി രാമായണം ഗ്രന്ഥമാണു് വെക്കാറുള്ളതു്) അഷ്ടമംഗലം, ഇടങ്ങഴി 'നിറ' ദശപുഷ്പങ്ങൾ ഇത്യാദികൾവെച്ചു സുഗന്ധദ്രവ്യങ്ങൾകൊണ്ടു ധൂമിക്കുകയും ചെയ്യും. ഇതു സംക്രാന്തിദിവസം മാത്രമല്ല കർക്കിടകമാസം മുഴുവനും നടക്കും. ഇതിന്റെ ഉദ്ദേശം ഇതാണ്:—

"ഏററവും ക്ഷാമം ബാധിച്ച മാസങ്ങൾ മിഥുനവും കർക്കിടകവുമാണ്. അതിൽ മിഥുനമാസം സാമാനങ്ങൾ ശേഖരിക്കുവാനും ഗൃഹം ശുചിയാക്കുവാനുമാണ്. കർക്കിടകമാസത്തിലേക്കുവേണ്ടുന്നതെല്ലാം പാട്ടപെട്ടു മിഥുനമാസത്തിൽതന്നെ ശേഖരി

വെയ്ക്കുന്നു. കർക്കിടകമാസം ഈശ്വരസേവയ്ക്കു മാത്രമായും കഴിഞ്ഞിട്ടിരിക്കുന്നു. അക്കാലത്തു അവധിയില്ലാതെ മഴപെയ്യുന്നതുകൊണ്ടു പുറത്തിറങ്ങുവാനും സാധിക്കയില്ലല്ലോ. പുറത്തുപോകാതെ കഴിയേണ്ടിവന്നാലും ഒന്നിന്നും ബുദ്ധിമുട്ടുണ്ടാകരുതെന്നു കരുതിയാണു മിഥുനമാസത്തിൽത്തന്നെ എല്ലാം ശേഖരിക്കുന്നത്. കർക്കിടകമാസമായാൽ പുരാണപാരായണമില്ലാത്ത വീടു മലയാളത്തിൽ ഉണ്ടായിരുന്നില്ല. കർക്കിടകസംക്രാന്തിയുടേയും കർക്കിടകമാസത്തിന്റേയും മാഹാത്മ്യമറിവുള്ള ജനങ്ങൾ വളരെ ചുരുങ്ങിവരുന്നതുകൊണ്ടു പുരാണപാരായണമുള്ള ഗൃഹങ്ങളും കുറഞ്ഞുവരുന്നതിനാലാശ്ചര്യപ്പെടുവാനില്ല. കർക്കിടകമാസത്തിലെ എല്ലാ ദിവസങ്ങളിലും കറുത്ത പൊട്ടുതൊടുക പതിവുണ്ടല്ലോ. അതു ഹൃദയത്തെയും ദേഹത്തെയും ഒരുപോലെ വിശുദ്ധമാക്കുന്നതാകുന്നു.

കർക്കിടകം 'ഏഴ്' കഴിയുന്നതിലകം രാമായണം, ഭാഗവതം, മുതലായ പുരാണങ്ങൾ ജനങ്ങൾ ഒരാവൃത്തി വായിച്ചിരുന്നു. പുറത്തിറങ്ങാതെ സർവ്വസാധനങ്ങളും നിറഞ്ഞ ഗൃഹത്തിലിരുന്നു ഭഗവൽകഥകളിൽനിന്നും വഴിയുന്ന രസമാസ്വദിച്ചുകൊണ്ടു സുഖിച്ചിരുന്ന കേരളീയരെക്കുറിച്ചു മറ്റുള്ളവർക്കു് അസൂയപോലും ജനിക്കാറുണ്ടായിരുന്നു. ഉദ്ദണ്ഡശാസ്ത്രികൾ കേരളത്തിലൊരിക്കൽ വന്നു തിരിച്ചുപോയി പരദേശികളോടിങ്ങിനെ പറകയുണ്ടായി.

> സമ്പൂർണ്ണേ ഗൃഹമേധിപുണ്യനിലയേ പൂജ്യാൻ സമാരാധയൻ
> പ്രേയസ്യാ ഗുണപൂർണ്ണയാ ഗുണവതാ പുത്രേണ മിത്രൈരപി
> സാകം പ്രാവൃഷി കേരളേഷു നിവസൻ കല്യാണരാമകൃഷ്ണയോർ
> ലീലാം ശ്രോത്രകുതൂഹലേന ക്ഷപയതേ കാലം സ ധന്യോ ജനഃ

(ആവശ്യമുള്ള വീട്ടുസാമാനങ്ങൾക്കൊന്നും ചെറുതെങ്കിലും ദൌർല്ലഭ്യമില്ലാത്ത സ്വന്തം വസതിയിൽ ഗുണവതിയായ പത്നിയോടും ഗുണവാനായ തനയനോടും ബന്ധുമിത്രാദികളോടുംകൂടി മാന്യന്മാരായ അതിഥികളെ സൽക്കരിച്ചുകൊണ്ടും ശ്രീരാമകൃഷ്ണന്മാരുടെ ലീലകളെ (രാമായണഭാഗവതാദിപുരാണങ്ങളെ) കേൾവിയോടുംകൂടി കേട്ടുകൊണ്ടും വർഷകാലത്തിൽ കേരളത്തിൽ കാലംകഴിക്കുന്നവർ അത്യന്തം ഭാഗ്യവാന്മാർ തന്നെയാണു്.)

മിഥുനമാസത്തിൽ പാണന്മാരുടെ കറുന്തിയാട്ടത്തിനുപകരം കൎക്കിടകമാസത്തിൽ 'ഊകിലുണ്ണുക'യെന്നൊരു സമ്പ്രദായവുമുണ്ട്. ഇതു മിക്കദേശങ്ങളിലും ഇന്നും നടന്നുവരുന്നു.

കൎക്കിടകസംക്രാന്തിസമയം 'ചേട്ട'യെ പുറത്താക്കുക എന്നൊരു ആചാരവും നടന്നുവരുന്നുണ്ടല്ലോ. വീടു വിശുദ്ധിയാക്കിക്കഴിഞ്ഞശേഷം, അതു ശുദ്ധിയാക്കുവാൻ ഉപയോഗിച്ച മലിനസാധനങ്ങളെ ശുഭസൂചകമായി പുറത്തുകളയുന്നതോടുകൂടി ജ്യേഷ്ഠയെ പുറത്താക്കുന്നുവെന്നും, അപ്പുറം ലക്ഷ്മീദേവി അകത്തു പ്രവേശിക്കുന്നുവെന്നുമാണ സങ്കല്പം. ജ്യേഷ്ഠയുടെ ഉത്ഭവം തന്നെ പാലാഴിയിലാണല്ലോ. ജ്യേഷ്ഠയെ അവിടെനിന്നും ഭഗവാൻ പുറത്താക്കിയശേഷം അവിടെ കയറിപ്പോന്നിട്ടില്ലെന്നാണ പുരാണങ്ങളിൽ കാണുന്നതു്. എന്നാൽ നമുക്കു ജ്യേഷ്ഠയെ എല്ലാക്കൊല്ലത്തിലും പുറത്താക്കേണ്ടിവരുന്നതിന്റെ കാരണമെന്തായിരിക്കാം? മാലിന്യമാകുന്ന ചെളി മനുഷ്യരുടെ മനസ്സിൽ നിത്യവും നിറഞ്ഞുകൊണ്ടാണ വരുന്നതു്. തള്ളിക്കളഞ്ഞ സ്ഥലത്തു ചെളി പിന്നേയും വന്നുകൂടുന്നു. അതുപോലെ മാലിന്യം പിന്നേയുമുണ്ടാകുമ്പോൾ ജ്യേഷ്ഠയുടെ പ്രവേശവുമുണ്ടാകുന്നു. നിറഞ്ഞ ചെളി പിന്നെയും അടിഞ്ഞുകയറാതിരിപ്പാൻ മുളകൊണ്ടോ മറ്റോ തടഞ്ഞുനിൎത്താം. ജ്യേഷ്ഠയുടെ ആഗമനം തടുപ്പാൻ സദാ ശ്രീദേവി പൂജ ചെയ്തു ഹൃദയവും മനസ്സും വിശുദ്ധമാക്കിവെച്ചാൽ മതി. പക്ഷെ അതു സാധിക്കുന്നില്ല എങ്കിലും ഇടവിടാതെ വെള്ളം ആട്ടിക്കൊണ്ടിരുന്നാൽ ചളിയകലുന്നതുപോലെ നമ്മുടെ ശ്രേയസ്സിനു സദാ കൎമ്മം ചെയ്യേണ്ടിവരുന്നു. ജ്യേഷ്ഠയെ പുറത്താക്കിക്കഴിഞ്ഞാൽ വീടു വിശുദ്ധിയാവുകയും ലക്ഷ്മീദേവി സന്തോഷപൂൎവ്വം വിളയാടുകയും ചെയ്യുന്നുവെന്നു പറയുന്നതിന്റെ അന്തൎമ്മമായ തത്വവും നിങ്ങൾക്കിപ്പോൾ തെളിഞ്ഞുവല്ലോ. മനുഷ്യൎക്കു വസിക്കുവാൻ ഗൃഹമെന്നപോലെ സകലാത്മാക്കൾക്ക് ഗൃഹങ്ങളാണ മനുഷ്യശരീരങ്ങൾ. അശുദ്ധമായ ഗൃഹത്തിൽ ശ്രീ ചവിട്ടാത്തതുപോലെ അശുദ്ധമായ ഹൃദയത്തിൽ ഈശ്വര

നിവാസവുമുണ്ടാകുന്നതല്ല. അപ്പോഴാണ മനുഷ്യൻ കാമക്രോധാദ്യന്തസ്ഥദോഷങ്ങളുടെ അധീനത്തിൽപ്പെട്ട ജീവിതം വിഫലമാക്കിത്തീൎക്കുന്നതു്. ശരീരത്തിന്റെ ബാഹ്യത്തിന്നെന്നപോലെ ആഭ്യന്തരത്തിന്നും വിശുദ്ധിയുണ്ടായി പരമാത്മാവിനെ ഭജിക്കുമ്പോൾ, കള്ളക്കൎക്കിടകം കഴിഞ്ഞു സമൃദ്ധമായ ചിങ്ങമാസംപോലെ, ഇഹപരങ്ങളിൽ അക്ഷയമായ ആനന്ദം അനുഭവിക്കയും ചെയ്യുന്നു. അതിനാൽ നാം മനസ്സിനെ വിശുദ്ധമാക്കി നമ്മുടെ സ്വാധീനത്തിൽ വെയ്ക്കുക. ചളിയുള്ള കണ്ണാടിയിൽ മുഖം പ്രതിബിംബിക്കാത്തതുപോലെ പാപപങ്കിലമായ മനസ്സിൽ ചിദാത്മാവും പ്രകാശിക്കുകയില്ല. ലോകവ്യവഹാരങ്ങളിൽനിന്നു് ഇന്ദ്രിയങ്ങളെ ഒതുക്കി സ്ഥിരമായ മനസ്സോടുകൂടെ ധ്യാനനിഷ്ഠയിലിരുന്നാൽ ബാലവിഷയങ്ങളും ലക്ഷ്മിയും അചിരേണയുണ്ടാകുന്നു. ചേട്ടയെ പുറത്താക്കിക്കഴിഞ്ഞാൽ പച്ചപ്പിലാവില കോട്ടിക്കുത്തി അതിൽ തിരിയിട്ടു ഉമ്മറത്തും പടിക്കലും കത്തിച്ചുവെയ്ക്കുന്നതു ലക്ഷ്മീഭഗവതിയുടെ എഴുന്നള്ളത്തു പ്രമാണിച്ചാകുന്നു. ഇതിലും നമുക്കു് ഏതാണ്ടു് ആലോചിക്കുവാനുണ്ടു്. പ്രവൃത്തിമൂലം ശ്രീ എന്നൊരു ചൊല്ലു നമ്മുടെ ഇടയിൽ നടപ്പുണ്ടെങ്കിലും അധികമാളുകളും അതിനിശ്ചയമായി ആലോചിച്ചിട്ടുണ്ടെന്നു തോന്നുന്നില്ല. നല്ല വിത്തു കുത്തിയാൽ നല്ല ഫലവും ചീത്തവിത്തു കുത്തിയാൽ ചീത്ത ഫലവുമുണ്ടാകുന്നതല്ലേ? അതുപോലെ ശ്രീദേവിക്കു് അനിഷ്ടമായ പ്രവൃത്തിയാൽ അധഃപതനവും ഇഷ്ടമായ പ്രവൃത്തിയാൽ ഉൽകൎഷവുമുണ്ടാകുന്നു. ഇരുട്ടകറ്റുകയാണ വിളക്കിന്റെ ഗുണം. എന്നതുപോലെ അജ്ഞാനം നിറഞ്ഞഹൃദയത്തിൽ ജ്ഞാനദീപം തെളിയുമ്പോൾ അറിയേണ്ടതറിയുന്നു. നിത്യനൈമിത്തികാചാരങ്ങളിൽ ശ്രീദേവിക്കു വിരോധമായ ചില പ്രവൃത്തികൾ പുരാണങ്ങളിൽ കാണുന്നതും പറയാം. ഇതിൽ സ്ത്രീകളാണു് അധികം ശ്രദ്ധിക്കേണ്ടതു്.

സ്ത്രീകൾ ഉറക്കെ സംസാരിക്കുക, ഭക്ഷണസാധനം വലിയ കബളങ്ങളാക്കി വേഗം ഗ്രസിക്കുക, ഉമ്മറപ്പടിമേലിരിക്കു

ക്ക, ശണ്ഠകൂട്ടുക, സമയം ഉപയോഗമില്ലാതെ ചിലവഴിക്കുക, വൃഥാ കൂട്ടംകൂടുക, മലിനവസ്ത്രങ്ങൾ ധരിക്കുക, ഒന്നിലധികം ഭർത്താക്കന്മാരെ വരിക്കുക എന്നിവയാകുന്നു. സ്ത്രീകൾ നിത്യവും ചെയ്യേണ്ടുന്ന പ്രവൃത്തികളും ഇന്നവയാണെന്നു പറയാം.

സർവ്വദാ വൃത്തിയായിരിക്കുക, ഗൃഹകൃത്യങ്ങളറിഞ്ഞു ശരിയായി അനുഷ്ഠിക്കുക, താണസ്വരത്തിൽ മിതമായി സംസാരിക്കുക, പാദവിന്യാസം കേൾക്കാതെ സാവധാനത്തിൽ നടക്കുക, സദാ പ്രസന്നത ഭാവിക്കുക, ഗുരുജനങ്ങളെയും ദേവന്മാരെയും വണങ്ങുക, മാനത്തിനുവേണ്ടി പ്രാർത്ഥിക്കുക. ഒരു നിമിഷമെങ്കിലും വെറുതെ കളയാതെ ഉപകാരപ്രദങ്ങളായ പ്രവൃത്തികളെടുക്കുക, അത്താഴക്ഷണം അല്പം കാര്യങ്ങളുണ്ടായിവന്നാലും പിറേറന്നാളേക്കു കുറച്ചെങ്കിലും സാമാനം നീക്കിവെയ്ക്കുക, ഉഷസ്സുമുമ്പെഴുന്നേൽക്കുക, ഉദയാസ്തമനങ്ങളിൽ സൂർയ്യനു വിളക്കു കാണിക്കുക, മുതലായവയാകുന്നു. സ്ത്രീകളിപ്രകാരം പെരുമാറുന്ന ഇടങ്ങൾ നികന്നുവരുന്നതു നമുക്കനുഭവമാണല്ലോ.

എല്ലാ ദേവന്മാരെയും പ്രത്യേകം ക്ഷേത്രങ്ങളിൽ പൂജിക്കാറുണ്ട്. എന്നാൽ ലക്ഷ്മീദേവിക്കു പ്രത്യേകക്ഷേത്രം പണിചെയ്യാത്തതിന്റെ കാരണമെന്താണ്? ലക്ഷ്മീദേവി സൌന്ദര്യത്തിനും, ഐശ്വര്യത്തിനും അധിദേവതയാണ്. ഇത് സർവ്വം അപരിത്യാജ്യമാകുന്നു. അതിനാൽ ഓരോഗൃഹത്തിലും ലക്ഷ്മീപൂജ നടത്തേണ്ടതാണ്.

'ഇല്ലംനിറ' 'പുത്തരി' ഇതു രണ്ടും കർക്കിടകമാസത്തിലാണധികം വിശേഷം. ഇതു ഗൃഹങ്ങളിൽമാത്രമല്ല, ക്ഷേത്രങ്ങളിലും നടത്തുന്നു. പക്ഷേ ഓരോ ക്ഷേത്രത്തിലും ഇന്നിന്നദിവസങ്ങളിൽമാത്രമേ പാടുള്ളുവെന്നു പൂർവ്വകാലം തുടങ്ങിതന്നെ നിശ്ചയിച്ചിട്ടുണ്ട്. ഇരിങ്ങാലക്കുട കൂടൽമാണിക്യക്ഷേത്രത്തിലെ പുത്തരിസദ്യയും മുക്കുടിനിവേദ്യവും ഇന്നും പ്രസിദ്ധമാണല്ലോ.

ഇല്ലംനിറയുടെയും പുത്തരിയുടെയും ചട്ടങ്ങൾ കേട്ടിട്ടുള്ളത് അന്ധവിശ്വാസമാണെന്നു പറഞ്ഞു ചില വിദേശികൾ മലയാളികളെ പരിഹസിക്കാറുണ്ട്. അതിന്റെ രഹസ്യം ഗ്രഹിക്കാ

തെ നമ്മുടെ ഇടയിൽ ചിലർ അതു സമ്മതിക്കുന്നുമുണ്ടു്. ഒരു പാശ്ചാത്യൻതന്നെ ഒരിടത്തിങ്ങിനെ പറഞ്ഞിരിക്കുന്നു.

"ഹിന്തുക്കൾ മതഭ്രാന്തന്മാരായി ജനിക്കുന്നു. മതഭ്രാന്തന്മാരായി വസിക്കുന്നു. ഒടുവിൽ മതഭ്രാന്തന്മാരായിത്തന്നെ അവർ മരിക്കയും ചെയ്യുന്നു." എന്നാലിതിലേതാണ്ടു വാസ്തവമുണ്ടുതാനും.

പുതിയനെല്ലു കൊല്ലത്തിൽ ആദ്യമായി ഗൃഹത്തിലേയ്ക്കു കൊണ്ടുവരുന്നതിന്റെ അടിസ്ഥാനമാക്കിയാണു നാം ഇല്ലം നിറക്കുന്നതു്. എല്ലാററിനും ശുഭമായ ഓരോ അവസരമുണ്ടു്. ശുഭമായ അവസരത്തിൽ ചെയ്യുന്നതെല്ലാം ശുഭമായിത്തന്നെ ഭവിക്കും. അതുനിമിത്തമാണു ശുഭസമയത്തു കതിർ നാടാടെ ഗൃഹത്തിലേയ്ക്കു കൊണ്ടുവന്നു പൂജനടത്തുന്നതു്. ഇങ്ങിനെ ശുഭകർമ്മത്തിൽ ഇല്ലംനിറ കഴിച്ചിട്ടും ജനങ്ങൾ ദുഃഖിക്കുകകൊണ്ടു കഴിയുന്നതിന്റെ കാരണമെന്താണെന്നും ചിലർ ചോദിക്കാറുണ്ടു്. മനുഷ്യരുടെ ജീവിതം ഒരു കർമ്മത്തെ മാത്രമാശ്രയിച്ചല്ല കാണുന്നതു്. അവരുടെ ജീവിതയാത്രയിൽ പലതരം ആളുകളോടും കാര്യങ്ങളോടും ഇടപാടു ചെയ്യേണ്ടിവരുന്നതുകൊണ്ടു അജിതേന്ദ്രിയന്മാരായിത്തീർന്നു ദുഷ്കൃത്യങ്ങളിൽ കാലുവെയ്ക്കുവാൻ തുടങ്ങുന്നു. അവരുടെ സൽകർമ്മമല്പവും ദുഷ്കർമ്മം ഇതിലോമധികവുമായിവരുന്നസമയം അവർ ക്ലേശങ്ങളനുഭവിക്കാതെയും നിവൃത്തിയില്ല. അതിനാൽ ശുഭകർമ്മാചരണത്തിൽ മനുഷ്യരുടെ ശ്രദ്ധ അവശ്യമായും പതിയേണ്ടതാകുന്നു.

പുതിയ അരി ആദ്യമായി ഭക്ഷിക്കുന്നതിനാണു പുത്തരിയെന്നും പറഞ്ഞുവരുന്നതു്. പുതിയ അരി ആദ്യമായി ഉപയോഗിക്കുമ്പോൾ സാധാരണദിവസങ്ങളെപ്പോലെ മതിയാകുന്നതല്ലെന്നു കരുതി സദ്യക്കുള്ള വട്ടവും കൂട്ടുന്നു. എന്നാൽ അപ്പോഴും ഈശ്വരനെ വിസ്മരിക്കുന്നില്ല. പുതിയ അരിയുടെ ആഗമനം തന്നെ ലക്ഷ്മീദേവിയുടെ എഴുന്നള്ളത്താണെന്നാണു നമ്മുടെ വിശ്വാസം. എല്ലാപദാർത്ഥവും ഗണപതിക്കു നിവേദിച്ചതിന്നുശേഷമേ ഭക്ഷിക്കയും പതിവുള്ളൂ. നമ്മുടെ കാരണവന്മാരി

ങ്ങിനെ ചില ഏൎപ്പാടുകൾ ചെയ്തിട്ടുള്ളതു്. "ദൈവാധീനം ജഗത്സൎവ്വം" എന്നു പ്രത്യക്ഷമാകുവാനാണു്.

കൎക്കിടകം മുഴുവനും ഈ ഉപവാസവ്രതംകൊണ്ടു കഴിച്ചുകൂട്ടിയാൽപിന്നെ വരുന്നകാലം നോക്കുക. അതെത്ര ആനന്ദകരമാണു്. ക്ഷാമം നീങ്ങി സസ്യങ്ങളും മററും വിളഞ്ഞു കാലി തെളിഞ്ഞു സുഭിക്ഷമായ ചിങ്ങമാസം ആൎക്കും ആരോഗ്യദായകമാകുന്നതുകൊണ്ടുതന്നെയാണു ചിങ്ങമൊന്നാംതിയ്യതിതൊട്ടു നമ്മുടെ വൎഷാരംഭം കണക്കാക്കിവരുന്നതു്.

---

15. ശിവരാത്രി

ഹിന്ദുക്കൾ വളരെ ഭക്തിയോടുകൂടി ആചരിച്ചുവരുന്ന ഒരു പുണ്യദിവസമാണു ശിവരാത്രി. ശബ്ദംകൊണ്ടു് ആ രാത്രി ശിവനു പ്രധാനമായിട്ടുള്ളതാണെന്നു തെളിയുന്നുണ്ടല്ലോ. എന്നാൽ, ശിവനെ പ്രധാനമായി സംബന്ധിച്ചുള്ളതായ രാത്രി പിന്നീട്ടു ശിവനെ ആരാധിക്കുവാൻ പ്രധാനമായ രാത്രിയായിവന്നതാണു 'ശിവരാത്രി'യെന്ന വിശ്രുതിക്കാധാരം. ശിവരാത്രിയുടെ ആഗമംതന്നെ താഴെ വിവരിക്കപ്പെടുമാകുന്നു.

കിന്നരതരുണിമാർ കല്പകപ്പൂക്കളെക്കൊണ്ടു കെട്ടിയുണ്ടാക്കിയ ഒരു മാല ദുൎവ്വാസസ്സുമഹൎഷിക്കു കൊടുക്കുകയും, ആ മാല ത്രിമൂൎത്തികൾക്കുപോലും യോഗ്യമല്ലെന്നു കരുതി അദ്ദേഹം ദേവേന്ദ്രനു കൊടുക്കുകയും ചെയ്തു. ഐരാവതോപരിസ്ഥിതനായിരുന്ന ദേവേന്ദ്രൻ മാല ഐരാവതത്തിന്റെ കുംഭത്തിന്മേൽ വെച്ചു തന്റെ ചികുരം ചിക്കിയിരിക്കുന്നതിന്നിടയിൽ മധുപവൃന്ദങ്ങളുടെ ഉപദ്രവത്താൽ ഐരാവതം മാലയെടുത്തു താഴത്തിട്ടു ചവുട്ടിയരച്ചതു് അദ്ദേഹമറിഞ്ഞില്ല. ഇതു കണ്ടുനിന്നിരുന്ന കോപിഷ്ഠനായ ദുൎവ്വാസസ്സു 'ദേവേന്ദ്രനും ദേവകൾക്കും ജരാനരകൾ ബാധിക്കട്ടെ' എന്നു ശപിച്ചു. തൽക്ഷണം ദേവേന്ദ്രൻ മുനിയെ വണങ്ങി, അദ്ദേഹത്തെ പ്രസാദിപ്പിച്ചു ശാപമോചനം അരുളിചെയ്യണമെന്നപേക്ഷിച്ചു. പാലാഴി കടഞ്ഞു് അമൃതെടുത്തു

ക്ഷേപിച്ചാൽ വീണ്ടും അമരന്മാരാകുമെന്നു് അദ്ദേഹം ശാപമോക്ഷം കൊടുത്തു തിരോധാനം ചെയ്തു.

ദേവന്മാർ ജരാനര ബാധിച്ചു് അംഗങ്ങൾ അനക്കുവാൻ പോലും കഴിയാതെ അങ്ങുമിങ്ങും കിടപ്പിലായി. ദേവേന്ദ്രൻ, ബൃഹസ്പതി മുതലായവർ മഹർഷിമാരോടുംകൂടി സത്യലോകത്തു ചെന്നു ബ്രഹ്മാവിനോടു സങ്കടമുണർത്തിച്ചു. അദ്ദേഹം അവരേയും, പാർവ്വതിപരമേശ്വരന്മാരേയും കൂട്ടിക്കൊണ്ടു പാലാഴിയിൽ പോയി മഹാവിഷ്ണുവിനോടു വിവരം പറഞ്ഞു. ഏതൽപ്രകൃതമനുസരിച്ചു കഥ ചുരുക്കമായിട്ടേ പറയുന്നുള്ളു. ഭാഗവതം നോക്കിയാൽ സവിസ്തരം അറിയാം.

മഹാവിഷ്ണുവിന്റെ ഉപദേശപ്രകാരം പാലാഴി കടയുവാൻ വേണ്ടുന്നതെല്ലാം ഒരുക്കി. കടകോൽമന്ദരപർവ്വതവും അതിൽ ചുററി വലിക്കുവാൻ കയർ വാസുകിയുമായിരുന്നു. അനന്തനാണു മന്ദരപർവ്വം പറിച്ചുകൊണ്ടുവന്നതു്. ശ്രീപരമേശ്വരനും അസുരന്മാരും വാസുകിയുടെ തലയ്ക്കലും മഹാവിഷ്ണുവും ദേവന്മാരും വാലിന്മേലുംപിടിച്ചു മഥിച്ചുതുടങ്ങി. മന്ദരത്തിന്റെ പരിഭ്രമണവേഗത്താൽ പാൽക്കടൽ ഇളകി മറിഞ്ഞു. ഇങ്ങനെ അത്യുത്സാഹത്തോടെ മഥനം നടന്നുകൊണ്ടിരിക്കുമ്പോൾ മന്ദരം ചുവടുവിട്ടു തെല്ലുതെല്ലായി താണുതുടങ്ങി. എല്ലാവരും ശങ്കകളോടു പരവശന്മാരായി നില്ക്കുമ്പോൾ മഹാവിഷ്ണു ഒരു കൂർമ്മമായി അവതരിച്ചു മന്ദരത്തെ ഉയർത്തി, പിന്നേയും കടഞ്ഞുകൊണ്ടേയിരുന്നു. അപ്പോൾ ആ ദിവ്യപയഃപാഥോധിയിൽനിന്നും ഓരോന്നുത്ഭവിച്ചുതുടങ്ങി. കൌതുകകരമായ ചന്ദ്രനാണു് ആദ്യം പൊങ്ങിവന്നതു്. പിന്നെ ധവളാംബരം ധരിച്ച ലക്ഷ്മീദേവിയും പിന്നീടു ക്രമത്തിൽ ഉത്സാഹപ്രദമായ വാരുണി, മോടിയുള്ള ഉച്ചൈശ്ശ്രവസ്സ് എന്ന വെളുത്ത അശ്വം, പ്രഭാപൂരമായ കൌസ്തുഭമണി, സർവ്വാഭീഷ്ടദായകമായ പാരിജാതം, കാമധേനു, അമൃതകുംഭത്തോടെ ധന്വന്തരിമൂർത്തി, ഐരാവതമെന്ന വെള്ളാന എന്നിവയുണ്ടായി. ഇത്രയുമായപ്പോഴേക്കും വാസുകി വളരെ ക്ഷീണിച്ചു ഹാലാഹലമെന്ന കഠിനവിഷം

വമിച്ചുതുടങ്ങി. അതിൻെറ തീക്ഷ്ണതയാൽ ആർക്കും അടുത്തു നില്ക്കുവാനും പാടില്ലാതെയായി. അതുമാത്രമല്ല അതു ഭൂമിയിൽ പതിച്ചാൽ ഭൂമി നശിക്കുമെന്നറിഞ്ഞപ്പോൾ ദേവകളുടെ അപേക്ഷപ്രകാരം ശ്രീമഹാദേവൻ അതു മുഴുവൻ തൻെറ ഉള്ളങ്കയ്യിലാക്കി പാനംചെയ്തു. അതുകണ്ടു പാർവ്വതീദേവി പരിഭ്രമത്തോടും വ്യസനത്തോടും,

ശങ്കര! ചതിച്ചിതോ, ഞാൻ പതിവ്രതയെങ്കിൽ
മൃത്യുഞ്ജയ വിഷമുള്ളിലെത്തിടൊല്ലേ!
എന്നുടെ താലിക്കു മൂലമീവിഷമൊടു
മിന്നലുളിവരതൊല്ലേ! ശങ്കര ശങ്കര ശിവ

എന്നു പറഞ്ഞുംകൊണ്ടു കണ്ഠത്തിൽ മുറുകെപ്പിടിച്ചു. വിഷം പുറത്തേക്കു പോകാതിരിപ്പാൻ മഹാവിഷ്ണു ശ്രീമഹാദേവൻെറ വക്ത്രവും പൊത്തി. ഇങ്ങനെയായപ്പോൾ ദേവകളുടെ ഇടയിൽ മനോവ്യാകുലമായ വ്യസനം വ്യാപിച്ചു. ശ്രീമഹാദേവനു വിഷബാധയുണ്ടാകാതിരിക്കുവാൻ എല്ലാവരും കൂടിയാലോചിച്ച് അന്നു മുഴുവൻ ഉപവസിച്ചു നിദ്രയും വെടിഞ്ഞു ഭഗവദ്ധ്യാനംചെയ്തു കഴിച്ചുകൂട്ടി. ലോകരക്ഷാർത്ഥം ലോകനായകൻ ആ വിഷം തൻെറ കണ്ഠത്തിൽതന്നെ ലയിപ്പിച്ചു. അതിനാൽ നീലനിറം കണ്ഠത്തിലുണ്ടാകയും വിഷ്ണുപ്രമുഖൻ നീലകണ്ഠനെന്നു ഭഗവാനെ വിളിക്കുകയും ചെയ്തു.

ദേവന്മാർ പിറ്റേന്നു വിശുദ്ധന്മാരായിവന്നു പൂജാദികൾ കഴിച്ചശേഷം പാലാഴിയിൽനിന്നും അവസാനം ലഭിച്ചിരുന്ന പീയൂഷം പാരണകഴിക്കയും അവർ നിർജ്ജരന്മാരായി ഭവിക്കയും ചെയ്തു. ശിവനുവേണ്ടി ഉറക്കമിളച്ചു നോൽമ്പുനോററിരുന്ന ദിവസത്തെ ശിവരാത്രിയെന്നും പറഞ്ഞു. ഈ സംഭവത്തെ നിലനിർത്തുവാനാണു ശിവരാത്രി പിൻകാലങ്ങളിൽ അനുഷ്ഠിച്ചുതുടങ്ങിയതു്. ശിവരാത്രിവ്രതം മനുഷ്യർക്കു മാത്രമല്ല ദേവകൾക്കുപോലും വളരെ പ്രധാനമാണെന്നു നമുക്ക് ഈ സംഗതികൊണ്ടറിയാമല്ലോ.

ശിവരാത്രിനാൾ ബ്രാഹ്മമുഹൂർത്തത്തിലെഴുന്നേൽക്ക

ണം. പിന്നീട്ടു സ്നാനം മുതലായതു കഴിച്ചു ഭഗവാനെ പൂജിക്കുകയും ജിതേന്ദ്രിയനായി ഹൃദയകൎണ്ണികാരത്തിൽ പരമാത്മാവിന്റെ രൂപം ധ്യാനിച്ചുകൊണ്ടുതന്നെ വസിക്കുകയും വേണം. സ്ത്രീകളെ ദൎശിക്കുകപോലും ചെയ്യരുതു്. നിവൃത്തിയുണ്ടെങ്കിൽ ശിവക്ഷേത്രങ്ങളിൽതന്നെയാണു് അന്നു മുഴുവനും ഇരിക്കേണ്ടതു്. പുരാണപാരായണവും ഇടക്കിടക്കാവാം! അന്നു ജലംപോലും പാനംചെയ്തുകൂടാ. പകൽ നിദ്ര പാടില്ലെന്നു പറയേണ്ടതില്ലല്ലോ. നിലത്തു ഇരിക്കുകയല്ലാതെ ശയിക്കുകപോലും പാടില്ലെന്നാണു നിശ്ചയം. ഇപ്രകാരം പകലും രാവും കഴിച്ചുകൂട്ടിയാൽ പിറേറന്നാൾ ശിവപൂജ, ബ്രാഹ്മണഭോജനം, ദാനം മുതലായവയ്ക്കുശേഷം പാരണ കഴിക്കണം.

നമ്മുടെ ഇടയിൽ ഇങ്ങനെ വ്രതം അനുഷ്ഠിക്കുന്നവർ വളരെ അപൂൎവ്വമാണു്. ചിലർ അന്നു ശാല്യന്നം മാത്രം വൎജ്ജിച്ചു് അതിന്റെ സ്ഥാനത്തു മററു സാധനങ്ങൾ ഭക്ഷിക്കുന്നു. ചിലർ പകൽ മുഴുവൻ ഉപവസിച്ചു രാത്രി പാലും പഴവും ഭക്ഷിക്കുന്നു. ഇതുകൊണ്ടു വ്രതത്തിന്റെ ഫലം ഉണ്ടാകയില്ലെന്നു നിശ്ചയമാണു്. എന്തെന്നാൽ എന്തെങ്കിലും ഭക്ഷിക്കണമെന്നു ഹൃദയത്തിൽ തോന്നിയാൽ പിന്നീട്ടു് ഈശ്വരചിന്തയല്ലാ മനസ്സിൽ നില്ക്കുന്നതു്, എന്നാൽ ആ ഭക്ഷണസാധനങ്ങളാണു്. ഭക്ഷണം അകത്തു ചെല്ലുന്നതോടുകൂടി മനുഷ്യർ ഇന്ദ്രിയങ്ങൾക്കു വശഗതരാകുന്നു. അതോടുകൂടി ആ വ്രതത്തിന്റെ പരിശുദ്ധിയും നശിക്കുന്നു. ശിവരാത്രിനാൾ ഉറക്കമിളക്കേണമെന്നു നമ്മുടെ ജനങ്ങൾ ധരിച്ചിട്ടുണ്ടു്. പക്ഷേ ഈശ്വരനെ ധ്യാനിച്ചുകൊണ്ടു് അങ്ങനെ ചെയ്യുവാനവൎക്കു സാധിക്കാതെ നാടകം, ശീട്ടുകളി മുതലായ വിനോദങ്ങൾകൊണ്ടു രാത്രി കഴിച്ചുകൂട്ടുന്നു. അവർ രാവുറക്കാതെ ശരീരത്തെ ശ്രമപ്പെടുത്തുന്നു എന്നു മാത്രമല്ലാതെ അതുകൊണ്ടു് എള്ളുമണിപോലും ഫലം സിദ്ധിക്കുന്നില്ല. നേരെമറിച്ചു് ഈശ്വരനെ സൎവ്വാത്മനാ വന്ദിച്ചു,

സൎവ്വലോകേശ പോററി ദാസനാമടിയനെ
നിൎവ്വാണപദത്തിങ്കൽ കൈപിടിച്ചേൎത്തിക്കണേ

എന്നുടെയപരാധം പൊറുത്തു ദയാനിധേ
നിന്നുടെ തിരുവുള്ളമേകുവാൻ വണങ്ങുന്നേൻ
അറമില്ലാതവ്രതമൊന്നും ഞാനേ നോറ്റതില്ല
മുറുമെൻപ്രാരാബ്ധത്താലത്രയ്ക്കുമറിഞ്ഞിടാം
ആയതുകൊണ്ടിപ്പോൾ ഞാൻ ചേവടി തന്നിലെന്റെ
മായകൾ നീക്കി ലയിപ്പിക്കേണം ദീനബന്ധോ

ഇപ്രകാരം ധ്യാനിച്ചു വിശ്രമമനസ്സോടെ ഉറങ്ങുന്നതാൽ ഒരു വ്രതം കാട്ടിക്കൂട്ടുന്നതിനേക്കാൾ കോടിമടങ്ങു ശൈവകാരുണ്യമുണ്ടാകുന്നതാണ്.

ശിവരാത്രിവ്രതം പ്രഥമമായി അനുഷ്ഠിച്ചുതുടങ്ങിയതു് ഇക്ഷ്വാകുവംശത്തിൽ ജനിച്ച ചിത്രഭാനു എന്ന രാജാവാണ്. അദ്ദേഹത്തിന്റെ പൂർവ്വജന്മംകൂടി ഈ സന്ദർഭത്തിൽ പ്രസ്താവയോഗ്യമാണ്. അദ്ദേഹം പൂർവ്വജന്മത്തിൽ സുസ്വരനെന്ന ഒരു നിഷാദനായിരുന്നു. സുസ്വരനു യൌവനം വന്നപ്പോൾ അവൻ വിവാഹം കഴിച്ചു. നാലഞ്ചു പുത്രന്മാരും ഉണ്ടായി. സാധാരണമായി വേട്ടയാടികിട്ടുന്ന മൃഗങ്ങളുടെ മാംസംകൊണ്ടാണ് അവൻ കുടുംബം പുലർത്തിവന്നിരുന്നതു്.

ഒരു ദിവസം സുസ്വരൻ വേട്ടയാടിക്കൊണ്ടു കാട്ടകം തോറും നടന്നിട്ടും ഒരു മൃഗത്തെയും കിട്ടിയില്ല. ഏകദേശം സന്ധ്യാദീപകസമയത്താണ് ഒരു മാനിനെ ശരമെയ്തു കൊന്നതു്. തമസ്സ് സർവ്വത്ര നിബിഡമായിവന്നു. [illegible] പാറിത്തുടങ്ങി. വ്യാഘ്രാദിമൃഗങ്ങളുടെ ക്രൂരനിസ്വനങ്ങളും കേൾക്കയായി. അവൻ വളരെ ഭയപ്പെട്ടു് ഒരു മരത്തിന്റെ മുകളിൽ കയറിയിരുന്നു. ഭാഗ്യത്താൽ അതൊരു കൂവളവും അന്നു ശിവരാത്രിയുമായിരുന്നു. കീഴ്പോട്ടു വീണുപോകുമോ എന്നുള്ള ഭയംകൊണ്ടും കുടുംബമെല്ലാം തന്റെ വരവുംകാത്തു വിശന്നിരിക്കുകയാണല്ലോ എന്നുള്ള ചിന്തകൊണ്ടും അവനു് ഉറക്കമേ വന്നില്ല. രാവുകഴിഞ്ഞു പുലർച്ചയാകുവാനവനുണ്ടായിരുന്ന ഔത്സുക്യംകൊണ്ടു് ഇടയ്ക്കിടയ്ക്കു് ഈശ്വരനേയും വിളിച്ചു നിലവിളിച്ചിരുന്നു. ഒരു വിധം ഒരു വത്സരംപോലെ ഒരു

രാത്രിയവൻ ആ വില്വമരത്തിന്റെ മുകളിൽ കഴിച്ചുകൂട്ടി. പുലർച്ചയായപ്പോൾ തന്റെ വസതിയിലേയ്ക്കു പോകയും ചെയ്തു.

സുസ്വരനെ കാണാഞ്ഞിട്ട് അവന്റെ ഭാര്യയും മക്കളും കണ്ണീരുംകയ്യുമായിട്ടാണു രാത്രി പുലർത്തിയതു്. അപാരമായ വ്യസനംകൊണ്ടും വിശപ്പുകൊണ്ടും വലഞ്ഞിരുന്ന അവരും ഈശ്വരനാമം ചൊല്ലിക്കൊണ്ടു് ഉറങ്ങാതെതന്നെയിരുന്നു. നേരം വെളുത്തശേഷം മാംസവും കൊണ്ടുചെല്ലുന്ന സുസ്വരനെ കണ്ടപ്പോൾ അവർക്കുണ്ടായ സന്തോഷമെങ്ങനെ പറഞ്ഞറിയിക്കാം.

മാനിന്റെ മാംസമവർ പാചിച്ചു ഭക്ഷിക്കുവാൻ വിളമ്പുന്നതിനു മുമ്പിൽ ക്ഷുധാർത്തനായ ഒരതിഥി അവിടെ കയറിച്ചെന്നു. അതിഥിയെ ആദ്യം തൃപ്തിയാക്കിയശേഷം സുസ്വരനും ആയാളുടെ കളത്രവും പുത്രന്മാരും ഭക്ഷിക്കുകയും ചെയ്തു. ഇങ്ങനെ അവർ അറിയാതെതന്നെ ശിവരാത്രിവ്രതവും പിറേറന്നു് അതിഥിഭോജനവും നടത്തി. എന്നാൽ സൽക്കർമ്മത്തിന്റെ ഫലം അനുഭവിക്കാതെ പോകുന്നതാണോ. സുസ്വരനും മററും ഭക്ഷണം കഴിഞ്ഞു വിശ്രമിക്കുന്നതിനുമുമ്പിൽ അംബരത്തിൽ ദിവ്യമായ വിമാനത്തിൽ കയറിക്കൊണ്ടു ശൈവദൂതന്മാർ വന്നു. അവർ സുസ്വരനേയും അവന്റെ കുടുംബത്തെയും ശൈവലോകത്തിലേയ്ക്കു കൊണ്ടുപോകയും ചെയ്തു. പോകുംവഴിയിൽ സുസ്വരനെ അവർ ശിവരാത്രിമാഹാത്മ്യം ഗ്രഹിപ്പിക്കയും ചെയ്തു. അവൻ ശിവഭക്തനായി അനേകസഹസ്രവർഷക്കാലം ശിവലോകത്തും, അത്രതന്നെ കാലം, ബ്രഹ്മലോകത്തും, വൈകുണ്ഠലോകത്തും, സ്വർഗ്ഗലോകത്തും വെവ്വേറെ സുഖമായി വസിച്ചശേഷം ഭൂമിയിൽ ഇക്ഷ്വാകുവംശത്തിൽ 'ചിത്രഭാനു'വെന്ന നാമത്തോടെ ജനിക്കയും ചെയ്തു.

സൌമിനിയുടെ കഥയും ഈയവസരത്തിൽ കഥനീയമാണ്. സൌമിനിയെന്നൊരു വിപ്രകന്യ മാതാപിതാക്കളാൽ ലാളിതയായി അമ്പിളിക്കലപോലെ വളർന്നുവരുന്ന കാലത്തു സുഭഗനായ ഒരു ബ്രാഹ്മണൻ അവളെ വിവാഹംചെയ്തു. അ

ആറുമാസങ്ങൾ കഴിഞ്ഞതിന്നുപ്പുറം ആ ബ്രാഹ്മണൻ രോഗം ബാധിച്ചു മരിച്ചുപോയി. അല്പകാലം അവൾ പതിവ്രതയായി തന്നെ കഴിഞ്ഞു. എന്നാൽ അവളുടെ യൌവനകൊടുങ്കാറു വർദ്ധിച്ചുവന്നപ്പോൾ അവളുടെ ദൈവബുദ്ധിയാകുന്ന ദീപജ്വാലയും പൊലിഞ്ഞുപോയി. കഷ്ടം! അവളുടെ കുലടാവൃത്തികൊണ്ട് അവൾ ഗർഭം ധരിച്ചു. അതിനാൽ സ്വജനങ്ങൾ അവളെ ജാതിഭ്രഷ്ടാക്കികളകയും ചെയ്തു.

അവൾ നാടും ഉപേക്ഷിച്ചു ദൂരയാത്രകൊണ്ടു ഒരു കാട്ടിൽക്കൂടെ പോകുമ്പോൾ ഒരു ശൂദ്രനോടുകൂടെ ചെന്നെത്തി. അവളവന്റെ കളത്രമായി വസിക്കയും ചെയ്തു. അവളുടെ ആചാരങ്ങളും മാറി. ഒരു ദിവസം ശൂദ്രൻ ഗൃഹത്തിലില്ലാതിരിക്കുന്ന സമയം,

മദ്യപാനവും ചെയ്തു തീയതാം കൂരിരുട്ടി-
ന്നിദ്ദ്യം വെടിഞ്ഞവളർദ്ധരാത്രിയിൽ തദാ
ആട്ടിന്റെ മാംസം ഭുജിച്ചീടുവാൻ മോഹത്തോടെ
പെട്ടെന്നു പുറപ്പെട്ടു വാളുമായ് താനേതന്നെ.

പശുക്കളുടെ തൊഴുത്തിൽ ചെന്നു് അജമാണെന്നു വിചാരിച്ചു് ഒരു പശുവിനെക്കൊന്നു ഗൃഹത്തിലേയ്ക്കു കൊണ്ടുചെന്നു വിളക്കിന്റെ മുമ്പിലിട്ടു.

അന്നേരം പശു ശിശുവെന്നറികയാലവൾ,
പിന്നെയായ് ശിവശിവ കഷ്ടമെന്നോതീടിനാൾ
പൂർവ്വജന്മത്തിലൊരു പുണ്യസംഭവം കൊണ്ടു
പാർവ്വതിപതിയുടെ നാമമുച്ചരിച്ചിതു
കേവലം ശിവനാമം കീർത്തിച്ചാലനന്തരം
ദേവശുദ്ധിയുമേകും പാതകങ്ങളും നീങ്ങും
അക്ഷരദ്വയം മഹാപാവനം ശിവമതം
തൽക്ഷണം ജപിച്ചിതു സൌദാമിനിയദ്ദുഃഖയായ്.

കഷ്ടിച്ചു രണ്ടു നാഴികയോളം സൌദാമിനി ഒരക്ഷരവും മിണ്ടാതെയിരുന്നു. പിന്നെ അവൾ അതിൽ പകുതി മാംസം മുറിച്ചെടുത്തു ബാക്കിയുണ്ടായിരുന്നതു രാത്രിയിൽ തന്നെ പുറത്തു കളഞ്ഞിട്ട്, 'അയ്യോ! അയ്യോ! ഒരു പുലി വന്നെന്റെ പശുവിനെ

തിന്നുന്നു! പുലി! പുലി! എല്ലാവരും ഓടിവന്നു രക്ഷിയ്ക്കണേ!" എന്നിങ്ങിനെ ഉറക്കെ നിലവിളിച്ചു. ശൂദ്രന്മാർ പുറത്തേയ്ക്കോടിച്ചെന്നു നോക്കിയപ്പോൾ പുലിയെക്കണ്ടില്ല. എങ്കിലും പശുവിന്റെ അവശിഷ്ടം കിടക്കുന്നതു കണ്ടു് അവർ വ്യസനത്തോടെ പലതും പറഞ്ഞു് അവരവരുടെ വീടുകളിലേയ്ക്കുതന്നെ മടങ്ങി. സൌമിനിയുടെ ഭർത്താവു പിറേറന്നാൾ വന്നു. അയാളും രാത്രി സംഭവമറിഞ്ഞു വ്യസനിച്ചു.

സൌമിനി ഏകദേശം മുപ്പതു വർഷം ശൂദ്രപത്നിയായിരുന്ന ശേഷം അന്തകലോകം പ്രാപിച്ചു. അവളുടെ കർമ്മത്തിന്നൊത്തവണ്ണം യമകിങ്കരന്മാരവളെ നരകത്തിലിട്ടു കഷ്ടപ്പെടുത്തി.

പിന്നത്തെ ജന്മത്തിൽ സൌമിനി ചണ്ഡാലകുലത്തിൽ കുരുടിയായി ജനിച്ചു. കുരുടിയിരുന്ന അവളെ മാതാപിതാക്കന്മാർപോലും ദ്വേഷിച്ചാണു വളർത്തിയതു്. ശ്വാക്കൾക്കും ഗോക്കൾക്കും കൊടുക്കുന്ന പഴങ്കഞ്ഞിയുടെ ശിഷ്ടമേ അവർ അവൾക്കു കൊടുത്തിരുന്നുള്ളു. ഏഴെട്ടു വയസ്സുവരെ അവളിങ്ങിനെ വീട്ടിൽ കഴിഞ്ഞുകൂടി. ഇതിനിടെ, കഠിനമായ കുഷ്ഠവും രാജയക്ഷ്മാവും അവളെ ബാധിച്ചു. അവളുടെ ആകൃതി അത്യന്തം വികൃതമായി. അതിനാൽ ചണ്ഡാലപ്രധാനി അവളെ ഒരു വനത്തിൽകൊണ്ടു ചെന്നാക്കി. ഭക്ഷണം കിട്ടാഞ്ഞു വിശപ്പടക്കുവാൻ കഴിയാതെ അവളൊരു വടിയുമെടുത്തു പട്ടണത്തിൽചെന്നു യാചിച്ചുതുടങ്ങി ഇത്തരം യാചനത്തൊഴിലിൽ നിത്യവൃത്തി കഴിച്ചു നടക്കുമ്പോൾ ഒരു ശിവരാത്രിനാൾ നാലു ദിക്കുകളിൽനിന്നും നാലു ജാതി ജനങ്ങളും കൂട്ടംകൂട്ടമായി ഗോകർണ്ണത്തേക്കു പോകുന്നതറിഞ്ഞിട്ടു വസ്ത്രാഹാരങ്ങൾ ധാരാളം കിട്ടുമെന്നു അത്യാഗ്രഹത്തോടുകൂടി അന്ധയായ ചണ്ഡാലിയും വടിയും കുത്തി നടന്നു കഷ്ടിച്ചു ഗോകർണ്ണക്ഷേത്രത്തിലെത്തി. അവിടെ ചെന്നിട്ടും, അന്നു ശിവരാത്രിയായിരുന്നതിനാൽ, അവൾക്കു ഭക്ഷണമൊന്നും കിട്ടായ്കയാലൊരിടത്തു കിടന്നു് ഇങ്ങിനെ നിലവിളിച്ചു.

എന്നെക്കൊപോന്നമ്മയാളേ! ദീനരാം ജനങ്ങൾക്കു
ബന്ധുതചെയ്തിരുന്നു അന്നത്തെ പാപംകൊണ്ടിന്
രണ്ടുനാലഹസ്സുണ്ടു പട്ടിണികിടക്കുന്നു
കൊണ്ടുപോവതിനായിക്കാലനുമെന്നേ സ്സില്ലം
ഉററവരുപേക്ഷിച്ചു ദൈവവും വെടിഞ്ഞിതു
കുററമെന്തവർക്കെല്ലാം, പാപിയാമെന്നെ വേണ്ട.

എനിക്കു കൊററിനും വകയില്ല. എനിക്കുററവരുമില്ല! എൻെറ ദുർവ്വിപാകത്താൽ ഞാൻ പ്രസവിച്ചതുമില്ല. ദൈവമേ! ഞാനിനിയും എത്ര ബുദ്ധിമുട്ടണമോ? കഠോരമായ കാററും മഴയും മഞ്ഞും വെയിലുംകൊണ്ടു ഞാനെത്ര നട്ടംതിരിഞ്ഞു! ഈശ്വര! എന്നെ ഇനിയുമിങ്ങിനെ കഴക്കല്ലേ! അടിയനാഗതിയാണേ! അടിയൻെറ സമസ്താപരാധങ്ങളെയും പൊറുക്കേണമേ! നിന്തിരുവടി കരുണാനിധിയല്ലേ?

കണ്ണു മലർത്തിക്കാട്ടിനില്ലുന്ന അവളുടെ കയ്യിൽ ഒരാൾ രണ്ടുമൂന്നു വില്വപത്രമിട്ടുകൊടുത്തു. അതു മണത്തുനോക്കിയപ്പോൾ ഭക്ഷ്യമല്ലെന്നറിഞ്ഞതിനാൽ അവളതു കളകയും ചെയ്തു. ശിവ! ശിവാ! അവളുടെ ഭാഗ്യം! അവളെറിഞ്ഞ കൂവളത്തില വീണതു് ഒരു ശിവലിംഗത്തിന്മേലാണ്. ഊണും ഉറക്കവും വെടിഞ്ഞു തൻെറ സങ്കടങ്ങളും പറഞ്ഞു ദൈവത്തെ വിളിച്ചുംകൊണ്ടു ശിവലിംഗത്തിനു കൂവളത്തിലകൊണ്ടു് അർച്ചനവും ചെയ്തതുനിമിത്തം അവൾ ശിവരാത്രിവ്രതത്തിൻെറ ഫലമനുഭവിക്കതന്നെ ചെയ്തു. കഴിഞ്ഞജന്മത്തിൽ അന്നദാനാദികൾ ദാനംചെയ്യാത്തതുകൊണ്ടാണ് ഈ ജന്മത്തിലവളിങ്ങിനെ ക്ഷുധാർത്തയായി നട്ടംതിരിയേണ്ടിവന്നതു്. അതുപോലെ പശുവിനെ ഹിംസിച്ചതുകൊണ്ടു ചണ്ഡാലിയായി പിറക്കേണ്ടിവരികയും ചെയ്തു. കുലടാവൃത്തിയാചരിച്ചതുകൊണ്ട് അന്യസഹായമല്ലാതായി കഷ്ടവും ബാധിച്ചു. വിജാതീയനായ ശൂദ്രനെ വരിച്ചതുകൊണ്ടു രാജയക്ഷ്മാവും ശൂലരോഗവും അവളെ പിടികൂടി.

ശിവരാത്രി കഴിഞ്ഞു പിറേറന്നാൾ ദേവകളും മഹർഷികളും ദേവലോകത്തേക്കു മടങ്ങുവാൻ തയ്യാറായി. ചണ്ഡാലിയു

ടെ അംഗങ്ങൾ തളർന്നു മിണ്ടുവാൻപോലും വയ്യാതെ അവൾ കിടക്കുന്നു. അവളുടെ അന്ത്യകാലവും വന്നു. ഉടനെ ശിവദൂതന്മാർ ദിവ്യവിമാനത്തിലവിടെയിറങ്ങി, അവളെയെടുത്തു വിമാനത്തിലേറ്റി.

അന്നേരംമഹോജ്ജ്വലപ്രഭാവശോഭയാർന്നിടും
സുന്ദരീപുരന്ദരസ്ത്രീകളെക്കാളുംരമ്യം
കിങ്കരന്മാരുംതന്നാരിയ്യംവിമാനവും
ശങ്കരസ്വരൂപംനോക്കിസ്സ്മരിച്ചുമറഞ്ഞിതു.

ശിവരാത്ര്യാഗമകാരണം ഭഗവാന്റെ വിഷപാനമാണെന്നു മുമ്പേ പറഞ്ഞിട്ടുണ്ടല്ലോ. അതിനെക്കുറിച്ചു നമുക്കൊന്നുകൂടി ആലോചിക്കുവാനുണ്ട്.

സമുദ്രമഥനമൊന്നാണല്ലോ എല്ലാററിനും കാരണം. സമുദ്രം ജലത്തിന്റെ നിധിയുമാണ്. ജലമില്ലാതെ നമുക്കു ജീവിക്കുവാനും കഴികയില്ല. അതുകൊണ്ടുതന്നെയാണു ജലത്തിനു ജീവനമെന്നു പറഞ്ഞുവരുന്നതും. അതിനാൽ സമുദ്രമഥനമെന്നാൽ ജീവനമഥനമെന്നർത്ഥമാകുന്നു. അലസന്മാരായിരിക്കുന്നവനു ജീവിതത്തിൽ ജയംതന്നെ ലഭിക്കയില്ല. നമ്മുടെ മനസ്സാക്ഷിയെ അചഞ്ചലമാംവണ്ണം കർമ്മത്തിലുറപ്പിച്ചു ഇന്ദ്രിയങ്ങളെ ഭൗതികസുഖങ്ങളിൽനിന്നൊതുക്കി വിവേകത്തോടെ ഈശ്വരനെത്തന്നെ അനുസന്ധാനംചെയ്യുന്നതായാൽ, അദ്ദേഹം വാസുകിയുടെ വിഷമഹരിച്ചതുപോലെ, നമ്മുടെ പാപമാകുന്ന പങ്കത്തെ താൻ സ്വീകരിച്ചു, ദേവകൾക്കമൃത് എന്നപോലെ, നമുക്ക് അനിത്യമായ ആനന്ദത്തെയും നൽകുന്നു. ഭഗവാൻ നിർഗ്ഗുണനും നിരാകാരനുമാകുന്നതിനാൽ പുണ്യപാപങ്ങളദ്ദേഹത്തെ സ്പർശിക്കയില്ല. സമുദ്രമഥനം നാമോരോരുത്തരും നടത്തേണ്ടതുതന്നെയാണ്. എന്നാൽ മാത്രമേ നമ്മുടെ കളങ്കമകന്ന് അകളങ്കമായ അദ്ധ്യാത്മതേജസ്സ് നമ്മിൽ പ്രകാശിക്കുകയുള്ളൂ.

16. മഹാളയഅമാവാസി.

ചാന്ദ്രമാസങ്ങളുടെ അവസാനതിഥിയാകുന്ന അമാവാസി

പിതൃപൂജക്കനിശ്ചയിച്ചിട്ടുള്ള പ്രധാനദിവസമാകുന്നു. അമാവാസികളെല്ലാം ഒരുപോലെ പ്രാധാന്യമുള്ളവയാണെങ്കിലും ചിലതിന്നുവിശേഷം കല്പിക്കുന്നുണ്ടു്. അതിലൊന്നാണു മഹാളയ അമാവാസി. മഹാളയപക്ഷം ആരംഭിക്കുന്നതു് ആശ്വിനമാസത്തിലെ കൃഷ്ണപക്ഷത്തിൽ പ്രഥമമുതൽക്കാകുന്നു. ആ പക്ഷത്തിന്നു നാം പിതൃപക്ഷമെന്നു പറഞ്ഞു വരുന്നു. അതുകൊണ്ടു മഹാളയ പക്ഷത്തിലെ ഓരോ ദിവസവും പിതൃപൂജ ചെയ്യേണ്ടതാണെന്നു സ്പഷ്ടമാണല്ലോ. പിതൃകർമ്മം ചെയ്യാൻ ഏററവും വിശേഷമായ പുണ്യസ്ഥലം 'ഗയ'യാണെന്നു സർവ്വർക്കുമറിവുള്ളതുമാണു്. ഈ പക്ഷത്തിൽ പൂജചെയ്തു വസിച്ചാൽ ഗയാശ്രാദ്ധമൂട്ടി അവിടെ കഴിച്ചുകൂട്ടുന്നേടത്തോളം ഫലം സിദ്ധിക്കുമെന്നാണു പറയുന്നതു്.

ആ ഒരു പക്ഷം മുഴുവൻ പിതൃപക്ഷമായി കണക്കാക്കിവരുന്നതിന്റെ ഉദ്ദേശമെന്തെന്നു നോക്കാം. ഒരു മാസത്തിൽ രണ്ടുപക്ഷങ്ങളാണല്ലോ. അതിനാൽ ഒരാളുടെ മരണം ഏതെങ്കിലും ഒരു തിഥിയിലാവാതിരിക്കുവാൻ തരമില്ല. ഏതു തിഥിയിൽ മരിക്കുന്നുവോ, ആ തിഥിനാൾ മററുള്ളവർക്കു പൂജിക്കുവാനും അവസരമുണ്ടാക്കിക്കൊടുക്കേണമെന്നാണു് ഇതിന്റെ ഉദ്ദേശം. മേടമാസത്തിൽ ശുക്ലപക്ഷദശമിനാൾ ഒരാൾ മരിച്ചാൽ അയാളുടെ പിണ്ഡക്രിയാവകാശികൾ മഹാളയപക്ഷത്തിലെ ദശമിനാൾ പിതൃക്രിയ ചെയ്യേണമെന്നു താല്പര്യം. പ്രഥമനാളിൽ മരിച്ചാൽ മഹാളയപക്ഷത്തിലെ പ്രഥമനാൾ ക്രിയചെയ്യണം. ഇങ്ങിനെതന്നെ ശേഷം തിഥികളിലും. ചിലർ മഹാളയപക്ഷത്തിന്നു മുമ്പുള്ള പൌർണ്ണമിയും ഇതിൽചേർത്തു പിതൃപക്ഷത്തിന്നു പതിനാറു ദിവസമുണ്ടെന്നും പറയുന്നു. കേരളീയരുടെ ഇടയിൽ അമാവാസി ദിവസമല്ലാതെ മററു തിഥികളിൽ പിതൃക്രിയചെയ്തുകാണുന്നില്ല. ഉത്തരേന്ത്യക്കാർക്കു് ഇതു വളരെ പ്രധാനമായും കാണുന്നു. പിതൃക്രിയതന്നെ മലയാളബ്രാഹ്മണരല്ലാതെ, മററു മലയാളിസമുദായങ്ങൾ നിയതമായി അനുഷ്ഠിച്ചു തുടങ്ങീട്ടു് അധികം കാലമായിട്ടില്ല. ഇതിന്നു കാരണം, പ്രധാനമായി മ

രുമക്കത്തായവും, കേരളബ്രാഹ്മണരുടെ അന്യജാതികളിൽ സംബന്ധവുമാണ്. ഒരു നമ്പൂതിരിക്കു ശൂദ്രഭാൎയ്യയിൽ സന്താനങ്ങളുണ്ടായാൽ ആ നമ്പൂതിരിയുടെ ശ്രാദ്ധമൂട്ടുവാൻ അദ്ദേഹത്തിന്റെ പുത്രന്മാൎക്ക് അധികാരമില്ല. പുതുവാൾ, പിഷാരോടി, വാരിയർ, നമ്പ്യാർ മുതലായവരുടെ പുത്രന്മാരും ശൂദ്രജാതിയിലായാൽ അവരും പിതൃക്രിയ ചെയ്യേണ്ട. ഒരു പിഷാരോടിയുടെ പിതാവു നമ്പൂതിരിയായിരുന്നാൽ ആ പിഷാരോടിക്കും പിതൃക്രിയ ചെയ്തുകൂടാ. ഇതുകൂടാതെ നായന്മാരിൽതന്നെ പല ഉൾപിരിവുകളും ഉണ്ട്. കിരിയത്തിൽ നായർ, ശൂദ്രൻ, പള്ളിച്ചാൻ, വട്ടക്കാടൻ എന്നിങ്ങിനെ പലരുമുണ്ട്. ഇവരുടെ അച്ഛന്മാരും സ്വജാതിയിലുള്ളവരല്ലെങ്കിൽ പിതൃക്രിയ ചെയ്യുക പതിവില്ലായിരുന്നു. പിതൃക്രിയ കേരളത്തിൽ നിഷ്ഠയായി നടക്കാതിരിക്കുവാനുള്ള പ്രധാന കാരണങ്ങൾ മേൽപറഞ്ഞവയാണ്.

പിതൃപക്ഷത്തിലെ നവമിതിഥി, മുമ്പു മരിച്ചുപോയിട്ടുള്ള അമ്മമാരെ, മാതാക്കളെ, പൂജിക്കുവാനുള്ളതാകകൊണ്ടു മാതൃനവമിയെന്നു പറഞ്ഞുവരുന്നു. അവർ മരിച്ചതു് ഏതു തിഥിയിലായിരുന്നാലും അവരെ പൂജിക്കേണ്ടതു മാതൃനവമി തിഥിയിലാണ്.

കന്നിമാസത്തിലെ (ആശ്വിനത്തിലെ) സംക്രാന്തിമുതൽ മഹാളയപക്ഷമവസാനിക്കുന്നതുവരെ, പിതൃക്കൾ പിതൃലോകം വെടിഞ്ഞു ഭൂമിയിൽ വന്ന് അവരവരുടെ പൂൎവ്വകുടുംബങ്ങളിൽ അധിവസിക്കുന്നുവെന്ന വിശ്വാസത്തിന്മേലാണ് ആ പക്ഷം മുഴുവൻ പിതൃപൂജ ചെയ്തുപോരുന്നതു്. വിവാഹം കഴിയാത്ത പെൺകുട്ടികളും ഉപനയനം കഴിയാത്ത ബാലകന്മാരും അവരുടെ കൎമ്മങ്ങൾ ശുഭമായി നടക്കുവാൻ പിതൃകൎമ്മം ചെയ്യേണമെന്നു നിയമമുണ്ട്. കേരളീയരുടെ കുടുംബങ്ങളിൽ ‘കാരണവന്മാൎക്കു കലശം കഴിക്കുക എന്നൊരു കൎമ്മവും നടത്തിപ്പോരുന്നതിന്റെ ഉദ്ദേശവും ഇതുതന്നെയാണ്. മഹാളയപക്ഷത്തിലാണല്ലോ പതിവായി ചെയ്തുവരുന്നതു്. അടിയന്തരദിവസം കുടും

ബങ്ങളിലെ അംശങ്ങളെല്ലാവരുമുണ്ടായിരിക്കേണ്ടതാണ്. അതിൽ പങ്കുകൊള്ളാതിരിക്കുന്നവർക്ക് ആപത്തണയുമെന്നാണ് എല്ലാ ജനങ്ങളുടെയും വിശ്വാസം. ഈ ഈശ്വരപൂജയ്ക്കു മുമ്പും പിതൃപൂജകഴിക്കണമെന്നു ഹിന്ദുക്കളുടെയിടയിൽ നിർബ്ബന്ധമുണ്ടെന്നാണു ചില ഗ്രന്ഥങ്ങളിൽ കാണുന്നത്. മഹാളയപക്ഷം കഴിഞ്ഞുവരുന്ന നവരാത്രി പൂജതന്നെ ഇതിനുദാഹരണമാണ്.

മാതാപിതാക്കന്മാരില്ലാത്തവർ മാത്രമല്ലാതെ മററുള്ളവർ പിതൃപിണ്ഡം വെയ്ക്കണമെന്നു നിയമമില്ല. 'മാതാദൈവം പിതാദൈവം' എന്നാണു ഹിന്ദുക്കളുടെ മതം. മാതാപിതാക്കന്മാർ നമ്മുടെ പ്രത്യക്ഷദൈവന്മാരാണ്. മാതാപിതാക്കന്മാരെ ഭക്തിയോടെ വന്ദിക്കാത്തവർ അധമന്മാരിലും അധമന്മാരാണെന്നു സർവ്വമതങ്ങളും ഒരുപോലെ സമ്മതിച്ചിട്ടുള്ളതാണ്. സ്വർഗ്ഗസ്ഥന്മാരായ പിതാക്കന്മാർ ഭൂമിയിൽ തങ്ങളുടെ സന്താനങ്ങൾ ചെയ്യുന്ന പ്രവൃത്തികളെ സൂക്ഷ്മമായി അവലോകനം ചെയ്യുന്നുവെന്നു ക്രിസ്തീയ പുസ്തകങ്ങളിലും കാണുന്നുണ്ട്.

സുരന്മാർക്കെന്നപോലെ പിതൃക്കൾക്കും പ്രത്യേകമായി ഒരു ലോകമുണ്ട്. "ദേവാൻ ദേവയജോയാന്തി — പിതൄൻയാന്തി പിതൃവ്രതാഃ" എന്നു ഭഗവാൻ ഗീതയിലും പറഞ്ഞുകാണുന്നുവെന്നതുകൊണ്ടു പുരാതനകാലത്തുതന്നെ പിതൃയജ്ഞം നടത്തിപ്പോന്നിട്ടുണ്ടെന്നു മനസ്സിലാകുന്നുണ്ട്. അച്ഛനെ പൂജിക്കുന്നതു് ഈശ്വരന്റെ നിലയിലാകുന്നതുകൊണ്ടു് ഈശ്വരപൂജയുടെ ഫലംതന്നെ നമുക്കു കിട്ടുന്നു. അതിനാൽ ഫലം മനസ്സിനെയാണ് ആശ്രയിക്കുന്നതു്.

പിതൃക്രിയയ്ക്കുള്ള അധികാരം പുത്രനാണെന്നുള്ള വസ്തുതയും സ്മർത്തവ്യമാണ്. ഋണത്രയബദ്ധനായിട്ടാണു മനുഷ്യന്റെ ജനനം.

> നാമൃണത്തോടുംകൂടി മാനവൻ ജനിക്കുന്നു
> നാലുംവീട്ടിയേഗതി വന്നീടുള്ളവിടുന്നാം
> ആസ്തിക്യത്തോടുയജ്ഞിതംകൊണ്ടു ദേവകൾക്കും
> സ്വാദ്ധ്യായതപസ്സുകൊണ്ടൃഷികൾക്കുള്ളകടം.

ശ്രാദ്ധാദിപുത്രോൽപത്ത്യാപിതൃക്കൾക്കുള്ളകടം
മനുഷ്യൎക്കുള്ളകടമൊന്നശേഷ്യേനവീട്ടി
വേണംമനുഷ്യൎക്ക സൽഗതി വന്നിടുവാൻ

ശ്രാദ്ധം പുത്രോല്പാദനം മുതലായവ സാംസാരികന്മാരാൽ അവശ്യാനുഷ്ഠേയങ്ങളാകുന്നു. ഗൃഹസ്ഥാശ്രമം സ്വീകരിച്ചു കഴിയുമെന്നു കാണുന്നതിനാൽ അജ്ഞാനികൾ, ആ നിയമത്തിന്റെ ഉദ്ദേശ്യത്തെ വിചിന്തനം ചെയ്യാതെ മോഹിതന്മാരായിത്തീൎന്ന് ജീവിതത്തിന്റെ അസ്ഥിരതയേയും സ്വധൎമ്മത്തെയും അറിയാതെ കഴിയുന്നു.

കാണുന്നുവരെ സംസാരംകൊണ്ടത്രെ
ലോകമിങ്ങിനെനിൽപുവെന്നുചിലർ

ഇങ്ങിനെയാണ ജനങ്ങൾ ധരിച്ചിരിക്കുന്നത്. കുലപ്രതിഷ്ഠയ്ക്കുവേണ്ടിയാണ വിവാഹം ചെയ്യുന്നത് എന്നു സാമാന്യമായി അറിയുന്നതുവരെ ഈ മോഹസമുദ്രത്തിൽ മുങ്ങാതെ നിവൃത്തിയില്ല.

മഹാലയപക്ഷത്തിൽ കൎമ്മം രണ്ടുതരമാണ്. ഒന്നു തൎപ്പണവും മറേറതു ശ്രാദ്ധവുമാകുന്നു. ഇതിൽ തൎപ്പണം എല്ലാദിവസങ്ങളിലുമാകാം. എന്നാൽ പിതൃക്കൾ അന്തരിച്ച തിഥിയിൽ മാത്രമേ ശ്രാദ്ധം നടത്തുവാൻ പാടുള്ളു. തൎപ്പണം, മൂന്നുവിധമാണ്. ആദ്യത്തേതു ബ്രഹ്മാവു, വിഷ്ണു, ശിവൻ, പ്രജാപതി എന്നീ ദേവന്മാൎക്കും, രണ്ടാമത്തേതു, ഭൃഗു, നാരദൻ, വസിഷ്ഠൻ, അത്രി, അംഗിരസ്സ്, മരീചി മുതലായ ഋഷികൾക്കുമാകുന്നു. തൎപ്പണം കഴിഞ്ഞശേഷം പിതൃക്കളേയും പ്രത്യേകം അഭിധാനം ചെയ്യേണ്ടതാണ്. ശ്രാദ്ധം പിതൃക്കൾക്കുമാത്രമാണല്ലോ.

ശ്രദ്ധയോടുകൂടി ചെയ്യുന്നതാണ ശ്രാദ്ധം എന്നു ചിലർ പറയുന്നു. എന്നാൽ ശ്രദ്ധയേതിലാണെന്നു ചോദിച്ചാൽ അതുമാത്രം അറിഞ്ഞുകൂടാ. അതിനാൽ ശ്രദ്ധയൊന്നിനും കാണുന്നില്ല. ശ്രാദ്ധത്തിന്റെ തലേനാൾ ഒരിക്കൽ ഉണ്ണണം. ഒരിക്കൽദിവസം ഗൃഹംവിട്ടു പുറത്തിറങ്ങുകയോ വായതുറന്നു സംസാരിക്കുകയോ പാടില്ല. അതിനാൽ ശുചിവ്രതനായി ഏകാന്തത്തിലിരുന്നു ധ്യാനം ചെയ്യേണമെന്നു വന്നുകൂടുന്നു. പിറേറന്നാൾ ശ്രാദ്ധം കഴിയുന്നതുവരെ മൌനിയായിത്തന്നെ ഇ

രിക്കേണ്ടതാകുന്നു. ഇങ്ങിനെ ചെയ്യുന്നതിന്നാണു ശ്രദ്ധയോടെ ചെയ്യുന്ന കർമ്മമെന്നു പറയുന്നത്.

ശ്രദ്ധയോടുംകൂടെ വാരിയെന്നാകിലും
ഭക്തനായുള്ളവൻ തന്നാലതിപ്രിയം.

എന്ന പുരാണവചനം ഓർക്കുക.

ക്ഷൌരമോ നഖച്ഛേദമോ മഹാലയപക്ഷത്തിൽ പാടില്ല. കർണ്ണൻ എന്ന രാജാവിന്റെ ജീവിതാംശമാണത്രെ ഈ നിയമം നടന്നുതുടങ്ങിയത്. അതിന്റെ കാരണമിപ്രകാരമാണു കാണുന്നത്.

പാണ്ഡവജ്യേഷ്ഠനും അംഗരാജാവുമായ കർണ്ണൻ ദാനശീലരിൽ പ്രഥമഗണനീയനാണെന്നു സുപ്രസിദ്ധമാണല്ലോ. തന്റെ ആത്മരക്ഷയെച്ചെയ്തിരുന്ന കവചകുണ്ഡലങ്ങൾപോലും പ്രച്ഛന്നഭൂസുരനായിച്ചെന്നർത്ഥിച്ച ദേവേന്ദ്രനു കർണ്ണൻ കൊടുത്തിട്ടുണ്ട്. ദിവസംതോറും ഒന്നേകാൽമനു പൊന്നുവീതം ബ്രാഹ്മണർക്കായി ദാനംചെയ്തശേഷമേ താൻ ഭക്ഷണം കഴിക്കയുള്ളു എന്നൊരു വ്രതം അദ്ദേഹം ദീക്ഷിച്ചിട്ടുണ്ടായിരുന്നു. അർത്ഥികൾക്ക് അദ്ദേഹം സ്വർണ്ണംമാത്രമല്ലാതെ ഭക്ഷണമോ പാനീയമോ ദാനം ചെയ്യുമില്ല.

മരണാനന്തരം സ്വർഗ്ഗംപ്രാപിച്ച അദ്ദേഹത്തെ ദേവന്മാർ സ്വർണ്ണപരിപൂർണ്ണമായ ഒരു വിശാലമന്ദിരത്തിൽ പാർപ്പിക്കുകയും ചെയ്തു. എന്നാൽ അദ്ദേഹത്തിന്ന് അന്നപാനാദികൾ കിട്ടിയിരുന്നില്ല. ഇങ്ങിനെ അദ്ദേഹം വളരെക്കാലം കഴിഞ്ഞു. തന്റെ കർമ്മത്തിൽ പററിയ പിഴ അദ്ദേഹം ഗ്രഹിച്ചപ്പോൾ മഹാലയപക്ഷത്തിൽ പതിനഞ്ചുദിവസം ഭൂമിയിൽ ചെന്നു ദാനംചെയ്വാൻ അനുവാദം കിട്ടേണമെന്നു യാചിച്ചതുപോലെ ദേവകൾ അനുവദിക്കയും ചെയ്തു. അതുപ്രകാരം അദ്ദേഹം മഹാലയപക്ഷാരംഭത്തിൽ വീണ്ടും ഭൂമിയിൽ വന്നു ഭോജനാദികൾ ഇടവിടാതെ ദാനംചെയ്തശേഷം തിരികെ ദേവലോകത്തേക്കു ഗമിച്ചു. അദ്ദേഹം അന്നദാനാദികളിൽ മാത്രം ശ്രദ്ധവെച്ചിരുന്നതുകൊണ്ടു ക്ഷൌരം മുതലായതനുഷ്ഠിക്കുവാൻ സൌകര്യം കിട്ടിയില്ല. അന്നുമുതൽ മനുജനങ്ങളും പിതൃപക്ഷത്തിൽ

ക്ഷൌരം ശിരോമുണ്ഡനം നഖച്ഛേദം മുതലായവ ചെയ്യരുതെന്ന സമുദായനേതാക്കന്മാർ നിശ്ചയിക്കയും ചെയ്തു.

മഹാളയ അമാവാസിനാൾ ശ്രാദ്ധമൂട്ടുന്നതു ഗയയിൽ വെച്ചാണെങ്കിൽ പിതൃക്കൾക്ക് ഏററവും തൃപ്തിയാകുന്നതാണ്. ശ്രാദ്ധമൂട്ടുന്നതിന്നുള്ള പ്രത്യേകസ്ഥലമാണ ഗയ. ഗയാശ്രാദ്ധത്തിന്റെ മാഹാത്മ്യമറിയാത്ത ഹിന്ദുക്കളുണ്ടെന്നു തോന്നുന്നില്ല. പാടലീപുത്രത്തിൽനിന്നും ഏകദേശം അറുപതുനാഴിക തെക്കുപടിഞ്ഞാറായി ഫൽഗുണനദിയുടെ തീരത്താണ ഗയ സ്ഥിതിചെയ്യുന്നതു്. ശ്രാദ്ധം നടത്തിയിരുന്ന ഭാഗത്തുണ്ടായിരുന്ന ജലം പുരാതനമായ ദുഗ്ദ്ധവർണ്ണമായിരുന്നുവെന്നു കേൾക്കാനുണ്ടു. ഗയയിൽ ചെന്നു പിണ്ഡം വെക്കുവാൻ സാധിക്കാത്തവർ ഗയശ്ശിരോമുഖമായിരുന്നു കർമ്മം ചെയ്തുവരുന്നു.

---

17. ചൈത്രമാവാസി

മഹാളയ അമാവാസിയെക്കാൾ ഒട്ടും അപ്രധാനമല്ലാത്ത മറെറാന്നാണ ചൈത്രാമാവാസി. വൈശാഖത്തിലെ ദിനങ്ങളോരോന്നും തുല്യപ്രധാനങ്ങൾതന്നെയാണെങ്കിലും തൈരിൽ വെണ്ണയെന്നപോലെയാണ അവയിൽ വെച്ച് അമാവാസി.

സൂര്യൻ മേടത്തിൽനില്ക്കുന്ന ചൈത്രമാം നല്ലതിങ്കളിൽ
പാപഘ്നംപിതൃദൈവത്യം വാവുകോടിഫലപ്രദം

ചൈത്രാമാവാസിയുടെ മാഹാത്മ്യം 'പിതൃഗാഥ'കൊണ്ടു തെളിയിക്കാം. സാവർണ്ണിമനുവിന്റെ ഭരണകാലത്തു കലിയുഗം മുപ്പതുവർഷം കഴിഞ്ഞപ്പോൾ, ആനർത്തരാജ്യത്തിൽ ധർമ്മവർണ്ണനെന്നു ഒരു ബ്രാഹ്മണൻ വസിക്കുന്നുണ്ടായിരുന്നു. കലിയുടെ കൊടുംക്രൌര്യത്താൽ നരന്മാർ പാപിഷ്ഠന്മാരായിത്തീർന്നതുകണ്ടിട്ട് അദ്ദേഹം ലോകാചാരങ്ങളിൽ വിരക്തനായിത്തീർന്നു, ദേശാടനം ചെയ്യാൻതുടങ്ങി. അക്കാലത്തു പുഷ്കരക്ഷേത്രത്തിൽ വെച്ചു മാമുനിമാർ ഒരു സത്രം നടത്തുന്നുണ്ടായിരുന്നു. ധർമ്മവർണ്ണനും അവിടെച്ചെന്നുചേർന്നു. ആ യാഗശാലയിൽ ധൃതവ്രതന്മാരായ മുനിശ്രേഷ്ഠന്മാർ പുണ്യകഥകൾ പല

ളും പറഞ്ഞുകൊണ്ടിരിക്കുന്നതിന്നിടയിൽ ചിലർ കലിയുഗത്തെയും വാഴ്ത്തിത്തുടങ്ങി.

“ഏകാന്തമർത്ത്യാവിഷ്ണുസേവയാകൃതയുഗേ
ഏകവത്സരംകൊണ്ടു സാധിച്ചീടുന്നപുണ്യം
ഏകമാസത്താൽ നേടാം ത്രേതയിൽ ദ്വാപരയി-
ലേകപക്ഷത്താൽ ചില മാത്രകൾകൊണ്ടുതന്നെ
ചേരുന്ന പുണ്യം ദുരാവഹമാം കലിയിങ്കൽ
വൈകുണ്ഠൻ തന്റെ നാമമൊന്നു ചൊല്ലിയാൽപോരും.
മറ്റുള്ള യുഗങ്ങളിൽ കിട്ടിടും ഫലത്തെക്കാ-
ളേറമേകിടും കലികാലത്തെ നമിച്ചീടാം.”

മഹർഷിമാരിപ്രകാരം കലിയുഗത്തെ പ്രശംസിക്കുന്നതു കേട്ടുംകൊണ്ടു നാരദമുനിയും അവിടെയെത്തി. അദ്ദേഹമവരോടിങ്ങനെ പറഞ്ഞു.

ഭക്തിമാർഗ്ഗത്തിന്നു ദൃഷ്ടാന്തമാകും നിങ്ങൾ ചൊല്ലിയതിൻവിധം
സിദ്ധമായ് നമുക്കില്ലില്ലാ വന്നില്ലാ നല്ലൂഴിക്കലി
ശുദ്ധരാണെങ്കിലില്ലാ തെല്ലാൽ പൊരുളു സംശയമാം
സ്മരിച്ചാൽ മുക്തരായിടും ഭൂമൌ നിൽക്കുന്ന കേശവൻ.

എന്നാലും ഈ കാലം ഏറ്റവും ദോഷമുള്ള ഒന്നാണ്. ബ്രഹ്മചര്യം കലിയിൽ കണ്ടുകാണുകയില്ല. മൌനവും സാധിക്കയില്ല. അതിനാൽ ജനങ്ങൾ ദുർവൃത്തന്മാരായിത്തന്നെയിരിക്കും. അതിനാൽ നിങ്ങളിനി ഇവിടെ നില്ക്കാതെ ഈ ഭാരതഖണ്ഡം വിട്ട് അന്യദേശങ്ങളിലെവിടെയെങ്കിലും സഞ്ചരിച്ചുകൊള്ളു'

നാരദമഹർഷി മഹർഷിമാരോടിങ്ങനെ പറഞ്ഞ് അന്തർദ്ധാനം ചെയ്തപ്പോൾ അവർ ആ സത്രം അവസാനിപ്പിച്ച് ഓരോ ദിക്കുനോക്കി നടന്നു. ധർമ്മപുത്രനും ഭാരതഖണ്ഡം വിടുവാൻ തീർച്ചയാക്കി. ഉദ്വിഗ്നമനസ്സായ അദ്ദേഹം തന്റെ കിണ്ടിയും ഭണ്ഡമെടുത്തു നടന്നുതുടങ്ങി. എങ്കിലും കലികാലത്തിലെ ജനങ്ങളുടെ ആചാരങ്ങൾ കാണണമെന്ന് അദ്ദേഹത്തിന്നു ആഗ്രഹം തോന്നുകയാൽ നീളെ ഭാരതഖണ്ഡത്തിൽ നടന്നു. നാരദമഹ

ഷി പറഞ്ഞതുപോലെ സൎവ്വജനങ്ങളും ദുരാചാരപരന്മാരായിരിക്കുന്നതുകണ്ടു. ശിഷ്യൻ ഗുരുവിനേയും, ഭാൎയ്യ ഭൎത്താവിനേയും ദ്വേഷിക്കുന്നു. രക്ഷിക്കുന്ന യജമാനനെ ഭൃത്യൻ മാനിക്കുന്നില്ല. പുത്രന്മാൎക്കു പിതൃവധം ചെയ്യേണ്ടിവന്നാലും ധനം ലഭിക്കണമെന്നേ ആശയുള്ളു. വേദങ്ങൾ പാട്ടായിത്തീൎന്നു. ഈശ്വരസേവ വിട്ടു ഭൂതപ്രേതപിശാചാദികളെ മനുഷ്യർ സേവിക്കുന്നു.

(പാന)

സ്ഥാനമാനങ്ങൾ മൊല്ലിക്കൊഴിച്ചും
നാണംകെട്ടു നടക്കുന്നിതു ചിലർ
മുമ്മസരം ചിന്തിച്ചു ചിന്തിച്ചു
മതികെട്ടു നടക്കുന്നിതു ചിലർ
ചഞ്ചലാക്ഷിമാർ വീടുകളിൽപ്പുക്കു
കഞ്ചിതമാനായാടുന്നിതു ചിലർ
കോലകങ്ങളിൽ സേവകരായിട്ടു
കോലംകെട്ടി തെളിയുന്നിതു ചിലർ
ശാന്തിമചട്ടു പുലൎത്തുവാനായിട്ടു
സന്ധ്യയോളം നടക്കുന്നിതു ചിലർ
വിദ്യകൊണ്ടെറിയേണ്ടതറിയാതെ
വിചാരമെന്നു നടിക്കുന്നിതു ചിലർ
കുങ്കുമത്തിന്റെ വാസനയറിയാതെ
കുങ്കുമം ചുമക്കുംപോലെ ഗൎദ്ദഭം
കഷ്ടം! കഷ്ടം! നിരൂപിച്ചു കാണുമ്പോൾ
ദുഷ്ടകാലം ഭവിക്കുന്നിതാകെയും.

മനുഷ്യർ അല്പായുസ്സുകളായിക്കഴിഞ്ഞു. സ്ത്രീപുരുഷന്മാരെന്നല്ലാതെ മററു വ്യത്യാസങ്ങൾ കാണ്മാനില്ല. ദുഷ്ടന്മാർ തങ്ങളുടെ ദോഷങ്ങൾ ഗുണങ്ങളാക്കിപ്പറയുന്നു. പയോധരത്തിൽ പററിയാലും ജളുകം പയസ്സുപാനം ചെയ്യാതെ രുധിരം ഭുജിക്കുന്നതുപോലെ നരന്മാരനാചാരങ്ങളേ ചെയ്യുന്നുള്ളു. ഔഷധങ്ങൾ പോലും നിൎവ്വീൎയ്യങ്ങളായി. ഋതുക്കൾ സൎവ്വങ്ങളും മാറി. എങ്ങും ദുൎഭിക്ഷം ബാധിച്ചു. ശ്രാദ്ധാദികളും ഉപേക്ഷിച്ചു. വിഷ്ണുനാമങ്ങളും ജനങ്ങൾ ഉച്ചരിക്കാതായി. എല്ലാവരും സദാ ശൃംഗാരതർതന്നെ.

ധൎമ്മപുത്രനിതെല്ലാം കണ്ടു ഖിന്നനായി. ദ്വൈത്വാവശാല

ദ്ദേഹത്തിന്റെ വംശവൃമൊടുങ്ങിയതായിക്കണ്ട് അദ്ദേഹം അന്യദ്വീപുകളിൽ സഞ്ചരിച്ച് ഒടുവിൽ പിതൃലോകത്തിൽ ചെന്നു.

കണ്ടാനത്യുഗ്രതരമെ തൽകർമ്മത്താൽ ഉലപ്പതായ്
പായുന്നതായ് കേഴുവതായ് വീണതായ് വിഘ്നതായുമേ
കണ്ടാനന്ധകൂപത്തിൽ വീണും തന്റെ പിതൃക്കളെ
കവുകത്തുമ്പിലായ് തൂങ്ങി പ്പൊട്ടുമെന്നേറ്റുമാഴ്കിയും.

അവർ തൂങ്ങിനില്ക്കുന്ന ഒരു കറുകയുടെ കട ഒരു മൂഷികൻ മുക്കാലും കരണ്ടു കഴിച്ചു. ഇനി കാൽഭാഗമേ ബാക്കിയുള്ളു. എലി അപ്പോഴും കരളുന്നു. കടയററാൽ ഒരു മഹാന്ധകൂപത്തിൽ അവർ പതിച്ചുപോകും. മുകളിലേയ്ക്കു കയറുകയെന്നതും അസാദ്ധ്യമായി വന്നിരിക്കുന്നു. അവരുടെ അടുക്കൽ ചെന്നു ധർമ്മവണ്ണൻ,

“നിങ്ങളാരാണു നിങ്ങളേതൊരു കുലജാത-
രെങ്ങിനെ വിവശരായെങ്ങിനെ ദുഃഖിതരാകും?
ചൊല്ലുവിൻ പരമാർത്ഥമാർത്തികൾ നീങ്ങീടുവാൻ
വല്ല ഉപായം ഞാനുണ്ടാക്കാം, മടിയ്ക്കേണ്ട”

കരുണാർദ്രനായിങ്ങനെ ചോദിച്ചപ്പോൾ ആ പിതൃക്കളിങ്ങനെ പറഞ്ഞു. “ഞങ്ങൾ ഭൂമിയിൽ ശ്രീവത്സഗോത്രത്തിൽ പിറന്നവരാണ്. ഞങ്ങളുടെ സന്താനങ്ങൾ നശിച്ചുപോയി. പിണ്ഡശ്രാദ്ധാദിഹീനന്മാരായി വന്നതുകൊണ്ടാണ് ഞങ്ങളിങ്ങനെ കഷ്ടപ്പെടേണ്ടിവന്നതു്. കലിയുഗാവതാരത്തോടുകൂടി ഞങ്ങളുടെ വംശം ക്ഷയിച്ചു. പിണ്ഡദായികളില്ലാതെ വന്നപ്പോൾ ഞങ്ങൾ നിരാധാരരായി ഈ പൊട്ടക്കിണററിൽ വീണുപോയി. ഇനി ഞങ്ങളുടെ വംശത്തിൽ ധർമ്മവണ്ണനെന്നൊരാൾ മാത്രമേയുള്ളു. അവനാകട്ടെ ബ്രഹ്മചര്യം ദീക്ഷിച്ചു നടക്കയും ചെയ്യുന്നു. ഈ ഒരു നൂൽമാത്രമേ ഞങ്ങൾക്കു ശേഷിച്ചിട്ടുള്ളു. ബാക്കി പിണ്ഡകർത്താക്കൾ മരിച്ചതു മുതൽ ഈ കറുകയുടെ കട എലി കരണ്ടു മുറിച്ചുതുടങ്ങി. ധർമ്മവണ്ണൻകൂടി മരിച്ചുപോയാൽ എലി ബാക്കി ഭാഗവും കരണ്ടു മുറിക്കയും ദുരന്തമായ ഈ പാഴ്ക്കിണററിൽ ഞങ്ങൾ വീണുപോകയും ചെയ്യും. അതുകൊണ്ടു ഭവാൻ ഭൂമിയിൽ ചെന്നു ധർമ്മവണ്ണനെക്കണ്ട് അവന്റെ പിതൃക്കളുടെ അവശ

ത്വം ധരിപ്പിച്ച് അവനെക്കൊണ്ടു വംശപ്രതിഷ്ഠക്കായി വേൾ പ്പിക്കുകയും ചെയ്യണം. ലോക! അതാ കാലനാകുന്ന ആ എലി ഈ കറുകയുടെ മൂലം ഇപ്പോഴും കരണ്ടുകൊണ്ടു നില്ക്കുന്നു. അവനും മരിച്ചാൽ ഞങ്ങളും അവനും ഈ അന്ധകാരകൂപ ത്തിൽ വീണു കേഴുകതന്നെ ചെയ്യും. ഏകനായാലും സന്തത്യ ർത്ഥം ഗയയിൽ ചെന്നു ശ്രാദ്ധമൂട്ടുകയോ അശ്വമേധം കഴിക്കു കയോ ഗോതിലദാനമോ ചെയ്താൽ വംശവർദ്ധനയുണ്ടാവുന്ന താണ്.

ഒരുവനാലെ ഏകനെന്നാലും മാഘത്തിൽ കാർത്തികത്തിലോ
ഞങ്ങൾക്കായിട്ടു താൻ സ്നാനശ്രാദ്ധദാനങ്ങൾ ചെയ്യണം
എന്നാൽ മേൽഗതിയാം ഞങ്ങൾ നരകംവിട്ടു കേറിടും.
ഒരാൾ താൻ വിഷ്ണുവിൻ ജാഗരണാകണം ഹരിവാസരേ
ഒരാൾ താൻ കേൾക്കണം വിഷ്ണുചരിതം പാപനാശനം

എന്നാൽ അവന്റെ വംശത്തിലുള്ള നൂറുപേർ മുമ്പും പിമ്പും, നരകം കാണുന്നതല്ല. വിഷ്ണുപൂജ ചെയ്യാത്തവരും ദയാദാന ങ്ങൾ വെടിഞ്ഞവരുമായ അനേകം സന്തതികളുണ്ടായാലും ഫ ലമില്ല. അതിനാൽ ഭവാൻ ധർമ്മവർണ്ണനോട് ഈ ധർമ്മങ്ങളു പദേശിച്ചു ഞങ്ങളുടെ അത്യാർത്തിയും നിരാധാരസ്ഥിതിയും അ റിയിക്കുക.

പിതൃക്കളുടെ വാക്കുകളിപ്രകാരം കേട്ട് ആശ്ചര്യപരതന്ത്ര നായ ധർമ്മവർണ്ണൻ, കൈവണങ്ങിത്തൊഴുതു കേണുകൊണ്ടിങ്ങ നെ പറഞ്ഞു.

(അന്നനട)

„എവൻ ധർമ്മവർണ്ണൻ പരം ദുരാഗ്രഹി?
എവൻ പിതൃക്കളെയവമതിച്ചവൻ?
എവൻ കുലാചാരം ത്യജിച്ച നിഷ്കൃപൻ?
അവനിവൻതന്നെ ക്ഷമിക്കുവിൻ നിങ്ങൾ.
വിശുദ്ധവംശത്തെപ്പുരന്മാരെ വകയാ
ലക്ഷ്യമാക്കുവാൻ ഇനിയൊരു തോന്നലും
ശിവ ശിവ കാലം കളഞ്ഞല്ലോ ഞാനോ.
ഭവിക്കുവാനനുഗ്രഹിക്കണേ!

ഹരിസേവ ചെയ്തു പിതൃക്രിയാദികൾ
വിരചിച്ചീടുവാൻ വിടതരികമേ
കലിയുടെ കൊടുംകരം തടുക്കുവാ-
നറിവോടു മാർഗ്ഗമുപദേശിക്കവേ
ഗുരുജനകൃപ ലഭിക്കുന്നാകിൽ ഞാൻ
ഗുരുതരപുണ്യമുടനെ നേടുവൻ"

ധീമാനായ ധർമ്മവർണ്ണന്റെ മൊഴി കേട്ടപ്പോൾ പാഴായ കിണററിൽ കിടന്നിരുന്ന പിതൃക്കൾ ആശ്വാസത്തോടെ പറഞ്ഞു, "ഉണ്ണി! ധർമ്മവർണ്ണ! നിന്റെ പിതാക്കളുടെ സ്ഥിതി നീ തന്നെ കണ്ടില്ലേ? ഇനി നീ വിവാഹംചെയ്തു കുലം വർദ്ധിപ്പിച്ചു ഞങ്ങളെ ഈ നരകക്കുണ്ടിൽനിന്നും കരകേറേണം. കഷ്ടം! പിണ്ഡകർത്താക്കൾ ധർമ്മം തെററിച്ചാൽ പിതൃക്കളുടെ കഥയെന്നും മോശമാണു്? നിന്റെ തപോബലംകൊണ്ടുതന്നെയാണു നീയിവിടെ വന്നതും ഞങ്ങളെ കാണുവാൻ തരമായതും. നിന്നെപ്പോലെയല്ലാതെ, വംശമുടിക്കുന്ന ദുഷ്ടന്മാരെത്രയാണു്? ആ കുലധ്വംസകന്മാർക്കൊക്കെ ഗതിയില്ല മിണ്ടലില്ല. കലിയുടെ ബാധ ചേരാതിരിപ്പാനും മാർഗ്ഗമുണ്ടു്.

വിഷ്ണുവിനെ പൂജിക്കുകയും വിഷ്ണുകഥ കേൾക്കുകയും ചെയ്യുക. വൈശാഖവ്രതമനുഷ്ഠിക്കുക. മാഘസ്നാനം ചെയ്യുക. കാർത്തികയിൽ ദീപദാനം ചെയ്യുക. എന്നാൽ കലിയകലത്തുപോകും. വിഷ്ണുവിനു നിവേദിച്ചതു ഭക്ഷിക്കുന്നവരേയും, ചെവിയിൽ തുളസിയും, കഴുത്തിൽ തുളസിമാലയും, കയ്യിൽ പവിത്രവും ധരിക്കുന്നവരേയും കലി തീണ്ടുകയില്ല. വിഷ്ണുനാമമുച്ചരിക്കുന്നവരും, മുററത്തു തുളസി നടുന്നവരും കലിയെ ഭയപ്പെടേണ്ട. ദുർജ്ജനസംസർഗ്ഗം ഉപേക്ഷിക്കയും സജ്ജനങ്ങളെ പൂജിക്കയും ചെയ്യു. അതിനാൽ നീ വേഗം ഭൂമിയിലേയ്ക്കു പോകണം. ഇതു വൈശാഖമാസമാകുന്നു. സൂര്യൻ മേടത്തിൽ നില്ക്കുന്ന ഈ കാലത്തു ഓരോ ദിനം ചെയ്യുന്ന കർമ്മങ്ങൾക്കും മററു കാലങ്ങളിൽ ചെയ്യുന്നതിനേക്കാൾ, കോടി കോടിയിരട്ടി ഫലം സിദ്ധിക്കുന്നതാണു്.

അതിൽവെച്ചും നരന്മാക്കു ചൈത്രാമാവാസിയിങ്കലും
അറിഞ്ഞും പിതൃദേവന്മാക്കുടൻ മുക്തികൊടുപ്പതും
അന്നാൾ പിതൃക്കളെച്ചൊല്ലി ശ്രാദ്ധമൂട്ടുന്നതാകിലോ
നീക്കമെന്നതാളൊപ്പിണ്ഡദാനത്തിൽ ഫലമക്ഷയം
ഉണ്ണീ! കറുത്ത വാവുന്നാൾ ശ്രാദ്ധമൂട്ടാതെയുള്ളവൻ
കോടിശ്രാദ്ധം ഗയാക്ഷേത്രത്തിലൂട്ടുകിലും വൃഥാ.

അതിനാൽ നീ പോകതന്നെ. അമാവാസി നാളെയാകുന്നു. ശ്രാദ്ധമൂട്ടി, സോദകം പിണ്ഡദാനം ചെയ്യുക. ഗാർഹസ്ഥ്യം സകലോപകാരപ്രദമാണ്. അതിനാൽ കളത്രവാനായും ഭവിക്കുക. വംശം വർദ്ധിപ്പിച്ചശേഷം മുനിവൃത്തിയെ അംഗീകരിക്കയും ചെയ്ക."

പിതൃക്കളുടെ അനുവാദവുംവാങ്ങി ധർമ്മവർണ്ണൻ അവനിതട്ടിൽവന്നു സൂര്യൻ മേടത്തിൽ നില്ക്കുന്ന ചൈത്രയിൽ പിതൃക്കൾക്കും ദേവർഷിമാക്കും തർപ്പണംകഴിച്ചു ശ്രാദ്ധമൂട്ടുകയും ചെയ്തു. അദ്ദേഹം സദാരനായി വർത്തിച്ചു, കുലവൃദ്ധിക്കായി പുത്രന്മാരെ ജനിപ്പിച്ചശേഷം ഗന്ധമാദനത്തിൽ ചെന്നു തപോനിഷ്ഠനായി വസിച്ചു.

ചൈത്രാമാവാസിയിൽ ജനങ്ങൾ ഗയയിൽചെന്നു പിതൃക്രിയ ചെയ്യുന്നതു വളരെ വിശേഷമാണ്. ഒന്നരണ്ടു അമാവാസികൾ പ്രത്യേകം വിവരിച്ചു പറഞ്ഞുവെങ്കിലും, മറ്റുള്ള അമാവാസികളുടെ വിശേഷം ലേശവും ഇടിവു തട്ടീട്ടില്ല. എല്ലാ അമാവാസികളും ഒരുപോലെയാണ്. ദിനംതോറും നാം അന്നം ഭുജിക്കയും ജലപാനം ചെയ്കയും ചെയ്യുന്നു. ഒന്നോ രണ്ടോ ദിനം പട്ടിണികിടക്കേണ്ടിവന്നാൽ നമ്മുടെ കഥ എത്രമാത്രം പരുങ്ങലിലാവുമെന്നു നമുക്കുതന്നെ അറിയാവുന്നതല്ലേ? എല്ലാവരുടേയും സ്ഥിതി ഈ വിധംതന്നെയാണ്. നമ്മുടെ മാതാപിതാക്കന്മാർ ക്ഷുധാർത്തന്മാരായിരിക്കുമ്പോൾ നാം മാത്രം ഭക്ഷണം കഴിക്കുന്നതും സുതരാംനിന്ദ്യമല്ലേ? നമ്മുടെ ഒരു മാസം അഥവാ രണ്ടുപക്ഷം, പിതൃക്കളുടെ ഒരു ദിവസമാണ്. അതുകൊണ്ടാണ് അമാവാസിയിൽ പിതൃക്രിയ ചെയ്യേണമെന്നു നിർബ്ബന്ധം ചെയ്തിട്ടുള്ളത്. തർപ്പണം കഴിച്ചു പിണ്ഡം വെയ്ക്കുന്നതി

ന്നാൽ അവക്കു വിശപ്പടക്കുവാൻ ഭക്ഷണവും ദാഹം ശമിക്കുവാൻ ജലവും നൽകുകയാകുന്നു. ഒരു വാവുദിവസം തെറ്റിയാൽ അവക്ക് ഒരു ദിവസം പട്ടിണിപാറവും. അതിനാൽ അവർ ശപിക്കയും ചെയ്യുന്നു. നമ്മുടെ മാതാപിതാക്കന്മാരിൽനിന്നു നാം അനുഗ്രഹമാണു സമ്പാദിക്കേണ്ടതു് എന്നു പ്രത്യേകം പറയേണ്ടുമോ? അതുകൊണ്ടു കുലാചാരം ത്യജിക്കുവാൻ ഒരുങ്ങാതിരിക്കട്ടെ!

---

൧൮. സോമവാരവ്രതം.

ഹിന്തുക്കൾ ആചരിക്കുന്ന പ്രധാന വ്രതങ്ങളിലൊന്നാകുന്നു സോമവാരവ്രതം. തിങ്കളിലാദ്യം വരുന്ന സോമവാരത്തിന്നു പ്രാധാന്യമധികം കല്പിച്ച് അന്നുമാത്രം വ്രതമനുഷ്ഠിക്കുന്നവരാണിപ്പോൾ അധികമെന്നു പറയുന്നതിൽ തെറ്റുണ്ടായിരിക്കയില്ല. എന്നാൽ 'സോമവാരവ്രതം' എന്നു പറയുന്നതുകൊണ്ടുതന്നെ, അതു് ഒരു പ്രത്യേകമായ സോമവാരത്തെ (തിങ്കളാഴ്ചയെ) കുറിക്കുന്നില്ലെന്നു് അനുമാനിക്കാമല്ലോ. എല്ലാസോമവാരങ്ങളും (തിങ്കളാഴ്ചകളും) തുല്യമുഖ്യങ്ങളാണു. പാർവ്വതിപരമേശ്വരന്മാരെ പൂജിക്കുവാനാണു് അന്നു പ്രത്യേകമായി വ്രതമനുഷ്ഠിക്കുന്നതു്. സോമൻ, (ചന്ദ്രൻ) അധിദേവതയായിട്ടുള്ളവാരമെന്നു മാത്രമേ ജനങ്ങൾ ആ ദിവസത്തെപ്പറ്റി ധരിച്ചു കാണുന്നുള്ളൂ. 'സോമൻ' എന്ന ശബ്ദത്തിന്നു് 'ഉമയോടുകൂടിയ ദേവൻ', എന്നും അർത്ഥമുണ്ടു്. ഉമയോടുകൂടിയ ദേവനെ പ്രസാദിപ്പിക്കുവാൻ വ്രതാദികളനുഷ്ഠിക്കുന്ന വാരമാണു സോമവാരമായിത്തീർന്നതു്.

സോമവാരവ്രതത്തിന്റെ ആഗമം കാണ്മാൻ വളരെ പ്രയാസമായിട്ടാണു കാണുന്നതു്. അതിനാൽ ഭക്തന്മാർ വിശ്വസിച്ചു പറയുന്ന വാക്യങ്ങളെ അവലംബിക്കയേ ഗതിയുള്ളൂ. ശ്രീപാർവ്വതിദേവിയും ഭഗവാനെ പ്രസാദിപ്പിച്ചു തന്റെ ഭർത്തൃപദം അംഗീകരിപ്പിച്ചതും സോമവാരവ്രതംകൊണ്ടാണെന്നു കേൾ

ക്കുന്നു. കന്ദർപ്പദേവനെ ഭഗവാൻ ഭസ്മീകരിച്ചശേഷം സ്ത്രീദശനംപോലുമുപേക്ഷിച്ചു മറഞ്ഞരുളിയ അവസരത്തിലാണു പാൎവ്വതി തപസ്സുചെയ്യുന്നതും, ഉമ, അപൎണ്ണ ഇത്യാദിനാമങ്ങൾ ലഭിച്ചതും. കഠിനമായ തപസ്സുകൊണ്ടുമാത്രം ഭഗവാൻ പ്രത്യക്ഷനാകുവാൻ പ്രയാസമുണ്ടെന്നു ദേവിയറിഞ്ഞപ്പോൾ ഋഷി വചനാനുസാരേണ സോമവാരവ്രതവും തുടങ്ങി. അതുകൊണ്ടു ശ്രീപരമേശ്വരൻ തെളിയുകയും ദേവിയുടെ പാണിഗ്രഹണംചെയ്തു മോദിപ്പിക്കയും ചെയ്തു. ശ്രീപാൎവ്വതി സോമവാരവ്രതം കാലംകൂടിയതു കൈലാസത്തിൽ ചെന്നശേഷമാണത്രേ.

തിങ്കളാഴ്ചനാൾ പകലുപവസിച്ചു തിങ്കൾ മൌലിയെ ധ്യാനിക്കുകയും തൽകഥകൾ പാരായണം ചെയ്യുകയും സന്ധ്യാസമയം പാൎവ്വതീപരമേശ്വരന്മാരെ പൂജിച്ചു ബ്രാഹ്മണൎക്കു കാലുകഴുകിച്ചൂട്ടു നടത്തി ദക്ഷിണയും ചെയ്തു പാരണ ചെയ്യേണ്ടതാകുന്നു. ചിലർ 'ഒരിക്കൽ' ആയും അന്നാൾ കഴിച്ചുകൂട്ടുന്നു. പക്ഷേ, ഒരിക്കൽ ഭക്ഷിക്കയെന്നതു രാത്രിയായാൽ അതുകൊണ്ടു ഫലം വളരെയുണ്ടെന്നു പറയേണ്ടതില്ലല്ലോ. കേരളീയരുടെ ഇടയിൽ സ്ത്രീകൾ മാത്രമേ സോമവാരവ്രതമനുഷ്ഠിക്കുന്നുള്ളു. അതുകൊണ്ടു മതിയായില്ല. വ്രതസമാപ്തിയിൽ പാൎവ്വതീപരമേശ്വരന്മാരെ ഉദ്ദേശിച്ചു ബ്രാഹ്മണദമ്പതികളെ പൂജിക്കേണ്ടതാകുന്നു. ബ്രാഹ്മണരെ, വ്രതമാചരിക്കുന്ന പുരുഷനും ബ്രാഹ്മണസ്ത്രീയെ വ്രതസ്ഥിതയായ സ്ത്രീയുമാണു പൂജിക്കേണ്ടതു്. അതുകൊണ്ടു സിദ്ധിക്കുന്നതു 'ഉമാമഹേശ്വരപൂജാഫല'മാണു്. സീമന്തിനീചരിതമാണു് ഇതിനു മതിയായ ദൃഷ്ടാന്തം.

ആൎയ്യാവൎത്തത്തിൽ ചിത്രവൎമ്മാവെന്ന മന്നവൻ മന്നാളും മഹേന്ദ്രനായി വാണിരുന്ന കാലത്തു അധൎമ്മമെവിടെയും കേൾപ്പാൻപോലുമില്ലാതായിരുന്നു. ചിത്രവൎമ്മാവു് അനേകദാരവാനായിരുന്നുവെങ്കിലും അദ്ദേഹത്തിനു മൂന്നു പുത്രന്മാരും ഒരു പുത്രിയും മാത്രമേ ഉണ്ടായിരുന്നുള്ളു. പുത്രിക്കു് അദ്ദേഹം സീമന്തിനിയെന്നു നാമകരണം ചെയ്തു. സീമന്തിനിയോടു രാജാവിനുണ്ടായിരുന്ന വാത്സല്യമപരിമിതമായിരുന്നു. പുത്രിയുടെ

ശൈശവമവസാനിച്ചാറായപ്പോൾ രാജാവ് ജ്യോതിശ്ശാസ്ത്രവിശാരദനായ ഒരു ബ്രാഹ്മണനെ വരുത്തി, സീമന്തിനിയുടെ ജാതകം പരിശോധിക്കുവാൻ പറഞ്ഞു. ബ്രാഹ്മണൻ ജാതകം നോക്കി രാജാവിനോടിങ്ങിനെ പറഞ്ഞു.

ഉത്തമസ്ത്രീകൾക്ക ചിഹ്നമായുള്ളൊരു
ലക്ഷണസൌഭാഗ്യത്തിനും കുറവില്ലിവൾക്ക
യോഗ്യനാം ഭർത്താവിവൾക്കുണ്ടു കാണുന്നു
ഭാഗ്യത്തിനെന്നും കുറവില്ല നിർണ്ണയം
ഭർത്താവിനോടു പതിനായിരത്താണ്ടു
വർദ്ധിച്ച വാണീടുമനോജ്ഞയാമിവൾ
പെറ്റിട്ടു സുതന്മാരുമുണ്ടാമിവൾക്കേതു
മട്ടും വികല്പമിതിനില്ല മന്നവ!

പുത്രിയുടെ ഭാഗ്യാതിരേകങ്ങൾ കേട്ടു രാജാവു സന്തോഷസാഗരത്തിൽ മുഴുകി. ബ്രാഹ്മണനു അനവധി ദാനവും ചെയ്തു തിരിച്ചയച്ചു. അങ്ങിനെയിരിക്കുവേ സീമന്തിനിയുടെ ജാതകം വേറൊരു ബ്രാഹ്മൻ കാണുവാനിടയായി. സീമന്തിനിയുടെ പതിന്നാലാം വയസ്സിൽ അവൾക്കു വൈധവ്യം പിണയുന്നതാണെന്ന് അദ്ദേഹം സത്യം ചെയ്തു. രാജാവതു ശ്രവിച്ചപ്പോൾ ബോധരഹിതനായി വീണു പോയത്രെ. അദ്ദേഹത്തിന്റെ നേത്രത്തിന്നമൃതമായ കർപ്പൂരവല്ലിതുല്യയായ പുത്രിയുടെ വൈധവ്യത്തെപ്പറ്റി രാജാവു വിഷണ്ണനായി. തോഴികൾ മുഖേന സീമന്തിനിയും അതു കേൾക്കുവാൻ സംഗതിവന്നു. അലർസമമായ അവളുടെ മേനി അതുമൂലം കരിഞ്ഞുതുടങ്ങി.

ഒരു ദിവസം സീമന്തിനി, യാജ്ഞവൽക്യമഹർഷിയുടെ പത്നിയായ മൈത്രേയിയുടെ പാദങ്ങളിൽ നമിച്ച്,

"പാവനിമാതാവേ! മഹായോഗിവല്ലഭേ!
ദേഹികൾ ദുഃഖങ്ങൾ തീർത്തിടുവാൻ വരം
ബോധിക്കനി പതിന്നാലാം വയസ്സിൽ മേ
വൈധവ്യലക്ഷണമുണ്ടെന്നാൽ ജാതകേ

അതുകൊണ്ടു ഞാനെന്താണിനി ചെയ്യേണ്ടതെന്ന് അരുളിച്ചെയ്യ് എന്നെ അനുഗ്രഹിക്കേണമേ" എന്നു കേണുകൊണ്ടർത്ഥിച്ചു.

മൈത്രേയി സീമന്തിനിയെ സമാശ്വസിപ്പിച്ചു സങ്കടങ്ങളകലുവാൻ സോമവാരവ്രതം സാധിച്ചുകൊള്ളുകെന്നു പറഞ്ഞു വ്രതം കൊള്ളേണ്ടുന്ന ക്രമങ്ങളുമുപദേശിച്ചു.

തിങ്കളാഴ്ച പുലർകാലേ കുളി കഴിച്ചു ശങ്കരീശങ്കരന്മാരെ സ്മരിച്ചു വെള്ളവസ്ത്രം ധരിച്ചു നിത്യകർമ്മങ്ങളും കഴിച്ചുശേഷം ഭസ്മത്രിപുണ്ഡ്രവും രുദ്രാക്ഷമാലയുമണിഞ്ഞു 'അസ്മാകമീശൻ ഗിരീശനെന്നാസ്ഥയാ', ശങ്കരക്ഷേത്രത്തിൽ ചെന്നു ദർശനം കഴിഞ്ഞു, പഞ്ചാക്ഷരം ജപിച്ചുകൊണ്ടു പ്രദക്ഷിണം ചെയ്യണം. അതിന്നുശേഷം പാർവ്വതീപരമേശ്വരന്മാരെ വിശിഷ്ടസ്ഥാനത്തു പൂജിച്ചു നിവേദ്യങ്ങളും കഴിച്ചു നമസ്കരിച്ചു മററു വിഷയങ്ങളിൽ മനസ്സു പ്രവേശിക്കാതെ പകൽ കഴിച്ചുകൂട്ടുകയും സന്ധ്യാസമയത്തു വീണ്ടും ക്ഷേത്രദർശനം ചെയ്തു പൂജിച്ചു ബ്രാഹ്മണർക്കു ഭോജനവും ദക്ഷിണയും കൊടുത്തു മൂന്നര നാഴിക രാത്രി ചെന്നാൽ പാരണ കഴിക്കുകയും വേണം.

മൈത്രേയിയാൽ ഉക്തമായ പ്രകാരം മുക്തശങ്കം സീമന്തിനി സോമവാരവ്രതമാരംഭിച്ചു. അക്കാലത്തു ദമയന്തിനന്ദനാനന്ദനനായ ഇന്ദ്രസേനപുത്രൻ ചന്ദ്രസേനൻ സീമന്തിനിയെ പാണിഗ്രഹണം ചെയ്തു. സീമന്തിനിയുടെ സോമവാരവ്രതത്തിലുള്ള അത്യാദരഭക്തി കണ്ടു ചന്ദ്രാംഗദനും വ്രതം തുടങ്ങി. ഇങ്ങിനെ ചില മാസങ്ങൾ കഴിഞ്ഞപ്പോൾ അർക്കപുത്രിയായ കാളിന്ദിയിൽ കേളിയാടുവാൻ ചന്ദ്രാംഗദന്നു കൌതുകം ജനിക്കയാൽ ദാസന്മാർ പള്ളിയോടങ്ങൾ തയ്യാറാക്കി. ചന്ദ്രാംഗദനും തോഴന്മാരുംകൂടി വഞ്ചികളിലേറുവാനൊരുങ്ങി. പല പല നേരമ്പോക്കുകളും കഥകളും പറഞ്ഞാനന്ദിച്ചു രമിച്ചുകൊണ്ടു കാളിന്ദിയുടെ നടുവിലെത്തിയപ്പോൾ ആകാശത്തിൽ മഴക്കാറല്പം കാണാറായി. പറഞ്ഞു പറഞ്ഞിരിക്കവേ കാളിന്ദിയുടെ ഭാവം പകർന്നു ഓളങ്ങൾ പൊങ്ങിത്തുടങ്ങി. വഞ്ചികൾ ചാഞ്ചാടിയും തുടങ്ങി. ജലധരങ്ങൾകൊണ്ടു അംബരം നിറഞ്ഞു. ഉയർന്നുയർന്നു ഉയരുന്ന തിരമാലകളുടെ ഇടയിൽ ഓടങ്ങളൊളിച്ചു കളിക്കുംവിധമായി. ചണ്ഡമാരുതന്റെ ആഘാതംകൊണ്ടും കല്ലോലങ്ങളു-

ടെ തല്ലിച്ചുകൊണ്ടും തോണികളാകെ നിമജ്ജിച്ചു. ജനങ്ങൾ ചിലർ ഗതി കെട്ടുമുങ്ങി. ചിലർ നക്രാദിദുഷ്ടജന്തുക്കൾക്കിരയായി. വളരെ കുറച്ചുപേർ ആയുർബ്ബലത്താൽ കരപറ്റി. വിധിവൈപരീത്യത്താൽ സീമന്തിനീകാമുകൻ യാമുനാംഭസ്സിൽ മുഴുകുകതന്നെ ചെയ്തു. അദ്ദേഹം കീഴ്പോട്ടേക്കിറങ്ങുംതോറും നാഗനാരീജനം കണ്ട് അദ്ദേഹത്തെ താങ്ങിയെടുത്തു തങ്ങളുടെ ആവാസമായ പാതാളത്തിൽ കൊണ്ടുപോയി, ശോണരത്നോജ്ജ്വലമായ സിംഹാസനത്തിൽ വാണരുളുന്ന അഹീന്ദ്രനായ തക്ഷകന്റെ മുമ്പിൽ കാഴ്ചയായി വെച്ചു.

ചന്ദ്രാംഗദന് അപായമുണ്ടായ വിവരം അദ്ദേഹത്തിന്റെ ബന്ധുജനങ്ങളറിഞ്ഞപ്പോളവർക്കുണ്ടായ സന്താപം പറഞ്ഞറിയിപ്പാൻ സാധിക്കുന്നതല്ല. ഈശ്വരന്റെ നിയമം ലംഘിപ്പാൻ കഴിയുന്നതാർക്കാണ്? മഹിളാരത്നമായ സീമന്തിനിയുടെ പതിന്നാലാം വയസ്സ് തികഞ്ഞതു് അന്നാണ്. അവളുടെ ജാതകം രണ്ടാമതു നോക്കിയ ബ്രാഹ്മണന്റെ വചനം പാഴിലായില്ല. കഷ്ടം! ആ സുഭഗയുടെ സ്ഥിതി വിചാരിപ്പാൻപോലും വയ്യ!

ഭൂമിപ്രദേശത്തിൽ വീണുരുണ്ടീടിനാ
പൂമെയ്തളർന്നു കറുത്തൊരു വസ്ത്രവും
കണ്ണുനീർ വാർത്തു വിയർത്തുശരീരവും
ബന്ധിച്ചു ജീവിച്ചിരുന്നു സീമന്തിനി
സോമവാരവ്രതം തന്നിലെ നിശ്ചയാ
വാമലോചനം ചെയ്തു വാണീടിനാൾ

നിഷധരാജ്യത്തിൽ ചന്ദ്രാംഗദപിതാവായ ഇന്ദ്രസേനന്റെ കഥ അതിലും ശോച്യമായി. പുത്രവൃത്താന്തം കേട്ട് അദ്ദേഹം മോഹിച്ചുവീണു. നിഷധരാജ്യവാസികളും ദുഃഖോദന്വത്തിൽ മുങ്ങി. ഇന്ദ്രസേനൻ ഉണ്ണാതെയുമുറങ്ങാതെയും മണ്ണിൽ കിടന്നു കഴിച്ചുകൂട്ടിയതിനാൽ ശരീരവും മെലിഞ്ഞു. ഇപ്രകാരമദ്ദേഹത്തിന്റെ അവശസ്ഥിതിയറിഞ്ഞു പരിപന്ഥി മന്നവന്മാരദ്ദേഹത്തെ ബന്ധിച്ചു കാരാഗാരത്തിലിട്ടു നാടടക്കുകയും ചെ

ച്ചു. ആ വിചാരവും കേട്ട സമയം സീമന്തിനിയുടെ ഹൃദയം പുണ്ണിൽ തീക്കൊള്ളി വെച്ചപോലെയായി.

സർപ്പാലയത്തിൽ ചെന്ന ചന്ദ്രാംഗദൻ ലക്ഷ്മീവിലാസം കൊണ്ടു മനോഹരമായ തക്ഷകാവാസം കണ്ടു വിസ്മിതനായി. സിംഹാസനത്തിലിരിക്കുന്ന സർപ്പരാജനെ ചന്ദ്രാംഗദൻ പ്രണമിച്ചു. അപ്പോൾ തക്ഷകന്റെ ഇംഗിതമറിഞ്ഞ സർപ്പസുന്ദരികൾ ചന്ദ്രാംഗദനെ അവിടെ ഏന്തിച്ചു വിഭവം ധരിപ്പിക്കയും ചെയ്തു. അവരുടെ വാക്കുകേട്ട തക്ഷകൻ കുതൂഹലത്തോടെ ചന്ദ്രാംഗദനോട് അദ്ദേഹത്തിന്റെ വർത്തമാനങ്ങളും ഏതൊരീശ്വരനിലാണ് അദ്ദേഹത്തിനു വിശ്വാസമെന്നും ചോദിച്ചു. ചന്ദ്രാംഗദൻ തന്റെ വംശത്തെപ്പറ്റി സവിസ്തരം ഗ്രഹിപ്പിച്ചു ശേഷമിങ്ങിനെ പറഞ്ഞു.

"ബാലേന്ദുചൂഡവും ഗംഗാഭുജംഗവും
മൌലൌ വഹിക്കുന്ന ദേവൻ മഹേശ്വരൻ
കാലാഗ്നിജ്വാലകൊണ്ടു വിലോചനം
ഫാലേ വിളങ്ങുന്ന ദേവൻ മഹേശ്വരൻ
കാളകൂടം വിഷം കണ്ഠേ വഹിക്കുന്ന
കാളീസഹായനാം ദേവൻ മഹേശ്വരൻ
ശൂലം കപാലവും മാനും കുഠാരവും
നാഗവും ധരിക്കുന്ന ദേവൻ മഹേശ്വരൻ
വ്യാഘ്രചർമ്മംകൊണ്ടു വസ്ത്രമുടുക്കുന്ന
ശീഘ്രപ്രസാദിയാം ദേവൻ മഹേശ്വരൻ
നിത്യൻ നിരാമയൻ നിഷ്കളൻ നിർഗ്ഗുണൻ
സത്യൻ സനാതനൻ ദേവൻ മഹേശ്വരൻ
അന്താദിഹീനൻ വിധിയാദികാരണൻ
ചിന്താദിസാധകൻ ദേവൻ മഹേശ്വരൻ
സന്തോഷലക്ഷണൻ സന്താപശോഷണൻ
ഭവസംരക്ഷണൻ ദേവൻ മഹേശ്വരൻ
സച്ചിൽസ്വരൂപൻ സ്വയംപ്രകാശൻ ശിവൻ
മച്ചിത്തവൃത്തിയാം ദേവൻ മഹേശ്വരൻ."

അതു കേട്ടു ചിത്താനന്ദപരവശനായ തക്ഷകൻ അദ്ദേഹത്തെ ആലിംഗനം ചെയ്തു സദാ കാലം സർവ്വസുഖങ്ങളുമനുഭവി

ച്ചുകൊണ്ടു സ്വർഗ്ഗസമമായ അവിടെ വസിച്ചുകൊള്ളുകെന്നു പറഞ്ഞു. അപ്പോൾ ചന്ദ്രാംഗദൻ സവിനയമിങ്ങിനെ അറിയിച്ചു.

"ഭഗവാന്റെ ദർശനം കൊണ്ടു ഞാൻ കൃതകൃത്യനായിരിക്കുന്നു. ഇതിന്നാവിധ യോഗം വരുത്തിയ എന്റെ പരമേശ്വരഭഗവാനെ ഞാൻ സർവ്വാത്മനാ പണിയുന്നു. ഭഗവാന്റെ ആജ്ഞാകരനായി ഇവിടെ പാർക്കുന്നതിലെനിക്കുള്ള സന്തോഷത്തിന്നു സീമയില്ല. എങ്കിലും, ഞാൻ അസ്വതന്ത്രനാണെന്നു പറയേണ്ടിവന്നതിൽ ക്ഷമിക്കേണമേ. എന്റെ വിരഹത്താൽ എന്റെ ജനനീജനകന്മാരും പത്നിയും ബന്ധുക്കളും സങ്കടവൻകടലിൽപ്പെട്ടു കുഴങ്ങുകയായിരിക്കും. അതിനാൽ അവരെ ആശ്വസിപ്പിക്കുവാൻ ഭഗവാന്റെ കൃപയുണ്ടായി എനിക്കു ധാത്രീതലപ്രവേശം നൽകേണമേ." എന്നു പറഞ്ഞു നമസ്കരിച്ചു. തക്ഷകന്നു ചന്ദ്രാംഗദനിൽ കനിവു തോന്നി, അദ്ദേഹത്തെ ഭൂമിയിലേക്കയക്കേണമെന്നും നിശ്ചയിച്ചു. ചന്ദ്രാംഗദനെ കാമധേനു ദിവ്യങ്ങളായ ഭക്ഷ്യങ്ങൾകൊണ്ടു സൽക്കരിച്ചു. അതിന്നു ശേഷം തക്ഷകൻ ചന്ദ്രാംഗദന്നു ബഹുദ്രവ്യങ്ങളും രത്നങ്ങളും,

'പാഞ്ഞിരിക്കും ക്ഷണംകൊണ്ടു ഗമിച്ചീടു
മുത്തമപ്രായമാം വെള്ളക്കുതിരയും'

കൊടുത്തു, സഹായത്തിന്നായി ഒരു രാക്ഷസനേയും ഒരു സർപ്പബാലനേയും അദ്ദേഹത്തിന്റെ കൂടെ അയയ്ക്കുകയും ചെയ്തു.

അവർ മൂന്നു പേരുംകൂടി വെള്ളക്കുതിരയുടെ പുറത്തു കയറിക്കൊണ്ടു കാളിന്ദി വാരിയിലുന്മജ്ജിതരായി. അവർ കാളിന്ദിയുടെ തീരത്തു ഒരാലിൻചുവട്ടിലിരുന്നു വിശ്രമിയ്ക്കുമ്പോൾ മാനിനീരത്നമായ സീമന്തിനി സഖികളോടുകൂടി കാളിന്ദിയിൽ സ്നാനം ചെയ്വാൻ ചെല്ലുകയായിരുന്നു. ദിവ്യതേജോവിഭൂഷണനായ ചന്ദ്രാംഗദനെക്കണ്ടപ്പോൾ സീമന്തിനിയറിഞ്ഞില്ല. അതുപോലെ സീമന്തിനിയുടെ,

പൂവലംഗം മെലിഞ്ഞുള്ളൊരു ദീനമായ്
പാരം മുഷിഞ്ഞൊരു വസ്ത്രവും ശോകവും

ഭൂഷണം കിഞ്ചനമം ധമ്മില്ലഭാരവും
കണ്ഠസൂത്രമതൊട്ടുകൂടാത്ത കണ്ഠവും
കണ്ടുടൻ ചന്ദ്രാംഗദനും ഗ്രഹിച്ചീല.

രണ്ടുപേരും പരസ്പരം വീക്ഷണം ചെയ്തു നിന്നപ്പോൾ ചന്ദ്രാംഗദൻ, "സുന്ദരി! നിയാരറിഞ്ഞില ഞാനെടോ നിന്നുടെ നാമമെന്തെന്നോടു ചൊല്ലുക." എന്നു പറഞ്ഞപ്പോൾ സീമന്തിനിയുടെ തോഴികൾ അവളുടെ ഹിതമറിഞ്ഞു പറഞ്ഞുതുടങ്ങി.

"നൈഷധക്ഷ്മാപതിയായ ചന്ദ്രാംഗദന്റെ പ്രാണപ്രിയയായ ഇവളുടെ നാമം സീമന്തിനിയെന്നാകുന്നു. ചന്ദ്രാംഗദനൊരിക്കൽ കാളിന്ദിനദിയിൽ തോണി കളിച്ച് അപായത്തിൽ പെട്ടതിനാൽ ഞങ്ങളുടെ തോഴിയായ ഇവൾ വൈധവ്യമാലിൽ വീണു പരവശയായിരിക്കുന്നു. ചന്ദ്രാംഗദന്റെ പിതാവായ ഇന്ദ്രസേനനെ ശത്രുക്കൾ വന്നു പിടിച്ചുകെട്ടി തടവിലിട്ടു രാജ്യത്തെയും കൈക്കലാക്കി. അതുകൊണ്ടും ഇവൾ വശംകെട്ടിരിക്കുന്നു. ഇങ്ങിനെ അതികഠിനമായ ദുഃഖം ഇവൾ അനുഭവിച്ചുതുടങ്ങിട്ടു മൂന്നു വത്സരങ്ങളായി. ഇവൾ സാധാരണ പുറത്തിറങ്ങി സഞ്ചരിക്കാറില്ല. സോമവാരവ്രതം മുട്ടാതെ അനുഷ്ഠിക്കാറുള്ളതിനാലും ഇന്നു സോമവാരമായതുകൊണ്ടുമാണ് കാളിന്ദിയിലേക്കു സ്നാനത്തിനു പുറപ്പെട്ടത്. ഇനി തേജോമയനായ ഭവാന്റെ ചരിത്രം കേൾക്കുന്നതിൽ ഞങ്ങൾക്കു താല്പര്യമുണ്ട്."

സീമന്തിനിയുടെ വർത്തമാനങ്ങൾ കേൾക്കുന്തോറും ചന്ദ്രാംഗദന്റെ ഹൃദയത്തിൽ നാനാവികാരങ്ങൾ മാറിമാറിക്കളിച്ചിരുന്നു. അദ്ദേഹമതെല്ലാം നിയന്ത്രിച്ചു താൻ വിദ്യാധരന്മാരിലൊരുവനാണെന്നു മാത്രം അവരെ ധരിപ്പിച്ച്, രഹസ്യമായി സീമന്തിനിയുടെ കർണ്ണത്തിൽ, "നിന്നുടെ വല്ലഭൻ ജീവിച്ചിരിക്കുന്നു. മൂന്നു നാൾക്കിപ്പുറം ചന്ദ്രാംഗദൻ വരും" എന്നു പറഞ്ഞ് അശ്വാരൂഢനായി തന്റെ കൂട്ടുകാരൊന്നിച്ചു പുറപ്പെടുകയും ചെയ്തു.

ചന്ദ്രാംഗദന്റെ പ്രത്യംഗഭംഗി സീമന്തിനി സൂക്ഷിച്ചു

നോക്കാതെയിരുന്നില്ല. അദ്ദേഹത്തിൻെറ വയസ്സും വപുസ്സുമാലോചിച്ചപ്പോൾ തൻെറ പ്രാണനാഥൻ തന്നെയാണെന്നവൾ തീൎച്ചയാക്കി. ഇതു സംഭാവ്യമാണോ എന്നൊരു ശങ്കയും തൽക്കാലമുണ്ടായില്ലെന്നില്ല. താപസിയായ മൈത്രേയിയുടെ അനുഗ്രഹംകൊണ്ടും മൃഗാങ്കചൂഡൻെറ സേവകൊണ്ടും തൻെറ ദുരിതങ്ങൾ നീങ്ങുകതന്നെ ചെയ്യുമെന്നു നിശ്ചയിച്ചു കളിക്കുവാനാരംഭിക്കുകയും ചെയ്തു.

ചന്ദ്രാംഗദൻ നൈഷധത്തിലേക്കാണു പോയതു്. രാജമന്ദിരത്തിൽചെന്നു പന്നഗബാലനെ തൻെറ ദൂതനായി അക്രമികളുടെ അടുക്കലേക്കയച്ചു. പന്നഗബാലനവരോടു്,

"ഞാൻ ചന്ദ്രാംഗദൻെറ സന്ദേശവാഹകനാണ്. ചന്ദ്രാംഗദൻ മരിച്ചുപോയിയെന്നു നിങ്ങൾ വിചാരിക്കേണ്ട. അദ്ദേഹം ഇതിൻെറ പുറത്തുതന്നെ വസിക്കുന്നുണ്ടു്. സൎപ്പരാജാവായ തക്ഷകൻെറ അനുഗ്രഹം ലഭിച്ചുകൊണ്ടാണദ്ദേഹം വന്നിരിക്കുന്നതു്. നിങ്ങളദ്ദേഹത്തിൻെറ പിതാവിനെ ഈ നിമിഷത്തിൽ വിമുക്തനാക്കി അദ്ദേഹത്തെ വണങ്ങാത്തപക്ഷം നിങ്ങളെ മുഴുവൻ വധിക്കുന്നതാണ്."

എന്നു പറഞ്ഞപ്പോൾ അവർ ഭയത്തോടെ രാജാവിൻെറ ബന്ധനം തീൎത്തു ചന്ദ്രാംഗദനെ അടിവണങ്ങി അഭയം യാചിച്ചു. ചന്ദ്രാംഗദനവരെ പറഞ്ഞയച്ചശേഷം മാതാപിതാക്കന്മാരെ വന്ദിച്ചു. അവരുടെ സന്തോഷം ഇന്നവിധമായിരുന്നുവെന്നു, 'ചൊല്ലാൻ നാവിനു രണ്ടായിരമെഴുമുരഗാധീശനും ക്ലേശമുണ്ടാം.' അന്തരിച്ചു ചന്ദ്രാംഗദൻ ജീവനോടെ വീണ്ടുമെത്തിയിരിക്കുന്നുവെന്നു കേട്ടപ്പോൾ പൌരന്മാർ കരമുക്കുന്ന കടൽപോലെ രാജധാനിയിലേക്കു തള്ളിക്കയറി. ആശാവകാശങ്ങൾ ആഹ്ലാദശബ്ദംകൊണ്ടു മുഖരിതമായി. സീമന്തിനിയുടെ സോമവാരവ്രതംകൊണ്ടു മാത്രമാണു ചന്ദ്രാംഗദനെ തിരികെ ലഭിച്ചതെന്നു് എല്ലാ മുഖങ്ങളിൽനിന്നും ഒരുപോലെ കേട്ടു. ചന്ദ്രാംഗദൻെറ ആഗമനം ഉടനെ ചിത്രവൎമ്മാവിനെ എഴുതിയയച്ചു. സന്തോഷപാരാവാരത്തിൽ അന്തമില്ലാതാറാടിയ ചിത്രവൎമ്മാവു

പുത്രിയുടെ കല്യാണത്തിലെപ്പോൾതന്നെ മംഗല്യസൂത്രമണിയിക്കുകയും ചെയ്തു.

ചിത്രവർമ്മാവു് ഇന്ദ്രസേനനേയും ചന്ദ്രാംഗദനേയും അതേ ഘോഷത്തോടെ കൂട്ടിക്കൊണ്ടു പോയി, വീണ്ടും പുത്രിയുടെ വിവാഹോത്സവം ഭംഗിയായി നടത്തി. അതിന്നുശേഷം ചന്ദ്രാംഗദൻ സർപ്പകുമാരനേയും രാക്ഷസനേയും രസാതലത്തിലേയ്ക്കു യാത്രയാക്കുകയും താൻ പത്നിയോടുകൂടി നൈഷധത്തിൽ ചെന്നു ആനന്ദസുഖം വർത്തിക്കയും ചെയ്തു. സോമവാരവ്രതം മുട്ടാതെ രണ്ടു പേരും നടത്തിപ്പോന്നു. വ്രതാവസാനത്തിൽ ഗൃഹസ്ഥരായ വിപ്രരെ പാർവ്വതീപരമേശ്വരന്മാരെന്നു സങ്കല്പിച്ചു പൂജിച്ചു ഭോജനം ദാനം മുതലായവ അളവില്ലാതെ നൽകുകയും ചെയ്തിരുന്നു. അതുകൊണ്ടു നാനാ ദിക്കുകളിൽനിന്നും വിപ്രന്മാർ തിങ്കളാഴ്ചകളിൽ അവരുടെ ആതിത്ഥ്യമാഗ്രഹിച്ചു ചെന്നിരുന്നു.

അക്കാലത്തു വിദർഭരാജ്യത്തു വേദവേദാംഗസമ്പന്നന്മാരായി വേദമിത്രനെന്നും സാരസ്വതനെന്നും രണ്ടു ബ്രാഹ്മണരുണ്ടായിരുന്നു. അവർ ദേഹംകൊണ്ടു ഭിന്നിച്ചവരാണെങ്കിലും മനസ്സുകൊണ്ടു ഒന്നായിരുന്നു. വേദമിത്രന്നു സുമേധാവെന്നും സാരസ്വതന്നു സാമവാനെന്നും ഓരോ പുത്രൻ ജനിച്ചു. അവരുടെ പുത്രന്മാരും അത്യന്തം സ്നേഹത്തോടെ തന്നെ വളർന്നുവന്നു. രണ്ടു പേർക്കും വേളി കഴിക്കുവാൻ കാലമായപ്പോൾ, അവർ പുത്രന്മാരോടിങ്ങിനെ പറഞ്ഞു. *

"ഉണ്ണികളെ! നിങ്ങളുടെ വിവാഹത്തിന്നുള്ള കാലമായി. എന്നാൽ ഞങ്ങൾ തീരെ ദരിദ്രന്മാരായതുകൊണ്ടു നിങ്ങളുടെ വിവാഹം നടത്തുവാൻ ഞങ്ങളാൽ സാധിക്കുന്നതല്ല. ഞങ്ങൾ നാലഞ്ചു ഗ്രന്ഥങ്ങൾ തരാം. അതുകൾ നമ്മുടെ രാജാവിന്നു കൊടുത്താൽ നിങ്ങളുടെ വിവാഹത്തിന്നു വേണ്ടുന്ന ധനം അദ്ദേഹം തരും."

സുമേധാവും സാമവാനും ഗ്രന്ഥങ്ങൾ വാങ്ങി വിദർഭരാജാവിനെ മുഖം കാണിച്ചു ഗ്രന്ഥങ്ങൾ കാഴ്ചവെച്ചു. അവരുടെ അഭീഷ്ടം രാജാവിനോടുണർത്തിച്ചപ്പോൾ രാജാവിങ്ങിനെയാണു് അവരോടു പറഞ്ഞതു്.

"എന്റെ കൈവശത്തിലിപ്പോൾ പണമില്ലാത്തതിനാൽ നിങ്ങളുടെ ആഗ്രഹം നിറവേററുവാൻ സാധിക്കാതെ വന്നതിൽ ഞാൻ വ്യസനിക്കുന്നു. എങ്കിലും ഞാനൊരു ഉപായം പറയാം. നിങ്ങൾ രണ്ടുപേരും നിഷധരാജ്യത്തേയ്ക്കു പോകണം. അവിടെ ചന്ദ്രാംഗദനും സീമന്തിനിയും സോമവാരവ്രതമനുഷ്ഠിച്ചു പത്നീസമേതരായി ചെല്ലുന്ന ബ്രാഹ്മണരെ പാർവ്വതീശങ്കരന്മാരെന്നു സങ്കല്പിച്ചു പൂജിച്ചു, പട്ടും പണങ്ങളും അവധിയില്ലാതെ ദാനം ചെയ്യുന്നുണ്ട്. നിങ്ങളിലൊരുവൻ സ്ത്രീയുടെ വേഷം ധരിച്ചു പുറപ്പെടുക. എന്നാൽ നിങ്ങൾക്കു ധാരാളം ധനം ലഭിക്കുകയും ചെയ്യും."

അങ്ങിനെ ചെയ്യുന്നതു പാപകരമായതുകൊണ്ടു ഞങ്ങളതിനു ഭാവമില്ലെന്നു കുമാരന്മാർ പറഞ്ഞു. തന്റെ കല്പന കേൾക്കാഞ്ഞതുകൊണ്ടു രാജാവു കോപിച്ച് അവരെ ഭയപ്പെടുത്തുകയും, സാമവാനെ അദ്ദേഹം തന്നെ സ്ത്രീവേഷം കെട്ടിച്ചു രണ്ടുപേരെയും നൈഷധത്തിലേയ്ക്കയക്കയും ചെയ്തു. മടക്കത്തിൽ അദ്ദേഹത്തെ കണ്ടിട്ടേ പോകാവൂ എന്നു കുമാരന്മാരോടു കല്പിച്ചു.

സുമേധാവും സ്ത്രീവേഷത്തിൽ സാമവാനും നിഷധരാജ്യത്തെത്തി. അനവധി ബ്രാഹ്മണരവിടെ കാലേതന്നെ ചെന്നിരിക്കുന്നു. സന്ധ്യയായപ്പോൾ ചന്ദ്രാംഗദനും സീമന്തിനിയും ബ്രാഹ്മണരെ പൂജിക്കുവാൻ തുടങ്ങി. ഓരോരുത്തരെ പൂജിച്ചു വരുന്നതിന്നിടയിൽ സുമേധാവിനെയും സാമവാനെയും കണ്ടപ്പോൾ, അവരുടെ അസാമാന്യമായ മുഖകാന്തി ധാരയാൽ സീമന്തിനിയത്യാശ്ചര്യപ്പെട്ടു.

ആയവാനീശപദ്യ വല്ലഭനെന്നാകിലും
ഗൌരിയും ഗൌരീശനെന്നുറപ്പിച്ചു
സങ്കല്പശക്ത്യാസമാരാധനം ചെയ്തു
തിങ്കൾക്കലാമൌലിപൂജ തുടങ്ങിനാൾ
ഭൂസുരന്മാരിൽ പുരാരാതി ദേവനെ
ഭൂസുരസ്ത്രീകളിൽ പാർവ്വതീ ദേവിയെ
ആവാഹനം ചെയ്തു സാധ്വി സീമന്തിനി
ഭൈവാനന്ദമുഖം വരണനമാനിച്ചുതാം.

പൂജനം ചെയ്തു്, അതിവിശിഷ്ട ഭക്ഷ്യങ്ങൾകൊണ്ടു പൂജിപ്പിച്ച ശേഷം,

താംബൂലപൂഗവും രത്നഹേമങ്ങളും
ജാംബൂനദം കൊണ്ടണിഞ്ഞോരു ഗോക്കളും
വസ്ത്രമാല്യങ്ങളും രത്നകംബളങ്ങളും
ഛത്രജാലങ്ങളും സ്വർണ്ണപാത്രങ്ങളും
കങ്കണം കാഞ്ചികൾ മോതിരം നൂപുരം
തങ്കപ്പതക്കവും താലിയും മാലയും
കുങ്കുമം കസ്തൂരി കർപ്പൂരമൂവന്നും
ശങ്കരപ്രീതയെ നൽകിനാളാദരാൽ.

ബ്രാഹ്മണർ ദാനങ്ങൾ വാങ്ങി സന്തോഷപൂർവ്വം നടന്നു. സുമേധാവും സാമവാനും തങ്ങൾക്കു കിട്ടിയവയും കെട്ടിപ്പേറി തലയിലേററി യാത്രയായി. പക്ഷെ എന്തുപറയേണ്ടു. സ്ത്രീവേഷമണിഞ്ഞ സാമവാൻ സീമന്തിനിയുടെ സങ്കല്പശക്തിയാൽ സ്ത്രീയായി ഭവിച്ചു. ഏകപുത്രൻ സ്ത്രീയായിച്ചമഞ്ഞപ്പോൾ സാരസ്വതൻ നിലത്തുവീണു വാവിട്ടു നിലവിളിച്ചു. ഇതിന്നു കാരണം വിദർഭരാജാവാകയാൽ ബ്രാഹ്മണർ യോഗംകൂടി കോവിലകത്തു ചെന്നു രാജാവിന്റെ അനീതിയെപ്പററി അധിക്ഷേപിച്ചു. രാജാവു വിഷണ്ണനായിനിന്നുകൊണ്ടു സീമന്തിനിയെ മനസ്സുകൊണ്ടു സംഖ്യയില്ലാതെ നമസ്കരിച്ചു. സോമവാരവ്രതംകൊണ്ടു മാത്രമേ, സ്ത്രീരൂപമേന്തിയ ബ്രാഹ്മണപുത്രനെ വീണ്ടും പുരുഷനാക്കുവാൻ സാധിക്കയുള്ളുവെന്നു രാജാവു മനസ്സിലാക്കുകയും ബ്രാഹ്മണരോടു ഏതാനും ദിനങ്ങൾ ക്ഷമിക്കണമെന്നു യാചിച്ച് അദ്ദേഹം ഭരദ്വാജമുനിയെ ചെന്നു കണ്ട്, അദ്ദേഹത്താലുപദിഷ്ടമായ മന്ത്രം ഗ്രഹിച്ച് പാർവ്വതീഭജനം തുടങ്ങുകയും ചെയ്തു. നിദ്രാശനാദികൾ വെടിഞ്ഞു വിദർഭരാജാവു തപം ചെയ്തു തുടങ്ങി. മൂന്നഹോരാത്രം കഴിഞ്ഞപ്പോൾ കാത്യായനീദേവി അദ്ദേഹത്തിന്റെ മുമ്പിൽ പ്രത്യക്ഷയായി. സാമവാന്റെ കന്യകാഭാവം കളയണമെന്നു രാജാവു വീണ്ടും വീണ്ടുമപേക്ഷിച്ചപ്പോൾ,

'മന്ദസ്മിതം പൂണ്ടരുൾചെയ്തു ദേവിയും
മന്ദമായിങ്ങിനെ ചിന്തിയാതെ മേവാൻ

മൽഭക്തി യുക്തയാം സീമന്തിനിയുടെ
കല്പനാശംശം വരുത്തുകില്ലിനി ഞാൻ
സോമവാരവ്രതംകൊണ്ടു സേവിക്കുന്ന
സീമന്തിനിക്കു ഞാൻ സൌഖ്യമെന്നോർക്ക നീ.

സാരസ്വതന്നു് ഒരു പുത്രൻകൂടി ഇനി ജനിക്കുന്നതാണു്. കാമിനിയായിത്തീർന്ന സാമവാൻ സാമവതിയെന്ന പേരോടുകൂടി സുമേധാവിന്റെ ഗൃഹിണിയായി ചിരകാലം വസിക്കും." എന്നരുളിച്ചെയ്തു മറഞ്ഞു. സുമേധാവു സാമവതിയെ വിവാഹം ചെയ്കയും ചെയ്തു. സീമന്തിനിയുടെ കീർത്തി മൂന്നു ലോകങ്ങളിലും നിറഞ്ഞു. ചന്ദ്രാംഗദനും സീമന്തിനിയും വളരെ കാലം സോമവാരവ്രതമനുഷ്ഠിച്ചുകൊണ്ടു ലോകത്തെ അനുഗ്രഹിക്കയും ചെയ്തു.

---

19. വിനായകചതുർത്ഥി.

ചിങ്ങമാസത്തിൽ ശുക്ലപക്ഷത്തിലെ ചതുർത്ഥിയാണു വിനായക ചതുർത്ഥിയെന്നു പറയുന്നതു്. വിനായകചതുർത്ഥിനാൾ മലയാളികളുടെ ഇടയിൽ വിശേഷമായി പൂജകൾ ചെയ്യുന്നതുകാണുന്നില്ല. മലയാളികളന്നു ചന്ദ്രദർശനം വർജ്ജിക്കുന്നതു മാത്രമേ കാണുന്നുള്ളൂ. എന്നാൽ പരദേശികന്മാർ അന്നു പൂജാദികൾ നടത്തി വരുന്നുണ്ടു്. വിനായകനെ പൂജിപ്പാനുള്ള ഒരു പ്രത്യേകദിവസമായതുകൊണ്ടാണു് അതിനു വിനായക ചതുർത്ഥിയെന്നഭിധാനമുണ്ടായതെന്നാണു് ദേവരുടെ പക്ഷം. അവരുടെ ഇടയിൽ വിനായകപൂജ നടത്തുന്നതു സ്ത്രീകളാണു്. ചതുർത്ഥിനാൾ രാത്രി ഒമ്പതു മണിക്കും പത്തു മണിക്കും മദ്ധ്യേ വിനായക വിഗ്രഹം വെച്ചു് ഓരോ ഗൃഹത്തിലും പൂജിക്കാറുണ്ടു്. വിനായകപൂജകൊണ്ടു സമ്പത്തും സന്തതികളും വർദ്ധിക്കയും വിഘ്നങ്ങൾ നശിക്കയും ചെയ്യുന്നു. വിനായകനു, ഗണേശൻ, ഏകദന്തൻ, ഗജാസ്യൻ എന്നിങ്ങിനെ പല പേരുകൾ പറയുന്നതിന്നും പല കാരണങ്ങൾ പുറപ്പെടുവിക്കുന്നുണ്ടു്. ഗണപതിയുടെ അവതാരം എങ്ങിനെയാണെന്നുതന്നെ അധികമാളുകളും ധരിച്ചിട്ടില്ല. അ

തിന്നാൽ ഓരോ തരക്കാരും പറഞ്ഞുവരുന്ന കാരണങ്ങളിൽ നമുക്കു പരിശോധിക്കേണ്ടിവന്നിരിക്കുന്നു. താഴെ പറയുംപ്രകാരമാണ് ഒരു കാരണം.

പാർവ്വതീദേവിയെ മഹാദേവൻ വരിച്ചശേഷം അദ്ദേഹം ദേവിയോടുകൂടി കൈലാസഗിരിയിലെത്തി വാസം തുടങ്ങി. ഒരു ദിവസം ദേവി തോഴികളോടുകൂടി കുളത്തിൽച്ചെന്നു കുളിതുടങ്ങി. കുളി പകുതിയായപ്പോൾ, ഭഗവാൻ കുളപ്പുരകാവൽക്കാരായ ഭൂതങ്ങളെ നീക്കിനിർത്തി കുളപ്പുരയിലേയ്ക്കു കടന്നു. ഭഗവാന്റെ പ്രവേശനത്താൽ അവർ ലജ്ജാസലിലത്തിലലിഞ്ഞുപോയി. ദേവിയുടെ നീരസം കണ്ടപ്പോൾ ഭഗവാൻ മടങ്ങിപ്പോകയും ചെയ്തു. പിറേറന്നാളും അവർ സ്നാനം ചെയ്യുമ്പോൾ ഭഗവാന്റെ പ്രവേശമുണ്ടായി. തോഴികൾക്ക് അതു തീരെ രസിച്ചില്ലെന്നു പറയേണ്ടതില്ലല്ലോ. ഭൂതഗണങ്ങൾ ഭഗവാന്റെ കിങ്കരന്മാരാകയാൽ അവർക്കു സ്വന്തമായിട്ടൊരു കാവൽക്കാരൻ കൂടിയേ കഴിയൂ എന്നവർ ദേവിയോടു പറഞ്ഞു. അപ്പോൾ ദേവി തന്റെ ശരീരത്തിലുണ്ടായിരുന്ന ചളിയുരുട്ടിയെടുത്ത് അതു കൊണ്ട് ഒരു പുരുഷനെ സൃഷ്ടിച്ച് അദ്ദേഹത്തിന്റെ കയ്യിൽ ഒരു ചൂരക്കോലും കൊടുത്ത് അദ്ദേഹത്തെ സ്വന്തം കാവൽക്കാരനായി നിയമിക്കയും ചെയ്തു. മൂന്നാംദിവസവും ഭഗവാൻ കുളക്കടവിലേയ്ക്കു ചെന്നു. എന്നാൽ കാവൽക്കാരൻ തടുത്തുനിർത്തി. അവർ തമ്മിൽ യുദ്ധം പൊടിപാറി. ഒടുവിൽ സംഹാരമൂർത്തിയായ ഭഗവാൻ അദ്ദേഹത്തെ സംഹരിക്കയും ചെയ്തു.

ഭഗവാന്റെ സാഹസം ദേവിക്കതിർകവിഞ്ഞ അസഹ്യത്തിനു കാരണമായി ഭവിച്ചു. ദേവിയുടെ നയനസരോജം കോണ്ടു കലങ്ങിമറിഞ്ഞു. ശരീരം വിറച്ചു. ദേവിയുടെ ഭയങ്കരരൂപം കണ്ടപ്പോൾ ആദിത്യദേവൻ മങ്ങി. ദിക്കുകളിലിരുട്ടു വ്യാപിച്ചു. വായു നിശ്ചേഷ്ടനായി. പർവ്വതങ്ങൾ കുലുങ്ങി. സാഗരങ്ങൾ കലങ്ങി. അതുകണ്ടു ദേവന്മാരും ഭയാതുരന്മാരായി. ബ്രഹ്മാവാദികൾ ഭഗവാന്റെ അരികത്ത് ഓടിയണഞ്ഞു. എല്ലാവരുംകൂടി ദേവിയെ സ്തുതിച്ചപ്പോൾ ദേവി ശാന്തയായി.

തന്റെ പുത്രനായ കാവൽക്കാരനെ ജീവിപ്പിച്ചാൽ തൃപ്തനിക്കുമെന്നും പറഞ്ഞു.

വടക്കോട്ടു തലവെച്ചു കിടക്കുന്നവരുണ്ടെങ്കിൽ അവരുടെ തലയറുത്തു കൊണ്ടുചെന്ന് അദ്ദേഹത്തിന്റെ കഴുത്തിൽ വെച്ചാൽ ജീവിക്കുന്നതാണെന്നു ഭഗവാൻ പറഞ്ഞപ്പോൾ ഭൂതഗണങ്ങൾ അതന്വേഷിച്ചു പുറപ്പെട്ടു. വടക്കോട്ടു തലവെച്ചുകിടക്കുന്നവരെ അവർ കണ്ടില്ല. എന്നാൽ ഒരാനമാത്രം അങ്ങിനെ കിടക്കുന്നതായിക്കണ്ടു ഭഗവാനോടു പറഞ്ഞു. അതിനാൽ അവർ ഭഗവാൻ പറഞ്ഞതുപോലെ ആ ആനയുടെ തലയറുത്തു കൊണ്ടുചെല്ലുകയും ബ്രഹ്മാവ് അതു വാങ്ങി പാൎവ്വതിതനയന്റെ കഴുത്തിൽ വെച്ചു അദ്ദേഹത്തെ ജീവിപ്പിക്കയും ചെയ്തു. തെക്കോട്ടു കാലുനീട്ടികിടക്കുന്നതു് അശുഭലക്ഷണമാകുന്നു. അതുകൊണ്ടുതന്നെയാണു വടക്കോട്ടു തല വെയ്ക്കരുതെന്നു നമ്മുടെ ഇടയിൽ പറയുന്നതു്.

ദേവിയെ പ്രസാദിപ്പിക്കുവാനായി ഭഗവാൻ അപ്പോൾ തന്റെ പുത്രനെ ഗണങ്ങളുടെ അധിപതിയാക്കി ഗണനായകനെന്നു പേർ വിളിക്കയും ചെയ്തു. എങ്കിലും തങ്ങളുടെ പുത്രൻ ഗജാസ്യനായിത്തീൎന്നതിനാൽ മറ്റുള്ളവരുടെ പരിഹാസത്തിന്നു പാത്രമാകുന്നതല്ലേയെന്നു ദേവിക്കു കുണ്ഠിതമുണ്ടായി. അതിനാൽ, പാൎവ്വതീപരമേശ്വരന്മാരെ പൂജിക്കുന്നതിന്നുമുമ്പു ഗണപതിയെ പൂജിക്കേണ്ടതാണെന്നും, അങ്ങിനെ ചെയ്യാത്തവരുടെ പൂജ വിഫലമായിപ്പോകുമെന്നും ഭഗവാനരുളിച്ചെയ്തു. വിനായക പ്രതിഷ്ഠയില്ലാത്ത ശിവക്ഷേത്രം വളരെ ദുൎല്ലഭമാണല്ലോ. ഗണപതിബിംബം പ്രതിഷ്ഠിച്ചിട്ടില്ലെങ്കിലും ഗണപതിയെ പൂജിച്ചുശേഷമേ ശിവക്ഷേത്രങ്ങളിൽ പൂജിക്കാറുള്ളു.

സ്കാന്ദപുരാണത്തിന്റെ ഒരു ഭാഗമായ വിനായകമാഹാത്മ്യത്തിൽ വിനായകന്റെ അവതാരത്തെക്കുറിച്ച് ഇപ്രകാരമാണു കാണുന്നതു്.

സൃഷ്ടികൎത്താവായ ബ്രഹ്മാവിന്റെ വദനത്തിൽനിന്നു ക്രൂരാസ്യനായ ഒരു പുരുഷൻ നിസ്സൃതനായി. അവൻ ബ്രഹ്മാവി

നെ നമസ്കരിച്ചപ്പോൾ, നീയാരാണെന്നു ബ്രഹ്മാവു ചോദിച്ചു. "ഞാൻ അവിടുത്തെ മുഖത്തിൽനിന്നു് ഉത്ഭവിച്ചവനാണു്. അങ്ങുന്നു് എന്റെ പിതാവുമാണു്" എന്നു് അവൻ പറഞ്ഞപ്പോൾ അവന്റെ ദേഹകാന്തികണ്ടു അവനെ 'സിന്ദൂരൻ' എന്നു വിളിച്ചു ഇപ്രകാരം അനുഗ്രഹിച്ചു.

"നീ ഭൂമിയിൽച്ചെന്നു നിനക്കിഷ്ടമുള്ളേടത്തു താമസിച്ചു കൊൾക. നിന്നെ ദേവന്മാരോ മർത്ത്യരോ വിഷ്ണുവോ അഖില സംഹാരശക്തനായ പരമേശ്വരനോ കൊല്ലുകില്ല. നീ ശസ്ത്രാസ്ത്രങ്ങളാലും വദ്ധ്യനല്ല. നിന്റെ ബാഹുക്കളെക്കൊണ്ടു വേഷ്ടിതനാകുന്നവൻ ഭസ്മമായിപ്പോകയും ചെയ്യും."

ബ്രഹ്മാവു കൊടുത്ത വരങ്ങൾകൊണ്ടു തുഷ്ടനായ സിന്ദൂരൻ പുറപ്പെട്ടു. കുറേവഴി ചെന്നപ്പോൾ സിന്ദൂരന്റെ ഹൃദയത്തിൽ ഗർവ്വമുദിച്ചു് ഇങ്ങിനെ വിചാരിച്ചു. 'എന്റെ കൈകൾകൊണ്ടാലിംഗനം ചെയ്യുവർ ഭസ്മമായിത്തീരുമെന്നല്ലേ ബ്രഹ്മാവു പറഞ്ഞതു്? എന്നാൽ ആ വരം ഫലിക്കുമോ എന്നു അദ്ദേഹത്തെത്തന്നെ പരീക്ഷിക്കണം.'

സിന്ദൂരൻ സത്യലോകത്തു മടങ്ങിച്ചെന്നു ബാഹുക്കളെക്കൊണ്ടു ബ്രഹ്മാവിനെ വേഷ്ടനം ചെയ്യാനാരംഭിച്ചപ്പോൾ ബ്രഹ്മാവു്,

"എടാ ദുഷ്ട! ഞാൻ നിന്നിൽ പ്രസന്നനായി വരം തന്നതുകൊണ്ടു നീയെന്നെത്തന്നെ ഭസ്മമാക്കുവാൻ മുതിരുന്നോ? എന്നാൽ, പരമാത്മാവു വിനായകനായവതരിച്ചു നിന്നെ വധിക്കും എന്നു ശപിച്ചു. സിന്ദൂരൻ ബ്രഹ്മാവിനെ കൈകളാൽ ചുറ്റുവാൻ വീണ്ടുമടുത്തു. ബ്രഹ്മദേവൻ, വൈകുണ്ഠത്തിൽച്ചെന്നു മഹാവിഷ്ണുവിനോടു തന്റെ അപകടമറിയിച്ചു. അപ്പോഴേക്കും സിന്ദൂരനും അവിടെയെത്തി. ദുരാത്മാവായ സിന്ദൂരൻ അവരെ രണ്ടുപേരെയും യുദ്ധത്തിന്നാഹ്വാനം ചെയ്തു. അപ്പോൾ മഹാവിഷ്ണു സ്മിതമുഖനായിട്ടിങ്ങിനെ പറഞ്ഞു.

"ഞാൻ സാത്വികനും, സർവ്വചരാചരരക്ഷിതാവും നിർവ്വികാരനുമാണു്. എനിക്കു യുദ്ധംചെയ്യാൻ പാടില്ല. ഈ ബ്രഹ്മാ

വിദ്യകൊണ്ടും സാധിക്കയില്ല. ഇദ്ദേഹം വേദാദ്ധ്യയനം ചെയ്യുന്നവനാണ്. അതുകൊണ്ടു നിനക്കു വരനായ ഒരാളെ ഞാൻ പറഞ്ഞുതരാം. അദ്ദേഹം കൈലാസത്തിലുണ്ട്."

സിന്ദൂരൻ മൂന്നുലോകങ്ങളും കലക്കിക്കൊണ്ടു കൈലാസത്തിൽ ചെന്നപ്പോൾ ഭഗവാൻ ധ്യാനത്തിലിരിക്കുന്നതുകണ്ടു, പാർവ്വതീദേവിയുടെ കബരീഭാരം ചുററിപ്പിടിച്ചു ദേവിയേയുംകൊണ്ടു യാത്രയായി. ദേവിയുടെ ക്രന്ദനം കേട്ടു ഭൂതഗണങ്ങളോടിക്കൂടി. എന്നാലും അന്തകസമാനായ സിന്ദൂരനോടെതിർക്കുവാനവർക്കു ധൈര്യമുണ്ടായില്ല. സിന്ദൂരൻ ദേവിയേയും കൊണ്ടോടി. ഭൂതഗണങ്ങൾ ഭഗവാന്റെ അരികെ വന്ന് ഉറക്കെ നിലവിളിച്ചു. അതുകേട്ടു ഭഗവാനുണർന്ന് വൃത്താന്തമറിഞ്ഞപ്പോൾ വൃഷഭാരൂഢനായി സിന്ദൂരനെ അനുധാവനം ചെയ്തു. അല്പനിമിഷങ്ങൾകൊണ്ടു സിന്ദൂരനോടടുത്ത് അവരോടെതിർത്തു അവർ തമ്മിൽ വളരെ കൊല്ലങ്ങളോളം സംഗരം നടന്നു. ഒടുവിൽ സിന്ദൂരൻ ക്ഷീണിച്ചുതുടങ്ങി. അപ്പോൾ ഒരു ബ്രാഹ്മണൻ അവനോടിപ്രകാരം പറഞ്ഞു.

"പാർവ്വതീദേവിയെ ഭഗവാൻ രക്ഷിച്ചുകഴിഞ്ഞു. നീ യുദ്ധത്തിൽ അവശനായും ഭവിച്ചിരിക്കുന്നു. ഇനിയും നീ യുദ്ധം ചെയ്താൽ ശ്രീപരമേശ്വരൻ നിന്നെ വധിക്കും. അതുകൊണ്ടു നീ പിന്തിരിഞ്ഞു വേഗത്തിലോടിക്കൊൾക."

സിന്ദൂരൻ യുദ്ധം മതിയാക്കി ഭൂമിയിലേക്കും ശ്രീപരമേശ്വരൻ കൈലാസത്തിലേക്കും പോയി. ആ ബ്രാഹ്മണൻ ദേവിയെ ഒരാശ്രമത്തിലിരുത്തിയിരിക്കയായിരുന്നു. യുദ്ധമവസാനിപ്പിച്ച ബ്രാഹ്മണൻ ദേവിയുടെ അരികത്തു ചെന്നപ്പോൾ ദേവി, "മാമുനിശ്രേഷ്ഠനായ ഭവാനിലെനിക്കുള്ള കൃതജ്ഞതാപൂർവ്വമായ സ്നേഹത്തിനു സീമയില്ല. ദയവുചെയ്തു ഭവാന്റെ വാസസ്ഥലമേതാണെന്ന് എന്നോടു പറയണം" എന്നു പറഞ്ഞു.

ബ്രാഹ്മണരൂപമുടനെ അപ്രത്യക്ഷമായി. അതിനു പകരം, തേജോരൂപനായ പരമാത്മാവിനെയാണു ദേവി കണ്ടത്. ദേവിയെഴുന്നേററു സ്തുതിച്ചു നമസ്കരിച്ചു. സിന്ദൂരനെ നി

ഗ്രഹിക്കുവാൻ താൻ ദേവിയുടെ പുത്രനായി അവതരിക്കുന്നതാണെന്നു ദേവിക്കു വരംകൊടുത്തു് ആ തേജോമൂർത്തി അന്തർദ്ധാനം ചെയ്തു.

സിന്ധൂരദൈത്യനാകട്ടെ യുദ്ധത്തിൽ ദേവന്മാരെ മുഴുവനും പരാജിതരാക്കി. ഭൂലോകത്തെയും കീഴിലാക്കി, പാതാളത്തെയും ആക്രമിച്ചു. ദേവാദികൾ അതിദീനന്മാരായി പരമാത്മാവിനെ സ്തുതിച്ചുതുടങ്ങി. അപ്പോൾ പരമാത്മാവു പ്രത്യക്ഷനായിട്ടു താൻ പാർവ്വതിയുടെ പുത്രനായി വിനായകനെന്ന പേരോടെ അവതരിച്ചു സിന്ധൂരനെ വധിച്ചുകൊള്ളാമെന്നു പറഞ്ഞു മറയുകയും ചെയ്തു.

പാർവ്വതീദേവിക്കക്കാലത്തു ഭൂലോകത്തിൽ ചെന്നു കുറേക്കാലം വിനോദിക്കണമെന്നു തോന്നുകയാൽ തന്റെ ആഗ്രഹം ഭഗവാനെ അറിയിച്ചു. ഭഗവതിയുടെ വാഞ്ഛിതം സാധിപ്പിക്കുവാൻ ഭഗവാൻ ദേവിയെയും കൂട്ടിക്കൊണ്ടു ഭൂതഗണസമേതനായി ഭൂമിയിൽ പെയ്യുളിവനത്തിൽ ചെന്നു കൗതുകാവഹമായ ഒരു മണ്ഡപം തീർത്തു, ദേവിയോടുകൂടി ക്രീഡിച്ചുവന്നു. സിന്ധൂരാസുരൻ ലോകത്രയങ്ങളെയും തന്റെ കീഴിലാക്കിക്കഴിഞ്ഞു. ഒരു ദിവസം അവനിങ്ങനെ തന്നെത്താൻ പറഞ്ഞു.

ഇപ്പോൾ മൂന്നുലോകങ്ങളും എന്റേതായിത്തീർന്നു. ഞാൻ ത്രിമൂർത്തികളെയും ജയിച്ചു. എനിക്കു തുല്യനായിട്ടൊരുത്തനുമില്ല. ഞാനിനി ആരെക്കൂട്ടാക്കണം. ഞാൻ ത്രൈലോക്യനാഥനാണ്. എല്ലാവരും എന്നെ വന്ദിക്കണം.

അപ്പോൾ ഒരു അശരീരി വാക്കു കേട്ടു.

“സിന്ധൂര! നീയൊരു വിഡ്ഢിയാണ്. നിന്റെ അന്തകൻ പാർവ്വതിയുടെ ഗർഭത്തിൽ കിടക്കുന്നുണ്ട്. നിനക്കിനി അധികകാലത്തെ ജീവിതമില്ല.”

സിന്ധൂരൻ ക്രോധംകൊണ്ടു് ഒരു പിശാചുപോലെയായി. അവൻ ലോകങ്ങളെ വിറപ്പിച്ചുകൊണ്ടു കൈലാസത്തിൽ ചെന്നു. അവിടെ പാർവ്വതീപരമേശ്വരന്മാരെക്കാണാഞ്ഞതിനാൽ നാനാലോകത്തിലന്വേഷിച്ചു. അവിടെയും കാണാഞ്ഞു

കൊണ്ടു ഭൂമിയിൽവന്നു തേടിത്തുടങ്ങി. ഒടുവിലവർ പശ്ചിമ കാനനത്തിലെത്തി. അപ്പോൾ ദേവിയും ഭഗവാനും ഗാഢനിദ്രയിലായിരുന്നു. സിന്ദൂരൻ മായയാൽ വായുരൂപിയായി ദേവിയുടെ ഗർഭത്തിൽ പ്രവേശിച്ചു ശിശുവിൻെറ ശിരസ്സുനഖത്താൽ നുള്ളിയെടുത്തു പുറത്തു പോന്നു. ആ ശിരസ്സ്, അവൻ നർമ്മദാനദിയിലെറിയുകയും ചെയ്തു. ആ സംഗതി ദേവിയും ഭഗവാനുമറിഞ്ഞില്ല. കുറെ ദിവസങ്ങൾ കഴിഞ്ഞപ്പോൾ അവർ കൈലാസത്തേക്കു മടങ്ങി. ഒമ്പതുമാസം കഴിഞ്ഞപ്പോൾ ദേവി പ്രസവിച്ചു. ദശദിക്കുകളേയും ജ്വലിപ്പിക്കുന്ന കാന്തിയാൽ പ്രശോഭിപ്പിക്കുന്നവനായി, ചതുർബാഹു സമന്വിതനായി നില്ക്കുന്ന പരമാത്മാവിനെ ദേവി വണങ്ങിസ്തുതിച്ചു. അപ്പോൾ അദ്ദേഹം ഇപ്രകാരം പറഞ്ഞു.

"ഭഗവതിയുടെ പുത്രനായി ഞാൻ പിറക്കുന്നതാണെന്നു പണ്ടു വനത്തിൽ വെച്ചു വരംതന്നതു സത്യമാക്കുവാനായി ഇപ്പോളവതരിച്ചതാണ്."

കാന്തി വഴിഞ്ഞിരുന്ന ആ രൂപം പെട്ടെന്നു മറഞ്ഞു. പകരം ശിരസ്സില്ലാത്ത ഒരു ശിശുവിനെയാണു കണ്ടതു്. ദേവി ദുഃഖാർത്തയായി നിലവിളി തുടങ്ങി. ദേവിയുടെ സങ്കടം കേട്ടു ശ്രീപരമേശ്വരൻ ചെന്നപ്പോൾ അദ്ദേഹവും ശിരോവിഹീനനായ ബാലനെക്കണ്ടു വളരെ വ്യസനിച്ചു. അദ്ദേഹത്തിനു അതിൻെറ കാരണമറിയുവാൻ കഴിയാഞ്ഞതുകൊണ്ടു ദേവന്മാരെക്കൂട്ടിക്കൊണ്ടുചെല്ലുവാൻ നന്ദികേശനെ അനുജ്ഞയുംചെയ്തു.

പാർവ്വതീപരമേശ്വരന്മാർക്കു പറ്റിയ ദുഃഖം നന്ദികേശ്വരൻ ദേവന്മാരെ അറിയിച്ചു. ഒട്ടും താമസിയാതെ വിഷ്ണു, ബ്രഹ്മാവു, മുതലായ മുക്കോടി ദേവന്മാർ, ഋഷികൾ ഇവരെല്ലാം കൈലാസത്തിലെത്തിയപ്പോൾ ശിരസ്സില്ലാത്ത ബാലശരീരം മഹാദേവൻ മടിയിൽ വെച്ചുകൊണ്ടിരിക്കുകയായിരുന്നു. എന്താണിനി ചെയ്യേണ്ടതെന്നു ദേവന്മാർ വളരെനേരമാലോചിച്ചു. ബാലൻെറ ശരീരം കടലിലേക്കെറിയുന്നതാണു നല്ലതെന്ന് എല്ലാവരും തീർച്ചയാക്കി. എങ്കിലും ബ്രഹ്മാവുമാത്രം അവരുടെ

അഭിപ്രായത്തോടു യോജിച്ചില്ല. അദ്ദേഹം ശ്രീപരമേശ്വരന്റെ മടിയിൽനിന്നും ആ ശരീരമെടുത്തു, തന്റെ മടിയിൽ കിടത്തിക്കൊണ്ടിങ്ങിനെ പറഞ്ഞു.

"ദേവന്മാരെ! നിങ്ങൾ വിചാരിക്കുന്നതുപോലെ ഈ ബാലൻ സാധാരണനല്ലെന്നാണ് എന്റെ പക്ഷം. ലോകത്തിന്റെ സ്ഥിതിലയങ്ങൾ ചെയ്യുന്നവനാണ് ഈ ബാലനെന്നു ഞാൻ ബലമായി പറയുന്നു. അതിനാൽ

"എല്ലാർക്കുമാത്മാവായിവിളങ്ങും പരാത്മാവേ!
വല്ലാതെ കേഴുന്നു ഭൃത്യരാമടിയങ്ങൾ!
എങ്ങുമാവകശിരസ്സുണ്ടായീയവതാര-
മങ്ങുന്നു കൈക്കൊണ്ടതിൻ കാരണമെന്തെന്നാലും
നീതന്നെയരുൾചെയ്യേണമേ കൃപാപൂർവ്വ-
മെല്ലാമേ മടിയാതെ നമസ്തേ നമോസ്തുതേ."

ശിരസ്സില്ലാത്തവരോടു വർത്തമാനം ചോദിക്കുന്ന ബ്രഹ്മാവിനെ മഹാവിഷ്ണു പരിഹസിച്ചു. അപ്പോൾ ബ്രഹ്മാവ് ആ ബാലനെ നോക്കി പിന്നെയും അപേക്ഷിച്ചു.

"നിന്നെക്കുറിച്ചു നേരായറിയുന്നവനായി
മൂന്നുലോകത്തിലും നീയല്ലാതില്ലാരുവനും
ദേവദേവേശ! തവ പൊൽപാദം പണിയുന്നേ-
നേവനെന്നറിയിപ്പാൻ കാരുണ്യമുണ്ടാകണം."

അപ്പോളവിടെ കൂടിയിരുന്നവർ വിസ്മയിക്കുംവിധം ആ ബാലകശരീരത്തിൽനിന്നു ശബ്ദങ്ങളിങ്ങനെ പുറപ്പെട്ടുതുടങ്ങി.

"സിന്ദൂരാസുരന്റെ നാശത്തിനായി, സകല ചരാചരാത്മാവായ ഞാൻ ജനിച്ചിരിക്കുകയാണ്. പാർവ്വതീപരമേശ്വരന്മാർ പഞ്ചലീവനത്തിൽ വിനോദിച്ചിരിക്കുന്ന കാലത്തു, ഞാൻ ഗർഭസ്ഥനായ വിവരം സിന്ദൂരാസുരൻ ആകാശവാണിയാൽ ഗ്രഹിച്ചു, പഞ്ചലീവനത്തിൽചെന്നു. അപ്പോൾ പാർവ്വതീപരമേശ്വരന്മാർ നിദ്രചെയ്യുകയായിരുന്നു. അവൻ മായയാൽ വായുവായി പാർവ്വതിയുടെ ഗർഭത്തിൽ പ്രവേശിച്ചു എന്റെ ശിരസ്സു നഖങ്ങൾകൊണ്ടു നുള്ളിയെടുത്തു നർമ്മദാനദിയിലെറിഞ്ഞു. ഇ

തെട്ടാമത്തെ മാസത്തിലാണുണ്ടായതു്. അതിൽപിന്നെയാണിവർ കൈലാസത്തിലേയ്ക്കു മടങ്ങിയതു്." ഈ ശബ്ദങ്ങൾ നിലച്ചയുടനെ നാലു തൃക്കൈകളിലും ജ്വലിക്കുന്ന ആയുധങ്ങളും ധരിച്ചു കുഞ്ജരാസ്യനായി അദ്ദേഹമെഴുന്നേററു. എല്ലാവരും വളരെ സന്തോഷിക്കയുംചെയ്തു. ബ്രഹ്മാവു് അദ്ദേഹത്തിനു വിനായകനെന്നു നാമകരണംചെയ്തു ദിവ്യവസ്തുക്കൾ കാഴ്ചവെച്ചശേഷം ദേവന്മാർ മടങ്ങുകയും ചെയ്തു.

ചിങ്ങമാസത്തിൽ ശുക്ലചതുർത്ഥിനാളാണു് വിനായകനവതരിച്ചതു്. അതുകൊണ്ടു വിനായകചതുർത്ഥിയെന്നു പ്രസിദ്ധമായിത്തീരുകയും ചെയ്തു. ചതുർത്ഥിനാൾ ഉപവസിച്ചു ഗണേശപൂജകഴിച്ചു ശുചിയായിരിക്കുകയും പഞ്ചമിനാൾ ബ്രാഹ്മണരു കാലുകഴുകിച്ചൂട്ടുകഴിച്ചു ദക്ഷിണ കൊടുത്തു പാരണ കഴിക്കുകയും വേണം.

'കരിവരകരിണികളായി പാർവ്വതിപരമേശ്വരന്മാർ വനങ്ങൾതോറും കളിച്ചുനടന്ന കാലത്തുണ്ടായ പുത്രനാണു ഗജാസ്യനായ ഗണപതി'യെന്നു കുഞ്ചൻനമ്പ്യാരുടെ തുള്ളൽക്കഥകളിൽ കാണുന്നുണ്ടു്. അവർ യഥേഷ്ടം വിഹരിച്ചുവെന്നല്ലാതെ കരിയും കരിണിയുമായി കളിച്ച വിവരം കാണുന്നില്ല. ശിരസ്സില്ലാതെ പിറന്ന കാരണവും പിന്നീടു ഗജാസ്യനായി വിനായകനെഴുന്നേററതും മുൻ പ്രസ്താവിച്ച ഭാഗങ്ങൾകൊണ്ടുതന്നെ സ്പഷ്ടമായിട്ടുണ്ടു്. ഇതുതന്നെയാണു വിനായകാവതാരത്തെക്കുറിച്ചു വിശ്വസിക്കാവുന്ന സംഗതിയെന്നും പറയാം.

20. ഭുവനേശ്വരീപൂജ.

(നവരാത്രി)

സർവ്വാണ്ഡങ്ങളുടേയും ഉൽപ്പത്തിസ്ഥിതിലയകാരണമാകുന്ന പരാശക്തിയാണു ഭുവനേശ്വരി. ബ്രഹ്മാ, വിഷ്ണു, ശിവൻ എന്നീ മൂർത്തിത്രയങ്ങളുടേയും മാതാവാണു പരാശക്തിയെന്നു പറയുന്നു. അതു് അബദ്ധമാണെന്നു വൈഷ്ണവാദികൾ വാദിക്കു

വാൻ ബുദ്ധികൊണ്ടാകുന്നതല്ല. അദ്വൈതസിദ്ധാന്തപ്രകാരം ബ്രഹ്മമൊന്നേയുള്ളൂ. ഗുണാശ്രയികളായ ത്രിമൂർത്തികളുടെ മൂലം ബ്രഹ്മംതന്നെയാണ്. ആ ബ്രഹ്മത്തെ പരാശക്തിയെന്ന സ്ത്രീരൂപം കല്പിക്കുന്നതു ഭക്തന്മാർക്ക് ഉപാസനയിലുള്ള വാസനകൊണ്ടുമാത്രമാണ്.

'യേ യഥാ മാം പ്രപദ്യന്തേ
താംസ്തഥൈവ ഭജാമ്യഹം'

എന്നാണല്ലോ ഈശ്വരന്റെ മതം. അതുകൊണ്ട് ഓരോരുത്തരുടേയും അനുഭവമനുസരിച്ച് ആ 'ശക്തി'യെ ഏതു നാമംകൊണ്ടും സംബോധനചെയ്യാം. ബ്രഹ്മാവാദി മൂർത്തിത്രയങ്ങളും പല വിഷമഘട്ടങ്ങളിലും ധ്യാനനിഷ്ഠന്മാരായിരുന്നിട്ടുള്ളതായി പുരാണങ്ങളിൽ കാണുന്നതിനാൽ അവർക്കും മീതെയായി കവിച്ചുനിന്ന ശക്തിയുണ്ടെന്നു നമുക്കു നിരൂപിക്കാം. യോഗനിദ്രാധീനനായിരിക്കുന്ന വിഷ്ണു ആ ശക്തിയെയാണ് അശ്രാന്തം ഭജിക്കുന്നതു്. ശിവൻ ഹിമാചലസാനുക്കളിൽവെച്ചു തപസ്സുചെയ്യുന്നതും ആ ശക്തിയെത്തന്നെയാണ്. ബ്രഹ്മാവിനെ സൃഷ്ടിക്കും, വിഷ്ണുവിനെ രക്ഷയ്ക്കും, മഹാദേവനെ നാശത്തിനും നിയോഗിച്ചിരിക്കുന്നതും ആ പരാശക്തിയാണ്.

മൂർത്തിത്രയങ്ങളുടെ ഉത്ഭവാനന്തരം അവർ മൂവരും തങ്ങളുടെ പ്രവൃത്തിയെക്കുറിച്ചറിവില്ലാതെ അലയുമ്പോൾ ദേവമാതാവ് അവരുടെ മുമ്പിൽ പ്രത്യക്ഷയായി മൂവർക്കും ഓരോ കർമ്മങ്ങളേല്പിക്കയും അതിലവരെ സഹായിക്കുവാനായി തന്റെ അംശത്താൽ സൃഷ്ടിക്കപ്പെട്ട ലക്ഷ്മീഭഗവതിയെ വിഷ്ണുവിനും, സരസ്വതിയെ ബ്രഹ്മാവിനും, മഹാകാളിയെ ശിവനും ഭാര്യമാരായി കൊടുക്കുകയുംചെയ്തു. (സരസ്വതി മുതലായവരുടെ ഉൽപത്തി 'സരസ്വതിപൂജ' എന്ന വിഷയത്തിൽ വിസ്തരിക്കുന്നതാണ്.)

ദേവിയുടെ കിങ്കരന്മാരായി ശങ്കരാദികൾ പ്രവൃത്തിനടത്തുന്ന കാലത്തു മഹിഷാസുരൻ ബ്രഹ്മാവിനെ തപസ്സുചെയ്തു സ്ത്രീയാൽമാത്രം വധം വരമായി യാചിക്കുകയും അനുഗ്രഹങ്ങളെ

അനുവദിക്കയും ചെയ്തു. മഹിഷാസുരൻ അചിരേണ ലോകങ്ങളെല്ലാമടക്കി. യുദ്ധത്തിൽ ദേവന്മാരേയും മടക്കി. ശങ്കരാച്യുതന്മാരേയും തോല്പിച്ചു. അതിനാൽ ദേവന്മാർ വിവശന്മാരായി ഭുവനേശ്വരിയെ ഭജിക്കയും ദേവി മൂർത്തികളുടേയും, ദേവകളുടേയും ദേഹത്തിൽനിന്നു പുറപ്പെട്ട തേജോരാശികളാൽ ഗൃഹീതമനോവിമോഹനാകാരത്തോടുകൂടിയവളായി, പതിനെട്ടുകൈകളിൽ ശൂലാങ്കുശശരാസനാദ്യായുധങ്ങളും ധരിച്ചു വിളങ്ങി. വധിമുഖ്യന്മാരാൽ വന്ദിതയായ ദേവി, സുരാദികളെ സമാശ്വസിപ്പിച്ചശേഷം മഹിഷാസുരനോടെതിരിട്ടു. അതിസ്ഥൂലബുദ്ധിയായ ദാനവനെ വംശത്തോടെ നശിപ്പിച്ചശേഷം ദേവി അരൂപയായി ഭവിക്കയും ചെയ്തു. ഈ പരാക്രമത്തിനെ ഉദ്ദേശിച്ചാണു നവരാത്രിപൂജ.

നവരാത്രി ശരത്തിലും വസന്തത്തിലും വരുന്നുണ്ട്. ഈ രണ്ടു ഋതുക്കളേയും യമദംഷ്ട്രകളെന്നു പറയുന്നു. ആ പേരു കൊണ്ടുതന്നെ ആ കാലങ്ങൾ അനേകരോഗങ്ങൾക്കു കാരണമാണെന്നു് ഊഹിക്കാവുന്നതാണ്. ഇതു മൂലമാണു ചൈത്രവും ആശ്വിനവും ദേവീപൂജയ്ക്കു വളരെ വിശേഷമായുള്ള മാസങ്ങളാണെന്നു പറഞ്ഞുവരുന്നതു്. ഈ മാസങ്ങളിൽ ശുക്ലപക്ഷത്തിലാണു വ്രതമാചരിക്കേണ്ടതെന്നു പ്രത്യേകം പറഞ്ഞുകൊള്ളുന്നു. ആശ്വിനത്തിലെ നവരാത്രിക്കു പ്രാധാന്യം കൂടുമെന്നാണു ചിലരുടെ അഭിപ്രായം. നവരാത്രിവ്രതമെന്നാൽ സരസ്വതിയെ ഭജിക്കുകയെന്നാണ് ഇപ്പോൾ കണ്ടുവരുന്നതു്. പക്ഷെ അതും അടിസ്ഥാനമില്ലാത്തതല്ല. എന്നു മാത്രമല്ല, ശരദൃതുവിലെ നവരാത്രി സരസ്വതിപൂജയാണെന്നു തീർപ്പു കല്പിക്കതന്നെ ചെയ്തിട്ടുണ്ടു്. (രണ്ടാം പുസ്തകത്തിൽ പറയുന്ന സരസ്വതിപൂജയിൽനിന്നും ഈ സംഗതികൾ സ്പഷ്ടമായി ഗ്രഹിക്കാവുന്നതാണ്)

അമാവാസിക്കു മുമ്പുതന്നെ നവരാത്രിപൂജയ്ക്കു വേണ്ടുന്ന സാമഗ്രികൾ ഒരുക്കിവെച്ചശേഷം അമാവാസി ദിവസം മുതൽ വ്രതം ആരംഭിക്കേണ്ടതാകുന്നു. അന്നു് ഏകഭക്തമേ പാടുള്ളൂ. ദേവിപൂജ നടത്തേണ്ടതു് പ്രത്യേകമായ ഒരു വിശുദ്ധ ഗൃഹത്തി

ലാണു. ആ ഗൃഹം തോരണം മുതലായവകൊണ്ടു ഭംഗിയായി അലങ്കരിക്കയും വേണം. വേദവേദാംഗപാരഗന്മാരായ ബ്രാഹ്മണശ്രേഷ്ഠന്മാരെ, ക്ഷണിച്ചുവരുത്തി സൽക്കരിച്ചുശേഷം അവരെക്കൊണ്ടു പൂജ നടത്തിക്കേണ്ടതാകുന്നു. പൂജാവിധികൾ തൽക്കാലം വിവരിക്കുവാൻ വിചാരിക്കുന്നില്ല.

സോമവാരവ്രതത്തിന്റെ അവസാനത്തിൽ ബ്രാഹ്മണദമ്പതികളെ പാൎവ്വതീപരമേശ്വരന്മാരെന്നു സങ്കല്പിച്ചു പൂജിക്കുന്നതുപോലെ നവരാത്രിപൂജ കഴിഞ്ഞാൽ ഓരോ ദിവസവും കന്യകമാരെ ദേവിയെ സങ്കല്പിച്ചു പൂജിക്കേണ്ടതാണ്. രണ്ടു വയസ്സു മുതൽ മീതെയും പത്തു വയസ്സിൽ താഴെയുമുള്ള സൎവ്വലക്ഷണയുക്തകളായ കന്യകകളെ ദേവിയുടെ പ്രതിനിധികളെന്നനിലയിൽ പൂജിച്ചുശേഷമേ ഭക്ഷണം കഴിച്ചുകൂട. ഓരോ ദിവസവും ദേവിയെ ഏതു രൂപത്തിലാണു സങ്കല്പിക്കേണ്ടതെന്നും പറയാം. ഒന്നാം ദിവസം കുമാരി, രണ്ടാം ദിവസം ത്രിമൂൎത്തി, മൂന്നാം ദിവസം കല്യാണി, നാലാം ദിവസം രോഹിണി, അഞ്ചാം ദിവസം കാളി, ആറാം ദിവസം ചണ്ഡിക, ഏഴാം ദിവസം ശാംഭവി, എട്ടാം ദിവസം ദുൎഗ്ഗ, ഒമ്പതാം ദിവസം സുഭദ്ര ഇപ്രകാരമാകുന്നു.

ദേവീപൂജയ്ക്കു നവരാത്രിയാണു വിശേഷമെന്നു പറയുന്നതിന്റെ കാരണമാണ് ഇനി ആലോചിപ്പാനുള്ളതു്: ഒരിടത്തു് ഇങ്ങനെ കാണുന്നുണ്ടു്. ദേവാദികൾ 'ദുൎഗ്ഗൻ' എന്ന ദൈത്യന്റെ ഉപദ്രവംകൊണ്ടു കുഴങ്ങുകയാൽ പരാശക്തിയെ ഭജനംതുടങ്ങി. അതു ശുക്ലപക്ഷത്തിൽ പ്രഥമദിവസമാണ്. എട്ടാം ദിവസം ദേവി, 'ദുൎഗ്ഗ' എന്ന അഭിധാനത്തോടെ അവരുടെ മുമ്പിലാവിൎഭൂതയായി. അതിനാൽ ആ ദിവസത്തെ 'ദുൎഗ്ഗാഷ്ടമി'യെന്നും, 'മഹാഷ്ടമി'യെന്നും പറഞ്ഞുവരുന്നു. പിന്നീടു ദേവി ദുൎഗ്ഗനെ ദശമിനാൾ വധിച്ചതിനാൽ അതിനു 'വിജയദശമി'യെന്നു നാമകരണം ചെയ്തു.

നവരാത്രിവ്രതം ആദ്യമായി ഭൂമിയിൽ നടത്തിയതു രാവണാരിയായ ശ്രീരാമനാണെന്നാണു പുരാണങ്ങളിൽ കാണുന്ന

ു. ബ്രഹ്മാവിനാൽ ദത്തമായ വരത്താൽ ദുരഹങ്കാരിയായിത്തീൎന്ന രാവണൻ മൂലോകവാസികളേയും, വിശിഷ്യ, പതിവ്രതകളേയും, ദ്രോഹിച്ചതിനാൽ അവനെ വധിക്കുവാനായി, ദേവന്മാരാൽ പ്രാൎത്ഥിതനായ ശ്രീനാരായണൻ, കോസലാധിപനായ ദശരഥന്റെ പുത്രനായി രാമനെന്ന പേരോടെ അവതീൎണ്ണനായി. അദ്ദേഹം പിതൃസത്യത്തെ രക്ഷിപ്പാൻ പത്നിയായ സീതാദേവിയോടും ഭ്രാതാവായ ലക്ഷ്മണനോടുംകൂടി കാട്ടിൽ വസിക്കുമ്പോൾ രാവണഭഗിനിയായ ശൂൎപ്പണഖയെ ലക്ഷ്മണൻ വിരൂപയാക്കിയതിനാൽ ക്രുദ്ധന്മാരായി യുദ്ധത്തിനു ചെന്ന ഖരദൂഷണത്രിശിരാക്കളേയും അവരുടെ ഭടജനങ്ങൾ പതിനാലായിരത്തേയും ശ്രീരാമൻ വധിച്ചതു കേട്ട കാലചോദിതനായ രാവണൻ മാരീചനെ പൊൻമാനിന്റെ വടിവാക്കിവിട്ടു, ജാനകിയെ മോഹിപ്പിക്കയും മാൻ രാമലക്ഷ്മണന്മാരെ ആശ്രമത്തിൽനിന്നും ദൂരീകരിക്കയും ചെയ്തു. ആ തക്കംനോക്കി രാവണൻ ഭിക്ഷുരൂപിയായിച്ചെന്നു സീതയെ അപഹരിച്ചു തന്റെ രാജ്യമായ ലങ്കയിലുള്ള അശോകവനികയിൽ പാൎപ്പിക്കയും ചെയ്തു. ശ്രീരാമൻ മാരീചമൃഗത്തെ വധിച്ചു സാനുജനായി തിരികെ ആശ്രമത്തിൽ ചെന്നപ്പോൾ സീതാദേവിയെക്കാണായ്കയാൽ വ്യസനിച്ചു നിലവിളിച്ചു. ലക്ഷ്മണൻ സമാധാനങ്ങൾ പലതും പറഞ്ഞുനോക്കിയെങ്കിലും അതൊന്നും അദ്ദേഹത്തിന്റെ ഹൃദയത്തിൽ കടന്നില്ല.

അവർ സീതാദേവിയെ അന്വേഷിച്ചു പോകുമ്പോൾ, രാവണന്റെ വെട്ടേറ്റു കാലപാശത്തിൽ കുടുങ്ങിക്കിടക്കുന്ന വൃദ്ധജടായുവിനെക്കണ്ടു. ജടായു സീതാവൃത്താന്തം ഗ്രഹിപ്പിച്ചുടനെ നാമാവശേഷനായി. അവർ ജടായുവിന്റെ ശേഷക്രിയകൾ കഴിച്ചു കിഷ്കിന്ധയെന്ന രാജ്യത്തിലെത്തി. ദേവീവിരഹത്താൽ ശ്രീരാമൻ നഷ്ടപ്രജ്ഞനായി. ലക്ഷ്മണൻ കഴിയുന്നേടത്തോളം ജ്യേഷ്ഠനെ സമാശ്വസിപ്പിക്കുന്നുണ്ട്. ആ അവസരത്തിൽ ലോകഗുരുവായ ശ്രീനാരദൻ 'മഹതി'യെന്ന തന്റെ വീണമീട്ടി ഭഗവൽസ്തോത്രങ്ങൾ പാടിക്കൊണ്ടു ശ്രീരാ

ന്റെ പുരോഭാഗത്തു പ്രത്യക്ഷനായി. അദ്ദേഹം മഹർഷിയെ ആദരിച്ചശേഷം മഹർഷി ഇങ്ങനെ പറഞ്ഞു:

"ഞാൻ ദേവലോകത്തിൽ ചെന്നപ്പോൾ രാവണൻ സീതയെ ചോരണംചെയ്ത വൃത്താന്തം കേൾക്കുകയുണ്ടായി. അതുകൊണ്ടു ഭവാനെ കണ്ടുകാണണമെന്നു തീർച്ചയാക്കീട്ടാണ് ഇങ്ങോട്ടു പോന്നതു്. ഭവാൻ പ്രാകൃതപുരുഷന്മാരെപ്പോലെ ഖിന്നനായി വസിക്കുന്നതെന്താണ്? രാവണനെക്കൊൽവാനായിട്ടല്ലേ അങ്ങയുടെ അവതാരം? സീതാദേവി അതിന്നൊരു കാരണഭൂതയാണ്. ദേവി പൂർവ്വജന്മത്തിൽ മുനി തനയയായ വേദവതിയായിരുന്നു. കാമാന്ധനായ രാവണൻ വേദവതിയെ ധർഷണം ചെയ്വാനടുത്തപ്പോൾ അവൾ രാവണനെ ശപിച്ച് അഗ്നിയിൽ പ്രവേശിച്ചു. ആ വേദവതിതന്നെയാണ ലക്ഷ്മീദേവിയുടെ അംശത്തോടെ അയോനിജയായി ജനിച്ച സീതാദേവി. അങ്ങയെ ധ്യാനിച്ചുംകൊണ്ടു ദേവി രാവണന്റെ ഉദ്യാനത്തിൽ മൂർത്തിമത്തായ മാലെന്നപോലെ വസിക്കുന്നു. ക്ഷുധാർത്തയായിരുന്ന ദേവിക്കു ഞാൻ ദേവലോകത്തുനിന്നും കാമധേനുവിന്റെ പാൽകൊണ്ടുപോയി കൊടുത്തു. അതിനാലിനി വിശപ്പും ദേവിയെ ബാധിക്കയില്ല.

ഇവിടുന്നിങ്ങോട്ടു നമുക്കാലോചിക്കേണ്ടതു രാവണവധത്തിനുള്ള ഉപായമാണ്. ആശ്വിനമാസത്തിൽ വരുന്ന നവരാത്രി വളരെ ശ്രദ്ധയോടെ അനുഷ്ഠിക്കേണ്ടതാണ്. ഒമ്പതു ദിവസവും ഉപവസിച്ചിരിക്കതന്നെ വേണം. ദേവിയെ ദിവസംപ്രതി പൂജിക്കയും സർവ്വസിദ്ധികരമായ ജപവും ഹോമവും ചെയ്കയും ശുദ്ധമായുള്ള ഒരു മൃഗത്തെ ബലികൊടുക്കുകയും ജപസംഖ്യയിൽ പത്തിലൊരംശം ഹോമം ചെയ്കയും ചെയ്താൽ ഭവാൻ ഏറ്റവും ബലവാനായിത്തീരുമെന്നു ജ്ഞാനികൾ പറയുന്നു. ഈ നവരാത്രിവ്രതം ബ്രഹ്മാവിഷ്ണുമഹേശ്വരന്മാർ അവരവരുടെ ലോകങ്ങളിൽവെച്ചു നടത്തീട്ടുണ്ട്. സാധാരണ മനുഷ്യരുടെ ഇടയിൽ ഈ വ്രതം ഇതുവരെ പ്രചരിച്ചിട്ടില്ല. ഭവാൻ മൂലം അതും സാധിക്കട്ടെ. പൂജാവിധാനങ്ങളോടുകൂടി ഭവാ

ശത്രുനാശമാഗ്രഹിക്കുന്നവൻ നവരാത്രിവ്രതം അവശ്യമനുഷ്ഠിക്കേണ്ടതാണ്. ഭൃഗു, കശ്യപൻ, കൌശികൻ, വസിഷ്ഠൻ മുതലായ മഹർഷിശ്രേഷ്ഠന്മാരും ഈ വ്രതമാചരിച്ചിട്ടുള്ളവരാണ്. ബൃഹസ്പതിയും നവരാത്രിവ്രതമനുഷ്ഠിച്ചിട്ടുണ്ട്. ദേവേന്ദ്രനു വൃത്രാസുരനെ കൊല്ലുവാനുള്ള ശക്തിയും ഈ വ്രതംകൊണ്ടാണു സിദ്ധിച്ചത്. ശിവൻ ത്രിപുരന്മാരെ സംഹരിച്ചതും നവരാത്രിവ്രതമാചരിച്ച ശേഷമാണ്. മഹാവിഷ്ണു മധുകൈടഭന്മാരെ വധിക്കുവാനപ്രാപ്തനായപ്പോൾ നവരാത്രിവ്രതമനുഷ്ഠിക്കയും ദേവി പ്രത്യക്ഷയായി വരംകൊടുക്കയും ചെയ്കയാൽ മാത്രമാണ് അദ്ദേഹം ആ അസുരന്മാരുടെ ഹന്താവായി ഭവിച്ചത്. അതുകൊണ്ടു രാവണവധാർത്ഥം ഭവാനും ഈ വ്രതംതന്നെ അനുഷ്ഠിക്കുക."

ദേവർഷിയായ നാരദന്റെ വചനം കേട്ടപ്പോൾ ശ്രീരാമൻ ദേവിയുടെ മാഹാത്മ്യമറിയിക്കേണമെന്നാവശ്യപ്പെട്ടു. ദേവീമാഹാത്മ്യവും നാരദൻ വിസ്തരിച്ചു പറഞ്ഞപ്പോൾ ജാതോത്സാഹനായ ശ്രീരാമൻ ദേവിപൂജയ്ക്കുത്സുകനായി ഭവിച്ചു. നാരദമഹർഷി വ്രതാനുഷ്ഠാനവിധികളുമദ്ദേഹത്തിനുപദേശിച്ചു.

നാരദോപദേശപ്രകാരം ശ്രീരാമൻ ആ ശരൽകാലത്തിൽ തന്നെ നവരാത്രിവ്രതം ദീക്ഷിച്ചു. നാരദമഹർഷിതന്നെ ആചാര്യനായിനിന്നു വിധിപോലെ വ്രതകർമ്മങ്ങളെല്ലാം ചെയ്യിക്കയും ചെയ്തു. ശ്രീരാമൻ ശുഭമായ പീഠം നിർമ്മിച്ച് അതിൽ മംഗല്യദായിനിയായ അംബികയെ സ്ഥാപിച്ച് ആരാധിച്ചു. അദ്ദേഹം ഒമ്പതു ദിവസവും ഉപവസിച്ചു. ദാനാദികളും ചെയ്തു. വ്രതം ദീക്ഷിച്ചിരുന്ന രാഘവന്മാരുടെ മുമ്പിൽ അഷ്ടമിനാളർദ്ധരാത്രിയിൽ ദേവി പ്രത്യക്ഷയായി. സിംഹാരൂഢയായ പരാശക്തിയെ അവർ ഭക്തിപൂർവ്വം സ്തുതിച്ചു. അവരുടെ അവതാരോദ്ദേശം ദേവി അവരോടു പറഞ്ഞു. രാവണാദികളെ സംഹരിപ്പാൻ വരവും ദാനം ചെയ്തു. രാവണവധാനന്തരം വസന്തകാലത്തിലും നവരാത്രിവ്രതമാചരിക്കേണമെന്നുപദേശിച്ചു മറഞ്ഞു. ശ്രീരാമൻ രാവണനെക്കൊന്നശേഷവും ദേവിയരുളിച്ചെയ്തപോലെ നവരാത്രിവ്രതമനുഷ്ഠിച്ചു. ശ്രീരാമൻ രാവണ

ണെ വധിച്ചതുതന്നെ വിജയദശമിനാളാണെന്നു ചില ചരിത്രകാരന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ടു്.

ഉത്തരേന്ത്യയിൽ നവരാത്രിയും, ശ്രീരാമാവതാരം പ്രമാണിച്ചുള്ള, 'രാമലീല'യും ചൈത്രമാസത്തിലായതുകൊണ്ടു, ശൈവന്മാരും വൈഷ്ണവന്മാരും തമ്മിൽ ആഘോഷത്തിൽതന്നെ മത്സരിക്കാറുണ്ടു്. രാമരാവണന്മാരുടെ യുദ്ധത്തിന്റെ അനുകരണമാണു 'രാമലീല'. രാമന്റെ പടം രഥത്തിൽകയററി ആഡംബരത്തോടെ പട്ടണമദ്ധ്യത്തിൽക്കൂടെ കൊണ്ടുപോകുമ്പോൾ, രാവണന്റെ രൂപം പ്രമാണിച്ചു മുളകൊണ്ടു് ഒരാളുടെ രൂപവും പിമ്പെകൊണ്ടുപോകുന്നു. മുളകൊണ്ടുള്ള രാവണരൂപത്തിൽ കടലാസ്സു പററിക്കാറുണ്ടു്. പത്താംദിവസം ഘോഷയാത്രക്കു ശേഷം രാവണന്റെ രൂപം കത്തിച്ചുകളകയും ചെയ്യുന്നു. ശേഷം ഭാഗങ്ങളും ശ്രീരാമനവമിയിൽ വിസ്തരിച്ചിട്ടുണ്ടു്.

നവരാത്രിവ്രതം ശ്രീരാമനനുഷ്ഠിച്ചുവെങ്കിലും എല്ലാവരും ആ വ്രതമാചരിച്ചേകഴിയൂവെന്നു നിൎബ്ബന്ധമായിത്തീൎന്നതു സുദൎശനനെന്ന രാജാവിന്റെ കാലം മുതൽക്കാണു്. കോസല രാജ്യത്തു 'ധ്രുവസന്ധി'യെന്നൊരു രാജാവുണ്ടായിരുന്നു. അദ്ദേഹം കലിംഗരാജാവായ വീരസേനന്റെ പുത്രി മനോരമയേയും ഉജ്ജയിനിയിലെ രാജാവായ യുധാജിത്തിന്റെ പുത്രി ലീലാവതിയേയും വിവാഹം ചെയ്തു. മനോരമ 'സുദൎശനൻ' എന്ന പുത്രനേയും അതിന്നുശേഷം ലീലാവതി 'ശത്രുജിത്തു്' എന്ന പുത്രനേയും പ്രസവിച്ചു. കുമാരന്മാർ തരുണന്മാരാകുന്നതിന്നുമുമ്പിൽ ധ്രുവസന്ധി കൃതാന്തവശനായി. അതിനാൽ മന്ത്രിശ്രേഷ്ഠന്മാർ വസിഷ്ഠമഹൎഷിയുടെ ഉപദേശപ്രകാരം സുദൎശനനെ രാജാവായി അഭിഷേകം ചെയ്വാൻ വട്ടംകൂട്ടി. അപ്പോൾ യുധാജിത്തു് അതു തടയുവാനൊരുമ്പെട്ടു. അതുകേട്ടു വീരസേനൻ തന്റെ പൌത്രനെ സഹായിപ്പാൻ സൈന്യങ്ങളോടുകൂടി അയോദ്ധ്യയിലേയ്ക്കു ചെന്നു. അവർ തമ്മിൽ ഉഗ്രമായ രണം നടന്നു. അതിൽ വീരസേനൻ വീരസ്വൎഗ്ഗം പ്രാപിച്ചു. യുധാജിത്തിനെ പേടിച്ചു മനോരമയും സുദൎശനനും മന്ത്രിയായ വിദല്ലന്റെ സഹായ

ത്തോടെ ഭരദ്വാജാശ്രമത്തിൽ ചെന്നു. ഭരദ്വാജമഹൎഷി അവ ൎക്ക് അഭയംകൊടുത്തു. ശത്രുജിത്തിനെ യുധാജിത്തു രാജാവാക്കിയശേഷം സുദൎശനനും മനോരമയും ഭരദ്വാജാശ്രമത്തിലുണ്ടെന്നറിഞ്ഞ് അവരെ കൊലചെയ്യാനായിട്ടങ്ങു ചെന്നു. ഭരദ്വാജൻ യുധാജിത്തിനെ ഭംഗിവാക്കുകളാൽ തിരിച്ചയപ്പാൻ ശ്രമിച്ചിട്ടു സാധിക്കാഞ്ഞതിനാൽ അദ്ദേഹം കോപിച്ചു. മനോരമയേയും സുദൎശനനേയും തൊട്ടുപോയാൽ, നന്ദിനിയെ ഗ്രഹിച്ച വിശ്വാമിത്രനു പറ്റിയതുപോലെ യുധാജിത്തിനും പറ്റുമെന്നു മഹൎഷി പറഞ്ഞു. അതിനാൽ യുധാജിത്തു മടങ്ങുകതന്നെ ചെയ്തു.

ഭാഗ്യത്താൽ സുദൎശനൻ ദേവീമാഹാത്മ്യം മുനിമാരിൽനിന്നും ഗ്രഹിച്ചു. സദാ അദ്ദേഹം ദേവിയെ ഭജിച്ചു. ദേവി അദ്ദേഹത്തിന്റെ മുമ്പിൽ പ്രത്യക്ഷയായി, അചിരേണ അദ്ദേഹം കോസലാധിപനായിത്തീരുമെന്നു പറഞ്ഞു തിരോഭൂതയായി. അക്കാലത്തു കാശിരാജാവായ സുബാഹുവിന്റെ പുത്രിയായ ശശികല പൂൎണ്ണയൌവനയുക്തയായി. ഭരദ്വാജാശ്രമത്തിൽ വാഴുന്ന സുദൎശനെ വരിക്കുവാൻ ശശികലയോടു ഭുവനേശ്വരി സ്വപ്നത്തിലുപദേശിച്ചു. അതേവിധം സ്വപ്നം സുദൎശനനുമുണ്ടായി. ശശികല സുദൎശനനെ മനസാ വരിക്കയും ചെയ്തു.

സുബാഹു ശശികലയുടെ സ്വയംവരം നിശ്ചയിച്ചു. രാജാക്കന്മാരേയും ക്ഷണിച്ചുവരുത്തി. വേണ്ടുന്ന ആഘോഷങ്ങളും കൂട്ടി. അതുകണ്ടു സുദൎശന്റെ സമീപത്തേക്കു ശശികല ഒരു ബ്രാഹ്മണനെ അയച്ചു, തന്റെ അഭീഷ്ടമറിയിച്ചു. ദേവിയുടെ പ്രസാദത്താൽ ശൃംഗിവേര പുരാധിപൻ, സുദൎശനനു വിവാഹത്തിനു പുറപ്പെടുവാനുള്ള രഥമയച്ചുകൊടുത്തു. സുദൎശനൻ മഹൎഷിമാരുടെ അനുഗ്രഹം വാങ്ങി കാശിരാജ്യത്തേക്കു പുറപ്പെട്ടു. മനോരമയും സുദൎശനനെ അനുഗമിച്ചു.

സുദൎശന്റെ ആഗമനത്താൽ യുധാജിത്തു കോപകഷായിതാക്ഷനായി. ശശികല സുദൎശനനെ വരിക്കുവാൻ തീൎച്ചയാ

കിയ വിവരവും അദ്ദേഹം ഗ്രഹിച്ചു. ശശികല ശത്രുജിത്തിനെയോ മററു രാജാക്കന്മാരിൽ ഒരാളെയോ മാലയിടാതെ സുദർശനനെ വരിക്കുന്നതായാൽ സുദർശനനേയും സുബാഹുവിനേയും മററും വധിച്ചു കന്യകയെ തൻെറ പൌത്രനായ ശത്രുജിത്തിന്നു കൊടുക്കുന്നതാണെന്ന് അദ്ദേഹം ഭീഷണിപ്പെടുത്തി. സുദർശനനെയല്ലാതെ മററാരെയും മാലയിടുവാനോ കാമാന്ധന്മാരായ രാജാക്കന്മാരുടെ സദസ്സിൽ ചെല്ലുവാനോ സതിയായ ശശികല ഒരുങ്ങിയില്ല. അതിനാൽ യുധാജിത്തിൻെറ പ്രേരണകൊണ്ടു രാജാക്കന്മാരെല്ലാം സുബാഹുവിൻെറ വിരോധികളായി ഭവിച്ചു. ശശികല സുദർശനനെ മാലയിട്ടു വിവാഹകർമ്മങ്ങളും നടത്തി. രാജാക്കന്മാർ സുബാഹുവിൻെറ സൽക്കാരം സ്വീകരിക്കാതെ സുദർശനനെ തടയുവാൻ വഴിമദ്ധ്യേ താമസിച്ചു. ജഗദീശ്വരിയെ മാത്രം ആശ്രയിച്ചു സുദർശനൻ വിവാഹാനന്തരം ശശികലയോടും തനിക്കു ലഭിച്ച സ്ത്രീധനത്തോടും ഭരദ്വാജാശ്രമത്തിലേക്കു യാത്രയായി. മാർഗ്ഗത്തിൽ രാജാക്കന്മാർ യുധാജിത്തിനെ മുന്നിട്ടു സുദർശനനെ തടഞ്ഞു. അനന്തരം സുബാഹുവും തൻെറ സൈന്യങ്ങളോടുകൂടെ സുദർശന സഹായത്തിന്നെത്തി. ജഗദംബികയെ സ്മരിച്ചു, സുദർശനൻ യുദ്ധസന്നദ്ധനായി. യുധാജിത്തും ശത്രുജിത്തും പൂർവ്വവൈരം കരുതിക്കൊണ്ടു് അദ്ദേഹത്തോടെതിർത്തു. ആ മാത്രയിൽ സിംഹാരൂഢയായി ഭുവനേശ്വരി പ്രത്യക്ഷയായി. യുധാജിത്തും അദ്ദേഹത്തിൻെറ സൈന്യങ്ങളുമൊഴികെ മററുള്ളവർ ദേവിയെക്കണ്ടു പിന്മാറി. യുധാജിത്തു വീണ്ടുമെതിർത്തു. അദ്ദേഹത്തിനേയും ശത്രുജിത്തിനേയും മഹാമായ സൈന്യത്തോടെ ഒടുക്കി. സുബാഹുവും സുദർശനനും ദേവിയെ നമസ്കരിച്ചു സ്തുതിച്ചു. ദേവി വാരാണസിയിൽ വസിക്കണമെന്നു സുബാഹുവർത്ഥിച്ചതുപോലെ ദേവി സമ്മതിക്കുകയും ആ സ്ഥലത്തിനു മേലിൽ 'മുക്തിപുരി'യെന്നു പേരുണ്ടാകുമെന്ന് അരുളിച്ചെയ്യുകയും ചെയ്തശേഷം സുദർശനനെ അയോദ്ധ്യയിലേക്കും അയച്ചു.

ദേവിയാലുപദിഷ്ടമായപോലെ സുദർശനൻ അയോദ്ധ്യ

യിൽ ചെന്നു് അഭിഷിക്തനായി. അദ്ദേഹമാദ്യമായിച്ചെയ്തതു ദേവിപൂജ ലോകത്തിൽ പ്രചരിപ്പാനുള്ള ഉത്സാഹമാണു്. ശില്പിശ്രേഷ്ഠന്മാരെ വരുത്തി മനോഹരമായ ഒരു ക്ഷേത്രം പണി ചെയ്യിച്ചു് അതിൽ ഗർഭഗൃഹത്തിൽ ദേവിയുടെ ബിംബം പ്രതിഷ്ഠിച്ചു. അപ്രകാരംതന്നെ കാശിരാജാവും ചെയ്തു. എല്ലാ പ്രജകളും നവരാത്രിവ്രതമാചരിച്ചുകൊള്ളണമെന്നു സുദർശനൻ വിളംബരപ്പെടുത്തി. അതിനാൽ നവരാത്രിവ്രതം പ്രസിദ്ധമായിത്തീരുകയും ചെയ്തു.

അഷ്ടമി, നവമി, ചതുർദ്ദശി ഈ ദിവസങ്ങളിലെ ദേവിപൂജ വളരെ വിശേഷമാണു്. നവരാത്രിപൂജയ്ക്കു 'മഹാപൂജ'യെന്നും പറയുന്നു. ചൈത്രം, ആശ്വിനം, ആഷാഢം, മാഘം എന്നീമാസങ്ങളിൽ ദേവിക്കു മഹോത്സവങ്ങൾ നടത്തുകയും വേണം. കൃഷ്ണപക്ഷാഷ്ടമിയിലും, ചതുർദ്ദശിയിലും ചെയ്യുന്ന ദേവീപൂജയ്ക്കു ഫലം വളരെയുണ്ടു്.

ശ്രീരാമനവമി.

പരമേഷ്ഠിയുടെ പൌത്രനായ വിശ്രവസ്സു മഹർഷിയുടെ പുത്രനായി രാക്ഷസിയായ കൈകസിയിലുണ്ടായ രാവണൻ പൂർവ്വജനായ വൈശ്രവണന്റെ പ്രഭാവത്താൽ ജാതാമർഷനായിച്ചമഞ്ഞു, 'തപസ്സാൽ നേടുവൻകാമം' എന്നു തീർച്ചയാക്കി പതിനായിരമാണ്ടു തീവ്രതപംചെയ്തു, പിതാമഹനെ പ്രത്യക്ഷനാക്കി,

"സുപർണ്ണനാഗയക്ഷന്മാർ-ദൈത്യദാനവരാക്ഷസർ
കൊല്ലൊല്ലെന്നെപ്രജാധ്യക്ഷ-ദേവന്മാരുംസനാതന!
മറുജീവികളിൽക്കൂസ-ലില്ലെനിക്കമരാർച്ചിത!
പുല്ലാണെന്നറിഞ്ഞാലുമെന്നോ-നരമനുഷ്യാദിജീവികൾ."

എന്നു യാചിച്ചു വരങ്ങളും വാങ്ങി, സ്നേഹിതന്മാരൊന്നിച്ചു ചെന്നു, വൈശ്രവണനെ, അദ്ദേഹത്തിന്റെ രാജ്യമായ ലങ്കയിൽനിന്നു ബഹിഷ്കരിച്ചു്, അദ്ദേഹത്തിന്റെ ദിവ്യമായ പുഷ്പകവിമാനവും കൈക്കലാക്കിയെന്നതന്നെയല്ല, കാലവിളംബമെന്നിയെ

മൂന്നുലോകങ്ങളും പിടിച്ചടക്കുകയും ചെയ്തു. രാക്ഷസന്മാരുടെ ശല്യം നിമിത്തം സജ്ജനങ്ങൾക്ക് ഇരിക്കപ്പൊറുതിയില്ലാതായി. വരത്താലുന്മത്തനായ രാവണൻ ശക്രാദിദേവന്മാരെ ധർഷണം ചെയ്തു. യക്ഷകിന്നരഗന്ധർവ്വാദികളെയും ബ്രാഹ്മണരെയും ആക്രമിച്ചു.

:അവനെസ്സൂര്യൻ ചൂടേറ്റീ-ല്ലഗ്നികകാറ്റടിച്ചില്ല
അനങ്ങീല്ലവനെക്കണ്ടാ-ലലയാടീട്ടാഴിയും.

ഇങ്ങിനെ ഭുവനത്രയം ഏകശാസനത്തിലായപ്പോൾ ലോകപാലന്മാരെയും അവൻ തച്ചോട്ടിക്കളഞ്ഞു. യാഗാദികർമ്മങ്ങളും മുടക്കി. യോഗീന്ദ്രന്മാരെയും മുനിമാരെയും ഭക്ഷിച്ചുതുടങ്ങി. ധർമ്മപത്നികളേയും ബലാൽഹരിച്ചു. ധർമ്മം മുടിഞ്ഞു. മര്യാദയുംമറഞ്ഞു. ദുർഘടന്മാരായ രാക്ഷസന്മാരുടെ ഭാരംകൊണ്ടും അവരിൽനിന്നുള്ള ഭയംകൊണ്ടും തപ്തയായിത്തീർന്ന ഭൂമിദേവി ബ്രഹ്മാവിനോടു തന്റെ വേദനയെല്ലാമറിയിച്ചപ്പോൾ, അദ്ദേഹം, ഭൂമിയേയും ദേവന്മാരെയും ഋഷികളെയും ശ്രീപരമേശ്വരനേയും കൂട്ടിക്കൊണ്ടു ക്ഷീരസാഗരതീരം പ്രാപിച്ചു മഹാവിഷ്ണുവിനെ സ്തുതിച്ചു.

അജ്ഞാനമൊരുപാധിയായിരിക്കുന്നാ—
മൊന്നിച്ചുകിഴക്കളിച്ചുയരുന്നു പോലെ
പത്മസംഭവൻതന്നിൽപ്പോലും കാണൊരുന്ന
പത്മലോചനനായ പത്മനാഭനെക്കാൾ

മഹാവിഷ്ണുവാകട്ടെ, താൻ സൂര്യാന്വയത്തിലെ രാജാവായ ദശരഥന്റെ തനയനായി അവതരിച്ചു, ലോകദ്രോഹധുരീണനുമായ രാവണനെ വംശത്തോടെ നശിപ്പിക്കുന്നതാണെന്നു പറഞ്ഞു എല്ലാവരെയും യാത്രയാക്കി. ശ്രീരാമനായി ശ്രീപതി അവതരിച്ചു ശുഭദിവസമാണു 'ശ്രീരാമനവമി.

ദശരഥരാജാവക്കാലത്തു ഋശ്യശൃംഗമഹർഷിയെക്കൊണ്ടു പുത്രാർത്ഥം പുത്രകാമേഷ്ടി നടത്തിക്കുകയായിരുന്നു. അദ്ദേഹവും പത്നിമാർ, കൌസല്യ, കൈകേയി, സുമിത്ര, എന്നിവർ മൂവ്വരും വ്രതം കൈക്കൊണ്ടിരിക്കവേ, ഋശ്യശൃംഗമുനി ഹവിസ്സർപ്പിച്ചു

യാഗാഗ്നിയിൽനിന്നും, കരിഞ്ചേലയുടുത്തു്, മുഖം തുടുത്തു, പടഹംപോലെ ശബ്ദിച്ചു, ചെമ്പിച്ച കേശവും മീശയും ചേർന്നു, ദിവ്യാഭരണങ്ങളണിഞ്ഞു, മഹാവിഷ്ണുവോളമുള്ള ഒരു മഹാഭൂതം, കയ്യിൽ പായസം നിറച്ച ഒരു പൊൻപാത്രം വെള്ളിയടപ്പിട്ടു പിടിച്ചുംകൊണ്ടു കുന്നിൻകൂട്ടംപോലെയുയർന്നു. ദേവന്മാർ നിർമ്മിച്ചതായ ആ പായസം, ആ ദിവ്യന്റെ കയ്യിൽനിന്നു രാജാവു ഭക്തിപുരസ്സരം തൊഴുതു വാങ്ങി, ധനം നേടിയ നിർദ്ധനനെപ്പോലെ തെളിഞ്ഞു് അന്തഃപുരത്തിൽ ചെന്നു.

കൌസല്യക്കപ്പൊഴേമന്നൻ-പായസംപാതിനൽകിനാൻ
നൽകിനാൻപാതിയിൽപാതി-സുമിത്രക്കു നരാധിപൻ
ബാക്കിയിൽപാതികൈകേയി-ക്കായ്നൽകിസുതാർത്ഥമായ്
പായസംബാക്കിയിൽപാതി-നൽകിനാനുളതോപമം
ആലോചിച്ചുസുമിത്രക്കായ്-വീണ്ടുമെന്നീവല്ലഭൻ.

രാജപത്നിമാരുംകൊള്ളത്തു സമ്മാനംപോലെ ആ പായസം വാങ്ങി പുത്രാർത്ഥം ഭക്ഷിച്ചു. ദിനേശാനലതുല്യ മഹസ്സിയന്ന ഗർഭങ്ങളും അവരപ്പോഴേ ധരിക്കയും ചെയ്തു.

പ്രണയിനിമാരിൽ ഗർഭലക്ഷണം കണ്ടുതുടങ്ങിയപ്പോൾ രാജാവു ബ്രാഹ്മണശ്രേഷ്ഠന്മാരെ വരുത്തി ഗർഭരക്ഷയ്ക്കായി ജപഹോമാദികളും ചെയ്യിച്ചുതുടങ്ങി. അവരുടെ ഗർഭം വളർന്നുവരുംതോറും രാജാവിനു സന്തോഷവും കൂടിക്കൂടിവന്നു. ദേവന്മാരുടേയും ഭൂമിദേവിയുടേയും മഹർഷിമാരുടേയും സന്താപവും ശാന്തമായിത്തുടങ്ങി. ദശരഥമഹിഷിമാർക്കു കാന്തിയും വർദ്ധിച്ചു. ഗർഭവും പരിപൂർണ്ണമായി.

ഉച്ചത്തിൽപഞ്ചഗ്രഹംനില്ക്കുന്നനേരത്തിങ്കൽ
ലഗ്നത്തിലയോദ്ധ്യയിൽകൌസല്യാത്മജനായാൻ
നക്ഷത്രംപുനർവ്വസു നവമിയല്ലോതിഥി
നക്ഷത്രാധിപനോടുകൂടെബൃഹസ്പതി
കർക്കിടകത്തിലത്യുച്ചസ്ഥിതനായിട്ടല്ലോ
അർക്കനത്യുച്ചസ്ഥനാമേഷംകർക്കിടകം
അർക്കജൻതുലാത്തിലുംഭാർഗ്ഗവൻമീനത്തിലും
വക്രനത്യുച്ചസ്ഥനായ് മകരരാശിതന്നിൽ

വിഷ്ണുപോലവതരിച്ചിതിനാൽ ജഗന്നാഥൻ
ദിക്കുകളൊക്കെ പ്രസാദിച്ചിതു, ദേവകളും.

അന്നാണു ചൈത്രമാസത്തിലെ ശുക്ലനവമിയായ ശ്രീരാമനവമി. പിറേറന്നാൾ കൈകേയി ഭരതനേയും അതിന്നും പിറേറന്നാൾ സുമിത്ര ലക്ഷ്മണനേയും ശത്രുഘ്നനേയും പ്രസവിച്ചു.

ലോകത്തിലുണ്ടായിരുന്ന ദുഷ്ടന്മാരെ സംഹരിച്ചു ശിഷ്ടന്മാരെ അവനംചെയ്വാനായി ഭഗവാനവതരിച്ച ആ ദിവസം, അന്നുതുടങ്ങിത്തന്നെ, ഉത്സവാദികളാൽ കൊണ്ടാടിത്തുടങ്ങി. ഭഗവാന്റെ അവതാരംകൊണ്ടു സാധുജനങ്ങൾക്കുണ്ടായ സന്തോഷാധിക്യത്താൽ രാജ്യമെല്ലാടവുമലങ്കരിച്ച് ഉത്സവമാഘോഷിച്ചു. ദേവലോകത്തെ കഥ പറയേണമോ? ദേവന്മാർ ആനകദുന്ദുഭികൾ ഘോഷിച്ചു. കല്പകമലർ വാരിവർഷിച്ചു. നാരദൻ തുംബുരു മുതലായവർ വീണമീട്ടി ഭഗവൽ സ്തോത്രങ്ങൾ പാടി. ദേവസ്ത്രീകൾ ആ താളത്തിനൊത്താടി. അഗ്നി അംബരത്തിൽ തിളങ്ങി. മാരുതൻ വിശ്വാസത്തോടെ സഞ്ചരിച്ചു. ഭൂമിദേവി വേദനനീങ്ങി കുതൂഹലയായി. ഭൂഭാരത്താൽ ഫണങ്ങൾ തളർന്നിരുന്ന അനന്തനും ആനന്ദാനന്ദമൂർച്ഛിതനായി. ഇപ്രകാരം ലോകങ്ങൾ മൂന്നും മോദാബ്ധിയിൽ കളിച്ചപ്പോൾ ദശരഥരാജാവിന്റെ അരമനയിലെ ആഘോഷങ്ങളും ആശ്ചര്യങ്ങളായിരുന്നുവെന്നുമാത്രമേ പറഞ്ഞുകൂടൂ.

അന്നത്തെ ആഘോഷങ്ങളാലോചിച്ചാൽ നാമിന്നു യാതൊന്നും ചെയ്യുന്നില്ലെന്നു പറയേണ്ടിവരും. ചൈത്രമാസത്തിലെ ശുക്ലപ്രഥമമുതല്ക്കാണ് ഉത്സവമാരംഭിക്കുന്നതു്. നവമിദിവസത്തിലവസാനിപ്പിക്കയും ചെയ്യുന്നു. ദശരഥരാജാവു് ഒമ്പതുമാസം ഗർഭരക്ഷ നടത്തിയതിന്റെ ചിഹ്നമായിട്ടാണ് ഒമ്പതു ദിവസം നാം കൊണ്ടാടുന്നതു്. ഓരോ ദിവസവും ഓരോവിധത്തിലാഘോഷിക്കുകയും ഭഗവാന്റെ അവതാരദിവസമായ 'നവമി' പതിവിൽകവിഞ്ഞു കൊണ്ടാടുകയും ചെയ്തുവരുന്നു. ഹിമവൽസേതുപര്യന്തം 'ശ്രീരാമജയന്തി' ആഘോഷിച്ചുവരാറുണ്ട്. ഓരോ ദേശത്തും നടത്തുന്നതിലല്പം വ്യത്യാസവും കാണാവുന്ന

താണ്. ശ്രീരാമന്റെ ജീവിതം സംക്ഷിപ്തമായിട്ടെങ്കിലും ഇവിടെ പറയുന്നതുചിതമായിരിക്കുമല്ലോ.

സോദരന്മാരൊന്നിച്ചു കളിച്ചുനടന്നു വിദ്യാഭ്യാസവും കഴിഞ്ഞ കാലത്തു കൌശികമാമുനി വന്നു യാഗരക്ഷാർത്ഥം ലക്ഷ്മണനോടുകൂടെ അദ്ദേഹത്തെക്കൂട്ടിക്കൊണ്ടു പോകുംവഴിയിൽ താടകയെ വധിച്ചു. പിന്നീടു സുബാഹു മുഖ്യന്മാരെ കൊന്നു, മാരീചന്നു ഭയംകൊടുത്തു യാഗംരക്ഷിച്ചു, വിശ്വാമിത്രവചനപ്രകാരം മിഥിലയിലേക്കു പോകുമ്പോൾ അഹല്യയുടെ ശാപം തീർത്തു. മിഥിലയിൽ ചെന്നു ശൈവചാപം ഖണ്ഡിച്ചു സീതയെ വരിച്ചു ബന്ധുജനങ്ങളോടുകൂടി അയോദ്ധ്യക്കു മടങ്ങുമ്പോൾ ഭാർഗ്ഗവദർപ്പം കെടുത്തു, വില്ലുവാങ്ങി. അയോദ്ധ്യയിലെത്തിയശേഷം അദ്ദേഹത്തെ യുവരാജാവായി അഭിഷേകംചെയ്യാൻ വട്ടംകൂട്ടിയതുകണ്ടു രാജ്യം ഭരതന്നുവേണ്ടി കൈകേയി ആവശ്യപ്പെട്ടതനുസരിച്ചു പിതാവിന്റെ സത്യം രക്ഷിപ്പാൻ താൻ സീതയോടും ലക്ഷ്മണനോടുംകൂടി കാട്ടുപൂകി. അതിനാൽ ശോചിച്ചു മരിച്ചു പിതാവിന്റെ പിണ്ഡകർമ്മം ഭരതൻ പറഞ്ഞറിഞ്ഞു കാട്ടിൽവെച്ചു കഴിച്ചു. രാജ്യത്തേക്കു മടങ്ങുവാൻ കേണപേക്ഷിച്ച ഭരതന്നു പാദുകം കൊടുത്തയച്ചശേഷം ദണ്ഡകയിൽ ചെന്നു വിരാധൻ തുടങ്ങിയ രാക്ഷസന്മാരെ കൊന്നു. ശരഭംഗൻ, അത്രി, സുതീക്ഷ്ണൻ, അഗസ്ത്യൻ മുതലായ മഹർഷിമാരെ വന്ദിച്ചു അനുഗ്രഹവും വാങ്ങി പഞ്ചവടിയിൽ വാഴുമ്പോൾ ലക്ഷ്മണൻ ശൂർപ്പണഖയ്ക്കു വൈരൂപ്യമേകി. അതുകൊണ്ടു യുദ്ധത്തിന്നു വന്ന ഖരാദികളെക്കൊന്നു. രാവണനതു കേട്ടു മാരീചനെ പൊന്മാനാക്കി വിട്ടു. സീതാദേവിയുടെ ആവശ്യപ്രകാരം അദ്ദേഹം മാനിന്റെ പിമ്പേ പോയി. ദേവിയുടെ ആവശ്യമനുസരിച്ചു ലക്ഷ്മണനും അദ്ദേഹത്തെ തിരഞ്ഞു പോയി. അപ്പോൾ രാവണൻ ഭിക്ഷുരൂപത്തിൽ വന്നു ദേവിയെ അപഹരിച്ചു. അവർ തിരിച്ചെത്തിയ സമയം ദേവിയെ കാണായ്കയാൽ ദുഃഖിച്ചു നടക്കുമ്പോൾ രാവണന്റെ വെട്ടുകൊണ്ടു കിടക്കുന്ന ജടായുവിൽനിന്നു സംഗതിയറിഞ്ഞു വീണ്ടും നടന്നു. വഴിക്കു കബ

ന്ധനെക്കൊന്നു. സുഗ്രീവനെക്കൊണ്ടു സഖ്യംചെയ്തു. ബാലിയെക്കൊന്നു സുഗ്രീവന്നു രാജ്യം കൊടുത്തു. പകരം സീതാന്വേഷണത്തിന്നായി സുഗ്രീവൻ നാലുദിക്കുകളിലേയ്ക്കും കപികളെവിട്ടു. അതിൽ ഹനുമാൻ സമുദ്രം ചാടിക്കടന്നു ദേവിയെക്കണ്ടു അദ്ദേഹത്തിന്റെ സന്ദേശം പറഞ്ഞു തിരികെവന്നു ചൂഡാരത്നം അദ്ദേഹത്തിന്നു കാഴ്ചവെച്ചു. പിന്നീടു കപിസേനയോടുകൂടി പുറപ്പെട്ടു സമുദ്രത്തിൽ സേതുബന്ധിച്ചു ലങ്കയിൽചെന്നു രാവണനെ സകുലം വധിച്ചു ഭക്തനായ വിഭീഷണനെ ലങ്കാധിപനായി അഭിഷേകം ചെയ്തു. ദേവിയെ വീണ്ടെടുത്തു, പുഷ്പകവിമാനത്തിൽ കയറി അയോദ്ധ്യയിലെത്തി രാജായി വാഴ്കയും ചെയ്തു. ഈ കഥ എളുപ്പത്തിലോർമ്മവെക്കുവാൻ ഒരു ശ്ലോകത്തിൽ പറഞ്ഞിട്ടുള്ളതു താഴെ എഴുതുന്നു.

പൂർവ്വംരാമതപോവനാദിഗമനം,ഹത്വാമൃഗംകാഞ്ചനം
വൈദേഹീഹരണം, ജടായുമരണം, സുഗ്രീവസംഭാഷണം
ബാലീനിഗ്രഹണം,സമുദ്രതരണം,ലങ്കാപുരീമർദ്ദനം
പശ്ചാദ്രാവണകുംഭകർണ്ണനിധനം,ഏതദ്ധി രാമായണം

ശ്രീരാമൻ വിഷ്ണുവിന്റെ അവതാരം തന്നെയെങ്കിലും ത്രേതായുഗത്തിലെ തോതുപിടിച്ചു നോക്കിയാൽ അദ്ദേഹത്തിന്നു സാധാരണ മനുഷ്യരിൽനിന്നു കവിഞ്ഞതായ ഒരു ശക്തി കല്പിക്കേണമെന്നു തോന്നുന്നില്ല. എന്തെന്നാലദ്ദേഹത്തിന്റെ ഉദ്ദേശം ധർമ്മസ്ഥാപനമാകുന്നതിനാൽ സാധാരണന്മാർക്കും ചെയ്യാവുന്ന പ്രവൃത്തികളാണ് അദ്ദേഹം ചെയ്തിട്ടുള്ളത്. അതിനാൽ അദ്ദേഹം നരനായകനാണെന്നു നിശ്ചയമായും, പറയാവുന്നതാണ്. മാനുഷാതീതമായ ശക്തി അദ്ദേഹത്തിൽ കല്പിക്കുന്ന പക്ഷം അദ്ദേഹത്തിന്റെ അവതാരംകൊണ്ടുള്ള ഉദ്ദേശം സാധിക്കുന്നതല്ലെന്നു നമുക്കു സൂക്ഷ്മപരിശോധനയാൽ ഗ്രഹിക്കാവുന്നതാണ്.

ശ്രീരാമന്റെ സ്വർഗ്ഗാരോഹണം കഴിഞ്ഞ സ്ഥലത്തു പൂർവ്വികന്മാർ വലിയ ഒരു ക്ഷേത്രം നിർമ്മിച്ചിട്ടുണ്ടായിരുന്നു. ശ്രീരാമനവമിന്നാൾ ഭാരതവർഷത്തിന്റെ മുക്കിലും മൂലയിലുമുള്ള ജനങ്ങൾ അവതാരദിനം ഘോഷിക്കുവാനായി അയോദ്ധ്യയിലെ പ്രസ്തുത

ക്ഷേത്രത്തിലെത്തിച്ചേരുക പതിവായിരുന്നു. എന്നാൽ ആ ക്ഷേത്രമിപ്പോളെവിടെ? അതുപോലെ എഴു ക്ഷേത്രങ്ങളും അതതുസ്ഥലത്തുതന്നെ പണിചെയ്യിട്ടുണ്ടായിരുന്നുവെന്നാണു കേൾവി. എന്തുകൊണ്ടാണിത്ര പ്രാവശ്യം പണിയേണ്ടിവന്നത്? ക്രൂരന്മാരായ മഹമ്മദീയരുടെ അവിച്ഛിന്നാക്രമണങ്ങളാൽ തന്നെ. പൂർവ്വകാലത്തു ശ്രീരാമക്ഷേത്രം സ്ഥിതിചെയ്തിരുന്ന സ്ഥലത്ത് ഇപ്പോഴും നില്ക്കുന്നത് ഒരു മഹമ്മദീയ പള്ളിയാണ്. അവിടെ ചെന്നു നോക്കിയാൽ ഏതൊരു വിശുദ്ധഹിന്ദുവിന്റെ ഹൃദയമാണു തകരാത്തത്? ആ ക്ഷേത്രത്തിന്റെ മുമ്പിൽ ഒരു അരയാൽ നിന്നിരുന്നത് ഇന്നും അവിടെത്തന്നെയുണ്ട്. അതു മുറിച്ചുകളയുവാൻ ശ്രമിച്ച സമയങ്ങളിൽ മഹമ്മദീയർക്കു ആത്മനാശം സംഭവിച്ചതിനാലാണ് ആ അരയാലെങ്കിലും കാണ്മാൻ നമുക്കു ഭാഗ്യമുണ്ടായത്. ലോകത്രയരാവണനായിരുന്ന രാവണനെ സകലം മുടിച്ചു ധർമ്മം സ്ഥാപിച്ച ഭഗവാന്റെ ജന്മസ്ഥലമിപ്രകാരം മലിനപ്പെട്ടുപോയല്ലോ! ശ്രീരാമനവമിയടുത്താൽ ആ ആലിൻചുവട്ടിൽ ഒരു ചെറിയ പുരകെട്ടി, അതിൽ വെച്ചാണു ഉത്സവം നടത്തിവരുന്നത്. ഇക്കാലങ്ങളിൽ ശ്രീരാമനവമിനാൾ അനവധിജനങ്ങളയോദ്ധ്യയിലേക്കു പോകുന്നതു നമുക്കനുഭവമാണല്ലോ.

"യദാ യദാ ഹി ധർമ്മസ്യ-ഗ്ലാനിർഭവതി ഭാരത!
അഭ്യുത്ഥാനമധർമ്മസ്യ-തദാത്മാനം സൃജാമ്യഹം.
പരിത്രാണായ സാധൂനാം-വിനാശായ ച ദുഷ്കൃതാം
ധർമ്മസംസ്ഥാപനാർത്ഥായ സംഭവാമി യുഗേ യുഗേ"

എന്ന ഭഗവദ്വചനം തന്നെ നമുക്കിന്നു ആശ്രയമായിട്ടുള്ളൂ.

പരദേശബ്രാഹ്മണരുടെ ആഗമനത്തോടുകൂടിയാണു കേരളത്തിൽ ശ്രീരാമനവമി കൊണ്ടാടിത്തുടങ്ങിയതെന്നു പറയേണ്ടിവന്നതിൽ ലേശവും സംശയിക്കുന്നില്ല. എങ്കിലും ശ്രീകൃഷ്ണജയന്തിയോളം പ്രാധാന്യമിതിന്നു കൊടുത്തുകാണുന്നില്ല. അതു നമ്മുടെ അജ്ഞതകൊണ്ടാണെന്നുതന്നെ സമാധാനിക്കാം. ഇനി ശ്രീരാമനാമത്തിന്റെ മാഹാത്മ്യംകൂടി പറഞ്ഞുകൊള്ളട്ടെ.

ശ്രീരാമനാമത്തിൻെറ മാഹാത്മ്യം പറയുവാനായി ശങ്കരാദികൾക്കും സാധിക്കാത്തതിനാൽ അവർപോലും സദാ രാമനാമം ഉച്ചരിച്ചുകൊണ്ടാണിരിക്കുന്നതു്. എങ്കിലും മഹാത്മാക്കൾ പറഞ്ഞിട്ടുള്ളതിൻെറ സാരം നമുക്കു അറിയേണ്ടതാണല്ലൊ. 'രാ' ശബ്ദം ഉച്ചരിച്ചാൽ സർവ്വപാതകങ്ങളും നശിച്ചുപോകയും 'മ' ശബ്ദം ഉച്ചരിച്ചാൽ കിട്ടിയഫലം പുറത്തുപോകാതിരിപ്പാനുള്ള ഒരു കവാടമായി ഭവിക്കുകയും ചെയ്യുന്നു. ഈ ശബ്ദത്തിനു വേദമന്ത്രങ്ങളെപ്പോലെ പ്രാധാന്യമുണ്ടു്.

"ജഗതിവിശദമന്ത്രം ജാനകീപ്രാണമന്ത്രം
വിബുധവിനുതമന്ത്രം വിശ്വവിഖ്യാതമന്ത്രം
ദശരഥസുതമന്ത്രം ദൈത്യസംഹാരമന്ത്രം
രഘുപതിനിജമന്ത്രം രാമരാമേതിമന്ത്രം"

എന്നു ഭക്തന്മാർ ഉല്ഘോഷിക്കുന്നതിൻെറ ഉദാഹരണമായി പൂർവ്വകാലത്തു നടന്ന ഒരു സംഭവംതന്നെ പറയാം. കുരുക്ഷേത്രത്തിൽ കൌരവപാണ്ഡവന്മാർ ശസ്ത്രാസ്ത്രപാണികളായി അവരവരുടെ അക്ഷൌഹിണികളോടുകൂടെ യുദ്ധോദ്യുക്തരായി നിരന്നുവന്നു. അപ്പോൾ കൌരവസേനാനായകനായ ഭീഷ്മർ ദുര്യോധനനോടു് ഇപ്രകാരം ചോദിച്ചു. "ആയുധപ്രയോഗത്തിനുള്ള ശുഭസമയമെപ്പോഴാണെന്നു നോക്കിവെച്ചിട്ടില്ലേ?

ദുര്യോധനൻ — "ഇല്ല. അങ്ങിനെ വേണമെന്നു എനിക്കറിവുണ്ടായിരുന്നില്ല."

ഭീഷ്മർ — "ശുഭസമയമറിയാതെ ഞാനായുധം പ്രയോഗിക്കയില്ല. വല്ല സമയത്തും കാര്യത്തിലിറങ്ങിയാൽ അപകടം പററും. നല്ല സമയത്തേ യുദ്ധമാരംഭിക്കാവൂ. നമുക്കു ജയമുണ്ടാവാനേതുസമയത്താണു പുറപ്പെടേണ്ടതു് എന്നറിയണം."

ദുര്യോധനൻ — "ഇതു തീർച്ചയാക്കുവാനുള്ള ശാസ്ത്രജ്ഞൻ നമ്മുടെ കൂട്ടത്തിലില്ലല്ലൊ."

ഭീഷ്മർ — "എന്നാൽ സഹദേവനെ ഞാൻ വിളിക്കുന്നുവെന്നു പറഞ്ഞു കൂട്ടിക്കൊണ്ടുവരുവാൻ പാണ്ഡവസൈന്യത്തിലേക്കു് ഒരാളെ അയക്കൂ."

സഹദേവൻ ചെന്നു ഭീഷ്മരെ വന്ദിച്ചു. അദ്ദേഹമിങ്ങിനെ പറഞ്ഞു. “എത്ര ശുഭമുഹൂർത്തത്തിൽ ഞങ്ങൾ രംഗത്തിലിറങ്ങി ആയുധംപ്രയോഗിച്ചാലാണു ഞങ്ങൾക്കു ജയമുണ്ടാവുക എന്നു ഗണിച്ചു പറയണം.”

സഹദേവൻ കൃത്യസമയം പറഞ്ഞുകൊടുത്തു മടങ്ങിപ്പോവുകയും ചെയ്തു. തെല്ലു കഴിഞ്ഞപ്പോൾ ശ്രീകൃഷ്ണൻ സഹദേവനെ വിളിച്ചു, പാണ്ഡവന്മാർക്കു യുദ്ധരംഗത്തിലേയ്ക്കിറങ്ങി യുദ്ധം തുടങ്ങുവാനുള്ള ശുഭസമയമേതെന്നു ചോദിച്ചു. കൌരവന്മാർക്കു ജയംവരുവാനുള്ള ശുഭസമയം പറഞ്ഞുകൊടുത്തു കഴിഞ്ഞു. ഇനി പാണ്ഡവന്മാർക്കു ശുഭസമയം പറഞ്ഞുകൊടുപ്പാനും തരമില്ലാതെയായി. ഒടുവിൽ സഹദേവൻ കുറച്ചാലോചിച്ചു പറഞ്ഞതിങ്ങിനെയാണ്. ‘ശുഭസമയം നോക്കി പുറപ്പെടുന്നതായാൽ നമുക്കു ജയം വളരെ സന്ദേഹമാണ്. ‘രാമ! രാമ!”എന്നു ഭക്തിയോടെ ജപിച്ചുകൊണ്ടു യുദ്ധമാരംഭിച്ചുകൊള്ളു. എന്നാൽ ഭയപ്പെടുവാനില്ല. ജയംതന്നെ.” ശുഭസമയം നോക്കി യുദ്ധത്തിന്നു ചെന്ന കൌരവന്മാർ അടിപെടുകയും പാണ്ഡവന്മാർ ജയിക്കുകയും ചെയ്തുവല്ലോ. എല്ലാകാര്യത്തിന്നൊരുങ്ങുമ്പോഴും രാമനാമം ജപിക്കണമെന്നു ജ്ഞാനവൃദ്ധന്മാർ പറയുന്നതിന്റെ രഹസ്യം ഇതാണ്. അതിനാൽ രാമനാമം ജപിക്കുന്നവർക്കു സദാകാലം ശുഭം.

ശത്രുച്ഛേദൈകമന്ത്രം സകലമുപനിഷ-
    ദ്വാക്യസംപൂജ്യമന്ത്രം
സംസാരോത്താരമന്ത്രം സമുചിതസമയേ
    സംഗനിര്യ്യാണമന്ത്രം
സർവ്വൈശ്വര്യൈകമന്ത്രം വ്യസനഭുജഗസം-
    ദഷ്ടസന്ത്രാണമന്ത്രം
ജിഹ്വേ ശ്രീരാമമന്ത്രം ജപ ജപ സതതം
    ജന്മസാഫല്യമന്ത്രം

ശുഭമസ്തു.

ജ്ഞാനസാഗരംവക പ്രസിദ്ധീകരണങ്ങൾ.

---

1. ദാമ്പത്യരഹസ്യം — ഗദ്യം

ശാസ്ത്രകർത്താക്കന്മാർ അറിയേണ്ടതായ 150-ൽ അധികം പ്രധാന വിഷയങ്ങളും അനേകം ശാസ്ത്രപുസ്തകങ്ങളും പരിശോധിച്ച് എഴുതിയതാകുന്നു ഈ പുസ്തകം. ദമ്പതിമാർക്കും ദമ്പതിമാരാവാൻ പോകുന്നവർക്കും ഇതിൽനിന്നു വിലയേറിയ അനവധി വിവരങ്ങൾ അറിവാനുണ്ട് — കൂടാതെ 1. ശാസ്ത്രധർമ്മങ്ങൾ 2. പൊരുത്തങ്ങൾ 3. രതം 4. ആർത്തവകാലം 5. വിവാഹശേഷമുള്ള അനവധി സുരതവിധികൾ 6 സ്ത്രീകൾക്ക് എളുപ്പം കിട്ടുന്ന പുരുഷന്മാർ 7. പുരുഷന്മാർക്ക് എളുപ്പം കിട്ടുന്ന സ്ത്രീകൾ 8. പരസ്ത്രീഗമനം 9 ശുക്ലസ്വരൂപം 10. പുരുഷപ്രജയാവാൻ 11. സ്ത്രീപ്രജയാവാൻ 12. ഗർഭലക്ഷണം 13. ഗർഭിണികൾ വർജ്ജിക്കേണ്ടവ 14. ഗർഭചര്യകൾ 15. സൂതികാഗാരം 16. പ്രസവമടുത്ത ലക്ഷണം 17 പ്രസവം 18. ഗർഭശിശുവിന്റെ അവസ്ഥ 19. പ്രസവഗണനപ്പട്ടിക 20. ധാത്രിപരീക്ഷ 21. മുലയിൽ പാലുണ്ടാവാൻ 22. ദമ്പതിമാരുടെ ദിനചര്യ 23. രോഗകാരണങ്ങൾ 24. ഔഷധങ്ങൾ 25. സൽകർമ്മങ്ങൾ 26. പാതിവ്രത്യധർമ്മം 27. നരകം 28. സ്ത്രീകൾക്കു ആർത്തവം ഉണ്ടാവാൻ 29. ടി ഗർഭം ഉണ്ടാവാൻ 30. ഗർഭം ഉണ്ടാവാതിരിപ്പാൻ 31. യോനി ചെറുതാവാൻ 32. യോനി വലുതാവാൻ 33. ശുക്ലസ്തംഭനവിധി 34. ധാതുപുഷ്ടിക്ക് 35. മുലകൾ വീഴാതിരിപ്പാൻ 36. ലിംഗരോഗത്തിനു 37. മുടി കറുപ്പാൻ 38. മുടി ഉണ്ടാവാൻ 39. ഉറക്കം ഉണ്ടാവാൻ 40. മെലിഞ്ഞവർ തടിപ്പാൻ 41. മുല വളരാൻ 42. വേദനകൂടാതെ പ്രസവത്തിനു 43. സ്ത്രീപുരുഷവശ്യങ്ങൾ ഇങ്ങിനെ 150-ൽ അധികം സംഗതികൾ ഇതിൽ വിവരിക്കുന്നു. സകലർക്കും മനസ്സിലാവത്തക്കവണ്ണം ലളിതമലയാളത്തിൽ എഴുതിയത്.

വില ക. 1 0 0

2. നന്തൻചരിത്രം (ഗദ്യം)

പറയരുടെ കുലത്തിൽ പിറന്നു പിന്നീടു വലിയ ശിവഭക്തനായി ചിദംബരം ക്ഷേത്രത്തിൽ ചെന്നു ഭജിച്ചു ഭഗവാനെ പ്രത്യക്ഷമാക്കിയ നന്തന്റെ ചരിത്രം സുപ്രസിദ്ധമായിട്ടുള്ളതാണ്. ഈ പുസ്തകത്തിൽ നന്തന്റെ ജീവചരിത്രം മുഴുവൻ ലളിതമലയാളത്തിൽ വിസ്തരിച്ചു എഴുതീട്ടുണ്ട്. സകലരും വായിക്കേണ്ടും ഈ ശിവഭക്തന്റെ ചരിത്രത്തിനു

വില: ക. 0 8 0

3. ശൃംഗാരശതകം. (കാമശ്ലോകം)

കവീന്ദ്രന്മാർ പലവിധ സന്ദർഭങ്ങളിൽ എഴുതിയതും പ്രസിദ്ധപ്പെട്ടവയുമായ 100 കാമശ്ലോകങ്ങളും വ്യാഖ്യാനസഹിതം ഇതിലുണ്ട്. മുഴുവൻ ശൃംഗാരമാണ്.

വില ക. 0 8 0

൪. അഷ്ടപദി ഗീതഗോവിന്ദം. (വ്യാഖ്യാനം)

ജയദേവന്റെ സുപ്രസിദ്ധകൃതിയായ അഷ്ടപദി ഭാഷാവ്യാഖ്യാനസഹിതം അടിച്ചതു്. ജയദേവന്റെ ജീവചരിത്രവും ഉണ്ടു്. വില ക. 1 0 0

5. പരീക്ഷിത്തു്. (ജീവചരിത്രം)

പരീക്ഷിത്തു മഹാരാജാവിന്റെ ജീവചരിത്രം മുഴുവൻ ഇതിലടങ്ങിയിരിക്കുന്നു. ഭാഗവതത്തിൽ ഇത്ര വിവരം ഇല്ല. സർപ്പസത്രം പ്രത്യേകിച്ചും വർണ്ണിച്ചിട്ടുണ്ട്. വില ക. 0 10 0

6. അമ്മയും മകളും. (നോവൽ)

ഒരു പ്രസിദ്ധ ബങ്കാളിനോവലിന്റെ പരിഭാഷ—പുണ്യത്തിന്റെ ഉൽകൃഷ്ടതയേയും പാപത്തിന്റെ നികൃഷ്ടതയേയും വിവരിക്കുന്നതും കരുണരസം കവിഞ്ഞൊഴുകുന്നതും ആയ നോവൽ. വില ക. 1 4 0

7. ശ്രീരാമകൃഷ്ണപരമഹംസർ. (ജീവചരിത്രം)

വിവേകാനന്ദസ്വാമികളുടെ ഗുരുവായ ശ്രീരാമകൃഷ്ണപരമഹംസരുടെ ജീവചരിത്രം, ഉപദേശം മുതലായതു് ഇതിൽ അടങ്ങിയിരിക്കുന്നു. വില ക. 1 0 0

8. കല്യാണിക്കുട്ടി. (നോവൽ)

നവരസം തുളുമ്പുന്ന ഒരു രസികൻകഥ. കഥാഘടന, പാത്രസൃഷ്ടി, ഇവ ഇതിന്റെ പ്രത്യേക ഗുണങ്ങളാണ്. ഒളി തമലയാളം. വില ക. 1 0 0

9. ഹരിണാക്ഷി. (നോവൽ)

പ്രസിദ്ധ നോവലെഴുത്തുകാരനായ ബങ്കിമചന്ദ്രചാററർജി എഴുതിയ മൂലത്തിൽനിന്നു സരസഗദ്യകാരന്മാരായ ശ്രീമാൻ പുത്തേഴത്തു രാമൻമേനോൻ ബി. എ. ബി. എൽ. പരിഭാഷപ്പെടുത്തിയതു്. ഇതിലെപ്പാട്ട് ആരേയും ആശ്ചര്യപ്പെടുത്താതിരിക്കയില്ല. വില ക. 0 8 0

10. മാലതീദേവി. (നോവൽ)

വി. സി. ബാലകൃഷ്ണപ്പണിക്കർ എഴുതിയതാണ് ഈ പുസ്തകം. 1-ാം പതിപ്പ് ഉടൻ വിററു. രണ്ടാം പതിപ്പാണ് ഇതു്. വില ക. 0 6 0

11. പത്മാലയം. (നോവൽ)

പാറക്കൽ ഗൌരിഅമ്മ അവർകൾ എഴുതിയതും, നായർ സമുദായത്തിൽ നടന്നതും, ആയ ഒരു രസികൻ നോവൽ.

വില 1-ാം ഭാഗം ക. 1 8, 8 ...
2-ാം ഭാഗം ക. 1 ...

12. ചന്ദ്രഗുപ്തൻ. (നോവൽ)

ചന്ദ്രഗുപ്തന്റെ ശരിയായ ചരിത്രം ഇതേവരെ ഉണ്ടായിട്ടില്ല. അനവധി അന്വേഷണങ്ങൾ കഴിച്ച് ചരിത്രദൃഷ്ട്യാ എഴുതിയതാണ് ഈ നല്ല പുസ്തകം. സാഹിത്യരസികന്മാക്കും വിദ്യാർത്ഥികൾക്കും ഇതു് അത്യന്തം ഉപകാരമുള്ളതാണ്. വില ക. 1 0 0

13. കാമശാസ്ത്രം. (ഗദ്യം)

രണ്ടായിരം കൊല്ലങ്ങൾക്കു മുമ്പു വാത്സ്യായനമഹർഷി ഉണ്ടാക്കിയ സംസ്കൃതഗ്രന്ഥത്തിന്റെ പരിഭാഷ. ഇതിലെ വിഷയം മുഴുവൻ രതിശാസ്ത്രങ്ങളെപ്പററി വിവരിക്കുന്നു. ദമ്പതിമാർ ഈ പുസ്തകം വായിച്ചു ശാസ്ത്രീയമായവിധം രതിക്രീഡകൾ ചെയ്തു പരമസുഖം അനുഭവിക്കുവിൻ. വില ക. 2 0 0

മാനേജർ, ജ്ഞാനസാഗരം തൃശിവപേരൂർ.

കേരള സാഹിത്യ
അക്കാദമി